113.1

വാല്യം 113

## വണ്ടൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. മമ്പാട്
2. കരുവാരക്കുണ്ട്
3. പാണ്ടിക്കാട്
4. എടവണ്ണ
5. പോരൂർ
6. തൃക്കലങ്ങോട്
7. തിരുവാലി
8. തൂവ്വൂർ
9. വണ്ടൂർ

മമ്പാട് ഗ്രാമപഞ്ചായത്ത്

അധികാരം ജനങ്ങളിലേക്ക്



# വികസനരേഖ

## മമ്പാട് ഗ്രാമ പഞ്ചായത്ത്

*ചരിത്രം സൃഷ്ടിക്കുകയും എന്നാൽ*
*വ്യവസ്ഥാപിത ചരിത്ര ത്താളുകളിൽ*
*ഒരിക്കലും ഇടം കിട്ടാതെ*
*മൺ മറഞ്ഞുപോവുകയും ചെയ്യുന്ന*
*പണിയെടുക്കുന്ന പാവങ്ങൾക്ക്*

എഡിറ്റോറിയൽ ബോർഡ്

1. സി.എച്ച്. മുഹമ്മദലി

2. ജലീൽ പൈക്കാടൻ

3. ആസാദ്

4. വി.എസ്. മുത്തുക്കോയ തങ്ങൾ

5. കെ. അബ്ദുൾ റഫീക്ക്

ടൈപ്പ് സെറ്റിങ്ങ്: സ്കൈ ഗ്രാഫിക്സ്
നിലമ്പൂർ, ഫോൺ - 04931- 20461

കവർ
വസീർ മമ്പാട്

ലേഔട്ട് - ഇല്യൂസ്ട്രേഷൻസ്
സി.എച്ച്.മുഹമ്മദലി
വസീർ



ശ്രീമതി. വി.പി.റംലത്ത്
(പഞ്ചായത്ത് പ്രസിഡൻറ്)



ശ്രീമതി. കെ.ടി.സഹീത
(വൈസ് പ്രസിഡൻറ്)



ശ്രീ. പി. ചെറിയഹമ്മദ്
(സ്റ്റാൻറിംഗ് കമ്മററി ചെയർമാൻ)



ശ്രീ. കെ.സി അബ്ദുൾ കരീം
(മെമ്പർ)



ശ്രീ. കെ.മുഹമ്മദലി
(മെമ്പർ)



ശ്രീമതി. ഏലിയാമ്മ ചാക്കോ
(മെമ്പർ)



ശ്രീ. എം. സുബ്രഹ്മണ്യൻ
(മെമ്പർ)



ശ്രീ.പി.അബ്ദുൾ കരിം
(മെമ്പർ)



ശ്രീമതി. സി.ഹബീബ
(മെമ്പർ)



ശ്രീ.പി.മുഹമ്മദ്
(മെമ്പർ)



ശ്രീ.സി.ടി.കുഞ്ഞോയി
(മെമ്പർ)

## ഉള്ളടക്കം


| | |
|---|---|
| ആമുഖം | 7 |
| പൊതുവിവരണം | 11 |
| ഈ മണ്ണിൻെറ ചരിത്രം | 12 |
| ഭൂപ്രകൃതി | 18 |
| കൃഷി | 18 |
| മൃഗസംരക്ഷണം | 25 |
| വ്യവസായം | 32 |
| വിദ്യാഭ്യാസം | 39 |
| പൊതുജനാരോഗ്യം | 51 |
| ഗതാഗതം | 61 |
| പാർപ്പിടം | 75 |
| സംസ്കാരം | 82 |
| വനിത | 90 |
| പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം | 93 |
| സഹകരണം | 97 |
| വിഭവസമാഹരണം | 101 |
| ഉപസംഹാരം | 108 |

# ആമുഖം

എട്ട് പഞ്ചവൽസര പദ്ധതികൾ പിന്നിട്ടപ്പോൾ ഇന്ത്യാരാജ്യത്തിന് കുറേയേറെ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഈ പദ്ധതികൾക്കായി വിനിയോഗിക്കപ്പെട്ട അടങ്കൽ തുകയുടെ കേവലം 16% മാത്രമെ യഥാർത്ഥ ഗുണഭോക്താവിലേക്ക് എത്തിയിട്ടുള്ളു എന്ന് സർക്കാർ കണക്കുകൾ വ്യക്തമാക്കുന്നു. ഇതിനർത്ഥം സമസ്ത മേഖലകളിലും ഇപ്പോഴുള്ളതിൻെറ ആറിരട്ടി അഭിവൃദ്ധി കൈവരിക്കാൻ ആവശ്യമായ തുക നാം ചെലവഴിച്ചു എന്നാണ്. ഇതേ രീതിയിൽ ഇനിയും നമുക്ക് മുമ്പോട്ടു പോകാൻ കഴിയുകയില്ല.

പദ്ധതികൾക്കും ബന്ധപ്പെട്ട ചിലവുകൾക്കും നാം ലുബ്ധ് കാട്ടിയിട്ടില്ല. വികസനപ്രവർത്തനങ്ങൾ നടന്നപ്പോഴൊക്കെ അതിൽ ഭാഗഭാക്കാകേണ്ട ജനങ്ങൾ അന്യരെ പോലെ നോക്കിനിന്നു. ഇതു നമ്മുടേതാണെന്ന ബോധം ജനങ്ങൾക്കൊ, ജനങ്ങളാണ് ഇതിൻെറ ഉടമസ്ഥരെന്ന ബോധം നടപ്പിലാക്കിയവർക്കൊ ഉണ്ടായിരുന്നില്ല. സ്വന്തം വിയർപ്പിൻെറയും അദ്ധ്വാന ഫലത്തിൻെറയും ചെറിയൊരംശമെങ്കിലും പങ്കിടാത്ത ഏതൊരു വികസന പ്രവർത്തനവും തൻേറതാവുകയുമില്ലല്ലൊ.

ഒരു ദിശാമാറ്റം അനിവാര്യമായിരുന്നു. നിയമപരമായ പരിരക്ഷയും സർക്കാരിൻെറ ഇച്ഛാശക്തിയും ഒത്തിണങ്ങിയപ്പോൾ 9ാം പഞ്ചവൽസര പദ്ധതി ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ വേണ്ട സാഹചര്യങ്ങൾ ഉരുത്തിരിഞ്ഞു. ജനജീവിതത്തിൻെറ ഉൾത്തുടിപ്പുകൾ അറിയാത്ത ദന്തഗോപുരങ്ങളിലിരുന്ന് വിഭാവനം ചെയ്ത പദ്ധതികൾ തലയിലേറ്റേണ്ടി വന്ന പോയ നാളുകൾക്കു പകരം ഗുണഭോക്താക്കൾ തന്നെ വിധാദാക്കളുമാകുന്ന ഒരു പുത്തൻ വികസന സംസ്കാരം ഉടലെടുക്കുകയാണ്.

വിയോജിപ്പിൻെറ അകലങ്ങളും ഭിന്നതയുടെ വേലിക്കെട്ടുകളും വലിച്ചു മാറ്റി കൈകോർത്തു നീങ്ങാം. നാടിൻെറ വിളി ആത്മാതിരേകത്തോടെ നമുക്കേറ്റെടുക്കാം.

അധികാരവും അർഹമായ സമ്പത്തും ഒരുമിച്ച് കൈകളിൽ എത്തുമ്പോൾ ഉത്തരവാദിത്വവും പതിൻമടങ്ങ് വർദ്ധിക്കുന്നു. കഠിനാദ്ധ്വാനവും, കൂട്ടായ്മയും, ചിട്ടയായ പ്രവർത്തന രീതിയും ഇല്ലാതെ പുതിയ വികസന പരിപ്രേക്ഷ്യത്തിന് ലക്ഷ്യം നേടാനാവില്ല.

ജനകീയാസൂത്രണത്തിൻെറ സംസ്ഥാന തല ക്രമീകരണത്തിനനുസൃതമായി നമ്മുടെ പഞ്ചായത്തിൽ നടന്ന പ്രാരംഭ പ്രവർത്തനങ്ങളുടെ വിവരണം താഴെ കൊടുക്കുന്നു.

1. വണ്ടൂർ വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളിൽ വച്ച് നടന്ന ഡി.ആർപി. ക്യാമ്പ്
   തിയ്യതി: 16.9.96-18.9.96
   പഞ്ചായത്തിൽ നിന്ന് 10 പേർ പങ്കെടുത്തു.

2. എൽ.ആർ.പി. ക്യാമ്പ്-സ്വാഗതസംഘം-രൂപീകരണ യോഗം
   തിയ്യതി: 19.9.96

3. ലോക്കൽ റിസോഴ്സ് പേഴ്സൺസ് ക്യാമ്പ്
   തിയ്യതി: 21.9.96
   പങ്കെടുത്തവർ :
   പുരുഷൻമാർ:105
   സ്ത്രീകൾ: 10
   ആകെ :115

4. സന്നദ്ധ സംഘടനകളുടേയും ട്രേഡ് യൂണിയനുകളുടേയും പ്രവർത്തകരുടെ യോഗം
   തിയ്യതി: 28.9.96
   പങ്കെടുത്തവർ: 14

5. റിസോഴ്സ് പേഴ്സൺസ്-വിവിധമേഖലകളിലെ വിദഗ്ദ്ധർ-യോഗം
   തിയ്യതി: 8.10.96
   പങ്കെടുത്തവർ: 65

6. ഗ്രാമസഭകൾ:

| തിയ്യതി | വാർഡ് | പേര് | പുരുഷൻമാർ | സ്ത്രീകൾ | ആകെ ജനങ്ങൾ | പങ്കെടുത്തഉദ്യോഗസ്ഥരുടെ എണ്ണം |
|---|---|---|---|---|---|---|
| 29/9/96 | 1 | ഓടായിക്കൽ | 138 | 63 | 201 | 5 |
| 23/9/96 | 2 | പുള്ളിപ്പാടം | 133 | 19 | 152 | 4 |
| 27/9/96 | 3 | പൊങ്ങല്ലൂർ | 120 | 14 | 134 | 5 |
| 21/10/96 | 4 | മേപ്പാടം | 116 | 36 | 152 | 4 |
| 21/10/96 | 5 | പന്തലിങ്ങൽ | 170 | 40 | 210 | 5 |
| 2/10/96 | 6 | കാട്ടുമുണ്ട | 108 | 27 | 135 | 6 |
| 29/9/96 | 7 | തൃക്കൈക്കുത്ത് | 159 | 24 | 183 | 8 |
| 28/09/96 | 8 | വടപുറം | 143 | 47 | 190 | 6 |
| 28/09/96 | 9 | ടാണ | 98 | 17 | 115 | 5 |
| 2/10/96 | 10 | ടൗൺ | 123 | 52 | 175 | 7 |
| 29/09/96 | 11 | നടുവക്കാട് | 129 | 25 | 154 | 8 |

# മമ്പാട് ഗ്രാമ പഞ്ചായത്ത്



7. പഠന പര്യടനം
തിയ്യതി: ഒക്ടോബർ 10,11,12
ഗ്രൂപ്പുകൾ: 5
പങ്കെടുത്തവർ:29

8. ദ്വിതീയ സ്ഥിതി വിവര കണക്ക് ശേഖരണം
തിയ്യതി ഒക്ടോബർ 2,18, ഒക്ടോഹർ 1,2 വാരങ്ങളിൽ
റിസോഴ്സ് പേഴ്സൺ മീറ്റിംഗ്-തിയ്യതി 19.10.96-
പങ്കെടുത്തവർ - 38

10. എൽ.ആർ.പി. ക്യാമ്പ് - രണ്ടാം ഘട്ട പരിശീലനം
തിയ്യതി:31.10.96
പങ്കെടുത്തവർ :
പുരുഷൻമാർ:106
സ്ത്രീകൾ:19
ആകെ :125

11. പുനരർപ്പണ ദിനം
തിയ്യതി :1.11.96
നിർദ്ദിഷ്ട വികസന പ്രവർത്തനങ്ങളുടെ നേതൃത്വം

12. ഗ്രാമസഭാ റിപ്പോർട്ട് ക്രോഡീകരണം
തിയ്യതി: 2.11.96 - 5.11.1996

13. വികസന റിപ്പോർട്ട് തയ്യാറാക്കൽ
തിയ്യതി: 6.11.96 - 17.11.96

14. വികസന സെമിനാർ സ്വാഗത സംഘം രൂപീകരണം
തിയ്യതി: 8.11.96
പങ്കെടുത്തവർ: 36

15. പഞ്ചായത്ത് ഭരണ സമിതി വികസന റിപ്പോർട്ട് അംഗീകരിക്കൽ
തിയ്യതി:18.11.96

# പഞ്ചായത്ത് പൊതുവിവരണം

| | |
|---|---|
| 1. പഞ്ചായത്തിൻെറ പേര് : | മമ്പാട് |
| 2. ഉൾപ്പെടുന്ന വില്ലേജുകൾ : | മമ്പാട്,പുള്ളിപ്പാടം, വണ്ടൂർ |
| 3. ബ്ളോക്ക് പഞ്ചായത്ത് | വണ്ടൂർ |
| 4. ബ്ളോക്ക് പഞ്ചായത്ത് ഡിവിഷൻ : | മമ്പാട്, എടവണ്ണ |
| 5. താലൂക്ക് : | നിലമ്പൂർ |
| 6. ജില്ല | മലപ്പുറം |
| 7. ജില്ലാ പഞ്ചായത്തു് ഡിവിഷനുകൾ : | വണ്ടൂർ, തൃക്കലങ്ങോട് |
| 8. അസംബ്ളി മണ്ഡലം : | വണ്ടൂർ |
| 9. ലോകസഭാ മണ്ഡലം : | മഞ്ചേരി |
| 10. വിസ്തീർണ്ണം : | 67.93 ച.കി.മീ |
| 11. അതിരുകൾ : | വടക്ക് : ചാലിയാർ നിലമ്പൂർ പഞ്ചായത്തുകൾ<br>കിഴക്ക് : വണ്ടൂർ പഞ്ചായത്ത്<br>തെക്ക്: തിരുവാലി, എടവണ്ണ പഞ്ചായത്തുകൾ<br>പടിഞ്ഞാറ്: ഊർങ്ങാട്ടിരി പഞ്ചായത്ത് |
| ജനസംഖ്യ : | 25711 |
| പുരുഷൻമാർ : | 12771 |
| സ്ത്രീകൾ : | 1940 |
| പട്ടികജാതി: | 2236 |
| പട്ടിക വർഗ്ഗം : | 845 |
| വാർഡുകൾ : | 1 ഓടായിക്കൽ, 2. പുള്ളിപ്പാടം,<br>3. പൊങ്ങല്ലൂർ,4.മേപ്പാടം,<br>5. പന്തലിങ്ങൽ, 6. കാട്ടുമുണ്ട,<br>7. തൃക്കൈക്കുത്ത്, 8. വടപുറം,<br>9. ടാണ, 10. ടൗൺ, 11. നടുവക്കാട് |
| പ്രസിഡൻറ്: | ശ്രീമതി. വി.പി. റംലത്ത് |
| വൈസ്പ്രസിഡൻറ്: | ശ്രീമതി.കെ.ടി. സഹീദ |
| സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ : | ശ്രീ.പി. ചെറിയഹമ്മദ് |
| ബ്ളോക് പഞ്ചായത്ത് പ്രതിനിധികൾ : | ശ്രീ.സി..പി. അബ്ദുൾ ഷുക്കൂർ<br>ശ്രീ. ശശി ചെമ്പക്കുത്ത് |
| ജില്ലാപഞ്ചായത്ത് പ്രതിനിധികൾ : | ശ്രീ. എൻ. കണ്ണൻ<br>ശ്രീ. ഇ. മുഹമ്മദ്കുഞ്ഞി |
| എം.എൽ.എ : | ശ്രീ. എൻ. കണ്ണൻ |
| എം.പി. : | ശ്രീ. ഇ. അഹമ്മദ് |

# ഈ മണ്ണിന്റെ ചരിത്രം....



വിവിധ മേഖലകളിലെ പ്രസിദ്ധികൊണ്ടു് ധന്യമായ മമ്പാട് എന്ന കൊച്ചു ഗ്രാമം കഴിഞ്ഞ നൂറ്റാണ്ടിലെ ചരിത്രരേഖകളിൽ സ്ഥാനം പിടിച്ചു നിൽക്കുന്നു

പടിഞ്ഞാറ് മുണ്ടേം തോട് കറുകമണ്ണ മലകളും ഗ്രാമത്തിന്റെ മധ്യത്തിലൂടെ ഒരു പൊന്നരഞ്ഞാണം കണക്കെ ഒഴുകുന്ന ചാലിയാർ പുഴയും മമ്പാടിന്റെ പ്രകൃതി മനോഹാരിതക്ക് മാറ്റ് കൂട്ടുന്നു.

ബ്രിട്ടീഷ് ഭരണകാലത്തെ മലബാർ കലക്ടറായിരുന്ന വില്യം ലോഗൻ ഒരു നൂറ്റാണ്ടു മുമ്പെഴുതിയ 'മലബാർ മാനൽ' എന്ന ചരിത്ര ഗ്രന്ഥത്തിലെ 9ാം പേജിൽ 'ഏത് കടുത്ത വരൾച്ചയിലും ഒട്ടകമുതുകിന്റെ (Camel Hump) തണലിൽ വിശ്രമിക്കുന്ന പ്രസിദ്ധമായ മമ്പാട് വരെ സുഗമമായ ജലഗതാഗതം സാധ്യമായിരുന്നു' എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ ഗ്രാമത്തിലെ മുഴുവൻ ഭൂമിയും പ്രസിദ്ധങ്ങളായ നിലമ്പൂർ,തൃക്കളയൂർ( കിഴക്കേ കോവിലകം), മഞ്ചേരി കോവിലകങ്ങളുടെ ജൻമാവകാശത്തിലായിരുന്നു.

അക്കാലത്തെ പ്രമുഖരായിരുന്ന എരഞ്ഞിക്കൽ, മധുരക്കറിയൻ, പുലത്ത് പുലിക്കോട്ടിൽ, കാഞ്ഞിരാല വലിയ പീടികക്കൽ തറവാട്ടുകാർ മേൽപറഞ്ഞ കോവിലകങ്ങളിൽ നിന്നും ഭൂമി 'കാണപ്പാട്ടം' സമ്പ്രദായം (12 വർഷത്തേക്കുള്ള പാട്ടാവകാശം) പ്രകാരം കൈവശം വെച്ചു പോന്നു.

ഇവരാകട്ടെ ചെറുകിട കർഷകർക്കും മറ്റും നിലവിലുണ്ടായിരുന്ന വാക്കാൽ പാട്ടം, നോട്ട പാട്ടം, കൊല്ലപ്പാട്ടം രീതിയനുസരിച്ച് തങ്ങളുടെ കീഴിലുള്ള ഭൂമിയുടെ അവകാശം കാർഷികാവശ്യങ്ങൾക്കു് നൽകി.ഭൂപരിഷ്ക്കരണ നിയമം കേരളത്തിൽ നടപ്പിലാവുന്നത് വരെ ഈ രീതി തുടർന്നു പോന്നു.

പാരമ്പര്യമായി, മമ്പാട് നെൽകൃഷിമാത്രമായിരുന്നുനിലവിലുണ്ടായിരുന്നത് ബാക്കിയുള്ള പ്രദേശങ്ങളിൽ മിക്കവാറും സ്ഥലങ്ങളിൽ കശുമാവ് കൃഷി ചെയ്തുപോന്നു. മമ്പാട് പ്രദേശത്തെ മണ്ണ് തെങ്ങ് കൃഷിക്ക് അനുയോജ്യമല്ലെന്ന് ഒരു തെറ്റായ വിശ്വാസം എന്തു കൊണ്ടോ അന്ന് നിലനിന്നിരുന്നു.

എളമ്പുഴ, പന്തലിങ്ങൽ,കാട്ടുമുണ്ട ഭാഗങ്ങളിൽ കേന്ദ്രീകരിച്ചും താമസിച്ചിരുന്ന ഹരിജനങ്ങളായിരുന്നു നെൽകൃഷിയുമായി ബന്ധപ്പെട്ട എല്ലാ ജോലികളും ചെയ്തിരുന്നത്. ഭൂരിപക്ഷം വരുന്ന മുസ്‌ലിങ്ങളുടെ പങ്കാളിത്തം പ്രസ്തുത ജോലികളിൽ വളരെ വിരളമായിരുന്നു. എന്നാൽ സ്വന്തമായി പാട്ടത്തിനെടുത്ത കരപ്രദേശങ്ങളിലെ 'പറമ്പ് കൃഷി' നടത്തുന്നതിൽ മുസ്‌ലീങ്ങൾ പ്രത്യേകിച്ചും മുസ്‌ലിം സ്ത്രീകൾ വളരെയധികം താൽപ്പര്യം കാണിച്ചിരുന്നു. പറമ്പ് കൃഷിയിൽ നെല്ലിനുപുറമെ തുവര, റാഗി, എള്ള്, ചേന, ചേമ്പ് എന്നിവയും കൃഷിചെയ്തിരുന്നു.

നൂറ്റാണ്ടുകൾക്കു മുമ്പ് തന്നെ വിദേശികൾക്ക് പ്രത്യേകിച്ചും അറബികൾക്ക് കോഴിക്കോട് പട്ടണവുമായുള്ള വ്യാപാരബന്ധം പ്രസിദ്ധമാണല്ലോ. സമുദ്ര സഞ്ചാരത്തിന് അന്നും ഇന്നും ഉപയോഗിച്ചു കൊണ്ടിരിക്കുന്ന ഉരുക്കളുടെ നിർമ്മാണ കേന്ദ്രമായ ബേപ്പൂർ തുറമുഖവും ഏഷ്യയിലെ ഏറ്റവും വലിയ മരവ്യവസായ കേന്ദ്രമായിരുന്ന കല്ലായിയും കോഴിക്കോടിന്റെ വ്യപാരരംഗത്തെ വളർച്ചയിൽ നിർണ്ണായകസ്വാധീനം ചെലുത്തിയിട്ടുണ്ട്. ഈ കേന്ദ്രങ്ങൾക്കാവശ്യമായ മേൽത്തരം മരത്തടികൾ എത്തിച്ചു കൊടുത്തിരുന്ന കേന്ദ്രമായി മമ്പാട് വളർന്നു വന്നു.

ചാലിയാറിലൂടെയുള്ള സുഗമമായ ജലഗതാഗത സൗകര്യവും ഗുണമേൻമയുള്ള അസംസ്കൃത സാധനങ്ങളുടെ ലഭ്യതയും മമ്പാടിനെ ആശ്രയിക്കാൻ സ്വാഭാവികമായും കോഴിക്കോടൻ മരവ്യവസായികളെ നിർബന്ധിതരാക്കി. തൽഫലമായി മമ്പാട് മരവ്യവസായ പ്രമുഖരുടെ അറിയപ്പെട്ട കേന്ദ്രമായി മാറി.

ഏറനാട്ടിൽ ഇന്നും പൊതുവായി ഉപയോഗിക്കുന്ന 'മുതലാളി മമ്പാട്ടാണ്' എന്ന ഭാഷാപ്രയോഗം ഈ യാഥാർത്ഥ്യവുമായി ബന്ധപ്പെട്ടുകിടക്കുന്നു.

ചാലിയാർപുഴയിൽ നെടുനീളെ ഒഴുകിക്കൊണ്ടിരുന്ന മുളപ്പാണ്ടികൾ, കോൽമരത്തെരപ്പങ്ങൾ,തോണിത്തൂക്കുകൾ,പായത്തോണികൾ എന്നിവ അക്കാലത്തെ ഒരു സാധാരണ കാഴ്ചയായിരുന്നു.

മരവ്യവസായവുമായി ബന്ധപ്പെട്ട എല്ലാ ജോലികളും ചെയ്തുവന്നിരുന്നത് ഈ പ്രദേശത്തെ മുസ്‌ലീങ്ങളായിരുന്നു. അരീക്കോട്, ആക്കോട്,വാഴക്കാട്തുടങ്ങിയ ചാലിയാറിന്റെ തീരപ്രദേശങ്ങളുമായുള്ള ഇവരുടെ അടുപ്പം നിരവധി വൈവാഹിക ബന്ധങ്ങൾക്കും തുടർന്നുള്ള കുടുംബങ്ങളുടെ പറിച്ചുനടീലിനും ഇടയാക്കി. യഥാർത്ഥത്തിൽ മമ്പാട്ടെ ആദ്യകാല കുടിയേറ്റക്കാർ മേൽപ്പറഞ്ഞ തൊഴിലുമായി ബന്ധപ്പെട്ട് ഇവിടെ സ്ഥിരതാമസമാക്കിയ, നേരത്തെ സൂചിപ്പിച്ച പ്രദേശങ്ങളിലെ മുസ്‌ളീങ്ങളായിരുന്നു.

മരത്തടിക്ക് പ്രസിദ്ധമായ നിലമ്പൂർ വനങ്ങളിലെ മരങ്ങളും, മറ്റ് വനസമ്പത്തുകളും അളന്ന് തിട്ടപ്പെടുത്തലും ഔദ്യോഗിക രേഖപ്പെടുത്തലും (ചാപ്പയടിക്കൽ) നടത്തിയിരുന്നത് മമ്പാടിന്റെ ജലാതിർത്തിയുടെ തൊട്ടുള്ള 'കുഴിക്കയം' എന്ന സ്ഥലത്തായിരുന്നു '

ഇതുമായി ബന്ധപ്പെട്ടുകൊണ്ടാണ് ഗവ. ഫോറസ്റ്റ് ചെക്ക്പോസ്റ്റ് മമ്പാട് ടാണയിൽ (മുണ്ടേംതോട് മുക്ക് താണ- MM Tannah) സ്ഥാപിക്കപ്പെട്ടത്.

1921ലെ മലബാർ കലാപത്തിന്റെ പ്രാരംഭഘട്ടത്തിൽ പ്രത്യേകിച്ച് പ്രതികരണമൊന്നും ഈ പ്രദേശത്തുണ്ടായിരുന്നില്ല. സമീപപ്രദേശങ്ങളിൽ നടന്ന അനിഷ്ട സംഭവങ്ങളൊന്നും ഇവിടേയുള്ളവരെ സ്വാധീനിക്കുകയും ചെയ്തില്ല. ഖാൻ ബഹദുർ എരഞ്ഞിക്കൽ കോയാമാമു മുസ്‌ലിയാർ, ഖാൻ സാഹിബ്, മധുരക്കറിയൻ ബീരാൻ അധികാരി എന്നീ പ്രമുഖരുടെ യുക്തിയുക്തമായ ഇടപെടലുകളായിരുന്നു ഇതിന് സഹായകമായിരുന്നത്. നിലമ്പൂർ കോവിലകം, നടുവത്ത് മന എന്നിവയുടെ സംരക്ഷണത്തിന് ഈ ഗ്രാമത്തിലെ മുസ്‌ലീങ്ങൾ മുന്നിട്ടിറങ്ങി എന്ന വസ്തുത പ്രത്യേകം എടുത്തുകാട്ടാവുന്നതാണ്. വാഗൺ ട്രാജഡിയിൽ രക്തസാക്ഷിത്വം വരിച്ച 35 പേരിൽ ഒരാൾ കൂലിവേല ചെയ്ത്ജീവിച്ചിരുന്ന മമ്പാട്ടുകാരനായ ഇല്ലിക്കൽ ഹൈദ്രു എന്നയാളായിരുന്നു എന്നത് ഈ കൊച്ചുഗ്രാമത്തിന് എക്കാലത്തും സ്മരിക്കാവുന്ന അഭിമാനകരമായ ഒരു ചരിത്ര സത്യമാണ്. വായുകടക്കാത്ത വാഗണിൽ എത്ര ശ്രമിച്ചിട്ടും തിരുകിക്കയറ്റാൻ സാധിക്കാതെ പുറത്തേക്കു വലിച്ചിറക്കപ്പെട്ടതുകൊണ്ടുമാത്രം രക്ഷപ്പെട്ട മാന്യ വ്യക്തിയായിരുന്ന അന്തരിച്ച ഒറ്റകത്ത് ഇമ്പച്ചിക്കോയത്തങ്ങൾ. ഖിലാഫത്ത് പ്രസ്ഥാനത്തിൽ സജീവമായി പങ്കെടുക്കുകയും പിന്നീട് സ്വാതന്ത്ര്യ സമരസേനികൾക്കുള്ള പെൻഷൻ കിട്ടുകയുംചെയ്തിരുന്ന ആളായ പന്തലയൻ മുസ്ലാൻ സാഹിബ് മമ്പട്ടെ അക്കാലത്തെ എടുത്തു പറയാവുന്ന വ്യക്തിത്വമായിരുന്നു.

തുടർന്നുള്ള കാലഘട്ടത്തിൽ മമ്പാടിന്റെ രാഷ്ട്രീയ ചിത്രത്തിൽ മുസ്‌ലീം ലീഗ് പ്രസ്ഥാനം നിറഞ്ഞു നിന്നിരുന്നു. പരേതരായ കാഞ്ഞിരാല കുഞ്ഞാലൻ സാഹിബ്, പന്നിപ്പാറ അബ്ദുള്ള സാഹിബ്, കെ.പി.കെ.തങ്ങൾ, ചാലിൽ ഹംസസാഹിബ്, കെ.ടി കുഞ്ഞാപ്പ, പി.എം കുട്ടി. കാഞ്ഞിരാല ഹൈദർ സാഹിബ് തുടങ്ങിയവർ മുസ്‌ലീം ലീഗ് പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്തു.

ദേശീയ പ്രസ്ഥാനത്തിന്റേയും ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിന്റേയും ആശയങ്ങൾ മമ്പാട്ടും അലയടിച്ചുതുടങ്ങിയിരുന്നു. കോൺഗ്രസ്സ് പ്രസ്ഥാനവുമായി ബന്ധപ്പെട്ടുകൊണ്ട് സജീവമായി പ്രവർത്തിച്ചവരാണ് വി.പി. ബീരാൻ കുട്ടി ഹാജി, വി.പി.സി.മാനു, മുത്തു

പ്പട്ട കുട്ടിഹസ്സൻ, പള്ളിക്കണ്ടി ബീരാൻ കുട്ടി, പൂഞ്ഞാണത്ത് ഹസ്സൻ, എരഞ്ഞിക്കൽ ശീമാട്ടി, മധുരക്കറിയൻ കുഞ്ഞറമുട്ടി, പുത്തലത്ത് ഉണ്ണി മുഹമ്മത്, കണ്ണിയൻ മമ്മദ്, തുടങ്ങിവർ

ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിനകത്ത് സോഷ്യലിസ്റ്റ് ഗ്രൂപ്പായി നിന്നവർ പിന്നീട് കമ്യൂണിസ്റ്റ് പാർട്ടി രൂപീകരിച്ചപ്പോൾ തദനുസൃതമായ ചലനങ്ങൾ മമ്പാട്ടും ഉണ്ടായി.

മമ്പാട്ടെ ആദ്യത്തെ കമ്യൂണിസ്റ്റുകാരനായി അറിയപ്പെടുന്ന എരഞ്ഞിക്കൽ മുഹമ്മദും, എരഞ്ഞിക്കൽ മോയിൻകുട്ടി, കടവത്ത് സീതിക്കുട്ടി, പുളിക്കൽ മുഹമ്മദ്, ചീരക്കുഴിയിൽ കറുപ്പൻ, ചീരക്കുഴിയിൽ കുമാരൻ, സദക്കത്ത്, പുളിക്കലൊടിയിലെ അബ്ദുറഹിമാൻ സഖാ. മധുരക്കറിയൻ ബീരാൻ എന്നിവരുമായിരുന്നു ആദ്യകാലത്ത് രംഗത്തുണ്ടായിരുന്നത്.

മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്,എ.കെ.ജി,. ഇ.എം.എസ്. തുടങ്ങിയ ദേശീയ നേതാക്കൾ ഈ ഗ്രാമത്തിൻെറ വിവിധ ഭാഗങ്ങളിൽ ഒളിവിൽ താമസിച്ചിട്ടുണ്ട്

ബഹു ഭൂരിപക്ഷം വരുന്ന സുന്നി മുസ്ലിംങ്ങളുടെ ഇടയിൽ പിന്നീട കടന്നു വന്ന ഇസ്ലാമിക പ്രസ്ഥാനങ്ങളായ നദുവത്തുൽ മുജാഹിദീൻ, ജമാഅത്തെ ഇസ്ലാമി, സംസ്ഥാന സുന്നി പ്രസ്ഥാനം എന്നിവയുടെ പ്രാരംഭഘട്ടത്തിൽ തന്നെ നേതൃ സ്ഥാനത്തേക്കും, സജീവ പ്രവർത്തനത്തിലേക്കും, കെ.സി. പൂക്കോയ തങ്ങൾ, പന്താർ സീതി, അല്ലിപ്ര നജീബ് മുസ്ലിയാർ തുടങ്ങിയവരെ സംഭാവന ചെയ്യാനും ഈ പ്രദേശത്തിനു സാധിച്ചിട്ടുണ്ട്.

ടിപ്പുസുൽത്താൻെറ പടയോട്ടകാലത്ത് ഇവിടെയുള്ള മുസ്ലീംങ്ങൾക്ക് ഒരു പ്രാർത്ഥനാലയത്തിനുള്ള സ്ഥലം അനുവദിക്കണമെന്ന ആവശ്യവുമായി ഒരു ദൗത്യ സംഘം ടിപ്പുവിനെ സമീപിച്ചു. അദ്ദേഹം പള്ളിക്കാവശ്യമായ സ്ഥലംനിർണ്ണയിച്ചു നൽകുന്നതിനുവേണ്ടി, പ്രസിദ്ധമായ നിലമ്പൂർ കോവിലകം വലിയ തമ്പുരാന് ഒരു ഔദ്യോഗിക കത്ത് നൽകുകയാണുണ്ടായത്. പടയോട്ടം കഴിഞ്ഞ താൻ തിരിച്ചുപോയാലും പ്രസ്തുത പള്ളിയുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുള്ള ടിപ്പുവിൻെറ ദീർഘ വീക്ഷണമായിരുന്നു ഈ കത്ത് നൽകിയതിൻെറ പിന്നിൽ

കോവിലകം വലിയ തമ്പുരാൻെറ നിർദ്ദേശമനുസരിച്ച് മമ്പാട് അങ്ങാടിക്ക് സമീപം പുഴവക്കിനോട് ചേർന്ന സ്ഥലം മുസ്ലീങ്ങൾക്കു നൽകുകയും "ചെറുപള്ളി" എന്നറിയപ്പെടുന്ന പ്രാർത്ഥനാലയം നിർമ്മിക്കപ്പെടുകയും ചെയ്തു. ഇതാണ് മമ്പാട്ടെ ആദ്യത്തെ മുസ്ലീം പള്ളി.

ചെറുപള്ളിയുടെ തൊട്ടു മുമ്പിലായി മമ്പാട് വലിയ ജാറം സ്ഥിതിചെയ്യുന്നു പ്രസിദ്ധനായ മമ്പുറം തങ്ങളുടെ കുടുംബത്തിൽ പെട്ട സെയ്യിദ് സീതി തങ്ങളുടെ മൃതദേഹമാണ് ഇവിടെ അടക്കം ചെയ്തിട്ടുള്ളത്. ഇസ്ലാമിക ആശയ പ്രചരണാർത്ഥം വിവിധ പ്രദേശങ്ങളുമായി ബന്ധപ്പെട്ടിരുന്ന ഇദ്ദേഹം മമ്പാട് നിരന്തരം സന്ദർശിക്കുക പതിവാക്കിയിരുന്നു. മമ്പാട്ടുവെച്ചാണ് വളരെ ചെറുപ്പത്തിൽ തന്നെ അദ്ദേഹം മരണപ്പെട്ടത്. ഇവിടെ ഖബറടക്കം ചെയ്യപ്പെട്ടപ്പോൾ ആ സ്ഥലവും തൊട്ടടുത്ത പള്ളിയും പരിരക്ഷിക്കുന്നതിന് ഒരു സൽമാ ബീവിയേയും ഭർത്താവിനേയും രണ്ടു കുട്ടികളെയും മമ്പുറത്തുനിന്നും മമ്പാട്ടേയ്ക്ക് അയച്ചു. ഇവരുടെ സന്താന പരമ്പരകളാണ് മമ്പാട് വലിയ ജാറത്തിങ്ങൽ തങ്ങൾ കുടുംബം. മേൽപ്പറഞ്ഞ ദമ്പതികളുടെ ഒരു മകളെ താനൂരിലേക്ക് വിവാഹം ചെയ്തയച്ചിരുന്നു. വർഷങ്ങൾക്കുശേഷം ആ കുടുംബവും മമ്പാട്ടേക്ക് മടങ്ങി വന്ന് വലിയ ജാറത്തിൻെറ കിഴക്കായി റോഡിൻെറ മറു ഭാഗത്ത് താമസമാക്കി. ഈ കുടുംബ പരമ്പര മമ്പാട് ചെറിയ ജാറത്തിങ്കൽ കുടുംബം എന്ന പേരിലറിയപ്പെടുന്നു.

പിൽക്കാലത്ത് ഈ രണ്ടു കുടുംബങ്ങളുടേയും നേതൃത്വത്തിൽ പ്രസിദ്ധങ്ങളായ മമ്പാട് വലിയ ജാറം നേർച്ചയും ചെറിയ ജാറം നേർച്ചയും സംഘടിപ്പിക്കപ്പെട്ടു വന്നു. എടുത്തു പറയേണ്ട ഒരു വസ്തുത അക്കാലത്തെ മമ്പാട് നിവാസികളായ ഹരിജൻ ഗിരിജൻ കുടുംബങ്ങളുടേയും ഉൽസവമായിട്ടാണ് ഈ നേർച്ചകൾ കണക്കാക്കപ്പെട്ടിരുന്നത് എന്നതാണ്. ഇവരുടെ തനതായ ദുഡൈമുട്ട്, ചവിട്ടുകളി എന്നിവ നേർച്ചയോടു ബന്ധപ്പെട്ട പെട്ടിവരവുകളിൽ അവതരിപ്പിക്കാറുണ്ടായിരുന്നു. വലിയ ജാറത്തിൻേറയും ചെറിയ ജാറത്തിൻേറയും ഇടക്കുള്ള സ്ഥലത്ത് പരേതനായ മായിൻ ഷെയ്ക്കിൻെറ നേതൃത്വത്തിൽ കോട്ടകുത്ത് നേർച്ചയും അക്കാലത്ത് ഉണ്ടായിരുന്നു. കാലക്രമേണ ചെറിയ ജാറം നേർച്ചയും കോട്ടക്കുത്ത നേർച്ചയും ഇല്ലാതെയായെങ്കിലും വലിയ ജാറം നേർച്ച അടുത്ത കാലം വരെ ആഘോഷിക്കപ്പെട്ടുപോന്നു.

നൂറുകണക്കിൽ മരത്തൊഴിലാളികളും ധാരാളം പണക്കാരും ആയപ്പോൾ മമ്പാട് ഒരങ്ങാടിയും ആഴ്ച്ച ചന്തയും നിലവിൽ വന്നു ഇപ്പോൾ കുന്നുമ്മൽ അങ്ങാടിയിലുള്ള ചന്തത്തൊടിക എന്ന സ്ഥലത്തായിരുന്നുഅന്നത്തെ ആഴ്ചചന്ത.

തെക്കൻ കേരളത്തിൽ നിന്ന് മലബാറിലേക്കുള്ള കർഷക കുടിയേറ്റത്തിൽ നിന്ന് ഈ പ്രദേശവും ഒഴിവായിട്ടില്ല. പന്തലിങ്ങൽ ഭാഗത്ത് കശുമാവു കൃഷി ചെയ്തിരുന്ന 100 ഏക്കർ സ്ഥലം വിലക്കുവാങ്ങി താമസമാക്കിയ ഇ.ജെ.ജോർജ്ജ് എന്നയാളാണ് ഔദ്യോഗിക രേഖകളിൽ കാണുന്ന ആദ്യത്തെ കുടിയേറ്റ കർഷകൻ. തുടർന്ന് വടപുറം വാർഡിലെ താളിപ്പൊയിലിൽ ഏതാനും ക്യസ്തീയ, മുസ്ലീം കുടുംബങ്ങളും

പിന്നീട് ടാണ വാർഡിലെ കുണ്ടോട്ടുമലയിൽ ക്യസ്ത്യൻ കുടുംബങ്ങളും കുടിയേറിപ്പാർത്തു.

നിലവിലുണ്ടായിരുന്ന പരമ്പരാഗത കാർഷിക രീതികളിൽ പ്രകടമായ മാറ്റങ്ങൾ വരുത്താനും കപ്പ, റബ്ബർ, തെങ്ങ് തുടങ്ങിയവ വ്യാപകമായി കൃഷിചെയ്ത് കൊണ്ടും നമ്മുടെ കാർഷക സാമ്പത്തിക മേഖലകളിൽ ഗണനീയമായ വളർച്ച കൈവരിക്കാനും ഈ കുടിയേറ്റ കർഷകർ വളരേയധികം സഹായിച്ചിട്ടുണ്ട്.

തീർത്തും അവികസിതമായി കിടന്നിരുന്ന ഈ പ്രദേശത്തിൻെറ വികസന ചരിത്രത്തിൽ ഏറെ തെളിഞ്ഞു നിൽക്കുന്ന നാമധേയമാണ് മധുരക്കറിയൻ അത്തൻ മോയിൻ അധികാരിയുടേത്. ഏറനാട്ടിലെ ഏറ്റവും വലിയ വിദ്യാഭ്യാസ സ്ഥാപനമായ എം.ഇ.എസ്. മമ്പാട് കോളേജ്, മമ്പാട് യത്തീം ഖാന, മമ്പാട് ആശുപത്രി, നിലവിലുള്ള ശുദ്ധജലവിതരണ പദ്ധതി, പുളിക്കലോടിയിലെ കോളനി വീടുകൾ, ഈ പ്രദേശത്തെ ആദ്യത്തെ യു.പി സ്ക്കൂൾ, നിരവധി പൊതുകിണറുകൾ, കുളങ്ങൾ, നിരത്തുകൾ, ഹെൽത്ത് സെൻറർ തുടങ്ങിയ ഒട്ടേറെ സ്ഥാപനങ്ങളുടേയും പദ്ധതികളുടേയും പിന്നിലുള്ള അദ്ദേഹത്തിൻെറ പങ്ക് നിസ്തുലമാണ്. അദ്ദേഹത്തിൻെറ പുത്രിമാരായ ആമിനക്കുട്ടിയും പാത്തുമ്മകുട്ടിയും കേരളത്തിലെ ആദ്യത്തെ ഔദ്യോഗിക വനിതാ കോൺട്രാക്റ്റർമാരായതും യാദൃശ്ചികമല്ല.

കലാ സാംസ്കാരിക സാഹിത്യ മേഖലകളിൽ ചെറുതെങ്കിലും എടുത്തു പറയാവുന്ന ചരിത്ര പാരമ്പര്യം നമുക്കുണ്ട്. മഹാകവി മോയിൻ കുട്ടിവൈദ്യരുടെ സമശീർഷനായി ഗണിക്കപ്പെടുന്ന പുലിക്കോട്ടിൽ ഹൈദ്രു,ഇബ്രാഹിം ഇബ്നു അദ്ഹം എന്ന കിസ്സപ്പാട്ടെഴുതിയ ആലിപ്പള്ളി ഉണ്ണീപ്പ, എരഞ്ഞിക്കൽ ഖാദർ മുസ്ലിയാർ,ഖാസിയാരകത്ത് കുഞ്ഞിസീതി കോയ തങ്ങൾ എന്നീ കവിത്രയങ്ങൾ ഏത് സമകാലീന സംഭവങ്ങളും ഇമ്പമാർന്ന ഈരടികളിലൂടെ ആവിഷ്ക്കരിച്ചിരുന്ന കാഞ്ഞിരാല കുഞ്ഞിരായിൻ, തെക്കൻ കുഞ്ഞാലൻ, തട്ടാരശ്ശേരി ചേക്കുമൊയീൻ തുടങ്ങി ഒരു പാട് മാപ്പിള കവികൾ ഈ മണ്ണിനെ ധന്യമാക്കിയിട്ടുണ്ട്.

ഗോളശാസ്ത്രത്തിൽ അഗ്രഗണ്യനായിരുന്ന ഖാസിയാരത്ത് പൂക്കോയതങ്ങൾ, അർത്ഥഗർഭങ്ങളായ നിരവധി ലേഖനങ്ങളെഴുതിയിരുന്ന കെ.പി.കെ.തങ്ങൾ, സങ്കീർണ്ണമായ മനശ്ശാസ്ത്രവിഷയങ്ങൾ ലളിതമായ മലയാളത്തിൽ, വാരികകളിലൂടെ ഖണ്ഡശ്ശ: പ്രസിദ്ധീകരിച്ചിരുന്ന പി.കുഞ്ഞാലൻ (പി.കെ.മമ്പാട്) എന്നിവരെ നാം അഭിമാനത്തോടെ സ്മരിക്കുന്നു.

സ്വന്തം സമുദായത്തിൻെറ പോലും ശക്തമായ എതിർപ്പിനെ വകവെക്കാതെ പൊതുനാടക കലാരംഗത്തു് പ്രത്യക്ഷപ്പെട്ട കേരളത്തിലെ ആദ്യത്തെ മുസ്ലിം വനിതമായ ' നിലമ്പൂർ ആയിഷ' എന്ന മുത്തപ്പട്ട ആയിശാബി ജനിച്ചതും വളർന്നതും രംഗത്തു വന്നതും മമ്പാട്ടിൻെറ തിരുമുറ്റത്തു നിന്നു തന്നെയായിരുന്നു.

കേരളത്തിൽ പഞ്ചായത്തുകളുടെ രൂപീകരണത്തിനുമുമ്പ് ഈ പ്രദേശം മമ്പാട് അംശം എന്ന പേരിലാണറിയപ്പെട്ടിരുന്നത്. പിന്നീട് മമ്പാട് പഞ്ചായത്ത് രൂപീകരിച്ചപ്പോൾ മമ്പാട് അംശത്തിൻെറ കിഴക്കെ അതിർത്തിക്കു തൊട്ടു സ്ഥിതിചെയ്യുന്ന കാപ്പിൽ, കാരാട് എന്നീ പ്രദേശങ്ങൾ ഈ പഞ്ചായത്തിൻെറ വാർഡുകളാക്കി ഉൾപ്പെടുത്തി വർഷങ്ങൾക്കുശേഷം സർക്കാർ പഞ്ചായത്തുകൾ പുനർ ക്രമീകരിച്ചപ്പോൾ കാപ്പിൽ വാർഡിലുൾപ്പെട്ടിരുന്ന തെക്കും പാടം മമ്പാട് പഞ്ചായത്തിൽ നിലനിർത്തി ബാക്കിവരുന്ന കാപ്പിൽ വാർഡു പ്രദേശവും കാരാട് വാർഡുമുഴുവനും വണ്ടൂര പഞ്ചായത്തിൽ ചേർത്തു.

ഭരണ സൗകര്യത്തിനുവേണ്ടി അന്നത്തെ മമ്പാട് അംശം, മമ്പാട്, പുള്ളിപ്പാടം വില്ലേജുകളാക്കി വിഭജിച്ചു. കോഴിക്കോട് ഊട്ടിമെയിൻ റോഡിലെ എരഞ്ഞിത്തോട് മുതൽ വടപുറം പാലം വരേയുള്ള ഭാഗമാണ് ഈ രണ്ടു വില്ലേജുകളുടെ പൊതുവായ അതിർത്തി.

ചുങ്കത്തറ, നിലമ്പൂർ, മമ്പാട് പഞ്ചായത്തുകളുടെ പടിഞ്ഞാറൻ മലയോര പ്രദേശങ്ങൾ കൂട്ടിചേർത്തു കൊണ്ട് പുതിയ ചാലിയാർ പഞ്ചായത്ത് രൂപീകരിച്ചപ്പോൾ പഴയ മമ്പാട് അംശത്തിലെ പെരുവം പാടം പ്രദേശം ചാലിയാർ പഞ്ചായത്തിൽ ഉൾപ്പെടുത്തിയെങ്കിലും പ്രസ്തുത സ്ഥലം ഇപ്പോഴും പുള്ളിപ്പാടം വില്ലേജിലാണ് സ്ഥിതിചെയ്യുന്നത്.

ഈ പഞ്ചായത്തിൻെറ ആദ്യത്തെ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് ബോർഡ് 1963 ഡിസംബർ 28ന് നിലവിൽ വന്നു. ആദ്യത്തെ പഞ്ചായത്ത് പ്രസിഡൻറ് മധുരക്കറിയൻ അത്തൻ മോയിൻ സാഹിബ് ആയിരുന്നു. ബോർഡിലെ മറ്റംഗങ്ങളുടെ പേരുകൾ താഴെ കൊടുക്കുന്നു.

1. പുത്തലത്ത് ഉണ്ണിമമ്മദ് (വൈസ് പ്രസി)
2. വി.പി.സി.മുഹമ്മദ്
3. കെ.ഗോപാലപണിക്കർ
4. പി.നാരായണൻ നായർ
5. റോളൻരേവി
6. കാട്ടുമുണ്ട മോലി
7. പെണ്ണമ്മ റാഹേൽ

പിന്നീട് മമ്പാട് പഞ്ചായത്തിൽ ഒരു നോമിനേറ്റഡ് ബോർഡാണ് നിലവിൽ വന്നത്. ഈ ബോർഡിൻേറയും പ്രസിഡൻറ് മധുരക്കറിയൻ അത്തൻ മോയിൻ അധികാരിതന്നെയായിരുന്നു അദ്ദേഹത്തിൻെറ മരണത്തെതു

ടർന്ന്. കെ.അബ്ദുറഹിമാൻ മാസ്റ്റർപ്രസിഡൻറായി. താഴെ പറയുന്നവരായിരുന്നു ബോർഡിലെ മറ്റംഗങ്ങൾ

1 .കൊടലിക്കുത്ത് അലവി

2. എരഞ്ഞിക്കൽ സീമാമു

3. പുത്തലത്ത് ഉണ്ണിമമ്മദ്.

4. കാഞ്ഞിരാല പോക്കുട്ടി

5. കോഴിപ്പറമ്പൻ മമ്മദ് കുട്ടി

6. എരഞ്ഞിക്കൽ മുഹമ്മദ്

7. മാട്ടായി മാമു

1988 ഫീബ്രവരി 8ന് വീണ്ടും തിരഞ്ഞെടുക്കപ്പെട്ട ഒരു ബോർഡ് അധികാരത്തിൽ വന്നപ്പോൾ കെ.സി അബ്ദുൾ കരീം ആയിരുന്നു പഞ്ചായത്ത് പ്രസിഡൻറ്. ഈ ബോർഡിലെ മറ്റംഗങ്ങൾ

1. ശ്രീമതി സൂസമ്മ ഫിലിപ്പ്

2. കെ .അലവി

3. കെ.അബ്ദുറഹിമാൻ മാസ്റ്റർ

4. സി.പി.എ..ഷുക്കൂർ

5. എസ്.ലൈലാബീവി.

6. പി.ടി.മൂസ

7. സി.കെ അബൂബക്കർ

8. ചിങ്ങംപറ്റ ശേഖരൻ

നിലവിലുള്ള തിരഞ്ഞെടുക്കപ്പെട്ട ബോർഡ്അധികാരമേറ്റത് 2-10-1995നാണ് ഇപ്പോഴത്തെ പ്രസിഡൻറും ബോർഡംഗങ്ങളും

1. ശ്രീമതി.വി.പിറംലത്ത്( പ്രസിഡൻറ്)

2.ശ്രീമതി കെ.ടി.സഹീത (വൈസ് പ്രസി)

3 ശ്രീമതി സി.ഹബീബ

4. ശ്രീമതി ഏലിയാമ്മ ചാക്കോ

5. ശ്രീ പി.ചെറിയഹമ്മദ്

6. ശ്രീ. കെ. സി. അബ്ദുൾ കരീം

7. ശ്രീ. സി. ടി. കുഞ്ഞോയി

8. ശ്രീ. എം സുബ്രഹ്മണ്യൻ

9. ശ്രീ. കെ. മുഹമ്മദലി

10.ശ്രീ.പി. അബ്ദുൾ കരീം

11. ശ്രീ. പി. മുഹമ്മദ്

ലഭ്യമായ വിവരങ്ങളും ശേഖരിക്കപ്പെട്ട രേഖകളും പഴയ തലമുറയിലെ മുതിർന്ന കാരണവർമാരുമായുള്ള മുഖാമുഖങ്ങളുമാണ് മേൽ കുറിച്ച മമ്പാടിൻെറ ചരിത്രത്തിൻെറ അടിസ്ഥാനം. നൂറ്റാണ്ടുകളോളം പഴക്കമുള്ള മമ്പാടിൻെറ പൂർണ്ണചരിത്രം കണ്ടെത്തേണ്ടതുണ്ട്. അതുകൊണ്ടു തന്നെ ഈ രംഗത്ത് അവധാനതയോടെയുള്ള അന്വേഷണവും ശ്രമകരമായ ഗവേഷണവും ശ്രദ്ധേയമായ കണ്ടെത്തലുകളും ഇനിയും തുടരേണ്ടത് ആവശ്യമാണ്.

ഇതുമായി സഹകരിച്ച എല്ലാ നല്ലവരേയും കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു.



# ഭൂപ്രകൃതി ജല പ്രകൃതി ജനപ്രകൃതി

നീലഗിരി വയനാടൻ മലകളുടെ തുടർച്ചയായി തെക്കെ അറ്റത്ത് സ്ഥിതി ചെയ്യുന്ന മുണ്ടേംതോട്, കുളപ്പാടൻ മലകൾ പടിഞ്ഞാറൻ അതിരുകളിടുന്ന മമ്പാടിൻെറ വിസ്തൃതി 67.93 ച.കി.മീ ആണ്. കിഴക്ക് വണ്ടൂർ പഞ്ചായത്തും ബാക്കിയുള്ള തെക്കുവടക്കൻ ഭാഗങ്ങളിൽ മുതിരവെട്ടി തോട്, എരഞ്ഞി തോട്, കുതിരപ്പുഴ, കുറുവൻ പുഴ, കുറിഞ്ഞിത്തോട് എന്നിവയും ഈ ദേശത്തിൻെറ അതിർത്തികൾ നിർണ്ണയിക്കുന്നു.

പടിഞ്ഞാറൻ മലകളുടെ കിഴക്കോട്ടു ചരിഞ്ഞു കിടക്കുന്ന വന പ്രദേശങ്ങളും ബാക്കിവരുന്ന കൃഷിയോഗ്യമായ സ്ഥലങ്ങളും കൂടി പഞ്ചായത്തിൻെറ മൊത്തം വിസ്തൃതിയുടെ ഏകദേശം 60% വരും. ഏറ്റവും ഫലഭൂയിഷ്ഠമായ ഈ ഭാഗത്ത് മിക്കവാറും കറുത്ത മണ്ണും ബാക്കി വരുന്ന ചെറിയ ഭാഗങ്ങൾ കരിമ്പാറകളും ലാറ്ററൈറ്റ് കലർന്ന ചുവന്ന മണ്ണും ആണ്. ഗ്രാമത്തിൻെറ മധ്യത്തിലൂടെ വടക്കുനിന്നും തെക്കോട്ട് ഒഴുകുന്ന ചാലിയാറിൻെറ കിഴക്കേഭാഗം മമ്പാട് വില്ലേജ്- കോലോത്തുംകുന്ന്, പനയം കുന്ന്, ചെമ്പൻ കാട്, അങ്ങാടിക്കുന്ന്, കുരുക്കുഞ്ഞി, കുണ്ടോട്ടുമല, കരിന്താർ, കോളേജ് കുന്ന് തുടങ്ങിയ ചെറിയകുന്നുകൾ നിറഞ്ഞതാണ്. ഈ കുന്നിൻ പ്രദേശങ്ങളൊക്കെ ചെങ്കല്ലു നിറഞ്ഞ പ്രദേശങ്ങളാണെങ്കിലും കുണ്ടോട്ടുമല, താളിപ്പൊയിൽ ഭാഗത്ത് കറുത്ത മണ്ണാണ് ഉള്ളത്. ഈ കുന്നുകൾക്കിടയിൽ പരന്നു കിടക്കുന്ന സമതലങ്ങളിലാണ് നമ്മുടെ നെല്ല്,തെങ്ങ്, വാഴ, കപ്പ തുടങ്ങിയവ കൃഷിചെയ്യുന്നത്. കുന്നിൻ ചെരുവുകളിൽ ഏറ്റവും അനുയോജ്യ കൃഷിയായ റബ്ബർ, കശുമാവ് എന്നിവ ധാരാളമുണ്ട്.

കുറിഞ്ഞിതോട്, കുറവമ്പുഴ, കുതിരപ്പുഴ, എരഞ്ഞിത്തോട്, എളമ്പുഴ തോട്, മങ്ങാടൻ തോട് മുണ്ടേംതോട് എന്നിവയും പ്രധാന നദിയായ ചാലിയാറും നമ്മുടെ പഞ്ചായത്ത് ജലസുഭിക്ഷമാണെന്ന ധാരണയുണ്ടാക്കുന്നുണ്ട്. ഈ ചെറിയ പുഴകളും തോടുകളും കിട്ടുന്ന ജലം മുഴുവൻ ചാലിയാറിൽ ദ്രുത വേഗത്തിൽ എത്തിക്കുകയും എല്ലാം കൂടി ചാലിയാറിലൂടെ കടലിലേക്ക് ഒഴുകുകയും ചെയ്യുന്നതുകൊണ്ട് ഈ പ്രദേശത്തെ ജലവിതാനം പെട്ടന്ന് താഴുന്നു. തൽഫലമായി വേനലാരംഭത്തിൽ തന്നെ ജലക്ഷാമം നമുക്കനുഭവപ്പെടുന്നു. വേനൽ കാലത്ത് ചെറിയൊരു നീരൊഴുക്ക് നിലനിൽക്കുന്നത് കുറുവം പുഴയിൽ മാത്രമാണ്. ഇതാകട്ടെ മലമ്പ്രദേശത്തിൻെറ സാമീപ്യം കൊണ്ടാണ്. നിർദ്ദാക്ഷിണ്യം നടക്കുന്ന വനനശീകരണവും അശാസ്ത്രീയമായ മണൽവാരലും അവശേഷിക്കുന്ന ജല സ്രോതസ്സുകളേയും ഇല്ലാതാക്കുന്നു. അനുയോജ്യമായ സ്ഥലങ്ങളിൽ തടയണകെട്ടി നഷ്ടപ്പെട്ടു പോകുന്ന ജലസമ്പത്ത് നിലനിർത്തിയില്ലെങ്കിൽ എക്കാലത്തും ജലക്ഷാമം നമ്മുടെ ശാപമായി അവശേഷിക്കും.

പഞ്ചായത്തിൽ ഏറ്റവും കൂടുതലായുള്ളത് മുസ്ലീങ്ങളും ഏകദേശം പത്തിലൊന്ന് പട്ടികജാതി-പട്ടിക വർഗ്ഗ-മറ്റു പിന്നോക്ക വിഭാഗത്തിൽ പെട്ട

# കൃഷിയും - ജലസേചനവും



1970 കളുടെ മദ്ധ്യം മുതൽ ഒരു ദശാബ്ദക്കാലത്തിലേറെ സംസ്ഥാനത്തിൻെറ കാർഷികോൽപ്പാദനത്തിൽ വർദ്ധനവുണ്ടായിട്ടില്ല. ദീർഘകാല വിളയിലേക്കുള്ള മാറ്റമായിരുന്നു അതിനു കാരണം. കഴിഞ്ഞ 10വർഷങ്ങൾക്കിടയിൽ കാർഷികോൽപ്പാദനം മെല്ലെ ഉണർന്നു തുടങ്ങിയിട്ടുണ്ടെങ്കിലും കൂലിയുടേയും മറ്റ് ഉൽപ്പാദന ചിലവുകളുടേയും വർദ്ധനവിനനുസരിച്ച് ഉൽപ്പാദന ക്ഷമത ഉയരാത്തതും കൃഷിയെ ആനാകർഷകമാക്കിയിരിക്കുന്നു. കഠിനാദ്ധ്വാനികളായിരുന്ന കർഷകർ കാർഷികവൃത്തിയിൽ നിന്നും ഉൾവലിയുകയാണ്.

ഗവർമെൻറിന് മാത്രം തീർക്കാവുന്നതല്ല കാർഷിക മേഖലയിലെ പ്രതിസന്ധികൾ. കുറേ പണം കിട്ടിയതു കൊണ്ടു മാത്രം അവ തീരുകയുമില്ല.. വികസന പാതയിലേക്ക് കൃഷിക്കാരെ കൈപിടിച്ചുയർത്തുന്നതിന് ഒരു ജനകീയ മുന്നേറ്റവും കൂട്ടായ്മയിലൂന്നിയ ആസൂത്രിത നടപടികളുമാണിന്നാവശ്യം. ഈ സാഹചര്യത്തിൽ നമ്മുടെ ഗ്രാമപഞ്ചായത്ത് അഭിമുഖീകരിക്കുന്ന വിവിധ കാർഷിക പ്രശ്നങ്ങളും പരിഹാര സാധ്യതകളും സമഗ്രമായി പരിശോധിക്കേണ്ടിയിരിക്കുന്നു.

മമ്പാട് പഞ്ചായത്ത് ഒരു കാർഷിക പ്രധാന ഗ്രാമമാണ്. വനവും കുന്നും താഴ്വരാ പ്രദേശങ്ങളുമായാണ് ഭൂമിയുടെ കിടപ്പ്. ചാലിയാർ പുഴ പഞ്ചായത്തിനെ കിഴക്കും പടിഞ്ഞാറുമായി വേർ തിരിക്കുന്നു. ചാലിയാറിനു പടിഞ്ഞാറുള്ള പ്രദേശം ഉയർന്ന വനമേഖലയാണ്. കിഴക്ക് സമതല പ്രദേശങ്ങളും ചെറിയ കുന്നുകളും മമ്പാട്, പുള്ളിപ്പാടം, വണ്ടൂർ എന്നീ 3 വില്ലേജുകളിലായാണ് പഞ്ചായത്ത് വ്യാപിച്ചു കിടക്കുന്നത്.

- മുഖ്യ കൃഷി യഥാക്രമം റബ്ബർ (ഏകദേശം 800 ഹെക്ടർ) കമുക്(100 ഹെ) കശുമാവ് (350 ഹെ) നെല്ല് (295ഹെ) വാഴ 200(ഹെ) കുരുമുളക് (45 ഹെ) കപ്പ 75(ഹെ) പച്ചക്കറി (30ഹെ) പയർ, എള്ള് തുടങ്ങിയവ (20 ഹെ) എന്ന തോതിലാണ് ഉള്ളത്.

പഴയകാലങ്ങളിൽ നെൽകൃഷി, കന്നുകാലി വളർത്തൽ , വനവിഭവങ്ങൾ ശേഖരിക്കൽ എന്നിവയൊക്കെയായിരുന്നു ജനങ്ങളുടെ തൊഴിൽ. ഏകദേശം 30 വർഷങ്ങൾക്കുമുമ്പ് റബ്ബർ,തെങ്ങ്, തുടങ്ങിയ നാണ്യവിളകൾ പഞ്ചായത്തിൽ വിരളമായിരുന്നു.

പട്ടിക-1

വിള, വിസ്തീർണ്ണം, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത
(റഫ: അടിസ്ഥാന വിവര റജിസ്റ്റർ)

| വിള | വസ്തീർണ്ണം | മൊത്തം ഉൽപ്പാദനം | ഉൽപ്പാദന ക്ഷമത ഹെക്ടർ |
|---|---|---|---|
| നെല്ല് -ഒന്നാം | 295ഹെ | 634.25ടൺ | 2154.00 കിഗ്രാം |
| നെല്ല് -രണ്ടാം | 295ഹെ | 708ടൺ | 2400.00കിഗ്രാം |
| നെല്ല് -മൂന്നാം | -- | -- | -- |
| പയർ | 12 | 7.5 | 625.00 |
| എള്ള് | 7 | 0.05 | 006.25 |
| പച്ചക്കറികൾ | 30 | 35.00 | 1166.00 |
| കുരുമുളക് | 45 | 16.25 | 250.00 |
| കശുമാവ് | 350 | 216.50 | 250.00 |
| റബ്ബർ | 800 | 426.66 | 948.00 |
| വാഴ | 200 | 1500.00 | 7500.00 |
| മരച്ചീനി | 45 | 810.00 | 18000.00 |
| മാവ് | 11 | 27.50 | 2500.00 |
| ഇഞ്ചി | 14 | 49.35 | 3525.00 |
| തെങ്ങ് | 380 | 1321600.00 | 4720.00 |
| കവുങ്ങ് | 100 | 50440000.00 | 252200.00 |
| പ്ലാവ് | 19 | 14205.00 | 947.00 |

മമ്പാട് ഗ്രാമ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ നെൽവയലുകൾ കാട്ടുമുണ്ട,മേപ്പാടം, പുള്ളിപ്പാടം നടുവക്കാട്, തൃക്കൈക്കുത്ത് എന്നീ പ്രദേശങ്ങളിലാണുള്ളത്. ഇന്ന് 479 കുടുംബങ്ങൾ നെൽകൃഷി പ്രധാന ഉപജീവനമാർഗ്ഗമായി തുടരുന്നു. മുൻകാലങ്ങളെ അപേക്ഷിച്ച് നെൽകൃഷി കുറഞ്ഞുവരികയാണ് വയലുകൾ നികത്തി കമുക്, തെങ്ങ് എന്നിവ വൻതോതിൽ കൃഷി ചെയ്യുന്ന പ്രവണതയുണ്ട്. കുന്നിൻ പ്രദേശങ്ങളിലും സമതലത്തിലും റബ്ബർ വ്യാപകമായി കൃഷിചെയ്യുന്നു. ഭൂമിയുടെ തുണ്ടവൽക്കരണം, ജനസംഖ്യാപെരുപ്പം വയലുകൾ നികത്തി കെട്ടിടം നിർമ്മിക്കൽ എന്നിവ നെൽകൃഷിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കർഷകരിൽ 90 കുടുംബങ്ങൾ മാത്രമാണ് ഒരു ഹെക്ടറിൽ കൂടുതൽ കൃഷി ഭൂമിയുള്ളവർ. ബാക്കി മുഴുവൻ 10 സെൻറ് മുതൽ 1 ഹെക്ടർ വരെയുള്ളവരാണ്

മഴയെ മാത്രം ആശ്രയിച്ചാണ് കൃഷി നടത്തിവന്നത്. തോടുകളിൽ താൽക്കാലിക തടയണകൾ നിർമ്മിച്ചുംഏത്തം, പുറംതേക്ക്, പനമ്പാളത്തേക്ക്, എന്നീ പഴയ ഉപകരണങ്ങൾ ഉപയോഗിച്ചും ജലസേചനം നടത്തിയിരുന്നു. 1965നുശേഷം ചെറിയതോതിലും 80നുശേഷം വ്യാപകമായും ഈ പഞ്ചായത്തിൽ ഒഴുകുന്ന ചാലിയാർ, കുതിരപ്പുഴ,കുറുവംപുഴ, മുണ്ടേംതോട്, കക്കുംപള്ളിതോട്, മങ്ങാടൻ തോട് എന്നിവയിൽ പമ്പ് സെറ്റുകൾ സ്ഥാപിച്ച് ജലസേചനം നടത്തുന്നുണ്ട്. പഴയ കാലങ്ങളിൽ ഭൂമിമുഴുവൻ ജൻമിമാരായ നിലമ്പൂര കോവിലകം, കിഴക്കേ കോവിലകം, തൃക്കളയൂർ ദേവസ്വം, നടുവത്തുമന എന്നിവരുടെ ഉടമസ്ഥതയിലായിരുന്നു. ഇവരിൽനിന്ന് കാണം ചാർത്തിയും മറ്റു വിധത്തിലും വലിയ പീടികക്കൽ,മധുരക്കറിയൻ, എരഞ്ഞിക്കൽ, പന്താർ, പുലിക്കോട്ടിൽ, കാഞ്ഞിരാല തുടങ്ങിയ ഇടത്തരം കുടംബങ്ങളിലാണ് പിന്നീട് ഭൂമി എത്തിച്ചേർന്നത്. ഇവരിൽ നിന്നും ജൻമിമാരിൽനിന്ന് നേരിട്ടും പാട്ടശീട്ടപ്രകാരവുമാണ് കൃഷിക്കാർക്ക് കൃഷിചെയ്യാൻ ഭൂമി ലഭിച്ചത്. എന്നാൽ ഭൂപരിഷ്കരണ നിയമത്തോടു കൂടി കർഷകർ തങ്ങളുടെ കൃഷി ഭൂമികളുടെ ഉടമകളായി മാറി. മുൻകാലങ്ങളിൽ മൊത്തം കൃഷി ഭൂമിയുടെ 20%നത്തിൽ കൂടുതൽ നെൽകൃഷിചെയ്തിരുന്നെങ്കിലും ഇപ്പോഴതത് 12% ആയി കുറഞ്ഞിരിക്കയാണ്. തുണ്ടവൽക്കരണവും, വർദ്ധിച്ച ഉൽപാദന ചിലവും, നെല്ലിൻെറ വിലക്കുറവും, തൊഴിലാളികളടെ ദൗർല്ലഭ്യവും, കൃഷിഭൂമി നികത്തി വീടുവെക്കലും ജലസേചന സൗകര്യക്കമ്മി എന്നിവയും കാർഷിക മേഖലയെ തളർത്താൻ കാരണമായിട്ടുണ്ട്.

1960കളിലാണ് റബ്ബർ കൃഷി പഞ്ചായത്തിൽ ആരംഭിക്കുന്നത്.തിരുവിതാംകൂറിൽ നിന്നും എത്തിയ കുടിയേറ്റക്കാരാണ് ഇതിന് തുടക്കം കുറിച്ചത്. റബ്ബർ കൃഷിയെകുറിച്ചുള്ള വമ്പിച്ച പ്രചാരണവും നെൽകൃഷി ആദായകരമല്ലാതായതും അതിന് ആക്കം കൂട്ടി. റബ്ബർ ബോർഡിൽ നിന്നുള്ള അനുകൂല്യങ്ങൾ, ഭേദപ്പെട്ട വില നിലവാരം, സ്ഥിരമായ ആദായം , യോജിച്ച മണ്ണ്, കാലാവസ്ഥ എന്നീ ഘടകങ്ങൾ റബ്ബർ കൃഷിയുടെ വ്യാപനത്തിന് പ്രേരണയായി. തെങ്ങ് , കമുക് എന്നീ കൃഷികളും ഇതിനിടെ പരീക്ഷിക്കുകയും സ്വീകാര്യമാവുകയും ചെയ്തു. ചുരുങ്ങിയ ചിലവിൽ ദീർഘകാലം നിലനിൽക്കുന്ന ലാഭകരമായ കൃഷി എന്ന നിലക്കാണ് കൃഷിക്കാർ ഇതിനെ സ്വീകരിച്ചത്. നല്ലതോതിൽ കശുമാവ് കൃഷിയും അതിനിടെ ആരംഭിച്ചിരുന്നു. എന്നാൽ കുറച്ചു കാലമായി അവ റബ്ബറിന് വഴിമാറി കൊടുക്കുകയാണ്.

## ഭൂവിനിയോഗം:

അശാസ്ത്രീയമായ രാസവള പ്രയോഗം മൂലം മണ്ണിൻെറ അമ്ള സ്വഭാവം വർദ്ധിച്ചുവരുന്നതായാണ് കാണുന്നത്. ഇത് ഭൂമിയുടെ ഫലപുഷ്ഠി നഷ്ടപ്പെടുത്തുന്നതിനും ഉൽപാദനക്കുറവിനും കാരണമാവുന്നു. പഞ്ചായത്തിലെ മൊത്തം ഭൂമിയുടെ നല്ലൊരു ഭാഗം വനപ്രദേശവും നിരോധിതമേഖലയുമാണ്. ഉയർന്ന പ്രദേശങ്ങളിൽ റബ്ബർ., കശുമാവ് എന്നിവയും സമതലങ്ങളിൽ തെങ്ങ് കവുങ്ങ് കുരുമുളക്, പച്ചക്കറി,

നെല്ല് എന്നിവയും കൃഷിചെയ്തുവരുന്നു. ഇടവിള കളായി പച്ചക്കറി, പയർ, എള്ള് എന്നിവയും ചെറിയ തോതിൽ കൃഷിചെയ്തു വരുന്നുണ്ട്. വാഴ, മരച്ചീനി എന്നീ കൃഷികളിലും കർഷകർ താൽപര്യം കാണി ക്കുന്നുണ്ട്.

ചുവന്ന കയ്മ, ആര്യൻ, തൊണ്ണൂറാൻ, എണ്ണപ്പട്ട പടന്നവെള്ള ആമാങ്കാരി, പറക്കുളത്തുമ്പൻ എന്നീ നാടൻ വിത്തുകളാണ് കർഷകർ ആദ്യകാലങ്ങളിൽ ഉപയോഗിച്ചിരുന്നത്. 1970ന് ശേഷം പട്ടാമ്പി വിത്തുൽപാദനകേന്ദ്രത്തിൽ വികസിക്കപ്പെട്ടതും അത്യുൽപാദനശേഷിയുള്ളതുമായ വിത്തുകളും കൃഷി ഭവൻ മുഖേന നൽകുന്ന ആതിര, ഐശ്വര്യ, പവിഴം , എം 4 എനനിവയും ഉപയോഗിക്കുന്നുണ്ട്. ഒന്നാം വിളക്കു ശേഷം വാഴ, മരച്ചീനി പച്ചക്കറി എന്നിവ കൃഷി ചെയ്യുന്നവരുണ്ട്, തരിശിടുന്നവരും ധാരാള മാണ്. മുൻകാലങ്ങളിൽ കുന്നിൻ പുറങ്ങളിൽ മോടൻ കൃഷി ചെയ്തിരുന്നു. എന്നാൽ ഇന്ന് ഒരു കൃഷി ക്കാരൻ മാത്രമാണ് മോടൻ കൃഷി ചെയ്യുന്നത്. കാട്ടു പന്നിശല്ല്യം, ജലസേചനക്കുറവ്, റബ്ബർ കൃഷിയുടെ വ്യാപനം എന്നിവയാണ് മോടൻ കൃഷിയിൽ നിന്ന് പിൻതിരിയാൻ കാരണം.

## വളം:

വളവിപണനത്തിന് സഹകരണമേഖലയിൽ ഒന്നും സ്വകാര്യ മേഖലയിൽ രണ്ടും ഡിപ്പോകൾ മാത്രമാണ് പഞ്ചായത്തിൽ ഉള്ളത്. സഹകരണ മേഖലയിൽ ഉള്ളത് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. 80% കൃഷിക്കാരും ഇപ്പോൾ രാസവളമാണ് ഉപയോഗിക്കുന്നത്, ജൈവ വളത്തിന്റെ അഭാവമാണ് ഇതിനുകാരണം. മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വളപ്ര യോഗം കുറഞ്ഞതും, അശാസ്ത്രീയമായ രാസവള പ്രയോഗവും കൃഷി ചിലവിന്റെ വർദ്ധനവിന് കാരണമാവുന്നു. കൃഷിഭവൻ നിലവിൽ വന്നതിനു ശേഷം ലഭ്യമായ വളവിൽപനയുടെ വിശദവിവരം പട്ടികയായി ചേർത്തിട്ടുണ്ട്

സഹകരണ മേഖലയിലുണ്ടായ വളം ഡിപ്പോ പുന രാംരാഭിക്കുകയും പുള്ളിപ്പാടം, ഓടായിക്കൽ വട പുറം, തൃക്കൈക്കുത്ത്, പന്തലിങ്ങൽ , മേപ്പാടം, എന്നീ കേന്ദ്രങ്ങളിൽ പുതിയ രാസവള ഡിപ്പോകൾ ആരംഭി ക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

## കീടനാശിനികൾ:

നെല്ല്, വാഴ, മരച്ചീനി, പച്ചക്കറികൾ, കമുക്, റബ്ബർ എന്നിവക്കാണ് പ്രധാനമായും കീടനാശിനികൾ ഉപയോഗിക്കുന്നത്. ഇതിന്റെ അശാസ്ത്രീയ ഉപയോ ഗം കൃഷിയെ മാത്രമല്ല മനുഷ്യന്റെ ആരോഗ്യത്തേ യും പ്രകൃതിയേയും പ്രതികൂലമായി ബാധിക്കു ന്നു.ശാസ്ത്രീയമായ കീടനാശിനി പ്രയോഗ ത്തെക്കുറിച്ചും സംയോജിത കീടനിയന്ത്രണത്തെ കുറിച്ചും കൃഷിക്കാർക്കിടയിൽ ബോധവൽക്കര ണമാവശ്യമാണ്.

## കാർഷികോപകരണങ്ങൾ:

പട്ടികജാതി സഹകരണ സംഘത്തിന് കൃഷിഭവൻ മുഖേന നൽകിയ ഒന്നും സ്വകാര്യവക്തികളുടെ ഒൻപതും അടക്കം 10 ട്രാക്ടറുകൾ പഞ്ചായത്തിൽ ഉണ്ട്. 18 നാടൻ കലപ്പകൾ ഇന്നും ഉപയോഗിക്കുന്നുണ്ട്. റോക്കർ സ്പ്രേയറുകൾ -39, നാപ്സാക് സ്പ്രയറു കൾ-74, മണ്ണെണ്ണ പമ്പ്-118, വൈദ്യുത പമ്പ്സെറ്റ്-280, കൃഷിഭവൻ മുഖേന വിതരണം ചെയ്ത 5 തെങ്ങു കയറ്റ യന്ത്രങ്ങൾ എന്നിവ പഞ്ചായത്തിൽ ഉണ്ട്. 11 ജോഡി ഉഴവു കാളകൾ ഇപ്പോഴും നിലനിൽക്കുന്നു. കൃഷി ഭവൻ മുഖേന കർഷകർക്ക് വാടകക്ക് നൽകാവുന്ന രൂപത്തിൽ ട്രാക്ടർ., ട്രില്ലർ, മെതിയന്ത്രം കൊയ്ത്തു യന്ത്രം നടീൽ യന്ത്രം, സ്പ്രേയറുകൾ എന്നിവ ലഭ്യമാക്കേണ്ടതാണ്. കൃഷിക്കാർക്ക് നേരിട്ട് 50% സബസിഡി യോടുകൂടി ട്രില്ലർ, നടീൽയന്ത്രം,കൊ യ്ത്തു യന്ത്രം എന്നിവ നൽകണമെന്ന ഗ്രാമ സഭകളുടെ നിർദ്ദേശം പ്രായോഗികമാക്കേണ്ടതാണ്. നെൽകൃഷി യുടെ വർദ്ധനവിനും കാര്യക്ഷയക്കും ഇത് സഹായ കരമമാകും.

## പാട ശേഖരസമിതികൾ:-

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ നെൽകൃഷിക്കാ രെ സംയോജിപ്പിച്ച് 7പാടശേഖരസമിതികൾ നിലവി ലുണ്ട്. ഇവയിൽ മിക്കവയും കാര്യക്ഷമമല്ല. ഇവ കാര്യക്ഷമമാക്കേണ്ടത് ആവശ്യമാണ്.

പട്ടിക

| നമ്പർ | സമിതിയുടെ പേര് | എണ്ണം | വിസ്തീർണ്ണം (ഹെ) |
|---|---|---|---|
| 1 | തൃക്കൈകുത്ത് | 68 | 31 |
| 2 | പുള്ളിപ്പാടം | 44 | 31 |
| 3 | കാട്ടുമുണ്ട | 96 | .63 |
| 4 | പന്തലിങ്ങൽ | 72 | 44 |
| 5 | മേപ്പാടം | 83 | 58 |
| 6 | പുളിക്കലോടി | 62 | 31 |
| 7 | നടുവക്കാട് | 54 | 36 |

## കൂലി നിരക്ക്:

കാർഷിക രംഗത്തും തൊഴിലാളികളുടെ ദൗർലഭ്യം വളരെ പ്രകടമാണ്. കൃഷി ഒരു രണ്ടാംകിട പ്രവർത്തി യായി കാണുന്ന ഒരു മനോഭാവം, ഇതരമേഖലകളിലെ വർദ്ധിച്ച കൂലി, വിദ്യാസമ്പന്നരുടെ വികലമായ ചിന്ത, കൃഷിയോടുള്ള ആഭിമുഖ്യക്കുറവ് എന്നിവ ഇതിനു കാരണമാവുന്നു. 7 പാട ശേഖര സമിതിക

...യായി 1479 കുടുംബങ്ങളുണ്ട്.ഇവർ നെൽകൃഷി മുഖ്യ ജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുണ്ട്. ഏകദേശം 1000 ത്തോളം കർഷക തൊഴിലാളികൾ, പഞ്ചായ ത്തിലുണ്ട്. ഇവരുടെ കൂലി നിരക്ക്. പുരുഷൻമാർക്ക് 100 രൂപയും സ്ത്രീകൾക്ക് 65 രൂപവരെയുമാണ്. കൂടാ തെ ഭക്ഷണവും നൽകേണ്ടതുണ്ട്. ഇന്നാൽ ഒരു ഏകീ കൃത കൂലി നിരക്ക് ഇല്ല താനും.

## വായ്പാ സൗകര്യം:

മമ്പാട് ഗ്രാമ പഞ്ചായത്തിൽ മമ്പാട് സർവ്വീസ് സഹകരണ ബാങ്ക്, സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് എന്നിവ പ്രവർത്തിക്കുന്നു. കൂടാതെ ഏറനാട്താലൂക്ക് സഹകരണ ബാങ്ക്, ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവ കാർഷിക ആവശ്യത്തിന് വായ്പകൾ നൽകു ന്നുണ്ട്. കാർഷിക വായ്പകൾ പലപ്പോഴും നിർദ്ദിഷ്ട ആവശ്യത്തിനല്ല ഉപയോഗിക്കപ്പെടുന്നത്.

## ജലസേചനം:

പ്രധാനമായും മഴയെ ആശ്രയിച്ചുള്ള കൃഷിയാണ് പഞ്ചായത്തിലുള്ളത്. പഞ്ചായത്തിലെ നീരൊഴുക്ക് ചാലിയാർ, കുതിരപ്പുഴ, കുറുവംപുഴ എന്നിവയേയും 6 വലിയ തോടുകളേയും 20 ചെറിയ തോടുകളേയും ആശ്രയിച്ചിരിക്കുന്നു. തോടുകൾ മിക്കതും ചാലിയാ റിലും കുതിരപുഴയിലുമാണ് ചെന്നു ചേരുന്നത്.

## തോടുകൾ:

പഞ്ചായത്തിൽ 6 വലിയ തോടുകൾ ഉണ്ട്.മുണ്ടേം തോട്, മങ്ങാടൻ തോട് , കക്കും വള്ളി തോട് , ഇളം പുഴതോട്, കല്ലേംതോട്, കണക്കംകടവ് തോട് എന്നി വയാണ് അവ. ഇവയുടെ കൈവഴികളായി മറ്റ് 20 ചെറിയ തോടുകളുണ്ട് തോടുകളിൽ 6 സ്ഥലങ്ങളിൽ തടയണകളും, ചീർപ്പുകളുമുണ്ടെങ്കിലും ആവശ്യമായ സംരക്ഷണകുറവുമൂലം ഇവയുടെ കാര്യക്ഷമത കുറ ഞ്ഞുവരുന്നു. വേനൽക്കാലത്ത് വെള്ളം സംഭരിക്കാൻ കഴിയാതെയും മഴക്കാലങ്ങളിൽ ബണ്ടുകൾ പൊട്ടിയും കൃഷി നാശം സംഭവിക്കുന്നു.

## കുളങ്ങൾ:

വലുതും ചെറുതുമായി ധാരാളം കുളങ്ങൾ പഞ്ചായ ത്തിലുണ്ടെങ്കിലും ഭാഗികമായെങ്കിലും ഉപയോഗ പ്പെടുത്തുന്നത് 11 കുളങ്ങൾ മാത്രമാണ്. മാന്താണി കുളം, കാട്ടുപൊയിൽ കുളം , നടുവക്കാട്- പള്ളിക്കുളം തുണിക്കനകം കുളം , പൂവത്തിക്കുന്ന് കുളം , പാറോ ലിക്കുളം, അമ്പലക്കുളം, കുപ്പനം കുളം, കൂടാണി കുളം, മുതുപൊയിൽ കുളം, കളംകുന്നുകുളം, എന്നിവയാണവ. ഇവ യഥാവിധം സംരക്ഷിക്കപ്പെടു കയൊ കൃഷിയാവശ്യങ്ങൾക്ക് ഉപയോഗിക്കുകയോ ചെയ്യുന്നില്ല. ജോലിക്കു കൂലി ഭക്ഷണം. എൻ.ആർ. ഇ.എ. ജെ.ആർ വൈ. സ്കീമുകളുപയോഗിച്ചു നിർമ്മിച്ച തുണിക്കനകം കുളം, കാട്ടുപൊയിൽ കുളം, മാന്താണിക്കുളം, അമ്പലക്കുളം. എന്നിവ അരയേക്കർ മുതൽ ഒരേക്കർ വരെ വിസ്തൃതിയുള്ളവയാണ്. വേണ്ടത്ര സംരക്ഷണം നൽകിയാൽ, വേനൽക്കാലത്ത് ഉപയോഗപ്പെടുത്താവുന്നവയാണ് ഇവ. ചെറിയകുള ങ്ങളൊക്കെ വേനൽ കാലത്ത് വറ്റുന്നതാണ് അനുഭവം.

## മണ്ണ്-ജല സംരക്ഷണം:

പഴയ കാലങ്ങളിൽ തോടിൻെറ പാർശ്വങ്ങളിൽ കൈത വെച്ചുപിടിപ്പിച്ചും മരങ്ങൾ വളർത്തിയും പറമ്പുകൾ കിളച്ചും മണ്ണ്-ജല സംരക്ഷണം നടത്തി യിരുന്നു. ഭൂമിയുടെ തുണ്ടു വൽക്കരണവും വയലു കൾ നികത്തി കെട്ടിടങ്ങൾ ഉണ്ടാക്കുക, നാണ്യവിളകൾ വളർത്തുക എന്നിവയും മണ്ണ് ജല സംരക്ഷണത്തെ പ്രതികൂലമായി ബാധിക്കുന്നു. അടുത്തകാലത്തായി ഇ.എ.എസ്. സ്കീമിലും മൈനർ ഇറിഗേഷൻ സ്കീമിലുമായി ഇളമ്പുഴ തോട്,മാങ്ങാടൻ തോട്, മുണ്ടേടം തോട്, എന്നിവയുടെ കുറച്ചു ഭാഗങ്ങളിൽ പാർശ്വ ഭിത്തികൾ കെട്ടിയിട്ടുണ്ട് ബാക്കി ഭാഗങ്ങൾ കൂടി സംരക്ഷിക്കപ്പെടേണ്ടതാണ്.

## നഴ്സറികൾ:

ബീമ്പുങ്ങൽ പ്രദേശത്ത് ഒരു മിനി നേഴ്സറിയും ബാക്കി ചില പ്രദേശങ്ങളിൽ റബ്ബർ നേഴ്സറികളും പ്രവർത്തിക്കുന്നു എന്നതൊഴിച്ചാൽ കാര്യമായ നേഴ്സ റികളൊന്നും പഞ്ചായത്തിലില്ല. ആവശ്യമായ നടീൽ വസ്തുക്കൾക്കു വേണ്ടി അന്യ പ്രദേശങ്ങളേയും കൃഷി ഭവനേയും ആളുകൾ ആശ്രയിക്കുന്നു. പലപ്പോഴും അത്യുൽപാദനശേഷിയുള്ള നല്ല ഇനം നടീൽ വസ്തു ക്കൾ കിട്ടാതെ പോവുകയൊ കർഷകർ വഞ്ചി ക്കപ്പെടുകയോ ചെയ്യുന്നു.

പട്ടിക

കൃഷിഭവൻ മുഖേനയുള്ള നടീൽ വസ്തുക്കളുടെ വിതരണം

| ഇനം | 93-94 | (94-95) | 95-96 |
|---|---|---|---|
| തെങ്ങ് | 546 | 655 | 665 |
| കശുമാവ് | 3200 | 750 | 6310 |
| കുരുമുളക് | 1500 | 600 | - |
| കവുങ്ങ് | 347 | 100 | 209 |
| പഴവർഗ്ഗ തൈകൾ | 180 | 388 | - |
| ജാതി | 85 | 30 | 75 |

## കൃഷിഭവൻ

1978 ൽ ഏലാ ആഫീസ് പ്രവർത്തനമാരംഭിച്ചു. 87 ൽ അത് കൃഷിഭവനായി മാറി. മമ്പാട് ടൗണിൽ ഒരു വാടകകെട്ടിടത്തിൽ അത് പ്രവർത്തിക്കുന്നു. ഒരു കൃഷി ഓഫീസറും 3 കൃഷി അസിസ്റ്റൻറുമാരുമാണ് ഇവിടെ ഉള്ളത്. അത്യാവശ്യമായി മീറ്റിങ്ങുകൾ കൂടുന്നതിനും സൗകര്യപ്രദമായി ജോലിക്കാർക്ക് ജോലി ചെയ്യുന്നതിനും നടീൽ വസ്തുക്കൾ സൂക്ഷിക്കുന്നതിനും ഇപ്പോൾ സൗകര്യമില്ല. കർഷകർക്ക് ഉപകാരപ്രദമായ പല പദ്ധതികളും കൃഷി വകുപ്പ് നടപ്പിലാക്കുന്നുണ്ട്. നെൽകൃഷിക്കാർക്ക് ഉൽപാദനബ്ബോണസ്സായി ഹെക്ടറിന് 250 രൂപയും സമിതികൾക്ക് പകുതിവിലക്ക് യന്ത്രോപകരണങ്ങളും നൽകുന്നുണ്ട്. തെങ്ങ് കൃഷിക്കുള്ള പമ്പ് സെറ്റ് റോക്കർ സ്പ്രേയറുകൾ ,തെങ്ങു കയറ്റ യന്ത്രം മുതലായവക്ക് സബ്സിഡി നൽകുന്നുണ്ട്. കൂടാതെ കുരുമുളക്, ഇഞ്ചി, പയർ, ഫലവർഗ്ഗങ്ങൾ, പച്ചക്കറി, കശുമാവ് , പയർ മുതലായവക്ക് സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ പരിമിതമായ തോതിലേ പഞ്ചായത്തിലെ കർഷകർക്ക് കിട്ടുന്നുള്ളു. പ്രകൃതി ക്ഷോഭം മൂലമുള്ള കൃഷി നാശത്തിന് മതിയായ നഷ്ട പരിഹാരം കർഷകർക്ക് ഇന്നുവരെ കിട്ടിയിട്ടില്ല.

പട്ടിക

കൃഷിഭവൻ മുഖേനയുള്ള ദുരിതാശ്വാസ നടപടി.

| വർഷം | കൊടുങ്കാറ്റ് ബാധിച്ചത്(ഹെ) | ധനസഹായം ലഭിച്ചവർ | വിതരണം ചെയ്ത തുക |
|---|---|---|---|
| 93-94 | 10 | 16 | 5290.00 |
| 94-95 | 200 | 355 | 168842.00 |
| 95-96 | 21.76 | 39 | 130773.00 |

പ്രധാനപ്പെട്ട 25 ഇനം വിളകൾ ഇൻഷുറൻസ് ചെയ്യാൻ കൃഷി ഭവൻ മുഖേന സാധിക്കും. 139 കർഷകർ ഇതിനകം വിള ഇൻഷുർ ചെയ്തിട്ടുണ്ട്. പ്രകൃതിക്ഷോഭത്തിനിരയായ കർഷകർക്ക് ഇതിനകം 92180 രൂപാ ഈ ഇനത്തിൽ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. പട്ടികജാതി-പട്ടിക വർഗ്ഗ കോളനികളിൽ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ഫാം ഹൗസുകൾ, കിണറുകൾ, പമ്പ് സെറ്റ്, നടീൽ വസ്തുക്കൾ മുതലായവ കൃഷിഭവൻ മുഖേന നൽകുന്നുണ്ട്. മണ്ണു പരിശോധനക്കായുള്ള ഒരു ലാബാറട്ടറിയുടേയും സഞ്ചരിക്കുന്ന ഒരു മണ്ണ് പരിശോധനാ കേന്ദ്രത്തിന്റെയും സേവനം കൃഷിഭവൻ മുഖേന ലഭ്യമാണ്. എന്നാൽ കൃഷിക്കാർ ഇത് വേണ്ട പോലെ ഉപയോഗപ്പെടുത്തുന്നില്ല. യുവജനങ്ങൾക്കായുള്ള തൊഴിൽ ദാന പദ്ധതിയിൽ 71 അംഗങ്ങളുണ്ട് ഈ സൗകര്യങ്ങൾ കാര്യക്ഷമമായി ഉപയോഗപ്പെടുത്താൻ ആവശ്യമായ ബോധവൽക്കരണം അടിയന്തിരമായി നടത്തേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ:

നെൽപ്പാടങ്ങൾ നികത്തി മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നത് പ്രകൃതിയുടെ സന്തുലിതാവസ്ഥക്ക് മാറ്റം ഉണ്ടാകുകയും സമീപപ്രദേശങ്ങളിൽ കൃഷികളെ കാര്യമായി ബാധിക്കുകയും ചെയ്യുന്നു. ജലസേചനമില്ലായ്മ, തൊഴിലാളികളുടെ ദൗർലഭ്യം, വളം, കീടനാശിനി മുതലായവയുടെ വിലവർദ്ധന, കൃഷിച്ചെലവിന്റെ ആധിക്യം, നെല്ലിന്റെ വിലക്കുറവ്, തുടങ്ങിയ ഒട്ടനവധി പ്രശ്നങ്ങൾ നെൽ കൃഷിയെ കർഷകരിൽ നിന്നും അകറ്റുന്നു. തുണ്ടുതുണ്ടായ കൃഷിഭൂമി യന്ത്രവൽകൃത കൃഷിക്ക് തടസ്സം സൃഷ്ടിക്കുന്നു. 400 ഓളം പമ്പ് സെറ്റുകൾ ജലസേചനത്തിനുപയോഗിക്കുന്നുണ്ടെങ്കിലും വോൾട്ടേജ് ക്ഷാമം പവർക്കട്ട് എന്നിവ പ്രതികൂലമായി ബാധിക്കുന്നുണ്ട്. വൈദ്യുതിക്കു വേണ്ടിയുള്ള ധാരാളം അപേക്ഷകൾ കെട്ടിക്കിടക്കുന്നു. മണ്ണെണ്ണ പെർമിറ്റു കിട്ടാനുള്ള പ്രയാസങ്ങൾ അതിലേറെയാണ്.

യഥാസമയം ഭൂമി കിളക്കാത്തതും വരമ്പുകൾ പിടിപ്പിക്കാത്തതും അതത് പ്രദേശങ്ങളിൽ അനുസൃതമായി കൃഷി രീതികൾ സ്വീകരിക്കാത്തതും വനനശീകരണവും മണ്ണൊലിപ്പിനും കാരണമാകുന്നു. പഞ്ചായത്തിൽ നല്ലൊരു ഭാഗം സർക്കാർ വനമാണ്. വനത്തിൻമേലുള്ള കൈയ്യേറ്റം തടയേണ്ടത് പരിസ്ഥിതി മണ്ണ് ജല സംരക്ഷണത്തിന് അനിവാര്യമാണ്.

ജലസേചനം കുറഞ്ഞ ഉയർന്ന് പ്രദേശങ്ങളിൽ കശുമാവ് കൃഷിചെയ്യുന്നുണ്ടെങ്കിലും ഉപയോഗയോഗ്യമായ എല്ലാ പ്രദേശങ്ങളിലും കശുമാവ് കൃഷി ചെയ്യാൻ കർഷകർ മുന്നോട്ടു വരുന്നില്ല. അത്യുൽപാദനശേഷിയുള്ള കശുമാവിൻ തൈകൾ ഇപ്പോൾ ലഭ്യവുമല്ല.

നെൽപ്പാടങ്ങളിൽ 3ാം വിള കാലത്ത് പച്ചക്കറി, പയർ, എള്ള് എന്നിവ ലാഭകരമായി കൃഷി ചെയ്യാം .എന്നാൽ ആവശ്യമായ വെള്ളത്തിന്റെ കുറവു കാരണം. വയലുകൾ മിക്കവയും തരിശിടുകയാണ് ചെയ്യുന്നത്. ഉൽപന്നങ്ങൾക്ക് ന്യായമായ വില കിട്ടാത്തതും പച്ചക്കറി കൃഷിയിൽ നിന്ന് കർഷകരെ പിന്തിരിപ്പിക്കുന്നു. കാറ്റുമൂലമുള്ള കൃഷിനാശം വാഴകൃഷിയെ വലിയൊരളവുവരെ ബാധിക്കുന്നു, എന്നാൽ ഇതിന് വിള ഇൻഷുറൻസ് പദ്ധതിയുണ്ടെന്ന കാര്യം പലർക്കും അറിയില്ല. വെള്ളക്കെട്ടു മൂലം തെങ്ങിന്റെ വളർച്ച മുരടിക്കുകയും ഉൽപാദനക്ഷമത കുറയുകയും ചെയ്യുന്നു.

ഔഷധ സസ്യങ്ങളുടെ കൃഷിക്കുവേണ്ട ഭൗതിക സാഹചര്യങ്ങൾ ഉണ്ടെങ്കിലും ഇതിനെകുറിച്ചുള്ള അറിവില്ലായ്മ വിപണനത്തിനുള്ള അസൗകര്യം എന്നിവകാരണം കർഷർ മുന്നോട്ടുവരുന്നില്ല. കുറ്റിമുല്ല, മൾബറി, കൂൺ, വെറ്റില തുടങ്ങിയവയുടെ

കൃഷിക്ക് കർഷകർക്ക് താൽപര്യമുണ്ടെങ്കിലും വിപണന സൗകര്യമില്ലായ്മ അവരെ ഇതിൽ നിന്നും പിന്തിരിപ്പിക്കുന്നു.

പ്രധാന സുഗന്ധവിളയായ കുരുമുളക്, ഒരുകാലത്ത് കർഷകർക്ക് ഏറെ ആശ്വാസം നൽകിയിരുന്നു. എന്നാൽ നിയന്ത്രണാതീതമായ ദ്രുതവാട്ട രോഗം മിക്ക കുരുമുളക് തോട്ടങ്ങളേയും നശിപ്പിച്ചു കഴിഞ്ഞു. ഈ രോഗത്തെ യുദ്ധകാലാടിസ്ഥാനത്തിൽ നേരിട്ട് പരിഹാരം കാണേണ്ടതാണ്. ഫലവർഗ്ഗ കൃഷിക്കും സാധ്യതകളേറെയുണ്ട്. എങ്കിലും ഈ രംഗത്തും കർഷകർ വിട്ടുനിൽക്കുകയാണ്.

ബ്ലാസ്റ്റ്, ബാക്ടീരിയിൽ ലീഫ്, ബ്ലൈറ്റ്, മണ്ടചീയൽ, ചെന്നീരൊലിപ്പ് കുറനാമ്പ്, പട്ടമരപ്പ് ചീക്ക്, ഇലപൊഴിയൽ, മഹാളി, ദ്രുതവാട്ടം, എന്നിവയാണ് വിവിധ കൃഷികളെ ബാധിക്കുന്ന രോഗങ്ങൾ. തണ്ടുതുരപ്പൻ, ഓലചുരുട്ടിപ്പുഴു, ചാഴി, ചെംവണ്ട്, കായീച്ച, തേയിലകൊതുക് മുതലായവയാണ് കൃഷിയെ ബാധിക്കുന്ന കീടങ്ങൾ. ഇവയ്ക്കെതിരെ കർഷകർ ഉപയോഗിക്കുന്ന നിയന്ത്രണ മാർഗ്ഗങ്ങൾ അശാസ്ത്രീയമായതിനാൽ പലപ്പോഴും ഫലപ്രദമാകാറില്ല. അമിതമായ കീട-കുമിൾ നാശിനികളുടെ പ്രയോഗം സസ്യലതാദികൾക്കും ജന്തുക്കൾക്കും ഭീഷണിയാവുന്നു. അവബോധമില്ലായ്മ മൂലം കൃഷിക്കാർ കീടനാശിനി കച്ചവടക്കാരുടെ ചൂഷണത്തിന് ഇരയാകുന്നു.

**നിർദ്ദേശങ്ങൾ:**

1. 50 ഹെക്ടർ കൃഷിസ്ഥലത്തിന ഗുണകരമായ മമ്പാട് ലിഫ്റ്റ് ഇറിഗേഷൻ പണി പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല. അത് അടിയന്തിരമായി പ്രവർത്തനമാരംഭിക്കുകയും മേപ്പാടം പാടശേഖരത്തിലേക്കുള്ള കനാലുകൾ നീട്ടുകയും ചെയ്യുക.

2. പണി മുടങ്ങികിടക്കുന്ന താളിപ്പൊയിൽ ലിഫ്ട് ഇറിഗേഷൻ , നിർദ്ദിഷ്ട ടാണ ലിഫ്ട് ഇറിഗേഷൻ എന്നിവ അടിയന്തിരമായി പ്രവർത്തന യോഗ്യമാക്കുക.

3. പോലിയപ്പാറ, കുന്നുമ്മൽ കടവ്, പൊങ്ങല്ലൂർ , മൂലത്തുക്ക് ,തൃക്കെക്കുത്ത് കടവ് എന്നിവിടങ്ങളിൽ പുതിയ ലിഫ്ട് ഇറിഗേഷൻ ആരംഭിക്കുക.

4. ചാലിയാറിന് ഓടായിക്കൽ, പൊങ്ങല്ലൂർ, ടൗൺ കടവ് എന്നീ പ്രദേശങ്ങളിൽ യോജിച്ച സ്ഥലത്ത് റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുക. ഇത് പഞ്ചായത്തിന്റെ മൊത്തത്തിലുള്ള ജലസേചനത്തിന് പര്യാപ്തമാണ്. ചാലിയാറിൽ പോളിത്തീൻ ബണ്ട് നിർമ്മിക്കുക. ഇത് കർഷകർക്ക് ഉപകാരപ്രദമായിരിക്കും എന്ന ഒരു അഭിപ്രായമുണ്ട്.

5. പഞ്ചായത്തിലെ പ്രധാനപ്പെട്ട 6 കുളങ്ങളും ആഴം കൂട്ടി പുനരുദ്ധരിച്ച് സംരക്ഷിക്കുക.

6. മാടം, വാഴക്കുന്ന് എടപ്പൊയിൽ, ചെറുനെല്ല്, ചൂളക്കപ്പൊയിൽ , നീർമുണ്ടപ്പാടം കൊഴിഞ്ഞിൽ, തണ്ണിക്കുളം, പൂക്കടം ചോല, നെടുങ്ങൂട്, പുല്ലോട്, പാലപറമ്പ് കരിന്താർ എന്നീ പ്രദേശങ്ങളിൽ പുതിയ കുളങ്ങൾ നിർമ്മിക്കുക.

7. പഞ്ചായത്തിലെ പ്രധാന തോടുകളായ മുണ്ടേം തോട്, മങ്ങാടൻ തോട്, കക്കുംവള്ളിതോട്, കുതിരപുഴ എന്നിവക്കും അവയുടെ കൈവഴികളായ 20-ഓളം തോടുകൾക്കും ആവശ്യമായ സ്ഥലങ്ങളിൽ വി.സിബിയും ബണ്ടുകളും നിർമ്മിക്കുന്നതും ആവശ്യമാണ്

8. മണ്ണ് ജലസംരക്ഷണത്തിന് പ്രധാന തോടുകളുടേയും ചാലിയാർ, കുതിരപ്പുഴ, എന്നിവയുടേയും പാർശ്വ ഭിത്തികൾ കെട്ടി സംരക്ഷിക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ കൈതയും , മരവും വച്ചു പിടിപ്പിക്കുകയും അതിന് കർഷകരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

9. വനപ്രദേശങ്ങളോട് ചേർന്നു കിടക്കുന്ന ചരിവുള്ളതുമായ പ്രദേശങ്ങളിൽ കയ്യാല, കൊണ്ടൂർ ബണ്ട്, എന്നിവ നിർമ്മിച്ച് , ജൈവവള സമ്പത്ത് സംരക്ഷിക്കാൻ സാധിക്കും. ഉയർന്ന പ്രദേശങ്ങളിലും മറ്റും കുഴികളും കാനകളും നിർമ്മിക്കാൻ ആവശ്യമായ സഹായവും പ്രോത്സാഹനവും നൽകുക.

10 നിലവിലുള്ള ബണ്ടുകളും വിസി.ബികളും സംരക്ഷിക്കുക.

11. മണ്ണ് പരിശോധനയിൽ വിമുഖരാണ് കർഷകർ . ഇത് മാറ്റി എടുക്കണം.

12. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിന കൃഷിസ്ഥലങ്ങളുടെ കിടപ്പും കൃഷിരിതിയും തടസ്സമാണെങ്കിലും കാർഷിക സമിതികളെ കാര്യക്ഷമമാക്കിയാൽ ഇത് പ്രായോഗികമാവും.

13. സഹകരണാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാവുന്നതും കൃഷിഭവന്റെ നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

14. വിത്തിനങ്ങൾ:-അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങൾ കർഷകർക്ക് യഥാസമയം ലഭ്യമാക്കണം. പ്രാദേശികമായി വിത്തുൽപാദിപ്പിക്കാനാവശ്യമായ സൗകര്യങ്ങൾ നെല്ലുൽപാദന സമിതികൾ മുഖേന ചെയ്യാവുന്നതാണ്. അത്യുൽപാദനശേഷിയുള്ള പുതിയ ഇനം നെൽവിത്തുകൾ കർഷകർക്ക് ലഭ്യമാക്കണം. നഴ്സറികളുടെ ഗുണവും എണ്ണവും വർദ്ധിപ്പിച്ച് പുതിയ. നടീൽ വസ്തുക്കൾ കർഷകർക്കിടയിൽ വിതരണം ചെയ്യണം.

15. നാശോൻമുഖമായിക്കൊണ്ടിരിക്കുന്ന നെൽ കൃഷി പുനരുജ്ജീവപ്പിക്കുന്നതിന് തൊഴിലാളി കളുടെ കുറവ് കണക്കിലെടുത്ത് യന്ത്രവൽക്കരണം ചെറുകിട കർഷകർ ഉൾപ്പടെ എല്ലാവരിലും വ്യാപക മാക്കണം. വളം, കീടനാശിനി എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യണം. ഉൽപാദനബോണസ്സ് വർദ്ധിപ്പിക്കുകയും നെല്ലിന് ന്യായമായ താങ്ങുവില ഏർപ്പെടുത്തുകയും ചെയ്യുക..

16. പച്ചക്കറികൃഷി:- ഗുണമേൻമയുള്ള വിത്തിന ങ്ങൾ ഉപയോഗിച്ച് പച്ചക്കറി കൃഷി വ്യാപകമാക്ക ണം. സസ്യജന്യ കീടനാശിനികളും ജൈവവളങ്ങളും വ്യാപകമാക്കി ഉപയോഗപ്പെടുത്തേണ്ടതുണ്ട്.

17 തെങ്ങ് കൃഷി:-ജലസേചനക്കുറവാണ് തെങ്ങ് കൃഷിയെ വ്യാപകമായ ബാധിക്കുന്ന മുഖ്യ ഘടകം. ജലസേചന സൗകര്യം ഇല്ലാത്തതിനാൽ നാളികേര ഉൽപാദനവും ഉൽപാദന ക്ഷമതയും കുറഞ്ഞു വരിക യാണ്. ഇതിനുള്ള പരിഹാരം ജലസേചന സൗകര്യം വർദ്ധിപ്പിക്കുക മാത്രമാണ്. കുളങ്ങളും കിണറുകളും പമ്പ്സെറ്റ്, വൈദ്യുതി, മണ്ണെണ്ണ എന്നിവ ആവശ്യ ത്തിന് ലഭ്യമാക്കുകയും സ്പ്രിംഗ്ളർ , ഡ്രിപ്പ് ഇറിഗേ ഷൻ എന്നിവ പ്രോത്സാഹിക്കപ്പെടുകയും ചെയ്യേണ്ട തുണ്ട്. തെങ്ങിൻ തൊട്ടങ്ങളിലെ ബഹുമുഖകൃഷി യും സമ്മിശ്രകൃഷിയും പരീക്ഷിക്കപ്പെടേണ്ടതാണ്.

18. സുഗന്ധവിളകൾ:-ദ്രുതവാട്ട രോഗം മൂലം കുരു മുളകു കൃഷി നശിച്ചു കഴിഞ്ഞു. ഈ രോഗത്തിനെ തിരെ കുമിൾ നാശിനികൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യണം. ഇഞ്ചി, മഞ്ഞൾ, വൃക്ഷ സുഗന്ധ വിളകൾ എന്നിവ വ്യാപിപ്പിക്കുന്നതിന് പദ്ധതികൾ ആരംഭിക്കണം. കുരുമുളകു കൃഷി സംരക്ഷിക്കുകയും വ്യാപിപ്പിച്ചെടുക്കുകയും ചെയ്യണം

19. പച്ചക്കറികളുടേയും പഴങ്ങളുടേയും കാര്യ ത്തിൽ സ്വയം പര്യാപ്തത ലക്ഷ്യമിട്ടു കൊണ്ടുള്ള പ്രവർത്തനം ഉണ്ടാകണം.

20. വിജ്ഞാന വ്യാപനം: മണ്ണ് - ജല സംരക്ഷണം: മണ്ണ് പരിശോധനയുടെ പ്രാധാന്യം, സന്തുലിത വള പ്രയോഗം, കീട കുമിൾ നാശിനികളുടെ ശരിയായ ഉപയോഗം, ജൈവീക കീട നിയന്ത്രണം, സസ്യജന്യ കീട നാശിനികൾ, കാർഷിക ഉൽപന്നങ്ങളുടെ സംസ്ക രണം, മുതലായ കാര്യങ്ങളിൽ കർഷകർക്ക് ബോധവ ൽക്കരണമാവശ്യമാണ്. കൃഷിഭവൻെറ മാർഗ്ഗ നിർദ്ദേ ശങ്ങൾ ഇക്കാര്യത്തിൽ വ്യാപകമാക്കണം.

പഞ്ചായത്തിലെ കാലാവസ്ഥക്കും മണ്ണിനും യോജി ച്ച പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം കൃഷി ഭവന് സൗകര്യപ്രദമായ സ്വന്തം കെട്ടിടവും നടീൽ വസ്തുകകൾ തണലിൽ സൂക്ഷിക്കാനുള്ള സൗകര്യവും ഉണ്ടായിരിക്കണം. പഞ്ചായത്തിലെ പരിസ്ഥിതി കണക്കിലെടുത്ത് ഒരു കൃഷി അസിസ്റ്റൻറിനെ കൂടി നിയമിക്കുയും അഗ്രോ ക്ളനിക്കുകളും കർഷി പരിശീലന കേന്ദ്രങ്ങളുംആരംഭിക്കേണ്ടതാണ്.

21. കാർഷികോൽപന്നങ്ങളുടെ സംസ്കര ത്തിനായി ചെറുകിട സ്ഥാപനങ്ങൾ ആവശ്യമാണ് ഇവ സഹകരണാടിസ്ഥാനത്തിൽ തുടങ്ങാവുന്നതാണ് റബ്ബറിൽ നിന്ന് വിവിധ ഉൽപന്നങ്ങൾ നിർമ്മിക്കുന്ന തിനാവശ്യമായ പ്രോത്സാഹനവും ധനസഹായവും കർഷകർക്ക് നൽകേണ്ടതാണ്.

22. പൊതു സ്ഥലങ്ങളിലും വഴിവക്കുകളിലു മാവ് , പ്ളാവ് മുതലായ ഫലവൃക്ഷതൈകൾ വച്ച് പിടിപ്പിച്ച് സാമൂഹ്യ വനവൽക്കരണം പ്രാവർത്ത കമാക്കണം.

23. ധാരാളം വനപ്രദേശങ്ങളുള്ള പഞ്ചായത്തി ഔഷധ സസ്യങ്ങളുടെ വേരറ്റു പൊയ്ക്കൊണ്ടിരി ക്കുകയാണ്. ഇവയുടെ, വംശനാശം തടയുന്നതി നും ഇവ സംരക്ഷിക്കുന്നതിനും നടപടികളു ണ്ടാവണം. തലമുറകളായി ഇതുമായി ബന്ധപെട്ടുന്ന പട്ടിക വർഗ്ഗക്കാരെ ഇക്കാര്യത്തിൽ പ്രോത്സ ഹിപ്പിക്കാവുന്നതാണ്. തെങ്ങിൻ തോപ്പുകളിൽ ഇടവി ളയായി ഔഷധ സസ്യങ്ങൾ കൃഷി ചെയ്യാവുന്നതാണ്.

പൊതുവിപണി:

പഞ്ചായത്തിലെ പ്രധാന ഉൽപന്നങ്ങൾ പഞ്ചായ ത്തിൽ തന്നെവിപണനം ചെയ്യാനുള്ള കേന്ദ്രങ്ങൾ ഉണ്ടാകണം. ഇത് സഹകരണാടിസ്ഥാനത്തിലാവുന്നത് ഇടത്തട്ടുകാരെ ഒഴിവാക്കാൻ സഹായിക്കും.

കാർഷിക വൃത്തിക്ക് മാന്യത ലഭിക്കുകയും ക്യാഷ് അവാർഡുകളും മറ്റും ജില്ല, ബ്ളോക്ക്, ഗ്രാമപഞ്ചാ യത്ത് മുഖേനനൽകി കൃഷിക്കാർക്ക് അംഗീകാരമുണ്ടാ ക്കാൻ നടപടികൾ ഉണ്ടായിരിക്കണം കൂലി നിരക്കുകൾ ഏകീകരിക്കണം.

മമ്പാട് പഞ്ചായത്തിൽ കാർഷിക പുരോഗതിയിൽ നേട്ടമുണ്ടാക്കാൻ പറ്റുന്ന ധാരാളം നിർദ്ദേശങ്ങൾ ഇതിലടങ്ങിയിട്ടുണ്ട്. കാർഷിക രംഗത്തെ പുത്തൻ പ്രവണതകൾ ഉൾക്കൊണ്ട് കാലാനുസൃതമായ മാറ്റങ്ങൾ അംഗീകരിക്കാൻ നാം തയ്യാറാവണം. പഴയ പാരമ്പ ര്യങ്ങൾക്കു പകരം പുത്തൻ മാർഗ്ഗങ്ങളെ കുറിച്ച് പഠിക്കുകയും അവ പ്രാവർത്തികമാക്കുകയും വേണം.



# മൃഗസംരക്ഷണവും മത്സ്യബന്ധനവും



കേരളത്തിൻെറ സമ്പദ് ഘടനയുടെ വളർച്ചയിൽ പുരാതന കാലം മുതൽക്കേ പ്രധാന പങ്ക് വഹിക്കുന്ന മേഖലയാണ് മൃഗസംരക്ഷണ രംഗം. ഈ രംഗം ഇന്ന് തീരെ സ്വയം പര്യാപ്തമല്ല എന്നതാണ് വാസ്തവം. സുസജ്ജമായ ഒരു വകുപ്പിൻെറ (മൃഗസംരക്ഷണ വകുപ്പ്) പിൻബലം ഉണ്ടായിട്ടുപോലും ഈ രംഗത്ത് മുരടിപ്പ് നിലനിൽക്കുന്നു എന്നത് ശ്രദ്ധേയമാണ്. ആസൂത്രിതമായ ഒരു മുന്നേറ്റം നടത്തുകയാണെങ്കിൽ മൃഗസംരക്ഷണ മേഖലയിലെ കുറവുകൾ പരിഹരിച്ച് സംസ്ഥാന സമ്പദ് ഘടനക്ക് ശക്തമായ പിന്തുണ നൽകാനും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്നത് ഒരു പരിധി വരെയെങ്കിലും അവസാനിപ്പിക്കാനും സാധിക്കും.

പുഴയും മലകളും പുൽമേടുകളും സ്ഥിതി ചെയ്യുന്ന നമ്മുടെ ഗ്രാമ പ്രദേശം മൃഗപരിപാലനത്തിന് അനുയോജ്യമാണ്. പത്ത് മുപ്പത് വർഷം മുമ്പു വരെ നല്ലൊരു മൃഗസമ്പത്തിന് ഉടമയായിരുന്നു ഈ പ്രദേശം. പഞ്ചായത്തിൻെറ പ്രഭാതവും പ്രദോഷവും മേയാൻ കൊണ്ടുപോകുന്നതും തീറ്റ കഴിഞ്ഞ് തിരിച്ചുവരുന്നതുമായ കൊഴുത്തുരുണ്ട കന്നുകാലികളുടെ നീണ്ട നിരകളാൽ സമ്പന്നമായിരുന്നു എന്ന് പഴമക്കാർ ഇന്നും ഓർമ്മിക്കുന്നു. എന്നാൽ ഇന്ന് സ്ഥിതി മാറി. മേച്ചിൽ പുറങ്ങൾ തോട്ടങ്ങളായി. മേച്ചിലുകാർ തോട്ടം തൊഴിലാളികളോ കൂടുതൽ മെച്ചപ്പെട്ട മേഖലയിലെ തൊഴിലാളികളോ ആയി. ആധുനികതയുടെ പകിട്ടിൽ കന്നുകാലിവളർത്തൽ ആകർഷകമല്ലാതായി.

എങ്കിലും കന്നുകാലിവളർത്തൽ തീരെ കുറ്റിയറ്റില്ല എന്നത് ആശ്വാസകരമാണ് പശു ആട് എന്നിവയാണ് പ്രധാന വളർത്തു മൃഗങ്ങൾ. നാമമാത്രമായി എരുമ, പോത്ത് എന്നിവയും വളർത്തപ്പെടുന്നു. വളർത്തു പക്ഷികളിൽ പ്രധാനം കോഴി തന്നെ. ചെറുകിട കർഷകരും കർഷക തൊഴിലാളികളുമാണ് ഉടമകളിൽ ഭൂരിഭാഗവും. ശാസ്ത്രീയമായ മൃഗസംരക്ഷണ രീതികളിലുള്ള അജ്ഞതയും മേച്ചിൽ സ്ഥലങ്ങളുടെ അപര്യാപ്തതയും കാലിത്തീറ്റയുടെ വിലവർദ്ധനവും യുവാക്കളുടെ വിമുഖതയുമൊക്കെയാണ് പിറകോട്ടടിയുടെ കാരണങ്ങൾ. സംഘടിതമായ യാതൊരു ശ്രമവും കന്നുകാലി സംരക്ഷണരംഗത്ത് നടന്നിട്ടില്ല.

ജനങ്ങൾ പാലിനുംമുട്ടക്കും മാംസത്തിനുമെല്ലാം അയൽ സംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നത്. ലോകാരോഗ്യ സംഘടനയുടെ കണക്കിനോട് താരതമ്യപ്പെടുത്തുമ്പോൾ ഇവിടുത്തെ ജനങ്ങളുടെ ഉപഭോഗം വളരെ പിന്നിലാണ്.

പഞ്ചായത്തിൽ 844 പശുക്കളും, 3833 ആടുകളും 51 ഉഴവുകാളകളും 99 എരുമകളും ഉണ്ട്. കൂടാതെ വീടുകളിൽ വളർത്തുന്ന 12,150 മുട്ടക്കോഴികളും ഫാമുകളിൽ വളർത്തുന്ന 1,91,600 ഇറച്ചി ക്കോഴികളും ഉണ്ട്. താറാവ് വളർത്തലിന് സാധ്യതകൾ ഉണ്ടെങ്കിലും ഇപ്പോൾ നാമമാത്രമായെ ചെയ്യുന്നുള്ളു. വിശദമായ പട്ടിക താഴെ ചേർക്കുന്നു. ഇവയുടെ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കേണ്ടത് നിർബന്ധമാണെന്ന് പട്ടിക പരിശോധിച്ചാൽ ബോധ്യപ്പെടും.

പട്ടിക 1 വളർത്തു മൃഗങ്ങളും പക്ഷികളും

| നമ്പർ | ഇനം | 1986 | 1996 |
|---|---|---|---|
| 1 | പശു | 1218 | 844 |
| 2. | ആട് | 4617 | 3833 |
| 3 | എരുമ | 172 | 99 |
| 4. | കാള | 96 | 51 |
| 5. | പോത്ത് | 1284 | 66 |
| 6. | മുട്ടക്കോഴി | ലഭ്യമല്ല | 12,150 |
| 7. | ഇറച്ചിക്കോഴി | ലഭ്യമല്ല | 191600 |
| 8. | നായ | ലഭ്യമല്ല | 295 |
| 9 | താറാവ് | 214 | 318 |

കറവുമാടുകളുടേയും കാലിത്തീറ്റയുടേയും വിലയിലുണ്ടായ വർദ്ധനവ് പുല്ല്, വൈക്കോൽ ഇവയുടെ ദൗർലഭ്യം, പാൽവിപണന സൗകര്യങ്ങളുടെ അപര്യാപ്തത മൃഗചികിത്സാ സൗകര്യങ്ങളുടെ പോരായ്മ ഇവ ഈ പ്രദേശത്ത് ആടുമാടു വളർത്തൽ കുറയുവാൻ കാരണങ്ങളായി. നിരന്തരമായി ഉണ്ടാവുന്ന കോഴിവസന്ത, പ്രതിരോധ കുത്തിവെയ്പിന്റെ അഭാവം മുതലായവ മുട്ടക്കോഴികളുടെ എണ്ണത്തിൽ കുറവുണ്ടാക്കുന്നു. കൃഷിമേഖലയിലാകട്ടെ ധാന്യ വിളകൾ ഉപേക്ഷിച്ച് കൂടുതൽ ആദായകരമായ നാണ്യ വിളകളിലേക്കുള്ള ചുവടു മാറ്റവും തൊഴിൽ മേഖലയുടെ വികസനവും യന്ത്രവൽക്കരണവും കന്നുകാലി വളർത്തലിനെ സാരമായി ബാധിച്ചു.

പ്രതിദിനം പഞ്ചായത്തിൽ 2500 ലിറ്റർ പാൽ ഉൽപാദിപ്പിക്കുന്നുണ്ട്. ഇതിൽ 40% മാത്രമെ പാൽ സൊസൈറ്റികൾ മുഖേന ശേഖരിക്കുന്നുള്ളു. സിംഹഭാഗവും സ്വകാര്യ വെണ്ടർമാർ ശേഖരിച്ച് വിൽപന നടത്തുകയാണ് ചെയ്യുന്നത്. പാൽസൊസൈറ്റിയിൽ നിന്നും കർഷകന് പാലിന്ന് ന്യായമായ വില ലഭിക്കാത്തതിനാൽ വിപണനത്തിനായി സ്വകാര്യ വ്യക്തികളെ ആശ്രയിക്കേണ്ടിവരുന്നു. ഇത് പാൽ ഉൽപാദനത്തേയും വിപണനത്തേയും സാരമായി ബാധിക്കുകയും ഈ മേഖലയെ തളർത്തുകയും ചെയ്യുന്നു. വടപുറം, ഓടായിക്കൽ എന്നിവിടങ്ങളിലായി രണ്ട് പാൽ സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ട്. വിപണന ഏജൻസിയുടെ ചൂഷണമനോഭാവം കാരണം സംഘങ്ങൾപോലും പ്രാദേശികമായി പാൽ വിറ്റാണ് ദൈനം ദിന കാര്യങ്ങൾ നടത്തി വരുന്നത്.

പട്ടിക 2

പാൽ, മുട്ട, മാംസം എന്നിയുടെ ഉൽപ്പാദനവും ഉപഭോഗവും -1995-96

| നമ്പർ | ഇനവിവരം | ഉൽപാദനം | ഉപഭോഗം | WHO യുടെ കണക്ക് അനുസരിച്ച് ഉപയോഗിക്കേണ്ടത് |
|---|---|---|---|---|
| 1 | പാല് | 888എം.ടി | 703 എം.ടി | 2300 എം.ടി |
| 2 | മുട്ട | 35,00000 | 6,00000 | 8.10,000 |
| 3 | മാംസം * | | | |
| | മാട് | 2265 | 4500 | - |
| | ആട് | 315 | 490 | - |

*കശാപ്പു ചെയ്യപ്പെടുന്ന മൃഗങ്ങളുടെ എണ്ണം.

ശാസ്ത്രീയമായ അറവു കേന്ദ്രങ്ങളോ ആധുനിക സൗകര്യങ്ങളുള്ള വിൽപന കേന്ദ്രങ്ങളോ ഇല്ലാതെ പഞ്ചായത്തിൽ 13 വിൽപന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഇവിടെ കശാപ്പു ചെയ്യുന്നവയിൽ 90% വും അയൽ സംസ്ഥാനത്തു നിന്ന് കൊണ്ടു വരുന്നവയാണ്. ''പാവപ്പെട്ടവന്റെ പശു ''എന്നറിയപ്പെടുന്ന ആടു വളർത്തൽ ഇവിടെ തൃപ്തികരമല്ല. വനങ്ങളും കുന്നിൻ ചെരുവുകളും ആടുവളർത്തലിന്അനുയോജ്യമാണെങ്കിലും ഇണ ചേർക്കുന്നതിന് നല്ല ഇനം ആടുകളില്ലാത്തതിനാലും സർക്കാരിൽ നിന്ന് യാതൊരുവിധ സാമ്പത്തിക സഹായവും ഇൻഷുറൻസ് ആനുകൂല്യങ്ങളും,ലഭിക്കാത്തതിനാലും വന്യ മൃഗങ്ങളിൽ നിന്നും ആക്രമണങ്ങൾ ഉണ്ടാകുന്നതിനാലും, അതിലെല്ലാം ഉപരി ജനങ്ങളുടെ അജ്ഞതയും താൽപര്യക്കുറവും കാരണം ഈ മേഖല മുരടിച്ചു നിൽക്കുന്നു.

ഇറച്ചിക്കോഴി വളർത്തലിൽ ഈ പഞ്ചായത്ത് ഒരു പടി മുമ്പിലാണ്. വടപുറത്തെ താളിപൊയിലിലും പാലപറമ്പിലും സ്വകാര്യ മേഖലയിൽവിപുലമായ രീതിയിൽ ഓരോ ഫാമുകൾ പ്രവർത്തിക്കുന്നു.. സ്വയം തൊഴിൽ മേഖലയിൽ ഏതാനും വീടുകളിലും ചെറിയ

ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്. തൊഴിൽ സാധ്യത, വിപണന സൗകര്യം സാമ്പത്തിക നേട്ടം എന്നിവ ഉണ്ടായിട്ടു ഈ മേഖല വേണ്ട വിധത്തിൽ ചൂഷണം ചെയ്യുന്നില്ല. ബോധവൽക്കരണവും സാങ്കേതിക ജ്ഞാനവും ധനസഹായവും വേണ്ടവിധത്തിൽ നൽകുകയാണെങ്കിൽ സ്ത്രീകളുടെ തൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കും.

പുഴയും, തോടുകളും, പാട ശേഖരങ്ങളും നിറഞ്ഞു നിൽക്കുന്ന മമ്പാട് പഞ്ചായത്ത് താറാവു കൃഷിക്ക് വളരെയേറെ സാധ്യതയുള്ളതാണ്. താറാവ് മാംസത്തിൻെറ വ്യാപകമായ ഉപയോഗമില്ലായ്മ, കൃഷിയെ കുറിച്ചുള്ള പരിജ്ഞാനമില്ലായ്മ എന്നിവഈ മേഖലയിൽ നിന്നും ജനങ്ങളെ അകറ്റി നിൽത്തുന്നു. കോഴി വളർത്തുന്നവരുടെ വീടുകളുടെ എണ്ണത്തിലും മുൻകാലങ്ങളിൽ നിന്ന് ഗണ്യമായ കുറവ് അനുഭവപ്പെട്ടിരിക്കുന്നു.

മുയൽ, കാട എന്നിവയുടെ വളർത്തൽ തീരെ ഇല്ല. രുചികരവും, ഔഷധഗുണവുമുള്ള കാട ഇറച്ചിയുടേയും മുട്ടയുടേയും പോഷകഗുണമുള്ള മുയലിറച്ചിയുടേയും ഉൽപ്പാദനവും ഉപഭോഗവും വർദ്ധിപ്പിക്കുന്നതിൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

മമ്പാട് പഞ്ചായത്തിൽ വടപുറത്ത് ഒരു മൃഗാശുപത്രിയും പുളിക്കലോടിയിൽ ഒരു കന്നുകാലി വികസന ഉപകേന്ദ്രവും പ്രവർത്തിക്കുന്നു. മൃഗാശുപത്രിയുടെ സേവനം എല്ലാ കർഷകർക്കും ലഭിക്കുന്നില്ല. പുഴ കടന്ന് മൃഗാശുപത്രിയിലെത്താൻ കഴിയാത്തതുകൊണ്ട് പുള്ളിപ്പാടം, ഓടായിക്കൽ വാർഡുകളിൽ ചികിത്സ ലഭിക്കാതെ നിരവധി ആടുമാടുകൾ ചത്തൊടുങ്ങുന്നു. അകിടുവീക്കം കൊളമ്പുരോഗം, വിരശല്ല്യം, ഉദര രോഗം എന്നിവയാണ് നമ്മുടെ പഞ്ചായത്തിൽ സാധാരണയായി കണ്ടു വരുന്ന കാലി രോഗങ്ങൾ.

പഞ്ചായത്തിൽ നിലവിലുള്ള രണ്ട് ഗോബർഗ്യാസ് പ്ലാൻറുകളിൽ ഒന്നു മാത്രമെ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളൂ.

## മൃഗസംരക്ഷണ മേഖലയിലെ പ്രശ്നങ്ങൾ

1. പാലുൽപാദനം:

* നല്ലയിനം കറവുമാടുകളുടെ ദൗർലഭ്യവും, അവയുടെ ഉയർന്ന വിലയും
* കാലിത്തീറ്റയുടെ വിലവർദ്ധനവ്
* പുല്ല്, വൈക്കോൽ, മേച്ചിൽ സ്ഥലം എന്നിവയുടെ ദൗർലഭ്യം
* നിലവിലുള്ള കന്നുകുട്ടി പരിപാലന പദ്ധതിയിൽ മുഴുവൻ കന്നുകുട്ടികളേയും ഉൾപ്പെടുത്താൻ സാധിക്കാത്തത്
* ബീജ സങ്കലന കേന്ദ്രങ്ങളുടെ അഭാവം
* കർഷകർക്ക് പാലിന് ന്യായവില ലഭിക്കാത്ത സാഹചര്യം
* ക്ഷീരവിപണന സൗകര്യങ്ങളുടെ അപര്യാപ്തത
* ഇൻഷുർ ചെയ്യാനുള്ള വർദ്ധിച്ച ചിലവ്
* ശാസ്ത്രീയ ബോധവൽക്കരണത്തിൻെറ അപര്യാപ്തത
* നൂതന സാങ്കേതിക വിദ്യകളറിയാത്തത് കാരണമുള്ള സാമ്പത്തിക നഷ്ടം.

2. മുട്ട ഉൽപാദന രംഗം:

* കോഴി വസന്ത തടയാൻ ഫലപ്രദമായ സാങ്കേതിക സൗകര്യങ്ങളുടെ അഭാവം
* കോഴിത്തീറ്റയുടെ വില വർദ്ധനവ്
* അത്യുൽപാദനശേഷിയുള്ള കോഴിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യം
* നൂതന കോഴിവളർത്തൽ രീതിയെ പറ്റിയുള്ള അജ്ഞത

3. മാംസ ഉൽപാദന രംഗം:

* അയൽ സംസ്ഥാനത്തു നിന്നും ഇറക്കുമതി ചെയ്യപ്പെടുന്ന പോഷകഗുണമില്ലാത്തതും രോഗം ബാധിച്ചതുമായ അറവുമാടുകൾ
* ആടുമാടുകളെ വളർത്തുന്നതിനാവശ്യമായ പദ്ധതികളുടെ അഭാവം
* ഇറച്ചിക്കോഴി വളർത്തലിലെ തൊഴിൽ സാധ്യതയും വിപണന സാധ്യതയും ചൂഷണം ചെയ്യപ്പെടാത്ത സ്ഥിതി.
* മുയൽ, കാട, പന്നി വളർത്തൽ പദ്ധതികളുടെ അഭാവം
* ശാസ്ത്രീയമായ അറവുശാലയുടെ അഭാവം

## 4. മൃഗചികിത്സാ രംഗം:

* പഞ്ചായത്തിലെ എല്ലാ മൃഗങ്ങൾക്കും മൃഗാശുപത്രിയുടെസേവനം ലഭിക്കുന്നില്ല

* പുള്ളിപ്പാടം ഓടായിക്കൽ മേഖലയിൽ മൃഗസംരക്ഷണകേന്ദ്രത്തിൻെറ അഭാവം

* വടപുറം മൃഗാശുപത്രിയിൽ ആധുനിക ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത

* ഉപകേന്ദ്രങ്ങളിൽ പ്രാഥമിക ശുശ്രൂഷക്കുള്ള സൗകര്യ കുറവ്

* ബീജ സങ്കലനത്തിനുള്ള ശാസ്ത്രീയ ഉപകരണങ്ങളുടെഅപര്യാപ്തത.

## 5. പൊതുജനാരോഗ്യ പ്രശ്നങ്ങൾ:

* ലൈസൻസില്ലാത്ത അറവു ശാലകളും അവയിൽ നിന്നുള്ള പരിസര മലിനികരണവും പകർച്ചവ്യാധിയും

* അറവിനു മുമ്പും, പിമ്പും പരിശോധന ഇല്ലാത്തതിനാൽ ഉപയോഗ്യമല്ലാത്തമാംസ വിൽപന

* പേപ്പട്ടി ശല്യവും തെരുവുനായ്ക്കളുടെ ശല്യവും

* മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പകരാവുന്ന ക്ഷയം, എലിപ്പനി, ബ്രുസലോസിസ്, പേവിഷബാധ എന്നീ രോഗങ്ങളെ പറ്റിയുള്ള അജ്ഞത

## പരിഹാര നിർദ്ദേശങ്ങൾ

### പാലുൽപാദന മേഖല:

1. കറവു മാടുകളുടെ ഉൽപാദനശേഷി വർദ്ധിപ്പിക്കാൻപ്രീമിയം "ബുൾ സെമൻ പദ്ധതി," ഭ്രൂണ മാറ്റ പദ്ധതി എന്നീ നൂതന ശാസ്ത്രീയമാർഗ്ഗങ്ങൾ കർഷകർക്ക് ചിലവു കുറഞ്ഞ രീതിയിൽ നടപ്പിലാക്കുക

2. കന്നുകുട്ടി പരിപാലന പദ്ധതി പഞ്ചായത്തു മുഴുവൻ വ്യാപിപ്പിക്കുക.

3. സഹകരണാടിസ്ഥാനത്തിൽ പുൽകൃഷി നടപ്പാക്കുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്യുക

4. കൂടുതൽ ബീജസങ്കലന കേന്ദ്രങ്ങൾ സ്ഥാപിക്കുക

5. സൗജന്യ നിരക്കിൽ കാലിത്തീറ്റ വിതരണം ശക്തിപ്പെടുത്തുക

6. നല്ലയിനം കറവ പശുക്കളെ വാങ്ങാനും കാലിത്തൊഴുത്ത് നിർമ്മിക്കാനും പാൽസൊസൈറ്റികൾ വഴിയും, സഹകരണ ബാങ്കുകൾ വഴിയും പലിശരഹിത വായ്പ ലഭ്യമാക്കുക.

7. ഓരോ വാർഡിലും പാൽസംഭരണ കേന്ദ്രം ആരംഭിക്കുക

8. വിപണന ഏജൻസിയുടെ എസ്റ്റാബ്ളിഷ്മെൻറ് ചിലവ് കുറച്ച് പാലുൽപാദകന് കൂടുതൽ വില ഉറപ്പു വരുത്തുക

9. ഉൽപാദിപ്പിക്കപ്പെടുന്ന മുഴുവൻ പാലും സംഭരിക്കാനും, അധിക പാൽ ഉപയോഗിച്ച് ഉൽപന്നങ്ങൾ ഉണ്ടാക്കി വിതരണം ചെയ്യാനും അതു വഴി ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കാനുമുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

10 പഞ്ചായത്തിലെ എല്ലാ ആടുമാടുകളേയും സൗജന്യ നിരക്കിൽ ഇൻഷുർ ചെയ്ത് കർഷകരുടെ സാമ്പത്തിക നഷ്ടം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

11. ഗോ രക്ഷാ ക്യാമ്പ്, കന്നുകാലി പ്രദർശനങ്ങൾ, സെമിനാറുകൾ കർഷക സമ്പർക്ക പരിപാടികൾ എന്നിവ നടത്തി ക്ഷീര കർഷകരെ പ്രോത്സാഹിപ്പിക്കുക

12. ശാസ്ത്രീയ കന്നുകാലി വളർത്തലിനും മൃഗസംരക്ഷണത്തിനുമുള്ള വിജ്ഞാന വ്യാപന പരിപാടികൾ നടപ്പിലാക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിൽ എക്സ്റ്റൻഷൻ വിംഗ് (ബ്ളോക്ക് തലത്തിൽ) ശക്തിപ്പെടുത്തുക.

13. കർഷകർക്ക് മൃഗസംരക്ഷണത്തിൽ പരിശീലനം നൽകുന്നതിന് ജില്ലാടിസ്ഥാനത്തിൽ പരിശീലന കേന്ദ്രം ആരംഭിക്കുക.

14. വഴിയോരങ്ങളിലും കൃഷിയിടങ്ങളുടെ അതിരുകളിലും വാക,പ്ളാവ്,ശീമക്കൊന്ന തുടങ്ങിയ വൃക്ഷങ്ങൾ , കന്നുകാലികൾക്ക് ആഹാരത്തിനായി വെച്ചുപിടിപ്പിക്കാനുള്ള നടപടി സാധ്യമാക്കുക.

## മുട്ട ഉൽപാദനം:

1. ഈ രംഗത്ത് കൂടുതൽ ബോധവൽക്കരണം നടപ്പാക്കുക. കോഴിവസന്തക്കെതിരെ പ്രതിരോധ കുത്തിവെയ്പ് വ്യാപകമാക്കാൻ വാർഡുതോറും വനിതകൾക്ക് കുത്തിവെയ്പിന് പരിശീലനം നൽകുക. ഗുണമേൻമയുള്ള വാക്സിനുകൾ മൃഗാശുപത്രി മുഖേനയും ഉപകേന്ദ്രങ്ങൾ മുഖേനയും ലഭ്യമാക്കുക.

2. വാക്സിനുകൾ സൂക്ഷിച്ചു വെക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുക.

3. അത്യുൽപാദന ശേഷിയുള്ള സങ്കരയിനം കോഴിക്കുഞ്ഞുങ്ങളെ (ഓസ്ട്രാവൈറ്റ്, ഗിരിരാജ) കുറഞ്ഞത് 10 എണ്ണമെങ്കിലും കുടുംബത്തിന് വിതരണം ചെയ്യുക. വീട്ടുവളപ്പിൽ മുട്ടക്കോഴി വളർത്തൽ ലാഭകരവും ചിലവുകുറഞ്ഞതുമാണെന്ന യാഥാർത്ഥ്യം ജനങ്ങളെ ബോധ്യമാക്കുക

4. നല്ലയിനം കോഴി കുഞ്ഞുങ്ങളെ വിരിയിക്കാൻ ജില്ലാടിസ്ഥാനത്തിൽ മുട്ടവിരിയിക്കൽ കേന്ദ്രവും (ഹാച്ചറി യൂണിറ്റ്) മുട്ടക്കോഴി കുഞ്ഞുങ്ങളെ 2 മാസം വരെ വളർത്തി കേടുപാടുകൾ നീക്കി കർഷകർക്ക് വിതരണം ചെയ്യുന്നതിനു വേണ്ടി പഞ്ചായത്തുതലത്തിൽ എഗ്ഗർ നേഴ്സറികൾ ആരംഭിക്കുക.

5. പഠനത്തോടൊപ്പം തൊഴിൽ പരിശീലനം, സാമ്പത്തിക വരുമാനം, ആരോഗ്യ സംരക്ഷണം എന്നിവ ഉണ്ടാക്കാൻ സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി മു ട്ട ക്കോഴികളെ വിതരണം ചെയ്യാൻ സ്കൂൾ പോൾട്രി ക്ലബ്ബുകൾ എല്ലാ സ്കൂളിലും ആരംഭിക്കുക.

6. ഇങ്ങനെ ഉൽപാദിപ്പിക്കപ്പെടുന്ന മുട്ടകൾ വിതരണം ചെയ്യാൻ സഹകരണ സംഘങ്ങൾ രൂപവൽക്കരിക്കുക.

7. പുഴയോരങ്ങളിൽ താമസിക്കുന്നവർക്ക് കുറഞ്ഞത് 25 താറാവുകൾ വീതമുള്ള ചെറുകിട യൂണിറ്റുകൾ നടപ്പാക്കുക.

## മാംസ ഉൽപാദനം:

1. നാട്ടിലുണ്ടാകുന്ന മൂരിക്കുട്ടികളേയും പോത്തിൻ കുട്ടികളേയും വേണ്ടത്ര പരിചരണവും ഇൻഷുറൻസ് പരിരക്ഷണവും നൽകി ഒരു വർഷം വരെ വളർത്തി പഞ്ചായത്തിലെ ഇറച്ചി ആവശ്യങ്ങൾക്ക് ഉപയുക്ത മാക്കുക.

2. നല്ലയിനം മുട്ടനാടുകളെ വാർഡുതോറും പ്രജനന അവശ്യത്തിന് വിതരണം നടത്തി ആടുകളെ ഉൽപാദനശേഷി കൂടിയവയാക്കി തീർക്കുക.

3. പുള്ളിപ്പാടം വില്ലേജിൽ ഊർജ്ജിത ആടുവളർത്തൽ നടപ്പാക്കുക. മറ്റു പ്രദേശങ്ങളിൽ ആടുകളിൽ നിന്ന് കൂടുതൽ മാംസം ലഭിക്കുവാൻ സങ്കരയിനം ആടുകളെ സ്റ്റാൾ ഫീഡിംഗ് രീതിയിൽ വളർത്തുന്നതിന് പദ്ധതി ആവിഷ്കരിക്കുക.

4. ആടുവളർത്തൽ പരിപോഷിപ്പിക്കുന്നതിനും തൊഴിലിന്റെ മഹത്വം മനസ്സിലാക്കുന്നതിനും സൗജന്യമായി സ്കൂൾ കുട്ടികൾക്ക് ആട്ടിൻ കുട്ടികളെ വിതരണം ചെയ്യുക.

5. ഇറച്ചി കോഴി വളർത്തൽ വളരെ ആദായകരവും തൊഴിൽ സാധ്യതയും ഉള്ള മേഖലയായതിനാൽ അതിനാവശ്യമായ സാങ്കേതിക പരിജ്ഞാനം ലഭിക്കാൻ ജില്ലാ തലത്തിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

6. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ ഭാഗമായി സ്കൂൾ തലം മുതൽ വിദ്യാർത്ഥികൾക്ക് ആട്, കോഴി എന്നിവ വളർത്തുന്നതിന് പരിശീലനവും സാമ്പത്തികവും സാങ്കേതികവുമായ സഹായവും ഡി.ആർ.ഡി.എ. മുഖേന നടപ്പാക്കാവുന്നതാണ്. ഒരു ന്യൂട്രീഷ്യൻ ബേസ്ഡ് പ്രോഗ്രാം ആക്കിഇതിനെ മാറ്റാവുന്നതാണ്

7. ഇറച്ചിക്കോഴി വളർത്തൽ വ്യാപകമാക്കാൻ ചെറുകിട യൂണിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുക.

## മൃഗചികിത്സാരംഗം.

1. എല്ലാ ജനങ്ങൾക്കും ഉപകാരപ്രദമായ സ്ഥലത്ത് ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു മൃഗാശുപത്രി സ്ഥാപിക്കുക.

2. വളരെ വേഗത്തിൽ കുറഞ്ഞ ചിലവിൽ കർഷകന്റെ വീട്ടു മുറ്റത്ത് മൃഗചികിത്സ ലഭ്യമാക്കാൻ ആശുപത്രി ജീപ്പ്, ടെലഫോൺ സൗകര്യം മുതലായവ ഏർപ്പെടുത്തുക.

3. 24 മണിക്കൂറും ഡോക്ടറുടെ സേവനം ലഭ്യമാക്കാൻ ക്വാർട്ടേഴ്സ് സൗകര്യ മുണ്ടാക്കുക

4. പുള്ളിപ്പാടം വില്ലേജിൽ അടിയന്തിരമായി മൃഗചികിത്സാ സൗകര്യം ഏർപ്പെടുത്തുക

5. ഉപകേന്ദ്രങ്ങളിൽ ബീജ സങ്കലനത്തിന് ട്രവീസ് പ്രാഥമിക ശുശ്രൂഷക്കുള്ള മരുന്നുകൾ എന്നിവ ലഭ്യമാക്കുക.

6. മൃഗങ്ങൾ മനുഷ്യർക്ക് ചെയ്യുന്ന സേവനത്തെ പരിഗണിച്ച് അവയോടും കാരുണ്യാപൂർവ്വം പെരുമാറാനും അവയ്ക്ക് കൂടുതൽ നീതി ലഭിക്കാനും എസ്.പി.സി.എ ആക്ട് പഞ്ചായത്തിൽ കർശനമായി നടപ്പാക്കുക

7. ചികിത്സാ ചിലവ് കുറയ്ക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുക.

## പൊതുജനാരോഗ്യം

1. ആധുനിക സൗകര്യങ്ങളോടുകൂടിയ അറവു ശാല പഞ്ചായത്തിൽ സ്ഥാപിക്കുക. അറവുകാർക്ക് പരിശീല നവും ബോധവൽക്കരണവും നടത്തുക.

2. ഭക്ഷണയോഗ്യമായ ഇറച്ചി ലഭ്യമാക്കാൻ അറവിനു മുമ്പും പിമ്പും ഇറച്ചി പരിശോധന നടത്തുന്നതിന് പരിശീലനം കൊടുത്ത് മീറ്റ് ഇൻസ്പെക്ടർമാരെ നിയമിക്കാവുന്നതാണ് ഇതിലേ ക്ക് ഡോക്ടർമാരുടേയും ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരുടേും സേവനം പരിഗണിക്കാവുന്നതാണ്.

3. അറവുശാലയിൽ നിന്ന് നഷ്ടപ്പെട്ടു പോരുന്ന രക്തം , ബവൽ, എന്നിവ ഉപയോഗിച്ച് പന്നി വളർത്തൽ, കോഴി വളർത്തൽ മുതലായവ പരിപോഷിപ്പിക്കുകയും പരിസരമലിനീകരണം തടയുകയും ചെയ്യുക.

4. പഞ്ചായത്തിൽ അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന നായ്ക്കളേയും പൂച്ചകളേയും നശിപ്പിക്കുക. പട്ടി വളർത്തുന്നതിന് ലൈസൻസും പേവിഷത്തിനെതിരേ കുത്തി വെയ്പും കർശനമാകകുക.

5. മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്കു പകരുന്ന പേവിഷം , ക്ഷയം തുടങ്ങിയ രോഗങ്ങൾക്ക് എതിരേ ബോധ വൽക്കരണം നടത്തുക

6. കാൽനടക്കാർക്കും വാഹനങ്ങൾക്കും ഒരുപോലെ ബുദ്ധിമുട്ടുണ്ടാക്കുന്ന അലഞ്ഞു നടക്കുന്ന ആടുമാ ടുകളെ പിടിച്ചുകെട്ടാൻ പഞ്ചായത്തിൽ 'കാലി പൗണ്ട്' പ്രവർത്തനം കാര്യക്ഷമമാക്കുക.

## മത്സ്യബന്ധനം

നമ്മുടെ പഞ്ചായത്തിൽ മത്സ്യകൃഷിക്ക് അനു യാജ്യമായ ജല സ്രോതസ്സുകളും ജരലാശയങ്ങളും കുറവാണെങ്കിലും ശുദ്ധജല ലഭ്യതയുള്ള പുഴകൾ തോടുകൾ കിണറുകൾ നെൽപാടങ്ങൾഎന്നിവ ഉപ യാഗപ്പെടുത്തി മത്സ്യങ്ങളെയു ജലജന്തുക്കളേയും വാണിജ്യാടിസ്ഥാനത്തിൽ കൃഷിചെയ്യാവുന്നതാണ്. ഈ മേഖലയിൽ സാങ്കേതിക പരിജ്ഞാനവും ആവശ്യ മായ ബോധവൽക്കരണവും അത്യാവശ്യമാണ്.

## ഈ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ

1. മത്സ്യകൃഷിയിൽ പൊതു ജനങ്ങൾക്കുള്ള പരിജ്ഞാനക്കുറവ്.

2. മത്സ്യക്കുഞ്ഞുങ്ങളുടെ അഭാവം

3. ജലസ്രോതസ്സുകളുടെ ശാസ്ത്രീയമായ സംരക്ഷണമില്ലായ്മ

4. ജലാശയങ്ങളുടേയും ജല സ്രോതസ്സുകളുടേയും വികസന കുറവ്.

നമ്മുടെ പഞ്ചായത്തിലെ നദികളും കുളങ്ങളും ഉപയോഗമപ്പടുത്തി ശുദ്ധജല മതസ്യകൃഷി, കൊഞ്ചു കൃഷി തവള കൃഷി, അലങ്കാര മത്സ്യ കൃഷി എന്നിവ നടത്താവുന്നതാണ്. ഇതിലേക്കാവശയമായ സാങ്കേ തിക വിദ്യയും ജലാശയ വികസനവും അനിവാ ര്യമാണ്. ജലജിവികൾക്ക് ആവശ്യമായ ജീവിത സൗക ര്യങ്ങൾ ഒരുക്കി കൊടുക്കുക , അനുയോജ്യമായ തീറ്റ നൽകുക, വളർച്ച ത്വരിതപ്പെടുത്തുക, ആരോഗ്യ കരമായി അവയെ പരിപാലിക്കുക എന്നിവക്ക് ശാസ് ത്രീയമായ അറിവ് ഉണ്ടായിരിക്കണം .

ശാസ്ത്രീയ കൃഷിരീതികൾ തന്നെ പലവിധമുണ്ട്. ഏതെങ്കിലുമൊരു ജിവിയെ മാത്രം കൃഷി ചെയ്യുന്ന '' ഏകവർഗ്ഗ കൃഷി''., പലയിനം ജീവികളെ ഒരുമിച്ചു

കൃഷിചെയ്യുന്ന ''ബഹു വർഗ്ഗ കൃഷി'' രീതിയും നടപ്പാക്കാവുന്നതാണ്. ജീവികളെ ഒരുമിച്ച് സംഭരിക്കുകയും ഒരു നിശ്ചിത കാലയളവിനു ശേഷം അവയെ ഒരുമിച്ചു പിടിക്കുകയും ചെയ്യുന്ന ''സംഘ കൃഷി'' യാണ് നമുക്ക് കൂടുതൽ അനുയോജ്യം.

സർക്കാർ തലത്തിൽ സംസ്ഥാന അടിസ്ഥാനത്തിൽ 21 ഉം ജില്ലാടിസ്ഥാനത്തിൽ 14 ഉം മത്സ്യ കർഷക വികസന ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്.എന്നാൽ ഇവയുടെ പ്രവർത്തനത്തെ കുറിച്ച് സാധാരണക്കാർ അജ്ഞരാണ് അതുകൊണ്ട് ഇവയുടെ പ്രവർത്തനം കൂടുതൽ ജനകീയമാക്കുകയും വിപുലീകരിക്കുകയും വേണം. ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ പഞ്ചായത്തിൽ ക്ഷണിച്ചു വരുത്തി താൽപര്യമുള്ള സംരംഭകർക്ക് ക്ളാസുകളും ട്രെനിംഗും ജില്ലയിലെ മറ്റു മത്സ്യ വളർത്തു കേന്ദ്രങ്ങളിൽ സന്ദർശനവും ഏർപ്പെടുത്തി കൊടുക്കുക.

## നമ്മുടെ പഞ്ചായത്തിനനുയോജ്യമായ മത്സ്യകൃഷി മാതൃകകൾ

1. കുളം : -കുളങ്ങൾ വികസിച്ച് ഏക വർഗ്ഗമോ ബഹുവർഗ്ഗമൊ ആയ മത്സ്യ കുഞ്ഞുങ്ങളെ വളർത്തി സംഘ കൃഷി നടത്താവുന്നതാണ്

2. നെൽപ്പാടങ്ങൾ:-നെൽകൃഷിക്കുശേഷമോ കൃഷി നടത്താതെയൊ മത്സ്യ കൃഷിയും കൊഞ്ചു കൃഷിയും നടത്താവുന്നതാണ്. കർഷക സംഘങ്ങൾക്കും ഗ്രാമീണ സമിതികൾക്കും കൂട്ടു കൃഷി അടിസ്ഥാനത്തിൽ ഈ പദ്ധതി നടപ്പിലാക്കാൻ കഴിയും .

3. ഒഴുക്കു ജല മത്സ്യ കൃഷി:-തോടുകൾ തടയണ കെട്ടി കൃത്രിമ ജലാശയങ്ങളുണ്ടാക്കി നടത്തുന്ന കൃഷി രീതിയാണിത്. സംഘ കൃഷിരീതിയിലുള്ള കൃഷിയാണ് നമുക്ക് അനുയോജ്യം.

4. മത്സ്യ കൂടുകൾ:-പുഴയിൽ മത്സ്യ കൂടുകൾ സ്ഥാപിച്ച് കൃഷിചെയ്യുന്ന പദ്ധതിയാണിത്. വിവിധ ഇനം മതസ്യങ്ങൾ ചെമ്മീൻ, ഞണ്ട് മുതലായവ മത്സ്യ കൂടിൽ കൃഷി ചെയ്യാൻ കഴിയും

## ജലസ്രോതസ്സുകളുടെ സംരക്ഷണം

വ്യവസായ ശാലകളിൽ നിന്നും പുറം തള്ളപ്പെടുന്ന മലിന ജലവും മറ്റു വസ്തുക്കളും, വ്യക്തികൾ മീൻ പിടിക്കുന്നതിനു വേണ്ടി നഞ്ചു കലക്കൽ തോട്ട പൊട്ടിക്കൽ ,അശാസ്ത്രീയ കീടനാശിനി പ്രയോഗം മറ്റ് ജൈവ വസ്തുക്കൾ എന്നിവ നമ്മുടെ പുഴകളേയും കുളങ്ങളേയും മലിനപ്പെടുത്തുകയും ജല ജന്തുക്കൾക്കും അതുപയോഗിക്കുന്ന മറ്റു മനുഷ്യ പക്ഷി മൃഗാദികൾക്കും ഭീഷണിയായി തീരുകയും ചെയ്യുന്നുണ്ട്. ഇത് തടയേണ്ടത് അത്യാവശ്യമാണ്. ഇതിനാവശ്യമായ ബോധവൽക്കരണ പദ്ധതി പഞ്ചായത്തിൽ തയ്യാറാക്കേണ്ടതാണ്. പുഴയോരങ്ങളിലേയും പഞ്ചായത്ത് കുള ഉപഭോക്താക്കളുടേയും കമ്മിറ്റി രൂപികരിച്ച് മലിനീകരണ പ്രവർത്തനങ്ങൾ തടയാവുന്നതാണ്.

ചുരുക്കത്തിൽ കൃഷിയും മൃഗ സംരക്ഷണവും മത്സ്യ വളർത്തലും സംയോജിപ്പിച്ചു കൊണ്ട് ഒന്ന് മറ്റൊന്നിനെ ആശ്രയിച്ചുകൊണ്ടുള്ള നൂതന്മായ മിക്സഡ് ഫാമിംഗ് സമ്പ്രദായം നടപ്പിലാക്കിയാൽ ഈ മേഖലയിൽ നിന്നുള്ള ഉൽപാദനവും ഉൽപാദന ക്ഷമതയും അതുവഴി സാമ്പത്തിക പുരോഗതിയും കൈവരിക്കാൻ കഴിയും.



# വ്യവസായം



വ്യവസായികരംഗത്ത് കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ പിന്നിലാണ്. പരമ്പരാഗത കുടിൽ വ്യവസായങ്ങൾ മുരടിപ്പു നേരിടുമ്പോൾ പകരം ആധുനിക വ്യവസായ സംരംഭങ്ങൾ ഉണ്ടാകുന്നില്ല എന്നതാണ് മുഖ്യ പ്രശ്നം. വൈദ്യുതി ക്ഷാമം നിലവിലുള്ള വ്യവസായങ്ങൾക്കുപോലുംഭീഷണിയായിതീർന്നിരിക്കുന്നു. ഉൽപാദന മേഖലയിലെ തളർച്ച മൂലം തൊഴിലില്ലായ്മ ഭയാനകമായി ഉയർന്നുകൊണ്ടിരിക്കുന്നു. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്കും ഏറ്റവും കുറഞ്ഞ സംസ്ഥാനങ്ങളിലൊന്നാണ് കേരളം. സംസ്ഥാനത്തിൻെറ ഭാവിയെ ഗ്രസിച്ചിരിക്കുന്ന ഈ പ്രതിസന്ധിയെ ജനങ്ങളുടെ സഹകരണത്തോടെ നേരിടാനും സംസ്ഥാനത്തെ പുരോഗതിയുടെ പാതയിലേക്ക് തിരിച്ചു വിടാനുമാണ് ഗവ: തീരുമാനിച്ചിട്ടുള്ളത്.

ഈ പാശ്ചാത്തലത്തിലാണ് മമ്പാട് പഞ്ചായത്തിലെ വ്യവസായ രംഗം ഇവിടെ പരിശോധനാ വിധേയമാക്കുന്നത്

മമ്പാട് പഞ്ചായത്തിൽ സർക്കാർ മേഖലയിലൊ സഹകരണമേഖലയിലൊ വ്യവസായ സ്ഥാപനങ്ങൾ ഒന്നും ഇല്ല: വൻകിടവ്യവസായങ്ങളോ ഇടത്തരം വ്യവസായങ്ങളോ നിലവിലില്ലെങ്കിലും സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിൽ കുറേ ചെറുകിട വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പ്രധാനമായും ഏതാനും റബ്ബർ അധിഷ്ഠിത വ്യവസായ സ്ഥാപനങ്ങളും ഇഷ്ടിക/ഓട് നിർമ്മാണ യൂണിറ്റുകളുമാണ് നിലവിലുള്ളത്.

മമ്പാട് റബ്ബർ മാനുഫാക്ചറിങ്ങ് കമ്പനി ലിമറ്റഡ്, അരിഷോ റബ്ബേഴ്സ്, ചാലിയാർ ലാറ്റെക്സ്, റൂബി ലാറ്റെക്സ്, മാറാട്ട് റബ്ബേഴ്സ്, പ്രബൽ പൗൾട്രി ഫാം, സാലി ആവിയറീസ് പാലപറമ്പ്, നിലമ്പൂർ ഗുഡ്‌വുഡ്, ഏറനാട് ക്ളെ പ്രൊഡക്റ്റ്സ് ചാലിയാർ അലുമിനിയം പ്രോഡക്റ്റ്സ്, വികെ.ക്ളെ പ്രൊഡക്റ്റ്സ് തുടങ്ങിയവയാണ് എടുത്തു പറയാവുന്ന വ്യവസായ സ്ഥാപനങ്ങൾ.

പഞ്ചായത്തിൽ വ്യവസായങ്ങൾക്കാവശ്യമായ റബ്ബർ, നാളികേരം, തുടങ്ങിയ അസംസ്കൃത പദാർത്ഥങ്ങൾ ധാരാളം ലഭ്യമാണെങ്കിലും വ്യാവസായിക രംഗത്ത് പഞ്ചായത്തിന് മുന്നേറാൻ കഴിഞ്ഞിട്ടില്ല. വ്യവസാ

ങ്ങൾ സ്ഥാപിക്കുവാൻ പറ്റിയ സ്ഥല സൗകര്യത്തിന്റെ അഭാവവും വൈദ്യുതിയുടെ ദൗർല്ലഭ്യവുമാണ് മുഖ്യമായ പ്രശ്നങ്ങൾ. തൽപരരായ സംരംഭകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളുടെ അഭാവവും ധനസഹായ സ്ഥാപനങ്ങളുടെ വായ്പ ലഭിക്കുവാനുള്ള പ്രായോഗിക വിഷമതകളും കുടിൽ വ്യവസായ ഉൽപ്പന്നങ്ങളുടെ വിപണന സാധ്യത കുറവും വ്യവസായ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ പെടുന്നു

വിദ്യാസമ്പന്നരായ തൊഴിൽ രഹിതരുടെ എണ്ണം അനുദിനം വർദ്ധിച്ചു വരുമ്പോഴും വ്യാവസായിക രംഗം പഞ്ചായത്തിലെ ഒരു മുഖ്യമായ തൊഴിൽദായക മേഖലയായി അഭിവൃദ്ധി പ്രാപിച്ചിട്ടില്ല. മമ്പാട് പഞ്ചായത്തിൽ വിവിധ വ്യവസായ സ്ഥാപനങ്ങളിലായി ആകെ 459 പേർ മാത്രമാണ് ജോലി ചെയ്തു വരുന്നത് ഇതിൽ പുരുഷൻമാർ 259, സ്ത്രീകൾ 200. നിലവിലുള്ള സ്ഥാപനങ്ങളും തൊഴിലാളികളുടെ എണ്ണവും പട്ടികയിൽ കൊടുത്തിരിക്കുന്നു

പഞ്ചായത്തിലെ വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികളടെ വിവരം

| നമ്പർ | വിഭാഗം | പു | സ്ത്രീ | ആകെ | % |
|---|---|---|---|---|---|
| 1 | റബ്ബർ | 88 | 10 | 98 | 21.4 |
| 2 | കളിമണ്ണ് (ഓട്, ഇഷ്ടിക) | 34 | 81 | 115 | 25.0 |
| 3 | പോൾട്രി | 3 | 14 | 17 | 3.7 |
| 4 | അലുമിനിയം | 3 | 3 | 6 | 1.3 |
| 5 | റബ്ബർ തടി സംസ്കരണം | 16 | 2 | 18 | 3.9 |
| 6 | ഫ്ളോർ, റൈസ്, ഓയിൽ | 10 | 3 | 13 | 2.8 |
| 7 | നോട്ടുബുക്ക് | 1 | 6 | 7 | 1.6 |
| 8 | സോമിൽ, ഫർണിച്ചർ | 51 | - | 51 | 11.2 |
| 9 | എഞ്ചിനീയറിങ്ങ് | 5 | - | 5 | 1.1 |
| 10 | പ്രിൻറിങ്ങ് | 2 | 4 | 6 | 1.3 |
| 11 | മറ്റുള്ളവ | 46 | 77 | 123 | 26.7 |
| | ആകെ | 259 | 200 | 459 | 100 |

അവലംബം സെക്കൻററി ഡാറ്റ

പഞ്ചായത്തിലെ വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ വേണ്ടത്ര തൃപ്തികരമല്ല. മരവ്യവസായവുമായി ബന്ധപ്പെട്ട മേഖലയിലാണ് കുറേകൂടി ഉയർന്ന വേതന നിലവാരമുള്ളത് പഞ്ചായത്തിലെ വിവിധ വ്യവസായ മേഖലകളിലെ കൂലി നിരക്ക് താഴെ കാണിക്കുന്നു.

വിവിധ മേഖലകളിലെ ശരാശരി കൂലിനിരക്ക്

| നമ്പർ | വിഭാഗം | പു | സ്ത്രീ |
|---|---|---|---|
| 1 | റബ്ബർ | 60 | 4098 |
| 2. | കളിമണ്ണ് (ഓട്, ഇഷ്ടിക) | 50 | 35 |
| 3. | പോൾട്രി | 50 | 20 |
| 4. | അലുമിനിയം | 70 | 40 |
| 5 | റബ്ബർ തടി സംസ്കരണം | 90 | 40 |
| 6. | ഫ്ളോർ, റൈസ്, ഓയിൽ | 60 | 30 |
| 7 | നോട്ടുബുക്ക് | 50 | 20 |
| 8. | സോമിൽ, ഫർണ്ണിച്ചര | 100 | - |
| 9. | എഞ്ചിനീയറിങ്ങ് | 75 | - |
| 10 | പ്രിൻറിങ്ങ് | 65 | 35 |
| 11 | മറ്റുള്ളവ | 40 | 25 |

## പരമ്പരാഗത മേഖല

പരമ്പരാഗത മേഖലയിൽ പ്രധാനപ്പെട്ടത് കളിമൺ പാത്ര നിർമ്മാണം, ബീഡി, മുളകൊണ്ടുള്ള പരമ്പ്, കുട്ട, മുറം തുടങ്ങിയ ഉൽപ്പന്നങ്ങളുടെ നിർമ്മാണം തുടങ്ങിയവയാണ്. തഴപ്പായ നിർമ്മാണം, തീരെ ശോഷിച്ചു വരുന്ന ഒരു കൈത്തൊഴിലാണ്. അർഹമായ കൂലി വർദ്ധനയില്ലായ്മ അസംസ്കൃത പദാർത്ഥങ്ങളടെ ദൗർലഭ്യം, യന്ത്രവൽകൃത മേഖലയിലെ ഉൽപന്നങ്ങളുമായി മൽസരിക്കാൻ കഴിയായ്മ തുടങ്ങിയ കാരണങ്ങളാൽ പരമ്പരാഗത വ്യവസായ മേഖല ഇന്ന് തികച്ചും നിർജ്ജീവാവസ്ഥയിലാണ്.

പഞ്ചായത്തിലെ മുഖ്യ പരമ്പരാഗത വ്യവസായങ്ങൾ താഴെ കൊടുക്കുന്നു

| നമ്പർ | ഇനം | പു | സ്ത്രീ | ആകെ |
|---|---|---|---|---|
| 1. | മൺ പാത്രനിർമ്മാണം | 19 | 18 | 37 |
| 2. | മുള കൊണ്ടുള്ള ഉൽപന്നങ്ങളടെ നിർമാണം കുട്ട,മുറം, പരമ്പ്.... | 18 | 13 | 31 |
| 3. | ബീഡി | 75 | 39 | 114 |
| | ആകെ | 112 | 70 | 182 |

## വ്യവസായ സഹകരണ സംഘങ്ങൾ

തൊഴിൽരഹിതരായ ധാരാളം അഭ്യസ്തവിദ്യരും സുലഭമായ അസംസ്കൃത സാധനങ്ങളുമുണ്ടെങ്കിലും പഞ്ചായത്തിൽ വ്യവസായ സഹകരണ സംഘങ്ങളൊന്നും തന്നെ രൂപീകരിക്കാനോ രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്തുന്നതിനോ സംവിധാനമുണ്ടായി

ട്ടില്ല. വനിതകൾ, പട്ടികജാതി പട്ടിക വർഗ്ഗം, മറ്റു തൊഴിൽ രഹിതർ എന്നിവരെ ഉൾപ്പെടുത്തി വിവിധ ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് ഏതാനും വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കണമെന്ന ആവശ്യം അടുത്ത കാലത്തായി ഉയർന്നുവന്നിട്ടുണ്ട്

ഓഹരി മൂലധന പങ്കാളിത്തം, മാനേജ്മെൻറിൻെറ പങ്കാളിത്തം മാനേജീരിയൽ ഗ്രാൻറ്, വാടക, മെഷിനറി ബിൽഡിങ്ങ് ഗ്രാൻറുകൾ തുടങ്ങി വ്യവസായ സഹകരണ സംഘങ്ങൾക്ക് ഗവ: തലത്തിൽ നൽകുന്ന ആനുകൂല്യങ്ങൾ ഉപയോഗിപ്പെടുത്തി ജില്ലാവ്യവസായ കേന്ദ്രത്തിൻെറ സഹകരണത്തോടെ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്ന വ്യവസായ സഹകരണ സംഘങ്ങൾ പഞ്ചായത്തിൽ രൂപീകരിക്കുന്നതിനുള്ള സാധ്യതകൾ സജീവമായി പരിഗണിക്കാവുന്നതാണ്. പട്ടിക ജാതി-പട്ടിക വർഗങ്ങൾക്ക് നൽകുന്ന പ്രത്യേക ആനുകൂല്യങ്ങൾ ഉപയോഗപ്പെടുത്തി പട്ടികജാതി -പട്ടികവർഗ വിഭാഗങ്ങൾക്ക് പ്രത്യേകമായി വ്യവസായ സഹകരണസംഘങ്ങൾ രൂപീകരിക്കാവുന്നതാണ്. (എച്ച്.ഇ.പി പദ്ധതി)

പഞ്ചായത്തിൽ സ്ഥാപിക്കാവുന്ന വ്യവസായസഹകരണ സംഘങ്ങളുടെ പട്ടിക 2ൽ കൊടുത്തിരിക്കുന്നു

## റബ്ബർ

റബ്ബർ ഉൽപാദനത്തിൽ മമ്പാട് പഞ്ചായത്ത് വളരെ മുന്നിലാണെങ്കിലും റബ്ബർ ഉപയോഗിച്ച് പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ വളരെ പരിമിതമാണ്. മമ്പാട് റബ്ബർ മാനുഫാക്ചറിങ്ങ് കമ്പനി ലിമിറ്റഡ് (വടപുറം)അരീഷോ റബ്ബേഴ്സ് (താളിപൊയിൽ), ചാലിയാർ ലാറ്റെക്സ് (താളിപൊയിൽ) റൂബി ഫോം (ടാണ) മാറാട്ട് റബ്ബേഴ്സ് ലാറ്റെക്സ് (ടാണ) എന്നിവയാണ് പഞ്ചായത്തിലെ മുഖ്യമായ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ. പഞ്ചായത്തിൽ നിലവിലുള്ള റബ്ബർ അധിഷ്ഠിത വ്യവസായ വിവരങ്ങൾ പട്ടിക 3ൽ .

പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന റബ്ബർ പാൽ സംഭരിക്കുന്നതിനും കർഷകർക്കാവശ്യമായ വളം, കീടനാശിനി, ടാപ്പിങ്ങ് സാമഗ്രികൾ തുടങ്ങിയവ സബ്സിഡിനിരക്കിൽ നൽകുന്നതിനും മമ്പാട് വില്ലേജ്. റബ്ബർ ഉൽപ്പാദക സംഘം, പുള്ളിപ്പാടം വില്ലേജ് റബ്ബർ ഉൽപാദക സംഘം എന്നിവ പ്രവർത്തിക്കുന്നു.. എന്നാൽ പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന റബ്ബർ പാൽ, റബ്ബർ ഷീറ്റ്, റബ്ബർ കുരു . റബ്ബർ തടി എന്നിവ ഉപയോഗപ്പെടുത്തി വിവിധ ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ബോധപൂർവ്വമായ ശ്രമങ്ങൾ വേണ്ടത്ര ഉണ്ടായിട്ടില്ല. താരതമ്യേന കുറഞ്ഞ സാങ്കേതിക വിദ്യയും ചെറിയ മുതൽമുടക്കും ഉയർന്ന വിപണന സാധ്യതയുമുള്ള വിവിധതരം റബ്ബർ ഉൽപ്പന്നങ്ങളുടെ വ്യവസായാടിസ്ഥാനത്തിലുള്ള നിർമ്മാണത്തെകുറിച്ച് വിശദമായ പഠനവും ബോധവൽക്കരണവും ആവശ്യമാണ്. വ്യവസായ സംരംഭകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും പ്രോൽസാഹനങ്ങളും നൽകി പഞ്ചായത്തിൽ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് തീവ്ര ശ്രമങ്ങൾ ഉണ്ടാവേണ്ടതാണ്. ചങ്ങനാശ്ശേരി, മഞ്ചേരി (പയ്യനാട്) എന്നിവിടങ്ങളിലുള്ള ഫങ്ഷനൽ റബ്ബർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മാതൃകയിൽ ഒരു റബ്ബർ അധിഷ്ടിത വ്യവസായ എസ്റ്റേറ്റ് പഞ്ചായത്തിൽ സ്ഥാപിക്കാനുള്ള സാധ്യത പരിഗണിക്കേണ്ടതാണ്. റബ്ബർ കർഷകർക്കും തൽപ്പരരായ വ്യവസായ സംരഭകർക്കും ആവശ്യമായ ബോധവൽക്കരണവും പ്രായോഗിക പരിശീലനവും ലഭ്യമാക്കുന്നതിന് റബ്ബർ ബോർഡ്, എസ്.ടി.ഇ.ഡി, കിറ്റ്കൊ എസ്.ഐ.എസ്.ഐ തുടങ്ങിയ ഏജൻസികളുടെ സഹകരണം തേടാവുന്നതാണ്

വിദ്യാസമ്പന്നരായ യുവതീയുവാക്കൾ ധാരാളമുണ്ടെങ്കിലും നല്ലൊരു ശതമാനം ആളുകളും പഞ്ചായത്തിനു പുറത്ത് വിവിധ ജോലികളിൽ ഏർപ്പെട്ടിരിക്കുകയാണ്. സുമാർ 1800പേർ വിദേശത്ത് ജോലി ചെയ്യുന്നു. തൊഴിൽ രഹിതരായ അഭ്യസ്ത വിദ്യരുടെ എണ്ണം പഞ്ചായത്തിൽ പ്രതിവർഷം വർദ്ധിക്കുകയാണ്. അടുത്ത കാലത്തായി ഗൾഫ് രാഷ്ട്രങ്ങളിലെ ജോലി സാധ്യതകൾ കുറഞ്ഞു വരുന്നതുകൊണ്ട് പലരും തിരിച്ചു വരികയാണ്. പഞ്ചായത്തിൽ ലഭ്യമായ മനുഷ്യ വിഭവശേഷി വ്യവസായിക രംഗത്ത് വേണ്ടത്ര പ്രയോജനപ്പെടുത്തുന്നതിന് സാധിച്ചിട്ടില്ല. കോഴിക്കോട്- ഊട്ടി റോഡ്, പെരിന്തൽമണ്ണ -നിലമ്പൂർ റോഡ് എന്നീ സുപ്രധാന റോഡുകൾ കടന്നു പോകുന്നതുകൊണ്ട് പഞ്ചായത്തിലെ മിക്ക പ്രദേശങ്ങളിലും അത്യാവശ്യം ഗതാഗത സൗകര്യങ്ങളുണ്ട്. കടുത്ത വേനലിൽ പോലും വറ്റാത്ത നീരുറവയുള്ള ചാലിയാർ പുഴ പഞ്ചായത്തിൽ എല്ലാ കാലത്തും ശുദ്ധ ജലത്തിൻെറ ലഭ്യത ഉറപ്പുവരുത്തുന്നു. റബ്ബർ ഉൽപാദനത്തിൻെറ കാര്യത്തിൽ പഞ്ചായത്ത് വളരെ മുന്നിലാണ്. നാളികേരം, നേന്ത്ര വാഴ തുടങ്ങിയ കാർഷിക വിഭവങ്ങളുമുണ്ട്. ധാരാളം പേർ ഗൾഫ് മേഖലയിലും മറ്റും ജോലി ചെയ്തു വരുന്നതുകൊണ്ട് ആവശ്യമായ മൂലധനം സ്വരൂപിക്കുന്നതിനും പ്രയാസമില്ല. വ്യവസായവൽകരണത്തിനാവശ്യമായ അസംസ്കൃത വിഭവങ്ങൾ, ഗതാഗത സൗകര്യങ്ങൾ, മനുഷ്യ വിഭവശേഷി, മൂലധനം തുടങ്ങിയ അടിസ്ഥാന ഘടകങ്ങളും, അനുകൂല കാലവസ്ഥയും നിലനിൽക്കുമ്പോഴും പഞ്ചായത്തിലെ വ്യവസായിക രംഗം മുരടിച്ചു നിൽക്കുന്നു. 67.93 ച.കി.മീ വിസ്തീർണ്ണവും 26762 ജനസംഖ്യയും 5401 വീടുകളും ഉള്ള നമ്മുടെ പഞ്ചായത്തിൽ നിത്യോപയോഗ സാധനങ്ങൾക്ക് നല്ല വിപണന സാധ്യതയുണ്ട്. വ്യവസായ രംഗം അഭിവൃദ്ധിപ്പെടുത്തുന്നതിന്

## പട്ടിക -4

| നമ്പർ | പേര് | ഉൽപ്പന്നം | തൊഴിൽ ലഭ്യത |
|---|---|---|---|
| 1. | വനിതാ [illegible] വസ്ത്ര വ്യവസായ സഹകരണ സംഘം | [illegible] | 40 |
| 2. | പട്ടികജാതി ഇഷ്ടിക നിർമ്മാണ വ്യവസായ സ.സംഘം | ഇഷ്ടിക | 45 |
| 3. | വനിതാ കറിപൗഡർ വ്യവസായ സ.സംഘം | കറിപൗഡർ, [illegible] | 30 |
| 4. | പ്രിന്റിങ്ങ് വർക്കേഴ്സ് വ്യവസായ സ.സംഘം | പ്രിന്റിങ്ങ്, ബൈൻഡിങ്ങ് | 10 |
| 5. | പട്ടിക വർഗ്ഗ മെൻസ് വ്യവസായ സഹകരണ സംഘം | ഇഷ്ടിക, ഓട | 20 |
| 6 | കോൺക്രീറ്റ് വർക്കേഴ്സ് വ്യവസായ സ.സംഘം | കോൺക്രീറ്റ് [illegible] കട്ടിള | 40 |
| 7. | കയർ വ്യവസായ സ.സംഘം | [illegible] | 25 |
| 8 | കരകൗശല വ്യവസായ സ.സംഘം | വുഡൻ ടോയ്സ് ഫാൻസി ഐറ്റംസ് | 15 |
| 9. | വാഷിങ്ങ് സോപ്പ് വ്യവസായ സ.സംഘം | വാഷിങ്ങ് സോപ്പ്, ഡിറ്റർജന്റ് പൗഡർ | 15 |
| 10 | റബ്ബർ ചപ്പൽ വ്യവസായ സഹകരണ സംഘം | റബ്ബർ ചെരുപ്പുകൾ | 15 |
| 11 | സ്റ്റീൽ ഫർണ്ണിച്ചർ വ്യവസായ സ.സംഘം | സ്റ്റീൽ,മേശ, അലമാര ,കസേര | 10 |
| 12 | പഴം സംസ്കരണ വ്യവസായ സ.സംഘം | ഫ്രൂട്ട്ജാം, സ്ക്വാഷ് | 20 |

അവലംബം:- ഗ്രാമസഭാ ചർച്ച

പട്ടിക -5

റബ്ബറധിഷ്ഠിത വ്യവസായ സ്ഥാപനങ്ങൾ

| നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്ഥലം | ഉൽപന്നം |
|---|---|---|---|
| 1 | മമ്പാട് റബ്ബർ മാനുഫാക്ചറിങ്ങ് കമ്പനി ലിമിറ്റഡ് | വടപുറം | ക്രമ്പ് റബ്ബർ |
| 2. | അരിഷോ റബ്ബേഴ്സ് പ്രൈ.ലി | താളിപൊയിൽ | ക്രമ്പ് റബ്ബർ |
| 3 | ചാലിയാർ ലാറ്റെക്സ് | താളിപൊയിൽ | സെൻട്രിഫ്യൂഗ്ഡ് റബ്ബർ ലാറ്റെക്സ് |
| 4 | റൂബിഫോം | ടാണ | " " |
| 5 | മാറാട്ട് | ടാണ | " " |
| 6. | ഗുഡ്‌വുഡ് പ്രൈ.ലി | കാട്ടുമുണ്ട | റബ്ബർ തടി സംസ്കരണം |

ഗൗരവമായ പഠനവും പ്രായോഗിക നിർദ്ദേശങ്ങളും ആസൂത്രിതമായ നടപടികളും അനിവാര്യമാണ്. പഞ്ചായത്തിലെ വ്യവസായ രംഗത്തെ പ്രധാന പ്രശ്നങ്ങൾ തഴെ ചേർക്കുന്നു

## പ്രശ്നങ്ങൾ:

1. മുഖ്യ കാർഷികോൽപന്നമായ റബ്ബർ, വ്യവസായ രംഗത്തെ വേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ല.
2. വൈദ്യുതി ലഭിക്കുന്നതിനുള്ള പ്രയാസം.
3. വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലത്തിൻെറ ദൗർലഭ്യം.
4. സാങ്കേതിക പരിജ്ഞാനക്കുറവ്.
5. ധനസഹായം കിട്ടുന്നതിനുള്ള പ്രയാസം.
6. വിദഗ്ധ തൊഴിലാളികളുടെ അഭാവം.
7. പരമ്പാരഗത മേഖലയിലെ കുറഞ്ഞ കൂലി
8. വ്യവസായ സംരംഭകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളുടെ കുറവ്, പ്രോൽസാഹനമില്ലായ്മ.
9. വിപണന സാധ്യത കുറവ്.
10. മരവ്യവസായങ്ങൾക്ക് ഫോറസ്റ്റ് വകുപ്പിൽനിന്ന് എൻ.ഒ.സി ലഭിക്കുന്നതിനുള്ള പ്രയാസം.
11. വിവിധ സർക്കാർ ഏജൻസികളിൽനിന്നും ലൈസൻസ്/ ക്ളിയറൻസ് കിട്ടുന്നതിനുള്ള പ്രായോഗിക വിഷമങ്ങൾ.
12. തടി വ്യവസായങ്ങൾക്കാവശ്യമായ തടി ലഭിക്കാനുള്ള പ്രയാസം.
13. വ്യവസായ മേഖലയുമായുള്ള സമ്പർക്കകുറവ്
14. മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചെലവു കുറഞ്ഞ സാങ്കേതിക വിദ്യകൾ ലഭിക്കുന്നില്ല..

ചുരുങ്ങിയ മുതൽ മുടക്കിൽ കൂടുതൽ പേർക്ക് തൊഴിൽ ലഭിക്കാൻ സാധ്യതയുള്ള വ്യവസായ സംരംഭങ്ങളെകുറിച്ച് സമഗ്രമായി പഠനം നടത്തണം. പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കുന്ന നാളികേരം ഇവിടെ വ്യവസായികമായി പ്രയോജനപ്പെടുന്നില്ല. തേങ്ങ, കൊപ്ര, ചിരട്ട ,ചകിരി തുടങ്ങിയവയെല്ലാം വിവിധ ഉൽപ്പന്നങ്ങളാക്കി മാറ്റാവുന്നതാണ്. ചകിരിയും റബ്ബറും ചേർത്തുകൊണ്ടുള്ള വിവിധഇനം ഉൽപ്പന്നങ്ങൾക്ക് വിദേശത്തുപോലും വലിയ ഡിമാൻറുണ്ട്.

അഭ്യസ്തവിദ്യർ വൈറ്റ് കോളർ ജോലി മാത്ര അഭികാമ്യമായി കരുതുന്ന ഇന്നത്തെ സാഹചര്യത്തി ആവശ്യമായ പ്രോൽസാഹനവും പ്രേരണയും നൽ യുവജനങ്ങളെ വ്യവസായ രംഗത്തേക്ക് ആകർഷിക്കുന്നതിന് നടപടികൾ ഉണ്ടാകണം. ഗവ.ൻേറയും വിവി ഏജൻസികളുടേയും വിവിധ സ്വയം തൊഴി സംരഭങ്ങൾ ( ഉദാ :-പി.എം.ആർ.വൈ, എസ്.ഇ.. ട്രൈസം) ഇതിന് പ്രയോജനപ്പെടുത്തേണ്ടതാണ്.

ചുരുങ്ങിയ മുതൽ മുടക്കും നല്ല വിപന സാധ്യതയുമുള്ള ഏതാനും വ്യസായ സംരംങ്ങൾ പട്ടി 6ൽ കൊടുത്തിരിക്കുന്നു

പഞ്ചായത്തിൽ വ്യവസായ മേഖല അഭിവൃദ്ധപ്പെടുത്തുന്നതിന് നിരവധി നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ഒരേയിനം വ്യവസായങ്ങൾക്കു തന്നെ വിവിധ വാർഡുകളിൽ നടന്ന വിശേഷാൽ ഗ്രാമസഭകളിൽ നിന്നും നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്. ഇവ ക്രോഡീകരിച്ച് പഞ്ചായത്തിൻെറ അടിയന്തിര വ്യവസായ വികസനത്തിന് ആവശ്യമായ ചില സാധ്യതകൾ താഴെ കൊടുക്കുന്നു

## വൻകിട/ഇടത്തരം വ്യവസായങ്ങൾ

1 മമ്പാട് പഞ്ചായത്തിൽ ഒരു വൻകിട റബ്ബർ വ്യവസായ ഫാക്ടറിസ്ഥാപിക്കുക

2.റബ്ബർ ബോർഡിൻെറ സഹകരണത്തോടെ റബ്ബർ ആൻസിലറി പ്രൊഡക്ഷൻ യൂണിറ്റുകൾ സ്ഥാപിക്കുക

3. മമ്പാട് ഒരു റബ്ബറധിഷ്ഠിത വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക

## മിനി വ്യവസായ എസ്റ്റേറ്റ്

വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കാനാവശ്യമായ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 3-4 ഏക്കർ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് ഒരു മിനി വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക

വൈദ്യുതി, വെള്ളം, ഗതാഗതം തുടങ്ങിയ ഇൻഫ്രാസ്ട്രക്ച്ചർ സൗകര്യങ്ങളും ഫാക്ടറി ഷെഡ്ഡുകളും നിർമ്മിച്ച് തൽപ്പരരായ വ്യവസായ സംരംഭകർക്ക് ഷെഡ്ഡുകൾ വാടകക്ക് നൽകാവുന്നതാണ്.

## വൈദ്യുതിഉൽപ്പാദനവും വിതരണവും

പഞ്ചായത്തു പ്രദേശത്ത് നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷിയും ഉപഭോക്താക്കളുടെ എണ്ണവും കണക്കിലെടുക്കുമ്പോൾ എല്ലാ ട്രാൻസ്ഫോർമറുകളും അധിക ഭാരം വഹിക്കുന്നതാ

ണെന്ന് മനസ്സിലാവുന്നു. ഉപഭോക്താക്കളുടെ എണ്ണത്തിലും കണക്റ്റഡ് ലോഡിലും ഉള്ള വർദ്ധന പഞ്ചായത്തിലെ പുതിയ വൈദ്യുത ലഭ്യതയെ ദുഷ്കരമാക്കുന്നു.

വ്യവസായിക രംഗം അഭിവൃദ്ധിപ്പെടുന്നതിന് വൈദ്യുതി വളരെ അനിവാര്യമാണ് എന്ന് പറയേണ്ടതില്ലല്ലോ. പഞ്ചായത്തിലെ 1ാം വാർഡിൽ പ്പെട്ട മുണ്ടേംതോട് ഒലി വെള്ളച്ചാട്ടം ഉപയോഗപ്പെടുത്തി ഒരു മിനി വൈദ്യുതി ഉൽപ്പാദന പദ്ധതി സ്ഥാപിക്കുന്നതിനെ കുറിച്ച് പരിശോധിക്കേണ്ടതാണ്. കൂടാതെ, പഞ്ചായത്തിൽ ഇന്നേ വരെ വൈദ്യുതി ലഭ്യമായിട്ടില്ലാത്ത പ്രദേശങ്ങളിൽ സോളാർ ലാമ്പുകൾ സ്ഥാപിക്കുവാനും മറ്റു ഊർജ്ജ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുന്നതിനും നടപടികൾ ഉണ്ടവേണ്ടതാണ്.

## ടൂറിസം

പഞ്ചായത്തിലെ പ്രകൃതി രമണീയമായ കേന്ദ്രങ്ങൾ വികസിപ്പിച്ച് ടൂറിസ്റ്റ് കേന്ദ്രങ്ങളാക്കാവുന്നതാണ്. മുണ്ടേം തോട് ഒലിവെള്ളച്ചാട്ടം മനോഹരമായ ഒരു പ്രകൃതി ദൃശ്യമാണ്. വിവിധ ഇനം വന്യ മൃഗങ്ങളും പക്ഷികളും ഉള്ള ഈ പ്രദേശം പരിപോഷിപ്പിച്ചാൽ ടൂറിസ്റ്റുകൾക്ക് ഹൃദ്യമായ അനുഭൂതി നൽകുന്ന ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കാം.

പഞ്ചായത്തിലെ പൊങ്ങല്ലൂർ -പൂച്ചപ്പാറ പ്രദേശം ടൂറിസത്തിന് പ്രയോജനപ്പെടുത്താവുന്നതാണ്.

മറ്റു നിർദേശങ്ങൾ

1. ഇഷ്ടിക/ഓട് 2. റബ്ബർ ബാൻറ്, ഗ്ലൗസ്, ട്രെഡ്, ബാൻഡേജ് 3. മെറ്റൽ ക്രഷർ 4. കൊപ്ര സംസ്കരണം 5. റബ്ബർ ലാറ്റെക്സ്/ക്രമ്പ് 6. റബ്ബർ തടി സംസ്കരണം 7. റബ്ബർ കുരു എണ്ണ 8. പോൾട്രി ഫാം. 9. കശുവണ്ടി സംസ്കരണം 10. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം 11 എല്ലുപൊടി നിർമ്മാണം 12 സോമിൽ, ഫർണ്ണിച്ചർ 13 കറിപൗഡർ, അച്ചാർ 14. ഇലക്ട്രിക് പോസ്റ്റ് നിർമ്മാണം 15. മൺപാത്ര നിർമ്മാണം 16 ബനാന ചിപ്സ്ബേ.ക്കറി 17. വാഷിങ് സോപ്പ്, ഡിറ്റർജൻറ് 18 സിമൻറ് കോൺക്രീറ്റ് ഉൽപ്പന്നങ്ങൾ 19. കൈത്തറി 20 കയർ 21 ബീഡിവ്യവസായം 22 കാർബൺ പേപ്പർ, മഷി 23. പേപ്പർ കവർ, ബുക്ക് ബൈൻറിങ്ങ് 24 ഫോം ബെഡ് 25 റബ്ബർ ചപ്പൽസ് 26 ടാൽകം പൗഡർ 27 മെഴുകു തിരി 28. വാർണിഷ്, ഫിനോയിൽ, ഫർണ്ണീച്ചർ നിർമ്മാണം.

പഞ്ചായത്തിലെ തൽപരരായ വ്യവസായ സംരംഭകർക്ക് ഗ്രാമപഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ ജില്ലാ വ്യവസായ കേന്ദ്രം, ധനകാര്യസ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ ഒരു ഏകദിന വ്യവസായ ബോധവൽകരണ സെമിനാർ സംഘടിപ്പിക്കേണ്ടതാണ്. കൂടാതെ റബ്ബർ അധിഷ്ഠിത വ്യവസായങ്ങളെ കുറിച്ച് വിദഗ്ദൻമാരെ പങ്കെടുപ്പിച്ച് ഒരു പരിശീലന പരിപാടിയും നടത്തേണ്ടതാണ്. പഞ്ചായത്തിൽ ലഭ്യമായ വിഭവങ്ങളേയും അടിസ്ഥാന സൗകര്യങ്ങളെയും കുറിച്ച് ഗൗരവ പൂർവ്വമായ പഠനം നടത്തേണ്ടിയിരിക്കുന്നു.



## പഞ്ചായത്തിൽ തുടങ്ങാവുന്ന ചെറുകിടവ്യവസായങ്ങൾ പട്ടിക -6

| നമ്പർ | ഉത്പന്നം | മുടക്കുമുതൽ രൂപ | അസംസ്കൃത വസ്തുക്കൾ | ആവശ്യമായ വൈദ്യുതി | തൊഴിൽ സാധ്യത | ആവശ്യമായ യന്ത്ര സാമഗ്രികൾ |
|---|---|---|---|---|---|---|
| 1 | സിമെൻറ്, ജോളി വെൻറിലേറ്റർ വാതിൽ-ജനൽ-കട്ടിള | 1,00,000 | സിമെൻറ്, മണൽ, വെള്ളം | 2 കെ.ഡബ്ളിയു | 4 | വൈബ്രേറ്റിങ്ങ് ടേബിൾ, മോട്ടോർ ഐഎച്ച്,പി, മോൾഡുകൾ |
| 2 | ഡിസ്റ്റിൽഡ് വാട്ടർ | 75,000 | വെള്ളം, കെമിക്കൽസ് | 1 കെ.ഡബ്ളിയു | 2 | ഡിസ്റ്റിൽഡ് വാട്ടര പ്ളാൻറ്, പമ്പ് |
| 3. | ഡി.ടിപി | 4,00,000 | പേപ്പർ | ഡബ്ളിയു | 3 | കമ്പ്യൂട്ടർ, ലേസർ പ്രിൻറർ, സോഫ്റ്റ് വെയർ |
| 4 | സ്റ്റീൽ കസേര, അലമാറ | 2,00,000 | എംഎസ്.ഷീറ്റ്, റോഡ്സ് | | 10 | ഗില്ലോട്ടിൻ ഷിയറിങ്ങ് മെഷ്യൻ |
| 5 | ഇലക്ട്രിക് ബെൽ അസംബ്ളിങ്ങ് | 1,00,000 | പാർട്ടുകൾ, പിസിബി<br>വയർ,പ്ളഗ്,സ്ക്രൂ | 3 കെ.ഡബ്ളിയു | 5 | ടെസ്റ്റിങ്ങ് എക്യുപ്മെൻറ്, ടൂൾസ് |
| 6 | ഫ്രൂട്ട് ജാം | 1,00,000 | പഴങ്ങൾ, പഞ്ചസാര,<br>സിട്രിക് ആസിഡ് | 5 | 3 | കൺടൈനറുകൾ,വലിയ ജാറുകൾ, കത്തി, മറ്റുപകരണങ്ങൾ |
| 7 | അച്ചാർ | 25,000 | മാങ്ങ, കറിപൗഡർ, നാരങ്ങ | 2 | 3 | " " " |
| 8 | അലുമിനിയം ഫാബ്രിക്കേഷൻ | 2,50,3000 | അലുമനിയം സ്ക്രാപ്പ് | 11 | 10 | ഫർണ്ണസ്, വെൽഡിങ്ങ് സെറ്റ്, ഡ്രില്ലിങ്ങ് സെറ്റ്, ഗ്രൈൻറിങ്ങ് മെഷ്യൻ |
| 9 | ഇലക്ട്രിക് ഹീറ്റർ | 1,00,000 | കോയിൽ, പോർസ്പീൻ,<br>വയർ,പ്ളഗ്<br>അയേൺ സ്ട്രാപ്പ് | 2 | 5 | ഷിയറിങ്ങ് മിഷ്യൻ, പ്രസ്സ് ബ്രേക്ക്, വെൽഡിങ്ങ് സെറ്റ്, ടെസ്റ്റിങ്ങ് എക്യപ്മെൻറ് |
| 10 | ഹെയർ ഓയിൽ | 1,00.000 | വെളിച്ചെണ്ണ, ആവണക്കണ്ണ<br>പെർഫ്യൂം | 2 | 5 | ഫില്ലിങ്ങ് മെഷ്യൻ, ടാങ്ക്, ഫിൽട്ടറിങ്ങ്,സീലിംഗ് മെഷ്യൻ |
| 11 | പ്രിൻറിങ്ങ് ബ്ളോക്ക് | 3,00,000 | അലുമിനിയം ഷീറ്റ്, വുഡ്<br>ഫിലംറോൾ മഷി | 3 | 6 | ക്യാമറ,എച്ചിങ്ങ് മെഷ്യൻ,.സ്ക്രീൻ, ഡവലപ്പിങ്ങ് ഡിസ്ക് |
| 12 | ഡിറ്റർജൻറ് പൗഡർ, വാഷിങ്ങ് സോപ്പ് | 1,00,000 | സോഡാ ആഷ്, സോഡിയം<br>സിലിക്കേറ്റ്, കാസ്റ്റിക് സോഡ<br>കളർ കെമിക്കൽസ്, ഓയിൽ | 3 | 5 | മിക്സിങ്ങ് മിഷ്യൻ, അരിപ്പ, ബാലൻസ്, ഡ്രം |
| 13 | ഫ്ളോർ ക്ളീനിങ്ങ് പൗഡർ | 75,000 | ബോറക്സ്,ഫോസ്ഫേറ്റ്<br>സോഡാആഷ്, സിന്തറ്റിക് ഡിറ്റർജൻറ് | 0.5 | 5 | മിക്സിങ്ങ് വെസ്സൽസ്, വെയിങ്ങ് സ്കെയിൽസ് |
| 14 | പി.എ. ആംപ്ളിഫയർ | 1,50,000 | കപ്പാസിറ്റർ, ട്രാൻസ്ഫോർമർ<br>പി.സിബി, വോള്യം കൺട്രോൾ | 5 | 5 | ഷിയറിങ്ങ് മെഷ്യൻ, ഡ്രില്ലിങ്ങ് മെഷ്യൻ, ബെൻറിങ്ങ് പ്രസ്സ്,കംപ്രസ്സർ |
| 15 | കോഫി പൗഡർ | 90,000 | കാപ്പി, ചിക്കറി | 2 | 3 | റോസ്റ്റർ, ഗ്രൈൻറർ |
| 16 | കറി പൗഡർ | 1,00,000 | മുളക്, മല്ലി. കടുക്, മഞ്ഞൾ | 5 | 3 | പൾവറൈസർ വേയിങ്ങ്, സീലിങ്ങ് മെഷ്യൻ, |
| 17 | ഡിസ്റ്റമ്പർ | 3,75,000 | പിഗ്മെൻറ്, ടൈറ്റാനിയം ഡൈ ഓക്സൈഡ് ക്ളേ, കെമിക്കൽസ് | 8 | 10 | ബാൾമില്ല്, എഡ്ജ്നർ, മിക്സിങ്ങ് കെറ്റർ |

# വിദ്യാഭ്യാസം

നമ്മുടെ സംസ്ഥാനത്തിലെ വിദ്യാഭ്യാസ സമ്പ്രദായം എന്നും ധാരാളം വിമർശനങ്ങൾ ഏറ്റുവാങ്ങിയാണ് മുന്നേറുന്നത്. അസൂത്രണത്തിൻെറയും ദീർഘവീക്ഷണത്തിൻെറയും അഭാവം നിമിത്തം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പരിഷ്കാരങ്ങളൊന്നും പ്രായോഗികമായ പരിഹാരമായിത്തീരുന്നില്ല. വ്യക്തിത്വ വികസനം മനുഷ്യസ്നേഹം. സ്വഭാവ രൂപവൽകരണം തുടങ്ങിയ മൂല്യങ്ങൾ മങ്ങുകയുംപകരം അക്രമവാസന, അലസത, സമൂഹത്തോടുള്ള പ്രതിബദ്ധതയില്ലായ്മ തുടങ്ങിയവ വളർന്നുവരികയും ചെയ്യുമ്പോൾ കേട്ടുമടുത്ത ''വിദ്യാഭ്യാസ സമ്പ്രദായത്തിൻെറ അലകും പിടിയും മാറ്റണം'' എന്ന വിലാപം ദീർഘകാലം ഇനിയും നാം.കേട്ടുകൊണ്ടിരിക്കേണ്ടിവരും എന്നാണർത്ഥം.



ഒരു ഫസ്റ്റ് ഗ്രേഡ് കോളേജും, ഹൈസ്കൂളും, നിരവധി പ്രൈമറി സ്കൂളുകളും ഉള്ള നമ്മുടെ പഞ്ചായത്തും വിദ്യാഭ്യാസ രംഗത്ത് ശോഭനമായ ചിത്രം നൽകുന്നില്ല. അക്ഷരങ്ങൾ കൂട്ടി വായിക്കാനറിയാത്ത വിദ്യാർത്ഥികൾ, മാതൃഭാഷയിൽ ഒരു ഖണ്ഡിക പോലും തെറ്റുകൂടാതെ എഴുതാനറിയാത്ത ഹൈസ്കൂൾ വിദ്യാർത്ഥികൾ , പഠിക്കേണ്ടത് എന്തെന്നൊ, പഠിപ്പിക്കുന്നതും പഠിക്കുന്നതും എന്തിനെന്നോ അറിയാത്ത, ക്ളാസ് കട്ട് ചെയ്യുന്നത് ഫാഷനാക്കുന്ന കോളേജ് വിദ്യാർത്ഥികൾ, പലപ്പോഴും തങ്ങളുടെ തൊഴിലിനോട് നീതികാണിക്കാൻ പരാജയപ്പെടുന്ന അദ്ധ്യാപകർ, ഇതിലൊന്നും താൽപര്യം കാണിക്കാൻ പല കാരണങ്ങൾ കൊണ്ടും നേരം കിട്ടാത്ത രക്ഷിതാക്കൾ എന്നിവരൊക്കെ കൂടുമ്പോൾ പഞ്ചായത്തിൻെറ വിദ്യാഭ്യാസത്തിൻെറ ഏകദേശ ചിത്രമായി.

ഒരു നൂറ്റാണ്ടിൻെറ പഴക്കമുള്ള നമ്മുടെ വിദ്യാഭ്യാസ ചരിത്രത്തിലൂടെ കണ്ണോടിച്ചാൽ 1895 ൽ സ്ഥാപിക്കപ്പെട്ട ''ബോർഡ് മാപ്പിള കമ്പൽസറി സ്കൂൾ'' (ഇന്നത്തെ മമ്പാട് നോർത്ത് എൽ.പി. സകൂൾ) ആണ് ഔപചാരിക വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ച ആദ്യത്തെ സരസ്വതീ ക്ഷേത്രമെന്ന് കാണാൻ കഴിയും. അധികം വൈകാതെ ആരംഭിച്ച ഗേൾസ് സ്കൂൾ 1958 ൽ എ.എം യു.പി. സ്കൂൾ ആരംഭിച്ചപ്പോൾ നിർത്തലാക്കി അതിൽ ലയിപ്പിച്ചു. 1920 കളിൽ, വടപുറം, പുള്ളിപ്പാടം, നടുവക്കാട്, പന്തലിങ്ങൽ, മേപ്പാടം, കാട്ടുമുണ്ട പ്രദേശങ്ങളിലും ബോർഡ് സ്കൂളുകൾ

ആരംഭിച്ചു. പാലപറമ്പിൽ, ഒരു മരത്തണലിലാണത്രെ ആദ്യത്തെ സ്കൂൾ ആരംഭിച്ചത്.

സാർവ്വത്രികമായ വിദ്യാഭ്യാസം ആലോചനാ വിഷയമല്ലാതിരുന്ന കാലത്ത് വിദ്യാർത്ഥികളുടെ എണ്ണം വളരെ പരിമിതവും ഉള്ളവർ ഏതാണ്ട് മുതിർന്ന തടിമിടുക്കുള്ളവരും ആയിരുന്നു. കുട്ടികളെ ക്ളാസി ലെത്തിക്കാൻ രക്ഷിതാക്കൾ ശുഷ്കാന്തികാണിക്കാനാ വണം, സ്കൂളിൽ തുടർച്ചയായി വരാതിരുന്നാൽ വിദ്യാർത്ഥിക്ക് ആദ്യം 8 അണയും (50 പൈസ) പിന്നെയും ഹാജരാവാതിരുന്നാൽ 12 അണയും (75 പൈസ) പിഴയായു കൂടാതെ കനത്ത താക്കീതും നൽകിയിരുന്നത്. അക്കാലത്ത് വേങ്ങര, മലപ്പുറം പ്രദേശങ്ങളിൽ നിന്നുള്ള അദ്ധ്യാപകർ ആയിരുന്നു കൂടുതലും ഉണ്ടായിരുന്നത്.

സ്കൂളിന് സുഗമമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉറപ്പുവരു ത്തുന്നതിനായി രൂപീകരിക്കപ്പെട്ട വെൽഫെയർ കമ്മിറ്റികൾ ഇന്നത്തെ പി.ടി.എ. യുടെ മുൻകാല രൂപമായി കണക്കാക്കാം. മാസത്തിൽ ഒരു നിശ്ചിത ശനിയാഴ്ച അയൽ സ്കൂൾ അദ്ധ്യാപകർ ഒത്തുകൂടി കാര്യങ്ങൾ ചർച്ചചെയ്യേണ്ടത് ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന്റെ ഭാഗമായിരുന്നു. ഇത് ഇന്നും മാതൃകയാക്കാവുന്നതാണ്. കെ. കുഞ്ഞഹമ്മദ് മാസ്റ്റർ, അലവി മാസ്റ്റർ, നരിപ്പറ്റ മുഹമ്മദ് മാസ്റ്റർ, അയ്യർ മാസ്റ്റർ, മൊകാരി മാസ്റ്റർ തുടങ്ങിയവരാണ് ഓർമ്മിക്കപ്പെടുന്ന ആദ്യകാല അദ്ധ്യാപകർ.

ജനാബ് അത്തൻ മോയിൻ അധികാരിയുടെ ഉടമസ്ഥതയിൽ 1958 ൽ പരതമ്മൽ എ.എം.യു.പി. സ്കൂൾ ആരംഭിച്ചതോടെ പഞ്ചായത്തിൽ 7ാം ക്ളാസ് വരെ യുള്ള വിദ്യാഭ്യാസ സൗകര്യം ലഭിച്ചു. നമ്മുടെ പഞ്ചായത്തിൽ തലയുയർത്തി നിൽക്കുന്ന മമ്പാട് എം.ഇ.എസ്. കോളേജിന്റെ പിന്നിൽ പ്രവർത്തിച്ച വരിൽ പ്രധാനിയും അത്തൻ മോയീൻ അധികാരി തന്നെ ആയിരുന്നു. ഏറനാട് താലൂക്കിൽ ഒരു കോളേജ് ഉണ്ടാക്കാനുള്ള യൂണിവേഴ്സിറ്റിയുടെ അനുമതിയെ തുടർന്ന് സ്ഥലവും സൗകര്യവും അന്വേഷിച്ചെത്തിയ സി.എൻ. അഹമ്മദ് മൗലവിക്ക് തന്റെ കൈവശമായി രുന്ന നടുവത്ത് മനക്കൽ സുബ്രഹ്മണ്യൻ നമ്പൂതിരി പ്പാടിന്റെ ജൻമാവകാശത്തിലുണ്ടായിരുന്ന ഭൂമിയിൽ നിന്ന് 25 ഏക്കർ സ്ഥലം അദ്ദേഹത്തിന്റെ അനുമതി യോടെ തന്നെ അത്തൻ മോയീൻ അധികാരി വിട്ടുകൊ ടുത്തു. ഇപ്പോൾ 2200 ൽ പരം വിദ്യാർത്ഥികളും 85 അദ്ധ്യാപകരും 55 അദ്ധ്യാപകേതര ജീവനക്കാരുമുള്ള മലപ്പുറം ജില്ലയിലെ ഏറ്റവും വലിയ കലാലയമായ നമ്മുടെ കോളേജിലാണ് കേരളത്തിലെ ഏറ്റവുമധികം ഹരിജൻ വിദ്യാർത്ഥികൾ പഠിക്കുന്നത് എന്നത് ഈ കോളേജിന്റെ വളർച്ചയെ സാക്ഷ്യപ്പെടുത്തുന്നു.

ശ്രീമാൻമാർ സി.എൻ. അഹമ്മദ് മൗലവി, അത്തൻ മോയീൻ അധികാരി എംകെ. ഹാജി, മദാരി അബ്ദുല്ല എം.പി.എം. അഹമ്മദ് കുരിക്കൾ, ഡോക്ടർ എം ഉസ്മാൻ, എറിയാട്ട് കെ.ടി. കുഞ്ഞാൻ തുടങ്ങിയവ രാണ് ഈ സ്ഥാപനത്തിന്റെ ആദ്യകാല ശിൽപികൾ. മുസ്ലീം എജ്യൂക്കേഷനൽ സൊസൈറ്റി, ഈ സ്ഥാപനം പിന്നീട് ഏറ്റെടുത്തത് പരേതനായ ഡോ. പി.കെ. അബ്ദുൽഗഫൂർ ഈ സംഘടനയുടെ പ്രസിഡൻറായിരുന്ന കാലത്താണ്. ബഹുമാന്യരായ ടി. അബ്ദുല്ല, ടി.പി. മുഹമ്മദ് കുഞ്ഞി, സി..എ. അബ്ദുൾ സലാം , കെ.വി. മുഹമ്മദ് ഹനീഫ , മങ്കട അബ്ദുൾ അസീസ് മൗലവി എന്നിവരായിരുന്നു മുൻകാല പ്രിൻസിപ്പൽമാർ. ഇപ്പോൾ പ്രൊഫ. വി മാമുക്കോയ കോളേജിന്റെ സാരഥ്യം വഹിക്കുന്നു.

രണ്ട് പ്രാവശ്യം പ്രിൻസിപ്പലായും കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ പ്രൊ വൈസ്ചാൻസലറായും സേവനമനുഷ്ഠിച്ചിട്ടുള്ള ശ്രീ. സി. എ. അബ്ദുൾ സലാമിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ തൽപരരും നല്ലവരുമായ നാട്ടുകാരു ടേയും അശ്രാന്ത പരിശ്രമം മൂലം ആണ് മമ്പാട് ഗവ: ഹൈസ്കൂളിന്നും കാട്ടുമുണ്ട സ്കൂളിന്നും സ്വന്ത മായി സ്ഥലവും കെട്ടിടവും ഉണ്ടായത്.

കോളേജ് ആരംഭിച്ച് 9 വർഷത്തിനുശേഷം 1974 ൽ ആണ് ഹൈസ്കൂൾ ആരംഭിച്ചത്. ഹൈസ്കൂളിന്റെ സ്ഥാപക ഹെഡ്മാസ്റ്റർ ശ്രീ. പി..മുഹമ്മദലി മാസ്റ്റർ ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ സ്ഥാനത്തു നിന്നും വിരമിച്ച് ഇപ്പോൾ വിദ്യാഭ്യാസ വകുപ്പിൽ തന്നെ ഉപദേഷ്ടാവായി സേവനമനുഷ്ടിച്ചു വരുന്നു.

നമ്മുടെ പഞ്ചായത്തിൽ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ആദ്യത്തെ മുസ്ലീം വനിത വലിയ ജാറത്തിങ്ങൽ മുല്ല ബീവിയും ആദ്യമായി ബിരുദ പഠനം നടത്തിയത് അന്തരിച്ച പുത്തലത്ത് മാമുക്കോയ സാഹിബുമായിരുന്നു.

10 എൽ.പി. സ്കൂളുകൾ ഒരു ഹൈസ്കൂൾ, ഒരു ഫസ്റ്റ് ഗ്രേഡ് കോളേജ് ഇവ ചേർന്നാൽ പഞ്ചായത്തിലെ വിദ്യാഭ്യാസ സൗകര്യങ്ങളുടെ ഏകദേശ ചിത്രമായി. കൂടാതെ അനൗപചാരിക വിദ്യാഭ്യാസ സൗകര്യങ്ങളുടെ ഭാഗമായി രണ്ട് ഇംഗ്ളീഷ് പ്രൈമറി സ്കൂളുകളും രണ്ട് അറബി കോളേജുകളും ഒരു ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

വിദ്യാർത്ഥികളുടേയും വിദ്യാലയങ്ങളുടേയും പൊതു വിവരങ്ങൾ പട്ടിക 1 ൽ കൊടുക്കുന്നു.

പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടു കൊണ്ടുള്ള അദ്ധ്യാപക രക്ഷാകർതൃ സമിതികളും മോശമല്ലാത്ത തരത്തിൽ പ്രവർത്തി

കുന്നുണ്ട്. പുള്ളിപ്പാടം, മമ്പാട് നോർത്ത് എന്നിവ യാണ് ആവശ്യത്തിന് കെട്ടിട സൗകര്യമുള്ള ഗവ: എൽ. പി. സ്കൂളുകൾ. സ്വകാര്യമേഖലയിലുള്ള സൗകര്യങ്ങൾക്കും ആവശ്യത്തിന് കെട്ടിട സൗകര്യമുണ്ട്.

ആകെയുള്ള 14 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 9 എണ്ണം സർക്കാർ മേഖലയിലും 5 എണ്ണം സ്വകാര്യ മേഖലയിലും ആണ്. സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ പട്ടിക 2ൽ കാണിക്കുന്നു.

1965 ൽ ആണ്. മമ്പാട് എം.ഇ.എസ്. കോളേജ്സ്ഥാപിതമായത്. ഇപ്പോൾ 16 പ്രീ ഡിഗ്രി ക്ളാസുകൾ കൂടാതെ വിവിധ ഡിഗ്രി, പി.ജി., ക്ളാസുകൾ, കഴിഞ്ഞ രണ്ട് വർഷമായി ബി.എസ്.സി. ഫുഡ് ടെക്നോളജി കോഴ്സ് (ദക്ഷിണേന്ത്യയിലെ ഏക കോഴ്സാണിത്.) എൻ.സി.സി. യുടെ നേവൽ ആർമി വിഭാഗങ്ങളും എൻ.എസ്.എസ്.ൻെറ രണ്ട് യൂണിറ്റുകളും ഇവിടെ പ്രവർത്തിക്കുന്നു.

പഞ്ചായത്തിലെ സ്കൂളുകളിൽ പൊതുവെ പഠന നിലവാരം മോശമാണ്. എസ്.എസ്.എൽ.സി. വിജയ ശതമാനം സംസ്ഥാന നിലവാരത്തേക്കാൾ ഏറെ താഴെയുമാണ്. വിജയികളിൽ തന്നെ മാർക്ക് കുറഞ്ഞവർക്ക് കോളേജ് അഡ്മിഷൻ പ്രയാസകരമാവുന്നു. ഓരോ വർഷവും 200നും 250നും ഇടക്ക് കുട്ടികൾ എസ്.എസ്.എൽ.സി. പരീക്ഷക്ക് പരാജയപ്പെടുന്നു എന്നത് ഗൗരവപൂർവ്വം കാണേണ്ടതാണ്. കഴിഞ്ഞ 5 വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷാ വിജയത്തിൻെറ ശതമാന കണക്കാണ് താഴെ കൊടുക്കുന്നു.

| വർഷം | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| വിജയ ശതമാനം | 17.3 | 17 | 18 | 16.4 | 16 |

പ്രൈമറി ഹൈസ്കൂൾ പഠന നിലവാരം കാണിക്കുന്ന കണക്കുകൾ പട്ടിക അന്യത്ര ചേർത്തിട്ടുണ്ട്

പഞ്ചായത്തിലെ ആയിരത്തോളം കുട്ടികൾ 8ാം ക്ളാസ് പ്രവേശനത്തിന് അർഹരാകുന്നു എങ്കിലും 450 പേർക്ക് മാത്രമാണ് ഹൈസ്കൂളിൽ അഡ്മിഷൻ കിട്ടുന്നത് വടപുറം, കാട്ടുമുണ്ട, തൃക്കൈക്കുത്ത്, പുളിക്കലോടി, പന്തലിങ്ങൽ ഭാഗങ്ങളിൽ നിന്നും കുട്ടികൾക്ക് അയൽ പഞ്ചായത്തുകളിലെ ഹൈസ്കൂളുകളെ ആശ്രയിക്കേണ്ടി വരുന്നുണ്ട്.

കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കൾ ശ്രദ്ധിക്കുന്നില്ലെന്നതും ഗുണനിലവാരത്തകർച്ചക്കു് ആക്കം കൂട്ടുന്നു. വിദ്യാസമ്പന്നരും ഉദ്യോഗസ്ഥരുമായ ചിലർ മാത്രമാണ് അദ്ധ്യാപകരുമായി ഈ കാര്യങ്ങൾ ചർച്ച ചെയ്യാൻ മുന്നോട്ടു വരുന്നത്. രക്ഷിതാക്കളുടെ സമീപനം മാറ്റുന്നതിനും അവരിൽ താൽപര്യം ജനിപ്പിക്കുന്നതിനും ബോധപൂർവ്വം പരിശ്രമിക്കേണ്ടതുണ്ട്.

അദ്ധ്യാപക-രക്ഷാകർതൃ ബന്ധത്തിൻെറ കുറവ് , കുടുംബ ബന്ധങ്ങളിലെ ശൈഥല്യം, പ്രായോഗിക ജീവിതവുമായി ബന്ധമില്ലാത്ത സിലബസ്സ്, പാഠ്യാനുബന്ധ-പാഠ്യേതര പ്രവർത്തനങ്ങളിലെ താൽപര്യക്കുറവ്, ആവശ്യമായ ആസൂത്രണമില്ലായ്മ തുടങ്ങിയവ കുട്ടികളുടെ പഠന നിലവാരത്തകർച്ചക്ക് ഹേതുവാകുന്നുണ്ട്.

ടി.വി. വീഡിയോ, സിനിമ തുടങ്ങിയ ദൃശ്യ - ശ്രാവ്യ മാധ്യമങ്ങളുടെ അതിപ്രസരം നമ്മുടെ കുട്ടികളുടെ പഠന - സാംസ്കാരിക നിലവാരത്തെ പുറകോട്ടടിപ്പിക്കാൻ ഏറെ കാരണമാവുന്നു. മഹത്തായ നമ്മുടെ പൈതൃകത്തിനും നൂറ്റാണ്ടുകളായി നാം നേടിയെടുത്ത മൂല്യങ്ങൾക്കുമാണ് പുഴുക്കുത്തേൽക്കുന്നത് എന്ന വസ്തുത കാണാതെ പൊയ്ക്കൂടാ. ഗൾഫ് പണത്തിൻെറ ദുഃസ്വാധീനവും ഒരു ഭീഷണിയായി ഉയർന്നു വരുന്നുണ്ട്. അദ്ധ്വാനത്തിൻെറ വില അറിയാത്ത കൈകളിൽ ആവശ്യത്തിലേറെ എത്തുന്ന പണം ചിലവഴിക്കാൻ ആകർഷകമായ മേച്ചിൽപുറങ്ങൾ ധാരാളമാണ്. ഗൾഫിലെത്തിപ്പെടാൻ പ്രായപൂർത്തിയാവാൻ കാത്തിരിക്കുന്നവരാണ് ഇന്ന് സ്കൂൾ വിദ്യാർത്ഥികളിൽ വലിയൊരു വിഭാഗം ഏതോ കാലത്ത് വിഭാവനം ചെയ്ത വിദ്യാർത്ഥി അദ്ധ്യാപക അനുപാതത്തിന് എത്രയോ മുകളിലായി ഇന്ന് ക്ളാസ്മുറികൾ 60 ഉം, 70ഉം കുട്ടികൾ തിങ്ങിഞെരുങ്ങി ഇരിക്കുമ്പോൾ ഓരോരുത്തരേയും വ്യക്തിപരമായി ശ്രദ്ധിക്കാൻ അദ്ധ്യാപകന് കഴിയാതെ വരുന്നത് സ്വാഭാവികം മാത്രം. ഈ അനുപാതം ശാസ്ത്രീയവും കാലാനുസൃതവുമായി പുനഃസംവിധാനം ചെയ്തെ പറ്റു. നിലവിലുള്ള രണ്ടു തരം വിദ്യാഭ്യാസ കലണ്ടറുകൾ ഏകീകരിച്ചു് സംസ്ഥാനത്താകെ വിദ്യാഭ്യാസ ക്രമത്തിൽ ഐകരൂപമുണ്ടാതാക്കുന്നത് ഗുണകരമായിരികുമെന്ന അഭിപ്രായവും ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്നിട്ടുണ്ട്.

## പഞ്ചായത്തിലെ വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ:

* സാമ്പത്തിക സാമൂഹിക കാരണങ്ങളാൽ വിദ്യാർത്ഥികൾ ഇടയ്ക്കുവെച്ച് കൊഴിഞ്ഞു പോകുന്നു.

* ഓപ്പറേഷൻ ബ്ളാക് ബോർഡ് പദ്ധതിയിൽ പെടുത്തി; നടുവക്കാട്, പുള്ളിപ്പാടം കാട്ടുമുണ്ട ഈസ്റ്റ്, വെസ്റ്റ് എന്നീ 4 സ്കൂളുകൾക്കും 2 ക്ളാസുമുറിയോടുകൂടിയ കെട്ടിടം വർഷങ്ങൾക്കു മുമ്പെ ആരംഭിച്ചെങ്കിലും ഇപ്പോഴും പൂർത്തി

യാക്കാൻ സാധിച്ചിട്ടില്ല.

* നടുവക്കാട് ജി.എം.എൽ.പി. സ്കൂളിന് 2 ക്ളാസുമുറിയോടു കൂടിയ കെട്ടിടവും 8 സെൻറ് സ്ഥലവും ഉള്ളതിൽ പുതിയ കെട്ടിടം പൂർത്തിയായിട്ടില്ല.

* മേപ്പാടം, കാട്ടുമുണ്ട ഈസ്റ്റ്,വെസ്റ്റ് എന്നീ സ്കൂളുകൾ സൗകര്യങ്ങളില്ലാത്ത വാടക കെട്ടിട ങ്ങളിലാണ് പ്രവർത്തിക്കുന്നത്.

* 520 കുട്ടികൾ പഠിക്കുന്ന കാട്ടുമുണ്ട ജി.യു പി സ്കൂൾ പ്രവർത്തിക്കുന്നത് ഒരു വലിയ ഓല ഷെഡ്ഡിലാണ് 10 ക്ളാസുകൾ പ്രവർത്തിക്കുന്ന ഈ ഷെഡ് ഓരോ വർഷവും കെട്ടി മേയാനും അറ്റകുറ്റപണികൾ നടത്താനും സ്കൂൾ പി.ടി.എ പ്രയാസമപ്പെടുന്നു

* 1300 വദ്യാർത്ഥികളുള്ള എ.എം.യു.പി. സ്കൂളിൽ കെട്ടിട സൗകര്യങ്ങളുണ്ടെങ്കിലും സുഗമമായ പഠനത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങളില്ല. മാനേജ്മെൻറ് ഇക്കാര്യത്തിൽ കുറ്റകരമായ അനാസ്ഥ കാണിക്കുന്നു എന്ന അക്ഷേപമുണ്ട്. 10 ഡിവിഷനുകൾ ഒരു തുറന്ന ഹാളിലാണ് പ്രവർത്തിക്കുന്നതക്ളാസുമുറികൾ ഇടച്ചുമർ കെട്ടി വേർതിരിക്കാത്തതിനാൽ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും അദ്ധ്യാപനത്തിലും പഠനത്തിലുംശ്രദ്ധകേന്ദ്രീക രിക്കാൻ കഴിയാതെ വരുന്നു. ഈ നില സ്കൂളിലെ അച്ചടക്കത്തേയും ബാധി ക്കുന്നുണ്ട്

* ഗവ: ഹൈസ്കൂളിൽ 1921വിദ്യാർത്ഥികൾ 25 ക്ളാസുമുറകളിലായി ഞെരുങ്ങി കഴിയന്നു. ഒരോ വർഷവും 200ൽ പരം വിദ്യാർത്ഥികൾ വർദ്ധിച്ചു വരുന്നു

* തൊഴിലധിഷ്ഠിത വിദ്യഭ്യസത്തിൻെറ ഭാഗമായി 5വർഷം മുമ്പാരംഭിച്ച കമ്പ്യൂട്ടർ കോഴസ് ഭൗതിക സൗകര്യങ്ങളുടെയും സ്ഥിരാധ്യാപകരുടേയും കുറവുകൾ കാരണം ഫലപ്രദമായി നടക്കുന്നില്ല.

* മമ്പാട് എം.ഇ.എസ് കോളേജിൽ രണ്ട് വർഷം മുമ്പ് ആരംഭിച്ച ഫുഡ് ടെക്നൊളജി കോഴ്സിൻെറ ബാലാരിഷ്ടതകൾ ഇനിയും തീർന്നിട്ടില്ല

* എസ്.എസ്.എൽ.സി പരീക്ഷാവിജയശതമാനം നിരാശാജനകമാം വിധം താഴെയാണ്

* കഷ്ടിച്ചു മാർക്ക് വാങ്ങി പാസാകുന്ന കുട്ടികൾക്ക് തുടർന്ന് പഠിക്കാൻ കോളേജിൽ സീറ്റ് കിട്ടാൻ കഴിയാതെ വരുന്നതിനാൽ ഇവർക്ക് സമീപ പ്രദേശങ്ങളിലെ പാരലൽ കോളേജുകളെ ആശ്രയക്കേണ്ടിവരുന്നു

* അക്കാദമിക് ഗുണനിലവാരം ഉള്ള ഒരു പാരലൽ കോളേജ് നമ്മുടെ സഹായത്തിനില്ല.

* പഞ്ചായത്തിൽ പ്രൈമറി സ്കൂളുകളോട് ചേർന്ന് പ്രവർത്തിക്കുന്ന പ്രീ പ്രൈമറി സ്കൂളുകളില്ല

* 1000 ജനസംഖ്യക്ക് 1 എന്ന തോതിൽ 3 അംഗൻ വാടികൾ കൂടി നമുക്ക് അനുവദിച്ചികിട്ടേണ്ടതാണ്

* ഏറ്റവും കൂടുതൽ.ഹരിജൻ-ഗിരിജനങ്ങൾ താമസിക്കുന്ന ഓടയിക്കൽ, പുള്ളിപ്പാടം വാർഡുകളിലെ കുട്ടികൾക്ക് 8 കിമി ദൂരം നടന്ന് ചാലിയാർ പുഴകടന്ന് വേണം അപ്പർ പ്രൈമറി സ്കൂളിലെത്താൻ. ഇതുമൂലം വർഷകാലത്തെ ദുരിതദിനങ്ങളിൽ ഏറെ അധ്യയന ദിനങ്ങൾ നഷ്ടപ്പെടുന്നു.

* നിലവിലുള്ള എ.എം യു.പി സ്കൂളിലേക്കുള്ള ദൂരം കൂടുതാലായതുകൊണ്ട് കുറേപേർ എടവണ്ണ പഞ്ചായത്തിലെ കുണ്ടു തോട് യു.പി സ്കൂളിനെ ആശ്രയിക്കേണ്ടിവരുന്നു. ഈ ദൂരപ്രശ്നം ഏറെ അനുഭവിക്കുന്ന പ്രദേശങ്ങളാണ് മേപ്പാടം, പള്ളിക്കുന്ന് ഇളംപുഴ തുടങ്ങിയവ

* പഞ്ചായത്തിൽ 1000 വിദ്യർത്ഥികൾ 8ാം ക്ളാസ് പ്രവേശനത്തിന് അർഹരാകുന്നുവെങ്കിലും 450 വിദ്യാർത്ഥികൾക്ക് മാത്രം മമ്പാട് ഹൈസ്കൂളിൽ അഡ്മിഷൻ സൗകര്യം ലഭിക്കുന്നു എന്നതിനാൽ ബാക്കിയുള്ളവർ, പ്രത്യേകിച്ചും വടപുറം,കാട്ടുമുണ്ട തൃക്കൈകുത്ത്,പന്തലിങ്ങൽ ഭാഗത്തുള്ള വിദ്യാർത്ഥികൾ നിലമ്പൂർ,വണ്ടൂർ ഭാഗങ്ങളിലെ ഹൈസ്കൂളുകളെ ആശ്രയിക്കാൻ നിർബന്ധിതരാകുന്നു

## സാധ്യതകളും പരിഹാര നിർദ്ദേശങ്ങളും

1 പഞ്ചായത്തിലെ സ്കൂളുകളിൽ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുക

2. കെട്ടിട സൗകര്യങ്ങളില്ലാത്ത എല്ലാ സർക്കാർ സ്കൂളുകൾക്കും ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുക

3. ഇടച്ചുമർ കെട്ടി ക്ളാസുമുറികൾ വേർതിരിക്കുക

4. ആവശ്യമായ ഫർണീച്ചർ കുടിവെള്ളം, മൂത്രപ്പുര എന്നിവ ഏർപ്പെടുത്തുക..

5. മുകളിൽ പറഞ്ഞവ പ്രാവർത്തികമാക്കാൻ, പി.ടി.എ,. സ്കൂൾവെൽഫെയർ കമ്മിറ്റികൾ, വൈ.എം.സി.എ, ലയൺസ്ക്ളബ്,എന്നിവയുടെ ഏകീകൃത പ്രവർത്തനം സംഘടിപ്പിക്കുക.

6. വിദ്യാർത്ഥികളിൽ ശാസ്ത്രബോധവും സാമൂഹ്യ

പ്രതിബദ്ധതയും വളർത്തുന്നതിനും അവർക്ക് നേതൃത്വ പരിശീലനം നൽകുന്നതിനും ഉതകുന്ന സയൻസ് ക്ലബ്, വായനക്കോർണർ എന്നിവ സംഘടിപ്പിക്കുകയും ആനുകാലിക പ്രസിദ്ധീകരണങ്ങൾ വിതരണംചെയ്യുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

ആരോഗ്യം, കൃഷി വനവൽക്കരണം, സ്പോർട്സ് തുടങ്ങിയ പാഠ്യേതര പ്രവർത്തനങ്ങൾക്ക് ക്ലബ്ബുകൾ രൂപീകരിക്കുക.

ക്വിസ് പ്രബന്ധ മത്സരങ്ങൾ സംഘടിപ്പിക്കുകയും വിജയികൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകുകയും ചെയ്യുക.

സ്കൂൾസാഹിത്യ സമാജങ്ങൾ പുനരുജ്ജീവിപ്പിക്കുക.

0. ഇടക്കിടെ അദ്ധ്യാപകരുടെ മേൽ നോട്ടത്തിൽ ഡിബേറ്റുകൾ സംഘടിപ്പിക്കുക. ഈ രംഗത്ത് പുറത്തു നിന്നുള്ള വിദ്യാഭ്യാസ വിചക്ഷണരേയും മറ്റു സാംസ്കാരിക നായകൻമാരെയും ഉപയോഗപ്പെടുത്തുക

1. യു.പി. ഹൈസ്കൂൾ തലങ്ങളിൽ ലാബറട്ടറി, ലൈബ്രറി സംവിധാനങ്ങൾ വിപുലപ്പെടുത്തുകയും ഇവ ആകാവുന്നത്ര പ്രയോജനപ്പെടുത്തുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

അദ്ധ്യയന ദിവസങ്ങളിലെ ഓരോ പിരീയഡും വിനിയോഗിച്ച രീതി ടീച്ചേഴ്സ് ഡയറിയിലെഴുതുക. ഹെഡ്മാസ്റ്റർ അത് പരിശോധിച്ച് ആവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ നൽകുക.

ഓരോ മാസത്തിൻെറയും അവസാന പ്രവൃത്തി ദിവസം എല്ലാ വിഷയങ്ങൾക്കും 30 മിനിട്ടു വീതമുള്ള പരീക്ഷ പ്ളാൻ ചെയ്ത് യു.പി. ഹൈസ്കൂൾ തലത്തിൽ നിർബന്ധമായും നടപ്പിലാക്കുക.

ബന്ധപ്പെട്ട വിഷയങ്ങളിൽ അദ്ധ്യാപകർക്ക് യഥാസമയം ഇൻ.സർവ്വീസ് ട്രെനിംഗ് നൽകുക.

അക്കാദമിക പരിശോധന കാര്യക്ഷമമാക്കുക

വർഷത്തിൽ 2 പ്രാവശ്യമെങ്കിലും അദ്ധ്യാപകരും രക്ഷിതാക്കളും തമ്മിൽ മുഖാമുഖ പരിപാടികൾ സംഘടിപ്പിക്കാനും സ്കൂളിൻെറ പൊതുവായ കാര്യങ്ങളും വിദ്യാർത്ഥിയുടെ പഠനനിലവാരവും വിലയിരുത്താനുമുള്ള സംവിധാനം പി.ടി.എ. മുൻകൈയെടുത്ത് നടപ്പിലാക്കുക.

17 മൂന്നു മാസത്തിലൊരിക്കലെങ്കിലും മാതൃസമിതികൾ ചേർന്ന് പഠന പുരോഗതി വിലയിരുത്തുക

18. ഓരോ ടേമിലും മിടുക്കൻമാരെ കണ്ടെത്തി അർഹമായ പ്രോത്സാഹന സമ്മാനം നൽകുക.

19 ദേശീയ ദിനങ്ങൾ, സ്കൂൾ വാർഷികങ്ങൾ എന്നിവ പി.ടി.എ യുടെ നേതൃത്വത്തിൽ സമുചിതമായി ആഘോഷിക്കുക

20 സ്കൂൾ യുണിഫോമുകൾ നിർബന്ധമാക്കുക.

21. സ്കൂൾ അസംബ്ളികൾ ആഴ്ചയിൽ 2 പ്രാവശ്യമെങ്കിലും കൃത്യമായി ചേരുക.

22. പ്രൈമറി തലത്തിൽ ആവശ്യക്കാരായ മുഴുവൻ വിദ്യാർത്ഥികൾക്കും ഉച്ചക്കഞ്ഞി വിതരണം ചെയ്യുക.

23. ഉച്ചക്കഞ്ഞി വിതരണത്തിൻെറ ചുമതല ഗ്രാമ പഞ്ചായത്ത് ഏറ്റെടുക്കുക.

24. സ്കൂൾ വെൽഫെയർ സമിതികൾ ഉണ്ടാക്കുക.

25. മമ്പാട് ജി.വി.എച്ച്.എസ്.ൽ എം.എൽ.ടി. കോഴ്സ് തുടങ്ങുക

26 കോളേജ് തലത്തിൽ നിന്ന് പ്രീഡിഗ്രി മാറ്റുന്നതിന് യു.പി. സ്കൂളുകൾ ഹയർ സെക്കൻററികളാക്കി ഉയർത്തി പഠന സൗകര്യങ്ങളുണ്ടാക്കുക.

27. കൂടുതൽ തൊഴിലധിഷ്ഠിത കോഴ്സുകളാരംഭിക്കുക

28. കൂണുപോലെ മുളച്ചു പൊന്തുന്ന ഇംഗ്ളീഷ് മീഡിയം സ്കൂളുകളെ നിയന്ത്രിക്കുക.

29. നിലവിലുള്ള സ്കൂൾഗ്രൗണ്ടുകൾ ഉപയോഗപ്രദമാക്കാൻ നടപടികൾ സ്വീകരിക്കുക.

30. ഗ്രൗണ്ടില്ലാത്ത സർക്കാർ സ്കൂളുകൾക്കു വേണ്ടി ആവശ്യമായ ഭൂമി അക്വയർ ചെയ്യുക.

31 സ്കൂളുകളിൽ എൻ.സി.സി. , സ്കൗട്ട് ഗൈഡുകൾ എന്നിവ ആരംഭിക്കുക

32. ശാസ്ത്രമേള, കലാമേള, പ്രവർത്തി പരിചയമേള, ക്വിസ് എന്നിവക്ക് പഞ്ചായത്തു തലത്തിൽ മത്സരമേർപ്പെടുത്തുക.

33. സർക്കാർ സൗജന്യമായി നൽകിവരുന്ന സ്ളേറ്റിന് അനുവദിച്ച തുക കാലോചിതമായി പുനർനിർണ്ണയിക്കുക.

34. സ്കൂൾ, വാർഡ്, പഞ്ചായത്തു തലങ്ങളിൽ

വിദ്യാഭ്യാസ ചർച്ചകൾ സംഘടിപ്പിക്കുക

35. സൗകര്യമുള്ള പ്രൈമറി സ്കൂളുകളോടു ചേർന്ന് പ്രീ-പ്രൈമറി സ്കൂളുകളാരംഭിക്കുക.

36. മൂന്ന് അംഗനവാടികൾ കൂടി അനുയോജ്യ സ്ഥലങ്ങളിൽ ആരംഭിക്കുക.

37. പുള്ളിപ്പാടം, ഓടായിക്കൽ വാർഡുകൾ കേന്ദ്രീകരിച്ചും മേപ്പാടം, പള്ളിക്കുന്ന്, ഇളമ്പുഴ ചെറുകുന്ന് പ്രദേശങ്ങൾ കേന്ദ്രീകരിച്ചും യു.പി. സ്കൂളുകൾ പുതുതായി ആരംഭിക്കുകയൊ നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാനാവശ്യമായ നടപടികളെടുക്കുകയൊ ചെയ്യുക.

38. കാട്ടുമുണ്ട. ജി.യു.പി. സ്കൂൾ അപ് ഗ്രേഡ് ചെയ്ത് തൊഴിലധിഷ്ഠിത വദ്യാഭ്യാസ സൗകര്യത്തോടെ ഹൈസ്കൂളാക്കി ഉയർത്തുക

39. കുട്ടികളുടെ പഠന കാര്യങ്ങളിൽ രക്ഷിതാക്കൾക്ക് കൂടുതൽ താൽപര്യംജനിപ്പിക്കാൻ ഉതകുന്ന ബോധവൽകരണ സംവിധാനങ്ങളേർപെടുത്തുക.

40. പാഠ്യേതര വിഷയങ്ങൾ കൂടുതൽ ആകർഷകമാക്കാൻ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുക.

41. പൈങ്കിളി വാരികളും മഞ്ഞ പുസ്തകങ്ങളും യുവതലമുറയിൽ ഉളവാക്കുന്ന സാംസ്കാരിക ജീർണ്ണതയെ കുറിച്ചു കുട്ടികളെ ബോധവാൻമാരാക്കുക. ശാസ്ത്രീയ ലൈംഗിക വിദ്യാഭ്യാസം ഏർപ്പെടുത്തുക

42. ഉന്നത നിലവാരം പുലർത്തുന്നവയും സാമൂഹ്യ പ്രതിബദ്ധതയും സാമാന്യ ബോധമുളവാക്കുന്നവയുമായ പ്രസിദ്ധീകരണങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കാൻ സ്കൂൾ അധികൃതരും രക്ഷിതാക്കളും ശ്രദ്ധിക്കുക.

43. അദ്ധ്വാനത്തിന്റെ മഹിമയും, ഏതു ജോലിക്കും അതിന്റേതായ മാന്യതയും ഉണ്ടെന്നു ബോധ്യപ്പെടുത്തി കുട്ടികളെ ഇന്ന് ഗ്രസിച്ചിരിക്കുന്ന നിസ്സംഗതയും അലസതയും അകറ്റി നാടിന്റെ യഥാർത്ഥ ശക്തി സ്രോതസ്സുകളാക്കി. അവരെ മാറ്റാനാവശ്യമായ സംവിധാനങ്ങളുണ്ടാക്കാം. കൂട്ടായ ചർച്ചകൾ സംഘടിപ്പിച്ച് ക്രിയാത്മക നടപടികൾ എടുക്കുകയും ചെയ്യുക.

44. സ്കൂൾ, വാർഡ്, പഞ്ചായത്തു തലങ്ങളിൽ വിദ്യാഭ്യാസ ഉപദേശക സമിതികൾ താഴെ പറയുന്ന രീതിയിൽ രൂപീകരിക്കുക.

എ. സ്കൂൾ തല സമിതി

ചെയർമാൻ: പിടി.എ പ്രസിഡൻറ്
കൺവീനർ:ഹെഡ്മാസ്റ്റർ
അംഗങ്ങൾ:

1. സ്റ്റാഫ് സെക്രട്ടറി
2. സീനിയർ അദ്ധ്യാപകൻ
3. മാതൃസമിതി പ്രസിഡൻറ്
4. കായികാദ്ധ്യാപകൻ.

ബി. വാർഡുതല സമിതി:

കൺവീനർ: ഹെഡ്മാസ്റ്റർ
അംഗങ്ങൾ:

1. പി.ടി.എ. പ്രസിഡൻറുമാർ
2. ഹെഡ്മാസ്റ്റർമാർ
3. മാതൃസമിതി പ്രസിഡൻറുമാർ
4. അദ്ധ്യാപക പ്രതിനിധികൾ (ഒരു സ്കൂളിൽ നിന്ന് ഒന്നു വീതം)
5. വിദ്യാർത്ഥി പ്രതിനിധി (ഹൈസ്കൂളുണ്ടെങ്കിൽ)

സി. പഞ്ചായത്തു തല സമിതി.

ചെയർമാൻ:-ഗ്രാമ പഞ്ചായത്തു പ്രസിഡൻറ്
കൺവീനർ:- ലീഡ് സ്കൂൾ ഹെഡ്മാസ്റ്റർ
അംഗങ്ങൾ:

1. സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ
2. പഞ്ചായത്തു മെമ്പർമാരുടെ പ്രതിനിധി.
3. അദ്ധ്യാപക പ്രതിനിധി-1
4. പി.ടി.എ. പ്രസി:മാരുടെ പ്രതിനിധി:1
5. മാതൃസമിതി പ്രസിഡൻറ് പ്രതിനിധി:1
6. വാർഡുപദേശക സമിതി പ്രതിനിധി: 1

വിദ്യാഭ്യാസ മേഖലക്കുവേണ്ടി നമ്മുടെ പഞ്ചായത്തിൽ വരുന്ന വരവിന്റെയും ചിലവിന്റെയും ഒരേകദേശ ചിത്രം പട്ടിക നോക്കിയാൽ കാണാം. ഇതിനനുസൃതമായ ഗുണനിലവാരം വിദ്യാഭ്യാസ രംഗത്ത് പഞ്ചായത്തിൽ പ്രതിഫലിക്കുന്നില്ല. വിദ്യാർത്ഥികളും അദ്ധ്യാപകരും രക്ഷിതാക്കളും മറ്റു പൊതു പ്രവർത്തകരും ഒന്നിച്ചിരുന്ന് ഈദൃശ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പരിഹാര നിർദേശങ്ങൾ കണ്ടെത്തി പ്രായോഗിക ബുദ്ധിയോടും അർപ്പണ മനോഭാവത്തോടും പ്രവർത്തിച്ചാൽ മാത്രമെ ഈ രംഗത്ത് നമ്മുടെ ഭാവി ശോഭനമാവൂ.

### പഠന നിലവാര പട്ടിക - മാർക്കുവിവരം

| ക്ലാസ് | ആകെ കുട്ടികൾ | 30%നു താഴെ | 30-40% വരെ | 40-50%വരെ | 50-60% വരെ | 60%മുകളിൽ |
|---|---|---|---|---|---|---|
| 3 | 650 | 97 | 141 | 131 | 132 | 149 |
| 4 | 730 | 116 | 145 | 146 | 149 | 174 |
| 5 | 594 | 255 | 134 | 113 | 44 | 48 |
| 6 | 614 | 342 | 97 | 103 | 37 | 35 |
| 7 | 650 | 308 | 133 | 123 | 51 | 35 |
| 8 | 498 | 418 | 43 | 20 | 12 | 5 |
| 9 | 445 | 366 | 44 | 18 | 12 | 5 |
| 10 | 339 | 262 | 30 | 30 | 7 | 10 |

### പട്ടിക - എൽ.പി, യുപി,എച്ച്.എസ് വിഭാഗങ്ങളിലെ കുട്ടികളുടെ വിവരം

| എൽ.പി | | | യു.പി | | | എച്ച്.എസ് | | |
|---|---|---|---|---|---|---|---|---|
| ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| 1,444 | 1,294 | 47.26 | 965 | 904 | 48.62 | 660 | 631 | 48.88 |

ആകെ =5898

% =47.97

### പട്ടിക 1സി പട്ടിക ജാതി -പട്ടിക വർഗ്ഗ വിദ്യാർത്ഥികളെ സംബന്ധിച്ച വിവരങ്ങൾ

| എൽ.പി | | | യു.പി | | | എച്ച്.എസ് | | |
|---|---|---|---|---|---|---|---|---|
| ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 2,738 | 332 | 12.13 | 1859 | 253 | 13.6 | 1291 | 120 | 9.3 |

ആകെ 11.95%

# വരവ്

| നമ്പർ | സ്കൂൾ | സർക്കാർ | ആകെ | ഫീസ് | പി.ടിഎ | ആകെ |
|---|---|---|---|---|---|---|
| 1 | ജി.വിഎച്ച്,എസ്എസ്, മമ്പാട് | 20,27,187 | 20,27,187 | 16,654 | 21500 | 20,65,341 |
| 2. | ജി.യുപി.എസ് കാട്ടുമണ്ട | 665600 | 665600 | 3400 | 5000 | 67400 |
| 3. | എ.എം.യു.പിഎസ് മമ്പാട് | 1979640 | 19,97,640 | 7494 | 5300 | 19,92434 |
| 4. | എ.എം.യു.പി എസ് വടപുരം | 5,75,857 | 575857 | 2488 | 1400 | 5,79,745 |
| 5. | ജി.എം.എൽ.പി.എസ്മമ്പാട് | 5,10,442 | 5,10,442 | - | -580 | 5,11,022 |
| 6. | ജി.എം.എൽ.എസ് വടപുരം | 5,77,413 | 5,77,413 | - | 5000 | 5,82,413 |
| 7 | ജിഎംഎൽ,പിഎസ് കാട്ടുമുണ്ട ഈസ്റ്റ് | 3,58,374 | 3,58,374 | - | 6680 | 3,59,054 |
| 8. | ജി.എം.എൽ. പി.എസ്, കാട്ടമുണ്ട വെസ്റ്റ് | 3,00,284 | 3,00284 | - | 5000 | 3,05,254 |
| 9. | ജിഎം.എൽ.പിഎസ് മേപ്പാടം | 2,87,034 | 2,87,034 | - | 2000 | 2,89,024 |
| 10 | ജിഎം.എൽ.പിഎസ്പുള്ളിപ്പാടം | 3,60,365 | 3,60,365 | - | 6000 | 3,66,365 |
| 11 | ജി.എം.എൽ.പി.എസ് നടുവക്കാട് | 2,43,391 | 2,43,391 | | 2000 | 2,45,391 |
| 12. | എ.എം.എൽ.പി.എസ് പുല്ലോട് | 3,68,402 | 3,68,402 | - | 2800 | 3,71,202 |
| 13 | എ.എം.എൽ.പി.എസ് ഓടിയക്കൽ | 2,64,571 | 2,64,571 | | 750 | 2,65,321 |
| 14 | എ.കെ.എം. എൽ.പി.എസ് പൊങ്ങൂർ | 6,46,895 | 6,46,895 | | 2330 | 6,49,226 |
| | | 91,65,445 | 30,036 | | 60,340 | 92,55,821 |

# ചിലവ്

| നമ്പർ | സ്കൂൾ | കെട്ടിടപണി | ഉപകരണം | രാസവസ്തു | സ്പോർട്സ | കലാ വിനോദം | ലൈബ്രറി | ഉച്ചക്കഞ്ഞി | മറ്റിനങ്ങൾ | ആകെ |
|---|---|---|---|---|---|---|---|---|---|---|
| 1 | ജി.വിഎച്ച്,എസ്എസ്, മമ്പാട് | 25000 | 15000 | 5660 | 4082 | 11137 | 2275 | - | 2002187 | 2065741 |
| 2. | ജി.യുപി.എസ് കാട്ടുമുണ്ട | 20,000 | 5000 | 1462 | 1054 | 366 | 578 | 145600 | 500000 | 674000 |
| 3. | എ.എം.യു.പിഎസ് മമ്പാട് | - | - | - | 300 | 280 | - | 57680 | 452762 | 5,11,020 |
| 4. | എ.എം.യു.പി എസ് വടപുരം | 871 | 529 | 880 | 1075 | 195 | 338 | 75320 | 500537 | 579745 |
| 5. | ജി.എം.എൽ.പി.എസ്മമ്പാട് | 2500 | 2800 | 2384 | 1720 | 2450 | 940 | 364000 | 1615640 | 1992434 |
| 6. | ജി.എം.എൽ.എസ് വടപുരം | - | 2000 | 1000 | 1000 | 1000 | - | 72800 | 504613 | 582413 |
| 7. | ജിഎംഎൽ.പിഎസ് കാട്ടുമുണ്ട ഈസ്റ്റ് | - | - | - | 380 | 300 | - | 84920 | 263454 | 359054 |
| 8. | ജി.എം.എൽ. പി.എസ്, കാട്ടുമുണ്ട വെസ്റ്റ് | - | 5000 | - | | | | 64400 | 235884 | 305284 |
| 9. | ജിഎം.എൽ.പിഎസ് മേപ്പാടം | - | 1000 | 500 | 250 | 250 | - | 51800 | 235224 | 289024 |
| 10 | ജിഎം.എൽ.പിഎസ്പുള്ളിപ്പാടം | 2500 | 1000 | 1500 | 500 | 500 | - | 64960 | 295405 | 366365 |
| 11 | ജി.എം.എൽ.പി.എസ് നടുവക്കാട് | 1000 | 250 | - | 400 | 350 | - | 63,840 | 1,79,551 | 245,391 |
| 12. | എ.എം.എൽ.പി.എസ് പുല്ലോട് | 1537 | - | - | 1000 | 1800 | - | 57960 | 308905 | 371202 |
| 13 | എ.എം.എൽ.പി.എസ് ഓടിയക്കൽ | 530 | - | 250 | 250 | 250 | - | 53480 | 210561 | 265321 |
| 14 | എ.കെ.എം. എൽ.പി.എസ് പെങ്ങല്ലൂർ | 750 | 480 | 600 | 250 | 250 | - | 99,120 | 547,775 | 6,49,225 |
| ആകെ | | 54688 | 33059 | 14236 | 12261 | 19068 | 4131 | 1265850 | 78524981 | 9255821 |

പട്ടിക 1 - സാമ്പത്തികാനുകൂല്യങ്ങൾ ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

| നമ്പർ | സ്കൂൾ | മെറിറ്റ്സ്കോളർ ഷിപ്പുകൾ | ലംപ്സം ഗ്രാൻറ് | മുസ്ലീം പെൺ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | വികലാംഗ സ്കോളർഷിപ്പ് | ജവാൻമാരുടെ മക്കൾക്കുള്ള ആനുകൂല്യം |
|---|---|---|---|---|---|---|
| 1 | ജി.വിഎച്ച്,എസ്എസ്, മമ്പാട് | 6 | 113 | 481 | 8 | - |
| 2. | ജി.യുപി.എസ് കാട്ടുമണ്ട | 6 | 92 | 112 | - | - |
| 3. | എ.എം.യു.പിഎസ് മമ്പാട് | - | 159 | 58 | 11 | - |
| 4. | എ.എം.യു.പി എസ് വടപുരം | - | 18 | 83 | 3 | 2 |
| 5. | ജി.എം.എൽ.പി.എസ്മമ്പാട് | - | 12 | - | - | - |
| 6. | ജി.എം.എൽ.എസ് വടപുരം | - | 21 | - | 2 | - |
| 7 | ജിഎംഎൽ.പിഎസ് കാട്ടുമുണ്ട ഈസ്റ്റ് | - | 28 | - | - | - |
| 8. | ജി.എം.എൽ. പി.എസ്, കാട്ടമുണ്ട വെസ്റ്റ് | - | 54 | - | - | - |
| 9. | ജിഎം.എൽ.പിഎസ് മേപ്പാടം | - | 39 | - | - | |
| 10 | ജിഎം.എൽ.പിഎസ്പുള്ളിപ്പാടം | - | 82 | - | - | - |
| 11 | ജി.എം.എൽ.പി.എസ് നടുവക്കാട് | - | 26 | - | - | - |
| 12. | എ.എം.എൽ.പി.എസ് പുല്ലോട് | - | 46 | - | - | - |
| 13 | എ.എം.എൽ.പി.എസ് ഓടിയക്കൽ | - | 10 | - | - | - |
| 14 | എ.കെ.എം. എൽ.പി.എസ് പൊങ്ങല്ലൂർ | - | 3 | - | - | - |

## പട്ടിക 1-എ വിദ്യാർത്ഥികൾ അധ്യാപകർ -സ്ഥല സൗകര്യങ്ങൾ

| നമ്പർ | സ്കൂൾ | മനേജ്മെൻറ് | ആൺ | പെൺ | ആകെ | അനുവദിച്ച പോസ്റ്റുകൾ | നിലവിലുള്ളവർ | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവി ലുള്ളവർ | സ്കൂൾ വിസ്തീ | ഒഴിഞ്ഞ സ്ഥല വിസ്തീ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | ജി.വിഎച്ച്,എസ്എസ്, മമ്പാട് | ഗവ | 660 | 631 | 1231 | 44 | 39 | 5 | - | - | - |
| 2. | ജി.യുപി.എസ് കാട്ടുമണ്ട | ഗവ | 261 | 259 | 520 | 12 | 11 | - | 1 | 2.07 | 1.5 |
| 3. | എ.എം.യു.പിഎസ് മമ്പാട് | എയിഡഡ് | 677 | 623. | 1300 | 42 | 42 | - | - | 3ഏക്കർ | .5 |
| 4. | എ.എം.യു.പി എസ് വടപുറം | എയിഡഡ് | 130 | 139 | 269 | 11 | 11 | - | - | 2 ഏക്കർ | .5 |
| 5. | ജി.എം.എൽ.പി.എസ്മമ്പാട് | ഗവ | 178 | 113 | 291 | 11 | 11 | - | - | .0.56 | 0.25 |
| 6. | ജി.എം.എൽ..പിഎസ് വടപുറം | ഗവ | 142 | 118 | 260 | 8 | 8 | - | - | 0.15 | - |
| 7 | ജിഎംഎൽ.പിഎസ് കാട്ടുമുണ്ട ഈസ്റ്റ് | ഗവ | 174 | 166 | 340 | 8 | 8 | - | - | 1.46 | 0.15 |
| 8. | ജി.എം.എൽ. പി.എസ്, കാട്ടമുണ്ട വെസ്റ്റ് | ഗവ | 132 | 98 | 230 | 6 | 6 | - | - | .01 | - |
| 9. | ജിഎം.എൽ.പിഎസ് മേപ്പാടം | ഗവ | 97 | 88 | 185 | 5 | 5 | - | - | - | - |
| 10 | ജിഎം.എൽ.പിഎസ്പുള്ളിപ്പാടം | ഗവ | 115 | 117 | 232 | 6 | 5 | 1 | - | 1 ഏക്കർ | 0.5 |
| 11 | ജി.എം.എൽ.പി.എസ് നടുവക്കാട് | ഗവ | 123 | 105 | 228 | 5 | 5 | - | - | 0.08 | - |
| 12. | എ.എം.എൽ.പി.എസ് പുല്ലോട് | എയിഡഡ് | 99 | 108 | 207 | 6 | 6 | - | - | 1 | 0.5 |
| 13 | എ.എം.എൽ.പി.എസ് ഓടിയക്കൽ | എയിഡഡ് | 101 | 90 | 191 | 7 | 7 | - | - | 1.5 | 0.5 |
| 14 | എ.കെ.എം. എൽ.പി.എസ് പെങ്ങല്ലൂർ | എയിഡഡ് | 180 | 174 | 354 | 12 | 12 | - | - | 2 | 1.5 |
| ആകെ | | | 3060 | 2,825 | 5,859 | 153 | 176 | 6 | 1 | | |

പട്ടിക -സ്കൂളിലെ ഭൗതിക സൗകര്യങ്ങൾ

| | | കെട്ടിടം | | | മുറികൾ | | | | മൂത്രപ്പുര | | | കക്കൂസ് | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ഡിവിഷൻ എണ്ണം | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | ആവശ്യമുള്ള മുറികൾ | നിലവിലുള്ളവ | ഒരേ സമയം ഉപയോഗം | ഇനി വേണ്ട എണ്ണം | നിലവിലുള്ളവ | ഉപയോഗശൂന്യം | കുടിവെള്ളം | വൈദ്യുതി | പാചകപ്പുര | ക്ലാസ് റൂം | ഫർണ്ണിച്ചർ | ഡസ്ക് | ബെഞ്ച് | മേശ |
| 1 ജി.വിഎച്ച് എസ്എസ്, ഒമ്പാട് | 25 | 4 | - | - | 4 | - | - | 7 | 3 | 10 | - | 3 | 1 | പൈപ്പ് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | 25 | 25 | 10 |
| 2. ജി.യു.പി.എസ് കാട്ടുമുണ്ട | 9 | 1 | - | 2 | 3 | - | 7 | 11 | 1 | 1 | 1 | - | - | പൈപ്പ് ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | 90 | 90 | 10 | 10 |
| 3. എ.എം.യു.പി.എസ് ഒമ്പാട് | 32 | 6 | 1 | - | 22 | 10 | - | - | 2 | 5 | 1 | 1 | - | പൈപ്പ് ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | 130 | - | 5 | 5 |
| 4. എ.എം.യു.പി.എസ് വടപുറം | 7 | 1 | - | - | 9 | - | - | - | 1 | 2 | 1 | 1 | - | കിണർ | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | 10 | 10 | 2 |
| 5. ജി.എം.എൽ.പി.എസ് ഒമ്പാട് | 9 | 3 | - | 1 | 9 | - | - | - | 1 | 5 | 1 | 1 | - | പൈപ്പ് ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | - | 15 | 6 | 6 |
| 6. ജി.എം.എൽ.പി.എസ് വടപുറം | 7 | 1 | - | - | 4 | - | - | 4 | 1 | 5 | 1 | 1 | - | പൈപ്പ് ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | - | 20 | 7 | 1 |
| 7 ജി.എം.എൽ.പി.എസ് (കാട്ടുമുണ്ട ഈസ്റ്റ്) | 7 | 1 | - | - | 1 | - | - | 7 | 1 | 5 | 1 | - | - | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | - | 50 | 2 |
| 8. ജി.എം.എൽ.പി.എസ്, (കാട്ടുമുണ്ട വെസ്റ്റ്) | 5 | - | - | - | - | - | - | 5 | - | - | - | - | - | - | - | - | - | ഇല്ല | - | 50 | 2 |
| 9. ജി.എം.എൽ.പി.എസ മേപ്പാടം | 4 | - | - | - | - | - | - | 4 | ഇല്ല | - | - | - | - | - | - | - | - | ഇല്ല | - | 15 | - |
| 10 ജി.എം.എൽ.പി.എസ് പുള്ളിപ്പാടം | 8 | 1 | - | - | 8 | - | - | 4 | 1 | 4 | 1 | - | - | കിണർ | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | - | 50 | 6 |
| 11 ജി.എം.എൽ.പി.എസ് നടുവക്കാട് | 4 | 1 | - | - | 2 | - | - | 2 | ഇല്ല | - | 2 | ഇല്ല | - | പൈപ്പ് ഇല്ല | ഇല്ല | ഇല്ല | ഇല്ല | - | 10 | 4 | 4 |
| 12. എ.എം.എൽ.പി.എസ് പുള്ളോട് | 6 | 1 | - | - | 7 | - | - | - | 2 | 5 | - | - | - | കിണർ | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | - | - | 3 |
| 13 എ.എം.എൽ.പി.എസ് ഓടിയക്കൽ | 6 | 1 | 1 | - | 5 | 2 | - | - | 1 | 4 | 1 | 1 | - | കിണർ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | - | 10 | - |
| 14 എ.കെ.എം. എൽ.പി.എസ് പെങ്ങല്ലൂർ | 11 | 1 | 1 | - | 7 | 4 | - | - | 2 | 5 | 1 | 1 | - | കിണർ | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | 25 | 10 | 2 |

# പൊതുജനാരോഗ്യം - കുടിവെള്ളം



ആരോഗ്യ രംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങൾ വികസിത രാജ്യങ്ങളോട് കിടപിടക്കത്തക്കതാണ്. പരക്കെ പ്രശംസിക്കപ്പെട്ടതുമാണ്. കുടംബക്ഷേമം മാതൃശീശു സംരക്ഷണം, ജനനമരണ നിരക്കുകുറക്കൽ പകർച്ച വ്യാധീകൾ നിയന്ത്രിക്കൽ എന്നീ കാര്യങ്ങളിൽ നമ്മുടെ കൊച്ചു സംസ്ഥാനം വളരെയേറെ മികവു പുലർത്തിയിട്ടുണ്ട്. ആരോഗ്യ രംഗത്ത് ശക്തമായ ഒരു സേവനസംവിധാനമാണ് കേരളത്തിനുള്ളത്.

എന്നാൽ ഇതിന്റെ കാര്യക്ഷമതക്കുറവ് ഒരു ചോദ്യചിഹ്നമാണ്. സമ്പൂർണ്ണ സേവനരംഗമായ പൊതുജനാരോഗ്യ സംവിധാനങ്ങൾ ജനസംഖ്യ വർദ്ധനവിന്റെയും രോഗാതുരതയുടേയും അടിസ്ഥാനത്തിൽ വിപുലപ്പെടുന്നില്ല. ആശുപത്രികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത ഗ്രമങ്ങൾ നിരവധിയുണ്ട്. ഉള്ള കെട്ടിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളുമില്ല. അവശ്യ മരുന്നുകളടെ ദുർലഭ്യം, ഡോക്ടർമാരുടേയും പാരാമെഡിക്കൽ ജീവനക്കാരുടേയും കുറവ്. നിലവിലുള്ള ജീവനക്കാരുടെ നിഷ്ക്രിയത തുടങ്ങിയ പ്രശ്നങ്ങൾ പൊതുജനാരോഗ്യ സംവിധാനത്തെ ദുർബലപ്പെടുത്തുന്നു.

ഈ പോരായ്മയെ മുതലെടുത്തുകൊണ്ടാണ് സ്വകാര്യ സ്ഥാപനങ്ങളുടെ കടന്നുകയറ്റം. ഇതോടു കൂടി ഗ്രാമീണ ജനത പൊതുജനാരോഗ്യ വ്യവസ്ഥയിൽ നിന്ന് അകലുകയും കാര്യക്ഷമത കൂടിയ സ്വകാര്യ ആശുപത്രികളിലേക്ക് ആകർഷിക്കപ്പെടുകയും ചെയ്തുതുടങ്ങി. തൻനിമിത്തം ഉയർന്ന സാമ്പത്തിക ശ്രേണിയിലുള്ളവർക്കു മാത്രമേ ആരോഗ്യ രക്ഷാസേവനങ്ങൾക്ക് അർഹതയുള്ളൂ എന്ന സ്ഥിതവിശേഷം വന്നിരിക്കുന്നു

നമ്മുടെ പഞ്ചായത്തിന്റെ സ്ഥിതിയും വിഭിന്നമല്ല. കേരളം ആരോഗ്യ രംഗത്ത് കൈവരിച്ച നേട്ടങ്ങൾക്ക് കാര്യമായ ഒന്നും സംഭാവന നൽകിയട്ടില്ലാത്ത മലപ്പുറം ജില്ലയുടെ ഒരു പരിഛേദമാണ് ഈ ഗ്രാമം. ഗ്രമസഭാറിപ്പോർട്ടുകളുടെ വെളിച്ചത്തിൽ മമ്പാട് പഞ്ചായത്തിലെ ആരോഗ്യ രക്ഷാ സംവിധാനങ്ങൾ തീർത്തും അപര്യപ്തമാണെന്ന്കാണാൻ കഴിയും.

ആരോഗ്യരംഗത്ത് ആധുനിക ചികിൽസാ സൗകര്യങ്ങൾ വരുന്നതിനുമുമ്പ് നമ്മുടെ പഞ്ചായത്തിൽ പാരമ്പര്യ വൈദ്യൻമാരാണ് ഈ രംഗം കൈയട

ക്കിയിരുന്നത്. കൂടാതെ ചരടുജപിക്കുന്നവരും മഷിയിട്ടുനോക്കി രോഗനിർണ്ണയം നടത്തുന്നവരും ജനങ്ങളുടെ അന്ധവിശ്വാസത്തെ ചൂഷണം ചെയ്തു പോന്നിരുന്നു ഇന്ന് ഏറെക്കുറെ ഈ അന്ധ വിശ്വാസങ്ങൾക്ക് അറുതി വന്നിട്ടുണ്ട്.

1972ലാണ് മമ്പാട് പഞ്ചായത്തിൽ ഒരു പ്രഥമിക ആരോഗ്യ കേന്ദ്രം സ്ഥാപിതതമാകുന്നത്.ഇന്ന് ഈ ആരോഗ്യ കേന്ദ്രത്തിനുകീഴിൽ വിവിധ പ്രദേശങ്ങളിലായി 5 ഉപകേന്ദ്രങ്ങൾ നിലവിലുണ്ട്. പുള്ളിപ്പാടം കേന്ദ്രമായി ഒരു ആയുർവേദ ആശുപത്രി സർക്കാർ മേഖലയിൽ സ്ഥാപിച്ചിട്ടുണ്ട്. സ്വകാര്യ മേഖലയിൽ ആശു പത്രികളോ ക്ളിനിക്കുകളോ ഈ പഞ്ചായത്തിൽ നിലവിലില്ല. ഇത്രയുമാണ് നമ്മുടെ ആരോഗ്യ സംവിധാനങ്ങൾ.

മമ്പാട് പഞ്ചായത്തിലെ പൊതുജനാരോഗ്യ സ്ഥിതിയിൽ കാര്യമായ പുരോഗതി വരുത്തുന്നതിൽ നിലവിലുള്ള ആരോഗ്യ സ്ഥാപങ്ങൾക്ക് കഴിഞ്ഞിട്ടില്ല എന്നാണ് സ്ഥിതിവിവര കണക്കുകൾ കാണിക്കുന്നത്. കഴിഞ്ഞ ഏതാനും വർഷങ്ങളിൽ ഈ പഞ്ചായത്തിൽ ഉണ്ടായിട്ടുള്ള രോഗവിവരങ്ങളെ താഴെ പട്ടികയിൽ കാണുന്ന വിധത്തിൽ തരം തിരിച്ചിരിക്കുന്നു

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|
| 92-93 | 654 | 109 | 1906 |
| 93-64 | 1807 | 4201 | 3461 |
| 94-95 | 1924 | 1036 | 579 |
| 95-96 | 1259 | 1033 | 612 |

കാലവർഷം കൂടുമ്പോഴും കുടിവെള്ളത്തിന് ദൗർലഭ്യം നേരിടുന്ന വരൾച്ചാ സമയങ്ങളിലും വയറിളക്കം ടൈഫോയിഡ് തുടങ്ങിയ ജലജന്യ രോഗങ്ങൾ ചെറിയ തോതിൽ പടർന്നു പിടിക്കാറുണ്ട്. ഇതിനു പുറമേ ആദിവാസി മേഖലയിൽ അപൂർവ്വമായി കുഷ്ഠ രോഗികളും, ടിബി. രോഗികളും ഉണ്ട്.

ചില പ്രത്യേക കാലയളവുകളിൽ കേരളത്തിൽ പടർന്നു പിടിച്ചിരുന്ന പേ്ളഗ്, എലിപ്പനി, മഞ്ഞപ്പനി മുതലായ രോഗങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല.

പരിസര മലിനീകരണം, കക്കൂസില്ലാത്ത വീടുകളുടെ എണ്ണപ്പെരുപ്പം അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള കുടിയേറ്റം എന്നിവകൊണ്ട് പകർച്ച വ്യാധികളുടെ വ്യാപനഭീഷണി രൂക്ഷതരമാണ്

രോഗ പ്രതിരോധ വാക്സിനുകൾ കുട്ടികൾക്ക് യഥാസമയം നൽകുന്നതിനുള്ള വിമുഖതയും അജ്ഞതയും ഒരളവോളം പൊതുജനാരോഗ്യ സേവനങ്ങൾ വ്യഥാവിലാക്കുന്നുണ്ട്.രോഗ പ്രതിരോരംഗത്തും ആരോഗ്യപരിപാരലന രംഗത്തുംസമ്പൂർണ്ണ പുരോഗ... കൈ വരിക്കുന്നതിന് നമ്മുടെ ഗ്രാമ സഭകൾ ഉയർത്ത... ക്കൊണ്ടു വന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും സഹാ... കരമായിരിക്കും.

## സ്ഥാപനങ്ങളും പ്രവർത്തനങ്ങളും :

മമ്പാട് പഞ്ചായത്തിലെ പൊതു ആരോഗ്യ സ്ഥാ... നങ്ങൾ താഴെ പറയുന്നവയാണ്.

1. പ്രാഥമികാരോഗ്യ കേന്ദ്രം : ഒന്ന്
2. ഐ.പി.പി. ഉപകേന്ദ്രങ്ങൾ: 5
3. ആയുർവ്വേദ ആശുപത്രി: 1

പ്രാഥമികാരോഗ്യ കേന്ദ്രത്തിൻെറ പ്രവർത്തനങ്ങ... ദുർബ്ബലമാണ്. ഒരു ഡോക്ടർ മാത്രമാണ് നിലവിലുള്ള... ഈ ഡോക്ടർ ലീവിൽ പ്രവേശിക്കുമ്പോഴും മറ്റു... പകരം സംവിധാനമില്ലാത്തതിനാൽ രോഗികൾ വള... ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. പഞ്ചായത്തി... ജനസംഖ്യയുടേയും രോഗികളുടേയും തോത് അനു... സരിച്ച് രോഗികളെ അഡ്മിറ്റ് ചെയ്ത് ചികി... സിക്കാനുള്ള സൗകര്യം ഉണ്ടാകേണ്ടതാണ്. പി.എച്ച്... സി. യിൽ പത്ത് കിടക്കകളുള്ള സംവിധാനംപ്രസവ... നന്തര ശസ്ത്രക്രിയ ചെയ്യുന്നവർക്കായി ഐ.പി..പി... സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഗൈനക്കോളജിസ്റ്റ് ഇല്ലാത്ത... കാരണം മുടങ്ങി കിടക്കുകയാണ്.

അരോഗ്യരംഗത്ത് ബോധവൽക്കരണമാവശ്യമാ... മേഖലകൾ

ഈ നൂറ്റാണ്ടിലെ ഏറ്റവും മാരകമായ രോഗമെന്ന... നിലക്ക് ലോകത്തിനു തന്നെ ഭീഷണിയായി തീർന്നി... ട്ടുള്ള എയ്ഡ്സ് രോഗത്തിന് ഇരയായിട്ടുള്ളവർ ഈ... ഗ്രാമത്തിനും സമീപ പ്രദേശങ്ങളിലും നിലവിലില്ല... എങ്കിലും ഈ രോഗത്തിൻെറ ഹേതുവായ എച്ച്.ഐ... വി. വൈറസുകൾ നമ്മുടെ പഞ്ചായത്തിൻെറ പിഞ്ചു... ശരീരങ്ങളിൽ പോലും കടന്നുവരാനുള്ള സാധ്യത... കളും സാഹചര്യങ്ങളും ഏറെയുണ്ട്.

സമീപകാലത്ത് നമ്മുടെ പഞ്ചായത്തിൽ നിന്നു... ഗൾഫിലേക്കുള്ള ആൾക്കാരുടെ പ്രവാഹത്തിനിട... യിൽ ഇടത്താവളമായ ബോംബെ നഗരം ഇന്ത്യയിലെ... ഏറ്റവുമധികം എയ്ഡ്സ് രോഗമുള്ള സ്ഥലമായതി... നാൽ സ്വാഭാവികമായും ഈ രോഗം നമ്മുടെ ഗ്രാമത്തി... ലേക്കും എത്തിപ്പെടാനുള്ള സാധ്യത അവഗണി... ക്കപ്പെട്ടുകൂടാ. അതുകൊണ്ടു തന്നെ ശാസ്ത്രീയമായ... ലൈംഗിക വിദ്യാഭ്യാസവും,ജീവിതത്തിൽ പാലിക്ക... പ്പെടേണ്ട അച്ചടക്കവും ഒരാൾക്ക് ഒരു ജീവിത പങ്കാളി... എന്ന തത്വത്തിൻെറ വിശാലമായ അർത്ഥം ഗ്രഹിപ്പി... ക്കാൻ സുസാധ്യമാക്കുന്നതരത്തിലുള്ള ബോധവ... ൽക്കരണം അനിവാര്യമാണ്.

ഏറ്റവും കുറഞ്ഞത് ഒരു ഡസനിലേറെപ്പേർ ഈ പ്രദേശത്ത് മാരകമായ കാൻസർ രോഗത്തിൻെ പിടിയിലാണ്. യഥാർത്ഥരോഗ കാരണവും പ്രതിവിധിയും കണ്ടെത്താൻ മെഡിക്കൽ സയൻസ് ഇന്നും പരാജയപ്പെട്ടു നിൽക്കെ, അനാരോഗ്യ ശീലങ്ങളായ പുകവലി, മദ്യപാനം വെറ്റിലമുറുക്കൽ തുടങ്ങിയവയിൽ നിന്ന് മുക്തി നേടാനെങ്കിലും നമുക്ക് കഴിയണം.

ഈ ഗ്രാമ പഞ്ചായത്തിൽ ദരിദ്ര ജനവിഭാഗങ്ങൾക്കിടയിൽ സാർവ്വത്രികമായ വിളർച്ചയും പോഷകക്കുറവുമൂലവും ഉണ്ടാകുന്ന മറ്റ് രോഗങ്ങളും ഗൗരവതരമായ ചർച്ചക്ൾ ക്ക് വിധേയമാക്കേണ്ടതുണ്ട്. തീൻമേശയിലെ മുന്തിയ വിഭവം മാംസം ആണെന്ന തെറ്റായ ധാരണയും , പച്ചില പച്ചക്കറികളോടുള്ള അവഗണനയും ഒഴിവാക്കിയേ തീരൂ. ഇലകളും പച്ചക്കറികളും പയർ തുടങ്ങിയവയും ആരോഗ്യകരമായ ഭക്ഷണക്രമത്തിൻെറ അവിഭാജ്യ ഘടകങ്ങളാണെന്ന അറിവും ബോധവും ഉണ്ടാക്കാനാവശ്യമായ ഒരു കാമ്പയിൻ നടത്തപ്പെടുമ്പോൾ സ്വാഭാവികമായും ഒരു അടുക്കളത്തോട്ടത്തിൻെറ പ്രസക്തിയും പ്രാധാന്യവും സാധരണക്കാർ കാണാതെ പോവില്ല..

അംഗണവാടികളിലൂടെ പ്രീ-പ്രൈമറി വിദ്യാർത്ഥികൾക്ക് നൽകിക്കൊണ്ടിരിക്കുന്ന ഫീഡിംഗ്, ഹെൽത്ത് സെൻെററുകളിലൂടെ ഗർഭിണികൾക്കും കുട്ടികൾക്കും കൊടുക്കുന്ന ഫോളിക് ആസിഡ് ഗുളികകളും വിറ്റാമിൻ സൊലൂഷനുകളും എല്ലാവരും പ്രയോജനപ്പെടുത്തുന്നു എന്ന് ഉറപ്പുവരുത്തണം.

പോഷകമൂല്ല്യങ്ങളെ കുറിച്ചുള്ള ശരിയായ അറിവ് ലഭിക്കുന്നതിനുവേണ്ടി അമ്മമാർക്കിടയിൽ ചർച്ചാ ക്ലാസുകൾ സംഘടിപ്പിക്കുന്നതിന് ആരോഗ്യ വകുപ്പിലെ ഫീൽഡ് ജീവനക്കാരുടെ നേതൃത്വത്തിൽ ഉള്ള പ്രോഗ്രാമുകൾ വ്യാപകമായി സംഘടിപ്പിക്കേണ്ടതുണ്ട്.

നമ്മുടെ കലണ്ടറിൽ ഒരു സീസൺ തന്നെ അടയാളപ്പെടുത്താൻ മാത്രം വ്യാപകമായിരിക്കുന്നു കുട്ടികളുടെ വയറിളക്കം. ഈ രോഗത്തിന് ഏറ്റവും ഫലപ്രദമായ ഒ.ആർ.എസ് ലായനിയെ കുറിച്ചും, വീട്ടിൽ തന്നെ ലഭ്യമായ മറ്റു പാനീയങ്ങളെ കുറിച്ചും ഭൂരിപക്ഷം പേരെ ബോധ്യപ്പെടുത്താൻ ഉതകുമാറുള്ള സെമിനാറുകളോ പരിപാടികളോ സംഘടിപ്പിക്കാൻ നാം പരാജയപ്പെട്ടാൽ നമ്മുടെ പഞ്ചായത്തിലെ ആരോഗ്യ രംഗത്തെ ആരോഗ്യകരമായ വളർച്ച എന്നും നമുക്ക് അന്യമാവും

ആധുനിക കാലത്തെ തിരക്കുപിടിച്ച ജീവിതവും ഇലക്ട്രോണിക് മാധ്യമങ്ങളുടെ 24 മണിക്കൂർ പരിപാടികളും നമ്മുടെ കുട്ടികളുടെ കളികൾക്കും വ്യായാമത്തിനുമുള്ള സമയം വലിയ തോതിൽ കവർന്നെടുക്കുന്നു എന്ന സത്യം നാം അറിഞ്ഞേ പറ്റൂ. കുട്ടികളുടെ വളർച്ചാ ഘട്ടത്തിൽ സ്വൽപനേരം ഓടിച്ചാടി കളിക്കാനും അൽപം വ്യായാമം നേടാനും അവസരമുണ്ടാക്കി കൊടുക്കേണ്ട ബാധ്യതയിൽ നിന്ന് ഏതു രക്ഷിതാവിനാണ് ഒഴിഞ്ഞു നിൽക്കാൻ കഴിയുക കിഴക്കു വെള്ള കീറുമ്പോൾ മുതൽ ട്യൂഷനും സ്കൂൾ പഠനവും, .വീണ്ടും ട്യൂഷനും പിന്നെ ടി.വി. യും എന്ന ടൈംടേബിൾ മാറ്റിയെടുത്തേ പറ്റു.

## നിർദ്ദേശങ്ങൾ:

* മമ്പാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൻെറ സ്ഥിതി മെച്ചപ്പെടുത്തി അഡ്മിറ്റ്സൗകര്യമുണ്ടാക്കുന്നതിനും മുഴുവൻ സമയ ഡോക്ടർമാരുടെ പ്രത്യേകിച്ചും ലേഡീഡോക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനും രോഗികൾക്ക് അവശ്യ മരുന്നുകൾ നൽകുന്നതിനും സംവിധാനമുണ്ടാക്കുന്നതിന് പ്രത്യേകമായ ഊന്നൽ നൽകേണ്ടതാണ്.

* പി.എച്ച്.സി, യുടെ കീഴിൽ നിലവിലുള്ള ഐ.പി.പി. സെൻെററുകളിൽ ഒരു നേഴ്സിൻെറ സേവനം മാത്രമെ ലഭ്യമാകുന്നുള്ളു. ആഴ്ചയിൽ ഗർഭിണികൾക്കുള്ള ഒരു പരിശോധനാ ക്ളിനിക്കും മാസത്തിലൊരിക്കൽ ഒരു രോഗ പ്രതിരോധ . ക്യാമ്പും മാത്രമാണിവിടെ നടക്കുന്നത്. ആഴ്ചയിലൊരിക്കലെങ്കിലും ഒരു ഡോക്ടറുടെ സേവനം ലഭ്യമാക്കുവാനും അവശ്യ മരുന്നുകൾ വിതരണം ചെയ്യാനും എല്ലാ ഗ്രാമസഭകളും നിർദ്ദേശിച്ചിട്ടുണ്ട്.

* അലോപ്പതി ചികിത്സാരംഗത്തോടൊപ്പം തന്നെ ആയുർവ്വേദം, ഹോമിയോ തുടങ്ങിയ ചികിത്സാ സമ്പ്രദായങ്ങൾ ഫലവത്തായി നടപ്പിലാക്കാൻ കഴിയണം. പ്രകൃതി ചികിത്സാ സമ്പ്രദായങ്ങളും പരീക്ഷിക്കാവുന്നതാണ്.

* പുള്ളിപ്പാടത്ത് നിലവിലുള്ള ആയുർവേദആശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിച്ച് അവിടെ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യവും അവശ്യ മരുന്നകളും ലഭ്യമാക്കണം, ഭൂമിശാസ്ത്രപരമായി ഒറ്റപ്പെട്ടു കിടക്കുന്ന ഈ പ്രദേശത്തെ ഏക ആതുര സേവന സ്ഥാപനമാണിത്.

* വളരെയധികമാളുകൾ തിങ്ങിപ്പാർക്കുന്ന വടപുറം കേന്ദ്രമാക്കി ഒരു ഹോമിയോ ഡിസ്പൻസറി ആരംഭിക്കണം

* പാരമ്പര്യ വൈദ്യ മേഖലയിലെ അറിവുകൾ സംഗ്രഹിക്കുന്നതിനും അവ ആധുനിക ചികിത്സാരംഗത്ത് ഉപയോഗപ്പെടുത്തുന്നതിനും ഈ രംഗത്തുള്ളവരെ ഏകോപിപ്പിക്കാനുമുള്ള ശ്രമം നടത്തണം.

* ആയുർവ്വേദരംഗത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഔഷധ സസ്യങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് പഞ്ചായത്തിൻെറ വിസ്തൃതിയിൽ 1/3 ഭാഗം വരുന്ന വനപ്രദേശത്ത് സ്ഥലം കണ്ടെത്തി ഔഷധ സസ്യകൃഷി പ്രോത്സാഹിപ്പിക്കണം. ഇത് സർക്കാർ ഉടമയിലൊ സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിനു നൽകിയൊ നടത്താവുന്നതാണ്.

* ആരോഗ്യരംഗത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫലപ്രദമായി ഇടപെടാനും നിയന്ത്രിക്കാനും പുതിയ നിയമ നിർമ്മാണങ്ങൾ നടത്തേണ്ടതുണ്ട്.

* മറ്റു മേഖലകളിലെന്ന പോലെ ആരോഗ്യ രംഗത്തും സ്വകാര്യ സ്ഥാപനങ്ങളോടുള്ള അമിത ഭ്രമം മൂലം പൊതു സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും അവയെ പരിപോഷിപ്പിക്കുന്നതിനും ജനങ്ങൾ വിമുഖരാണ്.

ഇതിനു പ്രതിവിധി പൊതുജനാരോഗ്യ സംവിധാനത്തെ ആകർഷകമാക്കുക എന്നുള്ളതാണ് . രോഗചികിത്സക്കാവശ്യമായ സൗകര്യങ്ങളും ഔഷധങ്ങളും ലഭ്യമാക്കുകയും അവ ഉപയോഗിക്കപ്പെടുന്നു എന്ന് ഉറപ്പാക്കുകയും വേണം.

## കക്കൂസും പരിസര ശുചിത്വവും:

പൊതുജനാരോഗ്യത്തിൽ ഏറ്റവും അത്യാവശ്യമായ കുടിവെള്ളത്തോടൊപ്പം തന്നെ പ്രാധാന്യമുള്ളതാണ് കക്കൂസ്. പഞ്ചായത്തിലെ 38% വീടുകളിൽ കക്കൂസില്ല. തുറന്ന സ്ഥലങ്ങളിൽ മലമൂത്ര വസർജ്ജനം ചെയ്യുന്നത് കുടിവെള്ളം, ഭക്ഷണ സാധനങ്ങൾ , തുടങ്ങിയവമലിനപ്പെടാനും വയറിളക്കം ടൈഫോയിഡ് മഞ്ഞപ്പിത്തം, പോളിയോ തുടങ്ങിയ പകർച്ച വ്യാധികളുടെ വ്യാപനത്തിനും കാരണമാവുന്നു.

പഞ്ചായത്തിലെ എല്ലാ ഗ്രാമസഭകളിലും ഇതു സംബന്ധിച്ച സജീവമായ ചർച്ച ഉയർന്നുവന്നിട്ടുണ്ട്. സ്ഥല പരിമിതി , സാമ്പത്തിക പരാധീനത, ആവശ്യകതയെ കുറിച്ച് ബോധമില്ലായ്മ തുടങ്ങിയ പ്രശ്നങ്ങളാണ് കക്കൂസ് നിർമ്മാണത്തിൽ നിന്ന് ഒരു വിഭാഗത്തെ പിന്തിരിപ്പിക്കുന്നത്.

സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങൾ സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹായത്താൽ ചിലവു കുറഞ്ഞ രീതിയിലുള്ള സാനിറ്ററി കക്കൂസുകൾ സാമ്പത്തികമായി തീരെ പിന്നോക്കം നിൽക്കുന്നവർക്ക് നിർമ്മിച്ചു നൽകേണ്ടതാണ്.

ജനങ്ങൾ തിങ്ങിപ്പാർക്കുന്ന കോളനികൾ പോലുള്ള പ്രദേശങ്ങൾ പൊതുവായ സെപ്ടിക് ടാങ്കുകളും, കക്കൂസുകളും നിർമ്മിച്ച് സ്ഥലപരിമിത മറികടക്കാം

തുറന്ന സ്ഥലങ്ങളിൽ മലമൂത്ര വിസർജ്ജനം ചെയ്യുന്നതുകൊണ്ടുള്ള ഭവിഷ്യത്തും കക്കൂസിൻെറ ആവശ്യകതയും സംബന്ധിച്ച്, ആരോഗ്യ പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ ഗൃഹ സന്ദർശനം നടത്തി ബോധവൽക്കരണം നടത്തേണ്ടതുണ്ട്. പഞ്ചായത്തിലെ എല്ലാ വീടുകളിലും കക്കൂസെന്ന ലക്ഷ്യം നേടുന്നതുവഴി പരിസരമലിനീകരണം തടയുന്നതിന് വലിയൊരളവു വരെ സാധിക്കും. വ്യവസായവൽക്കരണം കുറഞ്ഞ ഒരു പഞ്ചായത്ത് എന്ന നിലക്ക് ഗുരുതരമായ പരസ്ഥിതി പ്രശ്നങ്ങൾ എടുത്തു പറയാനില്ല.

എങ്കിലും പഞ്ചായത്തിൻെറ മിക്ക ഭാഗങ്ങളിൽ നിന്നും ശുചീകരണത്തിൻെറ പോരായ്മയെക്കുറിച്ച് ഗ്രാമസഭകളിൽ പരാതി ഉയർന്നിട്ടുണ്ട്. 8,9 വാർഡുകളിൽ പ്രവർത്തിക്കുന്ന റബ്ബർ ഫാക്ടറികളിൽ നിന്നും പുറത്തുവിടുന്ന മലിന ജലവും വായുവും ചാലിയാർ ജലാശയത്തേയും അന്തരീക്ഷത്തെയും മലിനപ്പെടുത്തുന്നതായുള്ള മേൽവാർഡുകളിലെ പരാതി അന്വേഷിക്കപ്പെടേണ്ടതാണ്. പൊലൂഷൻ കൺട്രോൾ ബോർഡിൻെറ നിയന്ത്രണവും പഞ്ചായത്തിൻെറ ഇടപെടലും മാനേജുമെൻറുമായുള്ള നിരന്തര സമ്പർക്കവും വഴി ഇത് പരിഹരിക്കാവുന്നതാണ്.

പഞ്ചായത്തിൻെറ ഇതരഭാഗങ്ങളിലുള്ള ചിക്കൻ സ്റ്റാളുകളിൽ നിന്നുള്ള അവശിഷ്ടങ്ങൾ റോഡരുകിൽ കൊണ്ടുവന്നു നിക്ഷേപിക്കുന്ന പ്രവണതയും ഈയിടെയായി കണ്ടു വരുന്നുണ്ട്. മമ്പാട് ടൗണിലുള്ള വിവിധ കടകളിൽ നിന്നുള്ള മാലിന്യ കൂമ്പാരങ്ങൾ റോഡരുകിൽ സ്ഥിരം കാഴ്ചയാണ്. പഞ്ചായത്തിൽ ശുചികരണത്തിന് സ്ഥിരം ജീവനക്കാരില്ലെന്നുള്ളത് ഗൗരവമായി കാണേണ്ടതാണ്. ആവശ്യത്തിന് ജീവനക്കാരെ വച്ച് മമ്പാട് പഞ്ചായത്ത് 'ക്ലീൻ പഞ്ചായത്ത്' എന്ന ഒരു പദ്ധതി നടപ്പിലാക്കിയാൽ നന്നാവും. പരിസര ശുചീകരണം സംബന്ധിച്ച് ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങളെ ഇപ്രകാരം സംഗ്രഹിക്കാം.

1. മമ്പാട് ടൗൺ, വടപുറം എന്നിവിടങ്ങളിൽ ഓരോ മത്സ്യ മാർക്കറ്റുകൾ നിർമ്മിക്കുക.

2. പഞ്ചായത്തിൻെറ ഇതരഭാഗങ്ങളിലെ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് ഒരു പൊതു സ്ഥലം കണ്ടെത്തുക. പ്രസ്തുത മാലിന്യങ്ങൾ കത്തിക്കുകയൊ , കമ്പോസ്റ്റു വള നിർമ്മാണത്തിനുപയോഗിക്കുകയൊ ചെയ്യാവുന്നതാണ്.

3. പഞ്ചായത്തിനു മൊത്തമായി ഒരറവുശാല സ്ഥാപിച്ച് മൃഗങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് അറക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

4. പഞ്ചായത്തിലെ ഹോട്ടലുകൾ, മറ്റുകടകൾ എന്നിവിടങ്ങളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള സംവിധാനമേർപ്പെടുത്തുക.

5. ഹോട്ടലുകളിൽ ഭക്ഷണം പാകം ചെയ്യുന്നതിനുപയോഗിക്കുന്നതിനുള്ള വെള്ളം , ഹോട്ടലുകളിൽ നിന്നും പുറം തള്ളപ്പെടുന്ന മാലിന്യങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ ആരോഗ്യ നിയമങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കുക.

6. ഇവിടങ്ങളിൽ ജോലി ചെയ്യുന്നവർക്ക് ഹെൽത്ത് കാർഡ് നടപ്പാക്കുക.

7. പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിന് കിണർ ക്ലോറിനേഷൻ, കൊതുകുകൾ വളരാനിടയാക്കുന്ന മലിന ജല കുഴികൾ നികത്തൽ, വേനൽ കാലങ്ങളിൽ ചാലിയാർപുഴ മലിനപ്പെടുത്തുന്ന അനാരോഗ്യ പ്രവണതകൾ തടയൽ തുടങ്ങിയവ ജനപങ്കാളിത്തത്തോടെ നടത്തുക.

8. പരിസര ശുചിത്വവും പൊതുജനാരോഗ്യവും സംബന്ധിച്ച് സന്നദ്ധ സംഘടനകളുടേയും ആരോഗ്യ പ്രവർത്തകരുടേയും കൂട്ടായ്മയോടെ ബോധവൽക്കരണം നടത്തുക.

## പഞ്ചായത്തിലെ ആരോഗ്യ രംഗവും വാർഡു തിരിച്ചുള്ള സ്ഥിതി വിശേഷങ്ങളും

വാർഡ്:-1-പേര്- ഹോമിയോ ക്ളനിക്-സ്വകാര്യം

കാണപ്പെടുന്ന രോഗങ്ങൾ -ആദിവാസി മേഖലയിൽ കുഷ്ഠ രോഗം വയറിളക്കം ഛർദ്ദി സാംക്രമിക രോഗങ്ങൾ, അനീമിയ

നിർദ്ദേശം:- ആദിവാസി മേഖലയിൽ ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രം സ്ഥാപിക്കുക.

വാർഡ് 2- സ്ഥാപനത്തിൻെറ പേര്

1.ഐ പി.പി. സബ്സെൻറർ

2.ആയുർവ്വേദ ആശുപത്രി.(രണ്ടും പൊതുമേഖലയിൽ)

പ്രവർത്തനങ്ങൾ:

സബ്സെൻറർ പ്രവർത്തനം അപര്യാപ്തം.കുത്തിവെയ്പും ഗർഭകാല പരിശോധനയും നടത്തുന്നു. ആയുർവ്വേദാശുപത്രി ഉച്ചവരെ മാത്രം പ്രവർത്തിക്കുന്നു. അവശ്യ മരുന്നുകൾ ഇല്ല.

നിർദ്ദേശങ്ങൾ:

സബ്സെൻററിൽ ആഴ്ചയിലൊരിക്കൽ ഒരു ഡോക്ടറുടെ സേവനം ലഭ്യമാക്കുക.

എസ്.സി. എസ്.ടി മേഖലയിൽ ഒരു സബ് സെൻറർ സ്ഥാപിക്കുക

ആയുർവേദ ആശുപത്രിക്ക് സ്വന്തം കെട്ടിടം നിർമ്മിച്ച് വിപുലപ്പെടുത്തുക.

വാർഡ്-3

സ്ഥാപനങ്ങൾ ഒന്നുമില്ല.

കാണപ്പെടുന്ന രോഗങ്ങൾ :-

വയറിളക്കം, ചർദ്ദി, പനി, ശ്വാസ കോശ രോഗങ്ങൾ

നിർദ്ദേശങ്ങൾ: -

തൊട്ടടുത്ത വാർഡിൽ സ്ഥിതി ചെയ്യുന്ന പി.എച്ച.സി.യുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

വാർഡ് - 4

ഒരു സബ്സെൻറർ-പൊതുമേഖല

കാണപ്പെടുന്ന രോഗങ്ങൾ :-

വയറിളക്കം, ചർദ്ദി, പനി, ശ്വാസ കോശ രോഗങ്ങൾ

പ്രവർത്തനങ്ങൾ:-

രോഗ പ്രതിരോധ കുത്തിവെയ്പ് നടത്തുന്നു.

ഗർഭകാല പരിശോധന നടത്തുന്നു.

നഴ്സ് ഗൃഹ സന്ദർശനം നടത്തുന്നു.

പക്ഷെ അവശ്യ മരുന്നുകൾ ഇല്ല.

നിർദ്ദേശം:

സബ്സെൻറർ പ്രവർത്തനം മെച്ചപ്പെടുത്തുക.

പി.എച്ച്.സി.യിൽ വിദഗ്ദ്ധ ഡോക്ടർമാരെ നിയമിക്കുക

3. ആയുർവ്വേദ അശുപത്രിയും ഒറുങ്കുഴി എസ്.സി. കോളനിയിൽ ഹോമിയോ ഡിസ്പൻസറിയും സ്ഥാപിക്കുക.

വാർഡ് -5

ഒരു സബ്സെൻറർ-പൊതുമേഖല

കാണപ്പെടുന്ന രോഗങ്ങൾ :

വയറിളക്കം, ചർദ്ദി, പനി, ശ്വാസ കോശ രോഗങ്ങൾ

പ്രവർത്തനങ്ങൾ:

രോഗ പ്രതിരോധ കുത്തിവെയ്പ് നടത്തുന്നു.

ഗർഭകാല പരിശോധന നടത്തുന്നു.

നഴ്സ് ഗൃഹ സന്ദർശനം നടത്തുന്നു.

പക്ഷെ അവശ്യ മരുന്നുകൾ ഇല്ല.നിർദ്ദേശം:

സബ്സെൻററിൽ ഡോക്ടറുടെ സേവനം ലഭ്യമാക്കുക.

പിഎച്ച്.സിയിൽ അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും വിപുലപ്പെടുത്തുക.

വാർഡ്-6

സ്ഥാപനങ്ങൾ:

കുടുംബക്ഷേമ ഉപകേന്ദ്രം - പൊതുമേഖല

ആയുർവ്വേദ ക്ലിനിക്- സ്വകാര്യമേഖല

കാണപ്പെടുന്ന രോഗങ്ങൾ :

വയറിളക്കം, ഛർദ്ദി, ശ്വാസ കോശ രോഗങ്ങൾ, ക്യാൻസർ

പ്രവർത്തനങ്ങൾ:

സബ്സെൻറർ പ്രവർത്തനം കാര്യക്ഷമമല്ല.

കുത്തിവെയ്പുകൾനടത്താറുണ്ട്

നിർദ്ദേശം: കുടുംബക്ഷേമ കേന്ദ്രം ആശുപത്രിയായി ഉയർത്തുക.

ഹോമിയോ ആയുർവ്വേദ ഡിസ്പൻസറികൾ സ്ഥാപിക്കുക.

ക്യാൻസർ ബാധിത സർവ്വേ നടത്തി കാരണങ്ങൾ കണ്ടെത്തുക.

വാർഡ്-7

സ്ഥാപനങ്ങൾ: ഇല്ല..

ഒരു സബ്സെൻറർ-പൊതുമേഖല

കാണപ്പെടുന്ന രോഗങ്ങൾ :

വയറിളക്കം, ഛർദ്ദി, പനി, ശ്വാസ കോശ രോഗങ്ങൾ

അനീമിയ

നിർദ്ദേശം:

ഒറ്റപ്പെട്ടു കിടക്കുന്ന പ്രദേശമായതിനാൽ ഒരു . എച്ച്. സി. ആയുർവ്വേദ ഡിസ്പൻസറി എന്നിവ സ്ഥാപിക്കുക

വാർഡ് - 8

സ്ഥാപനം:സബ്സെൻറർ-പൊതുമേഖല

കാണപ്പെടുന്ന രോഗങ്ങൾ :

വയറിളക്കം, ഛർദ്ദി, പനി, ശ്വാസ കോശ രോഗങ്ങൾ

ക്യാൻസർ, കുഷ്ഠം

പ്രവർത്തനങ്ങൾ:

രോഗ പ്രതിരോധ കുത്തിവെയ്പ് നടത്തുന്നു.

ആരോഗ്യ ക്ലാസുകൾ നടക്കാറില്ല

സബ്സെൻറർ പ്രവർത്തനം തൃപ്തികരമല്ല.

നിർദ്ദേശം:

ഒരു ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുക

[illegible]

[illegible]

[illegible]

[illegible]

[illegible]

വാർഡ് - 9

സ്ഥാപനങ്ങൾ ഇല്ല

കാണപ്പെടുന്ന രോഗങ്ങൾ :

വയറിളക്കം, ഛർദ്ദി, പനി, ശ്വാസ കോശ രോഗങ്ങൾ

ക്യാൻസർ, കുഷ്ഠം

നിർദ്ദേശം:മമ്പാട് പി.എച്ച്.സി,.യിൽ ഐ.പി ആരംഭിച്ച് ലേഡീ ഡോക്ടറെ നിയമിക്കുക.

ടാണയിൽ ആയുർവ്വേദാശുപത്രി സ്ഥാപിക്കുക

കൊതുകു നിവാരണം ഫലപ്രദമായി നടത്തുക

ചാലിയാർ പുഴയിൽ വാഹനങ്ങൾ കഴുകുന്നത് തടയുക

വാർഡ്-10

സ്ഥാപനം : പ്രഥമികാരോഗ്യ കേന്ദ്രം

സ്വകാര്യ സ്ഥാപനങ്ങൾ :

അലോപ്പതി: 1

ആയുർവ്വേദം: 1

ഹോമിയോപ്പതി:2

കാണപ്പെടുന്ന രോഗങ്ങൾ:

വയറിളക്കം, ഛർദ്ദി, പനി, ശ്വാസ കോശ രോഗങ്ങൾ, പ്രമേഹം, രക്തസമ്മർദ്ദം

പ്രവർത്തനങ്ങൾ:

രോഗ പ്രതിരോധ കുത്തിവെയ്പ് നടത്തുന്നു.

10 ബെഡ്ഡുകൾ ഉണ്ട്, മരുന്നുകൾ കുറവ്

നിർദ്ദേശം:-

പിഎച്ച്.സി.യിൽ അഡ്മിറ്റ് സൗകര്യം ലാബോറട്ടറി എന്നിവ ഉണ്ടാക്കുക

വിദഗ്ദ്ധ ഡോക്ടർമാരെ നിയമിക്കുക

അവശ്യമരുന്നുകൾ ലഭ്യമാക്കുക.ടൗണിൽ പൊതു കക്കൂസും മൂത്രപ്പുരയും നിർമിക്കുക,

വെയ്സ്റ്റ് ബോക്സ് സ്ഥാപിക്കുക,

വാർഡ്-11

സ്ഥാപനങ്ങൾ: ഇല്ല

കാണപ്പെടുന്ന രോഗങ്ങൾ:

വയറിളക്കം, ഛർദ്ദി, പനി, ശ്വാസ കോശ രോഗങ്ങൾ, പ്രമേഹം, രക്തസമ്മർദ്ദം

നിർദ്ദേശങ്ങൾ

മമ്പാട് പി എച്ച്. സി.യിൽ ലേഡീ ഡോക്ടറെ നിയമിക്കുക. ഐ.പി. ആരംഭിക്കുക.

വാർഡിൽ ആയുർവ്വേദാശുപത്രി സ്ഥാപിക്കുക

[illegible]

[illegible]

## കുടിവെള്ളം:

ജലലഭ്യതയിൽ ഇൻഡ്യയിൽ ഒന്നാം സ്ഥാനത്തു നിൽക്കുന്ന സംസ്ഥാനമാണ് കേരളം. നമ്മുടെ നദികളിലൂടെ ഒഴുകി എത്തുന്നതും ഭൂഗർഭശേഖരത്തിലുമായും ഉൾപ്പടെ നമുക്കാവശ്യമുള്ളതിലധികം ജലം കേരളത്തിലുണ്ട്. എന്നാൽ വിചിത്രമെന്നേ പറയേണ്ടൂ കുടിവെള്ള ക്ഷാമം വേനൽകാലത്ത് കേരളത്തെയാകെ ബുദ്ധിമുട്ടിലാക്കുന്ന പ്രശ്നമായി മാറിയിരിക്കുകയാണ്. ജല സംരക്ഷണത്തിലെ ആസൂത്രണമില്ലായ്മ, ഭൂവിനിയോഗത്തിൽ വന്ന മാറ്റം, വനനശീകരണം, നദികളിലെ അനിയന്ത്രിതമായ മണൽ വാരൽ, ജനസംഖ്യാവർദ്ധന തുടങ്ങി നിരവധി കാരണങ്ങളാണ് ജലസമ്പന്നമായ കേരളത്തെ കുടിവെള്ളക്ഷാമത്തിൽ കൊണ്ടെത്തിച്ചത്. ഇന്നത്തെ സ്ഥതിയിൽ കേരളത്തിലെ ഗ്രാമങ്ങളിൽ മുഴുവൻ ശുദ്ധജലം എത്തിക്കുന്നതിന് 20 വർഷത്തിലെറെ സമയമെടുക്കും ഇപ്പോഴത്തെ നിരക്കനുസരിച്ച് 1500-2000ത്തോളം കോടി രൂപയും വേണ്ടിവരും ഇത്തരത്തിൽ സമയ ദൈർഘ്യമുള്ളതും വൻ മുതൽ മുടക്കാവശ്യമായതുമായ പരിപാടി ഏറ്റെടുക്കുക എന്നത് ഗവർമെൻറിനെ സംബന്ധിച്ചിടത്തോളം സമീപ ഭാവിയിൽ അസാദ്ധ്യമായ ഒരു കാര്യമാണ്. ഈ സാഹചര്യമാണ് ഒരോഗ്രാമവും കുടിവെള്ളത്തിൻെറ കാര്യത്തിൽ സ്വയം പര്യാപ്തമാവുക എന്ന സങ്കൽപ്പത്തിലേക്ക് നയിച്ചത്. ഈ സങ്കൽപത്തെ സാക്ഷാത്ഥ്യവൽക്കരിക്കാനുള്ള പരിശ്രമത്തിൽ നമ്മുടെ പഞ്ചായത്ത് നേരിടുന്ന പ്രശ്നങ്ങളും അവയുടെ പരിഹാരവും നമുക്ക് പരിശോധിക്കാം. പഞ്ചായത്തിലെ 75% ജനങ്ങളും കുടിവെള്ളത്തിനായി കിണറുകളേയാണ് ആശ്രയിക്കുന്നത് 4300 ഓളം സ്വകാര്യ കിണറുകളും  20 പൊതു കിണറുകളുമുണ്ടെങ്കിലും ഉപയോഗവും ജലലഭ്യതയും പരിഗണിക്കുമ്പോൾ എണ്ണം ഇനിയും കുറയുന്നു. വേനലിൻെറ പാരമ്യത്തിൽ 700 സ്വകാര്യ കിണറുകളും 5 പൊതു കിണറുകളും വറ്റിവരളുന്നു. ഇതിൻെറ ഫലമായി പഞ്ചായത്തിൻെറ മൊത്തം വിസ്തൃതിയുടെ 35%ത്തോളം പ്രദേശങ്ങളും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിച്ചുകൊണ്ടിരിക്കുന്നവയാണ്.

കേരളാ വാട്ടർ അതോറിറ്റിയുടെ ശുദ്ധ ജലവിതരണ പദ്ധതികൾ പഞ്ചായത്തതിർത്തക്കുള്ളിൽ രണ്ടെണ്ണം ഉണ്ടെങ്കിലും ഫലത്തിൽ എ.ആർ.ഡബ്ളിയു.എസ്. എസ് എന്ന് ഒരെണ്ണം മാത്രമെ ഭാഗികമായെങ്കിലും പ്രവർത്തിക്കുന്നുള്ളൂ. മമ്പാട് ടൗൺ,ടാണ നടുവക്കാട് എന്നീ പ്രദേശങ്ങളെ മാത്രം ഉദ്ദേശിച്ച് തുടങ്ങിയ ഈ പദ്ധതിയിൽ കേവലം 20 പൊതു  ടാപ്പുകളും 100ൽ താഴെ സ്വകാര്യ കണക്ഷനുകളും മാത്രമെ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇന്ന് 3,6,8,9,10,11, എന്നീ 6 വാർഡുകളിൽ 118 പൊതു ടാപ്പുകളും 398 സ്വകാര്യ കണക്ഷനുകളുമായി ഇത് വ്യാപിച്ചുകിടക്കുന്നു. എന്നാൽ ഈ വ്യാപ്തിക്കനുസൃതമായി പമ്പ് ഹൗസ്, കിണർ, മോട്ടോർ, ടാങ്ക് എന്നിവയുടെ ശേഷി വർദ്ധിപ്പിക്കാനോ യഥാസമയം അറ്റകുറ്റപ്പണികൾ നടത്താനോ അവ കാലോചിതമായി പരിഷ്കരിച്ച് വിതരണക്ഷമത കൂട്ടാനോ ശ്രമങ്ങളൊന്നും നടന്നിട്ടില്ല ഈ ഉദാസീനത പഞ്ചായത്തിൽ ശുദ്ധജലവിതരണത്തിന് തടസ്സം നിൽക്കുന്നു. പൊതുജല വിതരണ പദ്ധതി പരാതികളും പ്രശ്നങ്ങളും കൊണ്ട് നിറഞ്ഞതാണ് ജല സമ്പന്നത കൊണ്ട് അനുഗൃഹീതമായ ചാലിയാറിനെ ഫലപ്രദമായി ഉപയോപ്പെടുത്താനാവശ്യമായ ദീർഘ ദൃഷ്ടിയോ ശാസ്ത്രീയ സമീപനമോ ബന്ധപ്പെട്ടവരിൽ നിന്ന് ഇന്നോളം ഉണ്ടവാതിരുന്നതും ശുദ്ധജല വിതരണ പ്രതിസന്ധിക്ക് കാരണമാണ്

ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നിലവിലുള്ള പദ്ധതി കൂടതൽ കാര്യക്ഷമമാക്കുകയും നിർദ്ദിഷ്ട എസ്.സി.പി സ്കീമിലുള്ള  പദ്ധതി പ്രാവർത്തികമാക്കുകയുമാണ് അടിയന്തിരമായി ചേയ്യേണ്ടത്.

1. വേനലിൻെറ ആരംഭത്തിൽ തന്നെ, ജനുവരി ഫിബ്രവരി മാസങ്ങളിൽ ചാലിയാറിൽ നിലവിലുള്ള കിണറിലെ ജലം വറ്റി വരണ്ടു തുടങ്ങുന്നു.

2. പഴക്കം ചെന്ന പമ്പും മോട്ടോറും പഴഞ്ചൻ രീതിയിലുള്ള പമ്പിങ്ങ് സംവിധാനവും കാരണം വേണ്ടത്ര അളവിൽ വെള്ളം പമ്പ് ചെയ്യാൻ കഴിയുന്നില്ല.

3. ശേഷി കുറഞ്ഞ ടാങ്കും ദുർബലമായ പമ്പിങ്ങ് മെയിനും വിതരണ പൈപ്പുകളും തുടർച്ചായായ ജല വിതരണത്തിന് പ്രതിബന്ധം സൃഷ്ടിക്കുന്നു

4. നിരന്തരമായി ലീക്കും പൊട്ടലും കാരണം ഭീമമായ തോതിൽ ജലനഷ്ടം സംഭവിക്കുന്നു

### പരിഹാര നിർദ്ദേശങ്ങൾ

1 നിലവിലുള്ള കിണർ ആഴം കൂട്ടുക

2. ഇതൊരു വെൽ - കം- പമ്പ് ഹൗസായി പുനഃസംവിധാനം ചെയ്യുക

3. ഇന്നുള്ള 15 എച്ച്.പി, 35എച്ച്.പി ജറ്റ് പമ്പ്കൾ മാറ്റി പകരം 40എച്ച്.പിയുടെ ടർബൈൻ മോട്ടോറുകൾ സ്ഥാപിക്കുക. പമ്പ് ഹൗസിലെ നിലവിലുള്ള  രണ്ടു ഷിഫ്റ്റ് 3 ഷിഫറ്റ് ആക്കുകയും വോൾട്ടേജ് ഇംപ്രൂവ്മെൻറിന് സ്റ്റബിലൈസർ സ്ഥാപിക്കുകയും ചെയ്യുക

4. പമ്പിങ്ങ് മെയിൻ കപ്പാസിറ്റി വർദ്ധിപ്പിക്കുക.

5. നിലവിലുള്ള ടാങ്കിൻെറ കപ്പാസിറ്റി വർദ്ധിപ്പിക്കുക

6. വിതരണ ലൈനുകളിൽ അടിക്കടിഉണ്ടാകുന്ന ലീക്കും മറ്റുകേടുപാടുകളും യഥാസമയം പരിഹരിക്കാൻനടപടി എടുക്കുക

7. ഈ സ്കീമിലെ വിതരണ ലൈൻ ഗ്രാമ സഭകളിലെ നിർദ്ദേശങ്ങൾ അനുസരിച്ച് നീട്ടികൊടുക്കുക

8. പഞ്ചയത്തിലെ ഇളം പുഴ ഹരിജൻ കോളനി, കരിന്താർ ഹരിജൻ കോളനി, പന്തലിങ്ങൽ ഹരിജൻ കോളനി, ചെറുമുണ്ട ഹരിജൻ കോളനി എന്നിവിടങ്ങളിലേക്ക് കേന്ദ്ര ഗവർമെൻറിൻെറ എസ്.സി.പി സ്കീമിൽ സർവ്വെ നടത്തി രൂപപ്പെടുത്തിയ ശുദ്ധജലവിതരണ പദ്ധതി ആരംഭിച്ചാൽ ഇന്ന് കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പഞ്ചായത്തിലെ 3,4,.5,6,11 എന്നി വാർഡുകളിൽ കുടിവെള്ളം എത്തിക്കാൻ സാധിക്കുന്നതാണ്

മമ്പാട് പഞ്ചായത്തിലെ വളരെ പിന്നോക്കം നിൽക്കുന്നതും പട്ടികജാതി പട്ടി വർഗ്ഗ വിഭാഗങ്ങൾ ഏറ്റവുമധികം താമസിക്കുന്നതുമായ ഒരു മേഖലയാണ് 1,2, വാർഡുകളായ ഓടായിക്കൽ, പുള്ളിപ്പാടം വാർഡുകൾ. തൊണ്ണൂറോളം ഗിരിജൻ കുടുംബങ്ങൾ താമസിക്കുന്ന, പഞ്ചായത്തിലെഏറ്റവും വലിയ പട്ടിക വർഗ്ഗ കോളനിയായ മുണ്ടേംതോട് ഗിരിജൻ കോളനിയിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു ഈ കോളനിക്കുവേണ്ടി മാത്രം ഒരു മിനി ശുദ്ധ ജലവിതരണ പദ്ധതി നടപ്പാക്കാൻ കഴിയേണ്ടതാണ്. ഈ കോളനിയോട് തൊട്ടുള്ള ഒലി വെള്ളച്ചാട്ടം ഈ ആവശ്യത്തിന് ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുന്നതാണ്

വർഷങ്ങൾക്കുമുമ്പ് പണി കഴിപ്പിച്ചതും വൈദ്യുതി എത്താത്തതിനാൽ ഇന്നും ആരംഭിച്ചിട്ടില്ലാത്തതുമായ പുള്ളിപ്പാടം ശുദ്ധജല വിതരണ പദ്ധതി ഫലപ്രദമായി പുനഃസംവിധാനം ചെയ്താൽ രണ്ടാം വാർഡ് പുള്ളിപ്പാടത്തെ കറുകമണ്ണ, ഐഐഎച്.ഡി.പി കോളനി, കാരച്ചാൽ അമ്പേദ്കർ കോളനി പുള്ളിപ്പാടം, മണലോടി, ചെറുനെൽ, കിഴക്കെ തല പ്രദേശങ്ങളിലും ഒന്നാം വാർഡിലെ ഓടായിക്കൽ, ഓളിപ്പാടം, കരിക്കാട്ടുമണ്ണ തുടങ്ങിയ പ്രദേശങ്ങളിലും ശുദ്ധജല വിതരണം നടത്താനും കുടിവെള്ള ക്ഷാമം പരിഹരിക്കാനും കഴിയും ഇതിന് ഇന്ന് നിലവിലുള്ള പമ്പ് ഹൗസിൽ ഇലക്ട്രിസിറ്റി എത്തിച്ച് കപ്പാസിറ്റിയുള്ള മോട്ടോർ സ്ഥാപിച്ച് ടാങ്കിൻെറയും വിതരണ ലൈനിൻേറയും കപ്പാസിറ്റി വർദ്ധിപ്പിക്കേണ്ടതുണ്ട്. വിതരണ ലൈനുകൾ ആവശ്യമായ മറ്റു സ്ഥലങ്ങളിലേക്കു കൂടി നീട്ടികൊടുക്കുകയും വേണം

മലമടക്കുകളിൽ നിന്ന് ഒലിച്ചിറങ്ങുന്ന പ്രകൃതിദത്തമായ നീരുറവുകളും ചോലകളിലെ ജലവും സംഭരിച്ച് ഹോസ് വഴി എത്തിക്കുന്ന പദ്ധതി ആസൂത്രണം ചെയ്താൽ 1,2 വാർഡുകളിലെ ഗിരിജനങ്ങളുടെ കുടിവെള്ള പ്രശ്നം ഭാഗികമായി പരിഹരിക്കാം. ഈ മാതൃക ഇപ്പോൾ ചെറിയ തോതിൽ നടപ്പിലാക്കി വേനലിൽ ഉപയോഗപ്പെടുത്തുന്നുണ്ട്.

പഞ്ചായത്തിലെ കുടിവെള്ളവുമായി ബന്ധപ്പെട്ട എതു പ്രശ്നത്തിനും നിവൃത്തി കാണുന്നത് ചാലിയാർ പുഴയെ ആശ്രയിച്ചാണ്. പുഴയിലെ ജല നിരപ്പ് താഴുന്നതനുസരിച്ച് ചുറ്റുപാടുമുള്ള കിണറുകളിലേയും കുളങ്ങളിലേയും ജലനിരപ്പ് താഴുകയും ഏപ്രിൽ മെയ് മാസങ്ങളിൽ പലതും വറ്റുകയും ചെയ്യുന്നു അശാസ്ത്രീയമായ മണൽ വാരൽ, പുഴയിലെ ജലനിരപ്പ് താഴുന്നതിന് വളരെയേറെ ആക്കം കൂട്ടുന്നുണ്ട്. ഇത് പരിഹരിക്കുന്നതിന് ശാസ്ത്രീയ സമീപനം സ്വീകരിക്കേണ്ടതാണ്.

ചാലിയാർ പുഴയിലൂടെ ഒഴുകി പോകുന്ന ജലം ഫലപ്രദമായി തടഞ്ഞു നിർത്തി പുഴയിൽ സ്ഥായിയായ ജലനിരപ്പ് നിലനിർത്താൻ കഴിഞ്ഞാൽ ഒരു പരിധി വരെ കുടിവെള്ള ക്ഷാമത്തിനും ജല സേചന പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ കഴിയും സമീപത്തുള്ള കിണറുകൾ, കുളങ്ങൾ, തോടുകൾ എന്നിവയിലും ഇതിൻെറ ഫലമായി സ്ഥായിയായ ജല നിരപ്പ് നിലനിർത്താൻ സാധിക്കും. ഇതിന് ചാലിയാർ പുഴക്ക് താണകടവിലും, പൊങ്ങല്ലൂർ ഭാഗത്തും രണ്ടു ചെക്ക് ഡാമുകൾ നിർമ്മിക്കേണ്ടതാണ്.

ഗ്രമവാസികളിൽ നിന്ന് ഉയർന്നു വന്നതും പഞ്ചായത്ത് പ്രദേശത്ത് മൊത്തത്തിൽ ബാധകമാക്കാവുന്നവയുമായ പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളുമാണ് മുകളിൽ സൂചിപ്പിച്ചിരിക്കുന്നത്. വാർഡുതിരിച്ച് ഗ്രാമ സഭകളിൽ നിന്ന് ഉയർന്നു വന്ന പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും താഴെ ചേർത്തിരിക്കുന്നു

വാർഡ് -1-പ്രശ്ന മേഖലകൾ:-

വീട്ടിക്കുന്ന്, മാടം, ഓടായിക്കൽ, കരിക്കാട്ടുമണ്ണ

പരിഹാരമാർഗ്ഗങ്ങൾ:-

കരിക്കാട്ടമണ്ണിൽ പുതിയ ഒര ശുദ്ധജല പദ്ധതി സ്ഥാപിക്കുക, ഇതിന് ഒലിമലയിലെ ജലസ്രോതസ്സ് ഉപയോഗപ്പെടുത്താവുന്നതാണ് കൂടാതെ ഓടായിക്കൽ. അമ്പലക്കുന്ന്, കരിക്കാട്ടുമണ്ണ കോളനി പ്രദേശങ്ങളിൽ ഒരോ കുഴൽ കിണറുകളും സ്ഥാപിക്കേണ്ടതാണ്

വാർഡ്- 2 പുള്ളിപ്പാടം-പ്രശ്ന മേഖലകൾ:-

പുള്ളിപ്പാടം ഗിരിജൻ കോളനി, (കാരച്ചാൽ) ചെറുനെൽ ഹരിജൻ കോളനി, വെണ്ടേക്കും പറമ്പ്, കറുകമണ്ണ, ഹരിജൻ കോളനികൾ ,കരടിപ്പാറ, കിഴക്കേതല, എൽ.പി സ്കൂൾ പ്രദേശം, മണലൊടി തുടങ്ങിയവ.

പരിഹാരമാർഗ്ഗങ്ങൾ:-

കാരച്ചാലിലെ നിലവിലുള്ള ശുദ്ധ ജലപദ്ധതി പ്രവർത്തന ക്ഷമമാക്കുക. ഇതിനുള്ള വൈദ്യുതി, മറ്റുപകരണങ്ങൾ എന്നിവ എത്തിച്ച് വിതരണ ലൈനുകൾ നീട്ടുക, ഇത് വഴി തൊട്ടടുത്ത വാർഡിലും ജലവിതരണം നടത്താൻ കഴിയും.കരടിപ്പാറ, എൽ.പിസ്കൂൾ പ്രദേശം, കിഴക്കേത്തല എന്നിവിടങ്ങളിൽ കിണർ കുഴിക്കുക, ചാലിയാർ സ്രോതസ്സായി സ്വീകരിച്ച് ഒടായിക്കൽ പുള്ളിപ്പാടം വാർഡകളിലേക്ക് ഒരു പ്രത്യേക വാട്ടർ സപ്ളെ സ്കീം ആരംഭിക്കുക

വാർഡ്3- പൊങ്ങല്ലൂർ- പ്രശ്ന മേഖലകൾ:-

പൊങ്ങല്ലൂർ, അണ്ടിക്കുത്ത്, ഇഷ്ടിക കമ്പനിയുടെ മുൻവശം, ചെമ്പൻ കുന്ന്, ചുവന്ന മണ്ണ്, കടപ്പ, തോട്ടിൻറക്കര തോണിക്കടവ് റോഡ്, കാംപ്രത്ത് ഫുട് പാത്ത്, മണ്ടാട്ടു ഫുട് പാത്ത് തുടങ്ങിയ സ്ഥലങ്ങൾ

പരിഹാരമാർഗ്ഗങ്ങൾ

ഭൂമി കരിമ്പാറകൾ നിറഞ്ഞതാകയാൽ കിണറോ കുഴൽ കിണറോ പ്രായോഗികമല്ല. പൊങ്ങല്ലൂർ പൂച്ചപ്പാറക്കുമുകളിൽ ടാങ്കു നിർമ്മിച്ച് ചാലിയാറിൽ കിണർ കുഴിച്ച് പമ്പ് ഹൗസ്സ്ഥാപിച്ച് വെള്ളം പമ്പ് ചെയ്യാവുന്നതാണ്. പഞ്ചായത്തിലെ 3,4,5, വാർഡുകളിൽ കൂടി ജലവിതരണം സാധിക്കും. കേടുവന്ന വാട്ടർ ടാപ്പുകൾ നന്നാക്കുക. പൂട്ടിയിട്ടവ പുനഃസ്ഥാപിക്കുക.

വാർഡ് -4 മേപ്പാടം - പ്രശ്ന മേഖലകൾ:-

ചെമ്പൻ കാട്,കളം കുന്ന് , പാറമ്മൽ, കാരകുന്ന് , കുശവൻ കോളനി, ഇളംപുഴ ഹരിജൻ കോളനി, രാമംകുന്ന്, മേപ്പാടം

പരിഹാരമാർഗ്ഗങ്ങൾ

പഞ്ചായത്തിലെ 3,4,5 വാർഡുകളെ ഉൾപ്പെടുത്തി ഒരു ശുദ്ധ ജല വിതരണ പദ്ധതി തുടങ്ങുക. കളം കുന്ന് ഒരു മിനി വാട്ടർ സപ്ളൈ സ്കീം ഏർപ്പെടുത്തുക, മിച്ചഭൂമിയൽ പഞ്ചായത്ത് കിണർ കുഴിക്കുക. നിർദ്ദിഷ്ട എസ്,സി,പി, സ്കീം ആരംഭിക്കുക

വാർഡ്5- പന്തലിങ്ങൽ - പ്രശ്ന മേഖലകൾ:-

പന്തലിങ്ങൽ, ചെറുമുണ്ട, ഹരിജൻ കോളനികൾ കുറത്തിയാർ പൊയിൽ തുടങ്ങിയ പ്രദേശങ്ങൾ

പരിഹാരമാർഗ്ഗങ്ങൾ

ചെറുമുണ്ട, പന്തലിങ്ങൽ, ഹരിജൻ കോളനികൾക്ക് പൊതുവായി ഒരു മിനി വാട്ടർ സപ്ളൈ സ്കീം സ്ഥാപിക്കുക കുറത്തിയാർ പൊയിൽ കൊന്നാഞ്ചേരി ഭാഗങ്ങളിൽ കുഴൽ കിണറുകൾ സ്ഥാപിക്കുക

വാർഡ്-6 കാട്ടുമുണ്ട പ്രശ്ന മേഖലകൾ:-

മാമംഗലം, കാട്ടുമുണ്ട, കാട്ടുപൊയിൽ, കുന്നിൻ പുറം, രജീവ് ദശലക്ഷം കോളനി, ലക്ഷംവീടു കോളനി തുടങ്ങിയ പ്രദേശങ്ങൾ

പരിഹാരമാർഗ്ഗങ്ങൾ

കാട്ടുപൊയിൽ കേന്ദ്രമാക്കി ഒരു ശുദ്ധ ജല വിതരണ പദ്ധതി നിർമ്മിക്കുക. ഇവിടെ വയലിൽ കിണറും ഉയർന്ന പ്രദേശത്ത് ടാങ്കും നിർമ്മിച്ച് ഒരു സ്കീം നടപ്പാക്കിയാൽ പഞ്ചായത്തിലെ 5,6,7,8, വാർഡുകളിൽ ജല വിതരണം നടത്താം. കാട്ടുപൊയിൽ കുളം പരിഷ്ക്കരിച്ചാൽ ആവശ്യത്തിനുള്ള വെള്ളം കിട്ടും. നിലവിലുള്ള പൈപ്പ് ലൈൻ 75 മീറ്റർ നീട്ടിയാൽ ലക്ഷം വീടു കോളനിയിലെ പ്രശ്നം പരിഹരിക്കാം

വാർഡ് 7 - തൃക്കൈക്കുത്ത് -പ്രശ്ന മേഖലകൾ:-

തൃക്കൈക്കുത്ത്, തെക്കും പാടം, തെയ്യത്തും കുന്ന് ഹരിജൻ കോളനികൾ, മറ്റു ഭാഗങ്ങൾ

പരിഹാരമാർഗ്ഗങ്ങൾ

കുടിവെള്ള ക്ഷാമം രൂക്ഷമാണ് ഇവിടെ ഒരു ടി.ഡബ്ളിയു.എസ്.എസ്. സ്കീമുണ്ടായിരുന്നു വർഷങ്ങളോളമായി ഇത് നിന്ന് പോയിട്ട്. ഈ ഭാഗങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ തൃക്കൈക്കുത്ത് കടവിൽ കുതിരപ്പുഴയിൽ കിണർ കുഴിച്ച് കല്ലുവെട്ടി കുന്നിൻെറ മുകളിൽ ടാങ്കു നിർമ്മിച്ച് വെള്ളം പമ്പ് ചെയ്താൽ ഈ മേഖലയിലും 7ാം വാർഡുമുഴുവനും 6,8, വാർഡുകളിലും ശുദ്ധ ജലവിതരണം നടത്താൻ കഴിയും

വാർഡ് 8= വടപുറം -പ്രശ്ന മേഖലകൾ:-

താളിപ്പൊയ്ക 42 ഭാഗം, വടപുറം.വള്ളിക്കെട്ട്, രാമച്ചം പൊട്ടി കോളനി, പാലപറമ്പ്, കണ്ടം കോട്, പുലിക്കുന്ന്, പറച്ചോല, കമ്പനിക്കുന്ന കോളനി, വടപുരം എൻ.പിസ്കൂൾ കുന്ന്, കക്കാട്ടുപൊയിൽ തുടങ്ങിയ ഭാഗങ്ങൾ

പരിഹാരമാർഗ്ഗങ്ങൾ

ഒരു മിനി വാട്ടർ സപ്ളെ സ്കീം ആരംഭിക്കുക.രാമച്ചം പൊട്ടികുന്നിൽ ടാങ്കും, കുതിരപഴുയിൽ (വടപുറം) കിണർ കുഴിച്ച് പമ്പ് ചെയ്യാൻ സംവിധാനവും ഉണ്ടായാൽ ഈ വാർഡിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കഴിയും. നിലവിലുള്ള പൈപ്പ് ലൈൻ ഈ ഭാഗങ്ങളിലേക്കു നീട്ടിയാൽ താൽക്കാലിക പരിഹാരം കാണാം. കമ്പനിക്കുന്ന് വള്ളിക്കെട്ട് , പാലപറമ്പ് അംഗനവാടി എന്നിവിടങ്ങളിൽ പൊതു കിണർ സ്ഥാപിക്കുക

വാർഡ്9 ടാണ, - പ്രശ്ന മേഖലകൾ:-

ടാണ, താളിപ്പൊയിൽ റോഡ്, അങ്ങാടിക്കുന്ന്,

മുതേയികുന്ന് ഹൈസകൂളിന്റെ പിൻവശം, വാർത്തിച്ചോല, അങ്ങാടിക്കുന്ന് ഇടവഴി, കുരുക്കുത്തിക്കുന്ന്കുണ്ടേട്ടിമല, യു.പിസ്കൂ സ്കൂളിന്റെ പിൻവശം, ബീമ്പുങ്ങൽ ഹൈസ്കൂൾ റോഡ്.

പരിഹാരമാർഗ്ഗങ്ങൾ

ടാണയിലെ പൊതുകിണർ നന്നാക്കി ചെറിയ ഒരു ശുദ്ധ ജല വിതരണ പദ്ധതി നടപ്പാക്കിയാൽ ടാണ, താളിപൊയ്ക റോഡ് ഭാഗങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാം, അങ്ങാടികുന്നിൽ ഒരു ടങ്ക് നിർമ്മിച്ച് ചാലിയാറിൽ ഒരു പമ്പ് ഹൗ സ് പണിത് വെള്ളം പമ്പ് ചെയ്ത വിതരണം ചെയ്താൽ മറ്റു ഭാഗങ്ങളിലെ പ്രശ്നം പരിഹരിക്കാം. നിലവിലുള്ള മമ്പാട് ശുദ്ധ ജല വിതരണ പദ്ധതി കാര്യക്ഷമമാക്കി പൈപ്പ് ലൈൻ നീട്ടികൊടുത്താൽ ഒരു പരിധിവരെ പരിഹാരം കാണാം



വാർഡ് 10 മമ്പാട് ടൗൺ -പ്രശ്ന മേഖലകൾ:-

കുന്നമ്മലങ്ങാടി, കോലോത്തുകുന്ന്, ചെറിയ ജാറം പരിസരം തേക്കും കുണ്ട്, അശോക റോഡ് , മണ്ണിൽ തൊടി, കൊല്ലക്കന്റെ ഇടവഴി

പരിഹാരമാർഗ്ഗങ്ങൾ

ഈ വാർഡിനു മാത്രമായ ഒരു മിനി വാട്ടർ സ്കീം ആർംഭിക്കണം. കുന്നമ്മൽ അങ്ങാടിയിൽ ടാങ്കും ചാലിയാറിൽ പമ്പ് ഹൗസും സ്ഥാപിക്കണം നിലവിലുള്ള ലൈൻ നീട്ടിയും പൂട്ടിയിട്ട ടാപ്പുകൾ പുനഃസ്ഥാപിച്ചും താൽക്കാലിക പരിഹാരം കാണാൻ കഴിയും

വാർഡ് 11- നടുവക്കാട് -പ്രശ്ന മേഖലകൾ:-

അങ്ങാടിക്കുന്ന്, കുട്ടികുന്ന്, പള്ളികുന്ന് 4 സെൻറ് വടക്കൻ കുന്ന്, കരിന്താർ, പൊട്ടൻ ചൊല, അത്താണികുന്ന്, നടുവക്കാട് മില്ല് പരിസരം, ഫ്രൻറസ് ഗ്രൗണ്ട് പരിസരം

പരിഹാരമാർഗ്ഗങ്ങൾ

അങ്ങാടികുന്ന്, പൊട്ടൻ ചോല കുട്ടിക്കുന്ന് പള്ളി കുന്ന് , വടക്കൻ കുന്ന്, എന്നിവിടങ്ങളിൽ വിതരണം ചെയ്യാൻ ഒരു മിനി വാട്ടർ സപ്ളെ സ്കീം ആരംഭിക്കണം നിലവിലുള്ള പൈപ്പ് ലൈൻ നീട്ടിയാൽ താൽക്കാലിക ആശ്വാസം ഉണ്ടാക്കാൻ കഴിയും പള്ളിക്കുളത്തിന് താഴെ വയലിൻ സമീപത്ത് ഒരു പൊതു കിണർ സ്ഥാപിക്കുക.

# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്



ഗതാഗതം:-

തോണിയും മഞ്ചലുകളുമൊക്കെയായിരുന്നു കേരളത്തിലെ ഗതാഗത മാർഗ്ഗങ്ങൾ. റോഡെന്ന് പറയാവുന്നത് വിരളമായിരുന്നു. രാജഭരണ കാലത്ത്യുദ്ധങ്ങളുടേയും വെട്ടിപ്പിടുത്തങ്ങളുടേയും ഭാഗമായി കാടുകൾ തെളിച്ചും മലകൾ നിരത്തിയും മറ്റും റോഡു നിർമ്മാണമാരംഭിച്ചെങ്കിലും നീണ്ടകാലം അവ മലമ്പാതകളായി തന്നെ കിടന്നു. കഴിഞ്ഞ നൂറ്റാണ്ടിൻെറ ആരംഭം മുതൽക്കാണ് ജനസമ്മർദ്ദത്തെ തുടർന്നും ജനകീയ സഹകരണത്തോടെയും റോഡുകൾ നിർമ്മിക്കപ്പെട്ടത്. പഴയ മലബാർ പ്രദേശത്തും ഇക്കാലത്ത് റോഡു നിർമാണം ആരംഭിച്ചതായി കാണുന്നു. ടിപ്പുവിൻെറ പടയോട്ടത്തെ തുടർന്നും ബ്രിട്ടീഷ് ആധിപത്യം ഉറപ്പാക്കുന്നതിൻെറ ഭാഗമായും റോഡുകൾ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ സ്വാതന്ത്ര്യ ലബ്ധിയെ തുടർന്നാണ് ജനങ്ങളിൽ റോഡു സംസ്കാരം ഉടലെടുത്തതും റോഡു ഗതാഗത മേഖലയിൽ ക്രമാനുഗതമായ വളർച്ച ഉണ്ടായതും .

കഴിഞ്ഞ 40 വർഷങ്ങൾക്കിടയിൽ സംസ്ഥാനത്തെ ഗതാഗത സൗകര്യം വളരെയേറെ വികസിച്ചിട്ടുണ്ട്. അപ്രാപ്യങ്ങളായ മലമ്പ്രദേശങ്ങളും വിദൂര ഗ്രാമ പ്രദേശങ്ങളും ഇന്ന് കയ്യെത്താവുന്നിടത്തേക്ക് വന്നിട്ടുണ്ട്. കേരളത്തിൻെറ തലങ്ങും വിലങ്ങും സിരാ പടലം പോലെ റോഡുകൾ കെട്ടു പിണഞ്ഞു കിടക്കുകയാണ് ഇന്ന്. ആധുനിക ശാസ്ത്ര സാങ്കേതിക രംഗത്തുണ്ടായ മാറ്റങ്ങളും ജനങ്ങളുടെ ആവശ്യ ബോധത്തിലുണ്ടായ മാറ്റവും ഗതാഗത രംഗത്ത് ഉണ്ടാക്കിയ വളർച്ച അത്ഭുതകരമാണ്.

എന്നിരിക്കിലും റോഡു ഗതാഗത രംഗത്ത് നാം പൂർണ്ണരല്ല. ഗതാഗത രംഗത്തെ അപൂർണ്ണതയാണ് ഭക്ഷ്യ പ്രശ്ന ത്തേ ക്കാൾ കൂടുതലായി മനുഷ്യൻ ചർച്ച ചെയ്യുന്നത്. പുതിയ റോഡുകളുടെ നിർമ്മാണവും പഴയ റോഡുകളുടെ റിപ്പയറും വികസനവും ഭാരിച്ച പണച്ചെലവുള്ള കാര്യമായതിനാൽ പൊതുമരാമത്തു വകുപ്പ് കുറെക്കാലമായി ഇരുട്ടു കൊണ്ട് ഓട്ട അടയ്ക്കുകമാത്രമെ ചെയ്യുന്നുള്ളു. ജനങ്ങൾ മുൻകയ്യെടുത്താൽ മാത്രമെ ഗ്രാമീണ മേഖലയിലെ റോഡുവികസനം കാര്യമായെന്തെങ്കിലും നിർവ്വഹിക്കാനാവൂ. ഇനിയും

ഒരുപാട് റോഡുകൾ വെട്ടി ഉണ്ടാക്കുക എന്നതിനു പകരം ഉള്ള റോഡുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്നതായിരിക്കണം ഇനിയങ്ങോട്ടുള്ള കാഴ്ചപ്പാട്.

കിഴക്കനേറനാട്ടിലെ ഫോറസ്റ്റു ബെൽറ്റിൽ ഉൾപ്പെട്ടിരുന്ന ഒരവികസിത പ്രദേശമാണ് പഴയ മമ്പാട്. ടിപ്പുവിൻെറ പടയോട്ടക്കാലത്ത് നിർമ്മിക്കപ്പെട്ട സുൽത്താൻ റോഡും ബ്രിട്ടീഷുകാർ വികസിപ്പിച്ചെടുത്ത കോഴിക്കോട്- ഊട്ടി, പെരിന്തൽമണ്ണ- നിലമ്പൂർ റോഡും മറ്റു ചില ഗ്രാമീണ പാതകളുമാണ് ആദ്യകാല റോഡുകൾ. ചാലിയാറിനെയും കാളവണ്ടിയേയും ആയിരുന്നു സ്വാതന്ത്ര്യ ലബ്ധി വരെ ആശ്രയിച്ചിരുന്നത്. 1964 ൽ പഞ്ചായത്ത് രൂപീകൃതമായ ശേഷം വിശേഷിച്ചും 25 വർഷങ്ങൾക്കിടയിലാണ് പഞ്ചായത്താകെ റോഡുകളാൽ ബന്ധിക്കപ്പെടുന്നത്. പഞ്ചായത്തിൻെറ മൂന്നിൽ നണ്ടു ഭാഗം വരുന്ന പുള്ളിപ്പാടം ഓടായിക്കൽ മേഖല (1ഉം, 2 ഉം വാർഡുകൾ) ഇപ്പോഴും ഈ പൊതുധാരയിൽ നിന്നും അന്യം നിൽക്കുകയാണ്. ഭൂമിശാസ്ത്രപരമായി പ്രത്യേകതയും ഒരു പാലത്തിൻെറ അഭാവവും ആണ് ഇതിന് പ്രധാന തടസ്സം.

ഈ സാഹചര്യത്തിലാണ് ഗ്രാമസഭകൾ വിളിച്ചുകൂട്ടുന്നതും റോഡു വികസനത്തെ കുറിച്ച് ചർച്ച ചെയ്യുന്നതും പഞ്ചായത്തിൻെറ സർവ്വതോമുഖമായ ഉയർച്ചക്കാവശ്യമായ പല നിർദ്ദേശങ്ങളും ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്.

പഞ്ചായത്തിൻെറ മൊത്തം വിസ്തീർണ്ണം 67.93 ച.കി.മി. ആണ്. ടാർചെയ്ത് ഗതാഗത യോഗ്യമായ റോഡുകൾ 19.6 കി.മീ. മാത്രമേ ഉള്ളൂ. സംസ്ഥാന ശരാശരിയേക്കാൾ വളരെയേറെ കുറവാണിത്.

ധാരാളം വാഹനങ്ങൾ ഇടതടവില്ലാതെ സഞ്ചരിക്കുന്നുണ്ടെങ്കിലും ബസ്സ്റ്റാൻേറാ, ഓട്ടോ സ്റ്റാൻേറാ, ടാക്സിസ്റ്റാൻേറാ ഇതുവരെ നിർമ്മിക്കാൻ കഴിഞ്ഞിട്ടില്ല.

പി.ഡബ്ളിയു. ഡി. റോഡുകൾ മെറ്റൽ, ചെമ്മൺ റോഡുകൾ , നടപ്പാതകൾ ഉൾപ്പെടെ 95.39 കി.മീ. ദൂരം വരുന്നവയാണ് ഈ പഞ്ചായത്തിലെ ഇപ്പോഴത്തെ റോഡു ശൃംഖല. നിലവിലുള്ള റോഡുകളിൽ നടത്തേണ്ട പരിഷ്കാരങ്ങളെ സംബന്ധിച്ചും റോഡുകളുടെ ശോചനീയാവസ്ഥയെ സംബന്ധിച്ചും ഒട്ടേറെ പരാതികളും പരിഹാര നിർദ്ദേശങ്ങളും ഗ്രാമ സഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്.

പൊതുപ്രശ്നങ്ങൾ:-

വർഷകാല കെടുതികൾ മൂലം റോഡുകൾക്ക് കാര്യമായ കേടുപാടുകൾ സംഭവിക്കുകയും കുഴികളും തടാകങ്ങളും ഉണ്ടാവുകയും ചെയ്യുന്നു. ഒരു റോഡിനും ഡ്രൈനേജ് സൗകര്യമില്ല കലുങ്കുകളും പരിമിതമാണ്. ഇതിനാൽ മണ്ണൊലിപ്പിനും മണ്ണിടിച്ചിലിനും റോഡുകളുടെ നാശത്തിനും ഇടയാകുന്നു. വാഹന ബാഹുല്യവും റോഡുകളുടെ നിർമ്മാണത്തിലെ അശ്രദ്ധയും നിമിത്തം റോഡുകൾ പെട്ടെന്ന് നശിക്കുന്നു.

## റോഡുഗതാഗതം:-

1. റോഡു ഗതാഗതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന ഒട്ടേറെ നിർദ്ദേശങ്ങൾ പരിഗണിക്കുമ്പോൾ താഴെ പറയുന്ന സാധ്യതകൾ ഉരുത്തിരയുന്നു. കോഴിക്കോട് ഊട്ടിറോഡ്,നിലമ്പൂർ- പെരിന്തൽമണ്ണ റോഡ്, ഇവ വീതി കൂട്ടി ഡ്രൈനേജ് സൗകര്യമേർപ്പെടുത്തി കാര്യക്ഷമമാക്കേണ്ടതാണ്.

2. മമ്പാട് എം.ഇ.എസ്. കോളേജ് , പഞ്ചായത്ത് ഓഫീസ്, ഹയർ സെക്കണ്ടറി സ്കൂൾ, യത്തീംഖാന, ഗിരിജൻ ഹോസ്റ്റൽ, ഗവ: ഹോസ്പിറ്റൽ എന്നീ സ്ഥാപനങ്ങളേയും പഞ്ചായത്തിലെ സുപ്രധാന റോഡുകളേയും ബന്ധിപ്പിക്കുന്നതുമായ മമ്പാട്- ഫെറി, തൃക്കൈക്കുത്ത് ഫെറി റോഡ് പുളിക്കലോടി വരെ മാത്രമെ ഇപ്പോൾ ടാർ ചെയ്തിട്ടുള്ളു. ബാക്കി ഭാഗം ടാർ ചെയ്യുകയും ഇരു വശങ്ങളിലും വീതി കൂട്ടി അഴുക്കുചാൽ നിർമ്മിച്ച് അറ്റകുറ്റപണികൾ നടത്തി ഗതാഗതയോഗ്യമാക്കേണ്ടതാണ്.

3. ടാർ ചെയ്ത മറ്റു റോഡുകളുടെ വീതി വർദ്ധിപ്പിക്കുകയും റോഡിൻെറ ഇരുഭാഗങ്ങളിലും നടപ്പാതകൾ നിർമ്മിക്കുകയും കയ്യേറ്റം ചെയ്ത ഭാഗങ്ങൾ ഒഴിപ്പിച്ചെടുത്ത് അഴുക്കുചാലുകൾ നിർമ്മിക്കുകയും ചെയ്യുക. ടാർചെയ്ത ഭാഗത്തിനോട് ചേർന്നു നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ്, ടെലഫോൺ പോസ്റ്റ് ഇവ മാറ്റി സ്ഥാപിക്കുക.

## പുതിയ റോഡുകൾ

1. പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തതും 2.3.94 ന് 70 1/2 ലക്ഷം രൂപയുടെ ഭരണാനുമതിയും തുടർന്ന് ഇതേ തുകയ്ക്കുള്ള പ്രത്യേകാനുമതിയും സാങ്കേതികാനുമതിയും നേടി., 9.12.96 ന് പ്രവർത്തി ഉത്ഘാടനം ചെയ്ത തിരുവാലി-കോട്ടാല-കാട്ടുമുണ്ട റോഡ് എത്രയും വേഗം പണി പൂർത്തിയാക്കുക. പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഈ റോഡ് അതി പ്രധാനവും തിരുവാലി പഞ്ചായത്തുമായി മമ്പാടിനെ ബന്ധിപ്പിക്കുന്നതുമാണ്. കോട്ടാല, പന്തലിങ്ങൽ, കുറ്റിയാർ പൊയിൽ, പൂവ്വത്തിക്കുന്ന് കാട്ടുമുണ്ട എന്നീ പ്രദേശങ്ങളിലെ കർഷകർക്കും വിദ്യാർത്ഥികൾക്കും സാധാരണക്കാർക്കും ഏറെ പ്രയോജനകരമായതാണ് ഈ റോഡ്.

2. പഞ്ചായത്തിലെ ഒറ്റപ്പെട്ടു കിടക്കുന്ന പ്രദേശങ്ങളായ പുള്ളിപ്പാടം ഓടായിക്കൽ മേഖലയുടെ വികസനത്തിന് ഏറ്റവും പ്രധാനപ്പെട്ട റോഡാണ് മുണ്ടേങ്ങര,

കോളാപ്പാട്-കറുകമണ്ണ-പുള്ളിപ്പാടം ഓടായിക്കൽ, പുന്നത്തോട്, ഗിരിജൻ കോളനി റോഡ്. ഈ റോഡ് മൂത്തേടം, മമ്പാട്, ചാലിയാർ എന്നീ പഞ്ചായത്തുകളെ ചാലിയാറിന് മറുവശത്ത് അന്യോന്യം ബന്ധിപ്പിക്കുന്നതാണ്. പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത ഈ റോഡ് ആവശ്യമായ വീതിയോടെ പണിപൂർത്തിയാക്കി ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കേണ്ടതാണ്. കാർഷിക മേഖലയായ ഈ പ്രദേശത്തിൻെറ ബഹുമുഖ വികസനത്തിനും വിദ്യാർത്ഥികളും നാട്ടുകാരും ഇപ്പോൾ അനുഭവിക്കുന്ന വർദ്ധിച്ച യാത്രാ ക്ലേശങ്ങൾ ലഘൂകരിക്കാനും ഈ റോഡിൽ അടിയന്തിര വികസനം അത്യാവശ്യമാണ്.

3. മമ്പാട്, തിരുവാലി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതും ഈ പഞ്ചായത്തിലെ 3,4,5,6, എന്നീ വാർഡുകളിലൂടെ കടന്നു പോകുന്നതും ഏറ്റവും നീളം കൂടിയതും ആയ (8 മീറ്റർ വീതി) നടുവത്ത് പൊങ്ങല്ലൂർ റോഡ് പണി പൂർത്തിയാക്കി ഗതാഗത യോഗ്യമാക്കുക. കോന്നാഞ്ചേരി, ചെറുമുണ്ട, പന്തലിങ്ങൽ, കാട്ടുപൊയിൽ മേപ്പാടം, കൂളിക്കൽ, പൊങ്ങല്ലൂർ, പ്രദേശങ്ങളിലെ മുഴുവൻ ജനങ്ങളുടേയും ചിരകാലാഭിലാഷം ആണ് ഈ റോഡ്

4. വടപുറം- താളിപൊയിൽ റോഡ് ടാർചെയ്ത് ഗതാഗത യോഗ്യമാക്കുക. ഈ റോഡിൻെറ വീതി വർദ്ധിപ്പിക്കുകയും ഓവു ചാൽ നിർമ്മിക്കുകയും ചെയ്യുക.

5. കാട്ടുമുണ്ട (മോലിപ്പടി) തെക്കുംപാടം പുല്ലോട് റോഡ് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കുക.

6. ബീമ്പുങ്ങൽ ഹൈസ്കൂൾ റോഡ് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കുക.

7. കാട്ടുമുണ്ട-കമ്പനിപ്പടി-പുല്ലോട് റോഡ് വള്ളിക്കെട്ട് വരെ നീട്ടി ഗതാഗത യോഗ്യമാക്കുക.

8. പന്തലിങ്ങൽ, കാട്ടുപൊയിൽ, മമ്പാട് കോളേജ് റോഡ് ടാർ ചെയ്യുക.

9. ബീമ്പുങ്ങൽ കടവിലേക്കുള്ള റോഡ് ടാർ ചെയ്ത് ഇരുവശവും കെട്ടി ഭദ്രമാക്കുക.

10. ചാലിയാർ പുഴയുടെ കുറകെ അനുയോജ്യമായ സ്ഥലത്ത് മമ്പാട് പഞ്ചായത്തിൽ ഒരു പാലം നിർമ്മിക്കുക.

11. നിലമ്പൂർ വണ്ടൂർ, മമ്പാട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതും പെരിന്തൽമണ്ണ, നിലമ്പൂർ, കോഴിക്കോട്, ഊട്ടി റോഡുകൾക്ക് ബൈപാസ് റോഡായി ഉപയോഗിക്കാൻ കഴിവുന്നതുമായ നിർദ്ദിഷ്ട കുതിരപ്പുഴ പാലത്തിനും അനുമതി കൊടുത്തു് പണി പൂർത്തിയാക്കുക.

*പഞ്ചായത്തിലെ റോഡുകളുടെ പട്ടിക താഴെ കൊടുക്കുന്നു.:-*

*അനുബന്ധം - എ.*

| | |
|---|---|
| *പട്ടിക- 1* | *പഞ്ചായത്തിലെ ടാർ റോഡുകൾ* |
| *പട്ടിക- 2* | *പി.ഡബ്ളിയു.ഡി. ഏറ്റെടുത്ത റോഡുകൾ* |
| *പട്ടിക- 3* | *ടാർ ചെയ്യേണ്ട മെറ്റലിങ്ങ് പൊളിഞ്ഞ റോഡുകൾ.* |
| *പട്ടിക-4* | *പുതുതായി മെറ്റലിങ്ങും സോളിങ്ങും ചെയ്യേണ്ട ടാർ റോഡുകൾ.* |

*അനുബന്ധം ബി.*

*പുതുതായി നിർമ്മിക്കേണ്ട റോഡുകൾ*

*അനുബന്ധം സി.*

*പാലം, നടപ്പാലം, കലുങ്ക്, സ്റ്റെപ്പ്, സൈഡ് കെട്ട് ഇവ ചെയ്യേണ്ടറോഡുകൾ.*

## റോഡു വികസനത്തിൽ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ:-

ഫണ്ടിൻെറ ഭൂരിഭാഗം ചെലവഴിക്കപ്പെടുകയും വിവാദങ്ങൾക്ക് വിഷയമായിതീരുകയും ചെയ്യാറുണ്ടെങ്കിലും റോഡുകളെ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ നമ്മൾക്കില്ല. റോഡുകളെ സംബന്ധിച്ച് ധാരണകൾ പലപ്പോഴും വസ്തുനിഷ്ഠവും അല്ല. ചുരുങ്ങിയത് 10 അടിയെങ്കിലും വീതിയുള്ള വഴികളെ റോഡുകൾ എന്ന് വിളിക്കാം. മിക്ക പദ്ധതികളിലും റോഡുകൾക്ക് പണമനുവദിക്കുന്നത് അവയുടെ വീതി കൂടി കണക്കിലെടുത്താണ് എന്നതിനാൽ റോഡുകളെ അവയുടെ വീതിയുടെ അടിസ്ഥാനത്തിൽ കാണുന്നത് നന്നായിരിക്കും.

പഞ്ചായത്തിൽ നിലവിലുള്ള റോഡ് റജിസ്റ്റർ റോഡുകളുടെ പേര്, കടന്നു പോവുന്ന വഴി, അവസ്ഥ, ദൈർഘ്യം ആവശ്യമുള്ള വിവിധ പണികൾ തുടങ്ങി എല്ലാ വസ്തുതകളും രേഖപ്പെടുത്തി പൂർണ്ണമാക്കേണ്ടതാണ്. എല്ലാ റോഡുകൾക്കും കോഡു നമ്പറുകൾ നൽകേണ്ടതും ഈ കോഡിൻെറ ആദ്യത്തെ രണ്ടക്കങ്ങൾ വാർഡു നമ്പറിനെ കുറിയ്ക്കുന്നതും തുടർന്നു വരുന്ന രണ്ട് അക്കങ്ങൾ വാർഡിൽ റോഡിനുള്ള മുൻഗണനയേയും സൂചിപ്പിക്കാവുന്നതാണ്. റോഡുകളുടെ സമഗ്രമായ പട്ടിക തയ്യാറാക്കുമ്പോൾ താഴെചേർക്കുന്ന മാതൃക സ്വീകരിക്കാവുന്നതാണ്

1. വാർഡ്. 2. കോഡ് നമ്പർ (മുൻഗണന) 3. പേര് (തുടക്കം, ഒടുക്കം, ജങ്ഷനുകൾ) 4. ദൂരം5. വീതി. 6. ടാർ ചെയ്ത ദൂരം 7. മെറ്റൽ ചെയ്യേണ്ട ദൂരം 9. നിലവിലുള്ള ഓവു ചാലുകളുടെ ദൂരം10. ഇനിയും ഓവുചാൽ ആവശ്യമായ ദൂരം11 പാർശ്വ സംരക്ഷണ ഭിത്തി നിലവിലുള്ള ദൂരം12. പാർശ്വ സംരക്ഷണ ഭിത്തി ആവശ്യമുള്ള ദൂരം13. നിലവിലുള്ള കലുങ്കിൻെറ എണ്ണം. 14. ആവശ്യമായ കലുങ്കിൻെറ എണ്ണം 15. ഈ റോഡിന് തന്നാണ്ടിൽ ചിലവഴിച്ച തുക, സ്കീം16. സഞ്ചിത തുക(ഇതുവരെ ചിലവഴിച്ചത്, സ്കീമുകൾ)

വനനശീകരണത്തിനും അതുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾക്കും പരിഹാരമായി പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് മൺറോഡുകൾ നിർമ്മിക്കുമ്പോൾ റോഡിന്റെ പാർശ്വ ഭാഗങ്ങളിൽ വൃക്ഷത്തൈകൾ വെച്ചു പിടിപ്പിക്കേണ്ടതും ആവശ്യമായ സംരക്ഷണം ഏർപ്പെടുത്തേണ്ടതുമാണ്.

മണ്ണൊലിപ്പിനും നീർകെട്ടിനും പരിഹാരമായി ആവശ്യമായ സ്ഥലങ്ങളിൽ ഓടകളും, കലുങ്കുകളും പാർശ്വ സംരക്ഷണ ഭിത്തികളും നിർമ്മിക്കേണ്ടതാണ്. ഇവ സദാ പ്രവർത്തന സജ്ജമാക്കി നിലനിർത്തുന്നതിനുവേണ്ടി ജനകീയ സമിതികളേയൊ അയൽകൂട്ടങ്ങളേയൊ ഉപയോഗപ്പെടുത്തണം. ഓടകളും പാർശ്വ സംരക്ഷണ ഭിത്തികളും ആവശ്യമായ സ്ഥലത്ത് മൺറോഡുകൾക്ക്/മെറ്റൽ റോഡുകൾക്ക് 12 അടി വീതിയെങ്കിലും വേണം.

ഈ റിപ്പോർട്ടിനോടനുബന്ധമായി പട്ടിക എ(2,3,4)യിൽ കാണിച്ചിരിക്കുന്ന റോഡുകൾഫണ്ടു ലഭിക്കുന്ന മുറക്ക് മുൻഗണനാ ക്രമത്തിൽ പൂർത്തിയാക്കേണ്ടതാണ്. അനുബന്ധം ബി യിൽ കാണിച്ചിരിക്കുന്ന പുതുതായി നിർമ്മിക്കേണ്ട റോഡു അനുബന്ധം സി. യിൽ കാണിച്ചിരിക്കുന്ന പാല നടപ്പാലം, കലുങ്ക് സ്റ്റെപ്പ്, സൈഡ് കെട്ട് തുട യവയും മുൻഗണനാടിസ്ഥാനത്തിൽ പൂർത്തിയാക്കേണ്ടതാണ്.

റോഡുകളുടെ വികസനത്തിൽ നമുക്ക് കൈമു ലായുള്ളത് ജനശക്തിയും കൂട്ടായ്മയുമാണ്. ശ്രമദാ ത്തിലൂടെ പുതിയ റോഡുകൾ നിർമ്മിക്കുവാൻ ക യണം. പഞ്ചായത്തിന്റെ പരിമിതമായ ധന ഷിയും ഭീമമായ ഫണ്ടിന്റെ ആവശ്യകതയും പരി ണിക്കുമ്പോൾ. റോഡുകളുടെ നിർമ്മാണത്തിന് ആ വരുന്ന ചെലവിന്റെ മൂന്നിലൊന്ന് ഭാഗമെങ്കിലും ശ്ര ദാനവും പൊതു സംഭാവനയു മായി സംഘ പ്പിക്കേണ്ടതാണ്

പട്ടിക എ-1

## പഞ്ചായത്തിലെ ടാർറോഡുകൾ

| നമ്പർ | റോഡിന്റെ പേര് | ഉടമസ്ഥത | ദൂരം | വീതി(മീ) | യാത്രാ സൗകര്യങ്ങൾ |
|---|---|---|---|---|---|
| 1. | കോഴിക്കോട്-ഊട്ടിറോഡ് | പി.ഡബ്ളിയു.ഡി | 5.5 | 12 | ഉണ്ട് |
| 2. | പെരിന്തൽമണ്ണ | പി.ഡബ്ളിയു.ഡി | 3.5 | 12 | ഉണ്ട് |
| 3 | മമ്പാട് | പി.ഡബ്ളിയു.ഡി | 2.5 | 6 | ഉണ്ട് |
| 4. | മമ്പാട് ഡിസ്പൻസറി-ഇളംപുഴ | പി.ഡബ്ളിയു.ഡി /എസ്സിപി | .5 | 8 | ഇല്ല |
| 5. | മമ്പാട് അശോക റോഡ് | പഞ്ചായത്ത് | 0.6 | 7 | ഇല്ല |
| 6. | രാജീവ് ഗാന്ധി റോഡ് | പഞ്ചായത്ത് | 0.6 | 8 | ഇല്ല |
| 7. | ഓടായിക്കൽ-കരിക്കാട്ടുമണ്ണ | പഞ്ചായത്ത് | 1.5 | 8 | ഇല്ല |
| 8. | കോട്ടാലമ്മൽ പന്തലിങ്ങൽ | പഞ്ചായത്ത് | 0.6 | 8 | ഇല്ല |
| 9. | കാട്ടുമുണ്ട - മമ്പാട് കേളേജ് | പഞ്ചായത്ത് | 0.6 | 8 | ഇല്ല |
| 10. | ടാണ-ഫോറസ്റ്റ് കടവ് | പഞ്ചായത്ത് | 0.4 | 8 | ഇല്ല |
| 11 | നടുവക്കാട്-ഹൈസ്കൂൾ റോഡ് | പഞ്ചായത്ത് | 0.3 | 5 | ഇല്ല |
| 12. | കോളേജ് ജംങ്ഷൻ-കോളേജ് | പഞ്ചായത്ത് | 0.5 | 8 | ഇല്ല |
| 13.. | തോട്ടിൻറകര -കെ.പി മമ്മദ് കുട്ടി സാഹിബ് റോഡ് | പഞ്ചായത്ത് | 0.25 | 5 | ഇല്ല |

## പിഡബ്ളിയു ഡിഏറ്റെടുത്തതും അടിയന്തിരമായി പണി പൂർത്തിയാക്കേണ്ടതുമായ പഞ്ചായത്തിലെ റോഡുകൾ

| നമ്പർ | വാർഡ് | പേര് | ഉടമസ്ഥത | ദൂരം | വീതി | പണി നടക്കുന്നു/ഇല്ല |
|---|---|---|---|---|---|---|
| 1 | 1,2 | മുണ്ടേങ്ങര,കൊളപ്പാട്,കറുകമണ്ണ, പുള്ളിപ്പാടം റോഡിൽ വീട്ടിക്കുത്ത് ഗിരിജൻറോഡ് | P.W.D | 16.കിമി | 8മീ | ഇല്ല |
| 2. | 6,7,8 | പുളിക്കലൊടി- തൃക്കേക്കുത്ത് ഫെറി റോഡ് | P.W.D | 13.6 | 10 | ഉണ്ട് |
| 3. | 5,6 | തിരുവാലി-കോട്ടാല- കാട്ടുമുണ്ട റോഡ് | P.W.D . | 3.5 | 10 | നിർത്തി വെച്ചു |
| 4. | 4,10,11 | മമ്പാട് ഡിസ്പൻസറി-മേപ്പാടം ഉറുങ്കുഴി കോളനി റോഡ് | P.W.D S.E.P | 2 | 8 | ഇല്ല |

പട്ടിക 3

## ടാർ ചേയ്യേണ്ട മെറ്റൽ റോഡുകൾ

| നമ്പർ | വാർഡ് | പേര് | ദൂരം(കിമി) | വീതി(മീ) |
|---|---|---|---|---|
| 1. | 3,4,5 | പൊങ്ങല്ലൂർ-പന്തലിങ്ങൽ-നടുവത്ത് റോഡ് | 3 | 8 |
| 2. | 4 | തേട്ടിൻറക്കരകെ.പി മമ്മദ് കുട്ടി സാഹിബ് റോഡ് | 2.6 | 6 |
| 3 | 5,6 | പന്തലിങ്ങൽ-കാട്ടുപൊയിൽ-മമ്പാട് കോളേജ് | 2 | 8 |
| 4 | 8 | വടപറം-താളിപൊയിൽ 42 റോഡ് | 2.5 | 6 |
| 5. | 6,7,8 | കാട്ടുമുണ്ട-കമ്പനിപ്പടി-പുല്ലോട്-വള്ളിക്കെട്ട് റോഡ് | 1.5 | 8 |
| 6 | 6,7 | മോലിപ്പടി-തെക്കുംപാടം റോഡ് | 1 | 7 |
| 7. | 6,7 | മോലിപ്പടി-കൂട്ടിലങ്ങാടി റോഡ് | 0.5 | 7 |
| 8 | 6,7 | കാട്ടുമുണ്ട-പള്ളിപ്പടി-തണ്ണിക്കുളം റോഡ് | 0.8 | 7 |
| 9. | 6 | കാട്ടുമുണ്ട- മമ്പാട് കോളേജ് റോഡ് (സെക്കൻറ് റീച്ച്) | 0.8 | 8 |
| 10. | 1 | പാലക്കടവ് കണക്കൻകടവ് റോഡ് | 0.75 | 8 |
| 11 | 9 | ബീമ്പുങ്ങൽ- മമ്പാട് ഹൈസ്കൂൾ റോഡ് | 0.6 | 6 |
| 12. | 9 | ടാണ-ഫോറസ്റ്റ് കടവ് റോഡ് | 0.2 | 6 |

പട്ടിക 4

# മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകൾ

| നമ്പർ | വാർഡ് | പേര് | ദൂരംKm | വീതിM |
|---|---|---|---|---|
| 1 | 1 | ഓടായിക്കൽ-ഉതിരംകുളം റോഡ് | 3 . | 5 |
| 2 | 1 | ഓളിക്കൽ-ഓടക്കയം റോഡ് | 2.5 | 4 |
| 3 | 1 | ഓടായിക്കൽ-ഫെറി-ഓടക്കയം റോഡ് | 0.1 | 6 |
| 4 | 1 | കരിക്കാട്ടുമണ്ണ-തുടിപ്പൊയിൽ റോഡ് | 0.75 | 5 |
| 5 | 1 | പാലക്കടവ്-കണക്കൻകടവ് റോഡ് | 2.5 | 6 |
| 6 | 1 | പാലക്കടവ്-കവണപ്പൊയിൽ-വീട്ടിക്കുത്ത് റോഡ് | 1.5 | 5 |
| 7 | 2 | മമ്പാട് ഫെറി-കാരച്ചാൽ-വീമ്പുംകുഴിറോഡ് | 3 | 8 |
| 8. | 2 | മണലൊടി-ചെറുന്നേൽ-ഉതിരംകുളം റോഡ് | 2 | 6 |
| 9 | 2 | കറുകമണ്ണ ഐ.എച്ച്.ഡി.പി- അമ്പേദ്കർ കോളനി | 1 | 6 |
| 10. | 2 | കറുകമണ്ണ പുളിങ്കുന്ന് ഹരിജൻ കോളനി | 1.5 | 5 |
| 11. | 3 | പൊങ്ങല്ലൂർ -തോണിക്കടവ് റോഡ് | 0.6 | 6 |
| 12. | 3 | പൊങ്ങല്ലൂർ -ഷാപ്പുകുന്ന് റോഡ് | 1.5 | 7 |
| 13. | 3 | പൊങ്ങല്ലൂർ-ചുവന്ന മണ്ണ-പഴമ്പേത്ത് റോഡ് | 0.75 | 4 |
| 14. | 3 | തോട്ടിൻറകര കെ.പി മമ്മദ് കുട്ടി സാഹിബ്- കളംകുന്ന് | 0.5 | 5 |
| 15. | 4 | മേപ്പാടം സ്കൂൾ-കുളക്കാട്ടിരി റോഡ് | 0.75 | 6 |
| 16 | 4 | കൂളിക്കൽ-പാറമ്മൽ റോഡ് | 0.6 | 6 |
| 17. | 4 | മേപ്പാടം-പാറമ്മൽ റോഡ് | 0.6 | 6 |
| 18. | 5 | കാട്ടുപൊയിൽ-മമ്പാട് കോളേജ് റോഡ് | 1 | 8 |
| 19 | 4 | പൊങ്ങല്ലൂർ-മേപ്പാടം റോഡ് | 3 | 8 |
| 20 | 5 | മേപ്പാടം-പന്തലിങ്ങൽ റോഡ് | 2 | 8 |
| 21 | 5 | പന്തലിങ്ങൽ-കൊന്നാഞ്ചേരി നടുവത്ത് | 2.25 | 8 |
| 22. | 5 | പന്തലിങ്ങൽ -പൂവത്തിക്കുന്ന് | .75 | 6 |
| 23 | 5 | പന്തലിങ്ങൽ-എൽപിസ്കൂൾ റോഡ് | 1 | 7 |
| 24 | 5 | പൂവത്തികുന്ന്-ചെമ്മരം റോഡ് | 1 | 7 |
| 25. | 5 | ചെറുമുണ്ട ഹരിജൻകോളനിറോഡ് | 0.5 | 6 |
| 26 | 5 | പന്തലിങ്ങൽ സ്കൂൾ-ഹരിജൻ കോളനിറോഡ് | 1.5 | 5 |
| 27 | 5 | പന്തലിങ്ങൽ ചക്കിയൻതടം റോഡ് | 1.5 | 4 |
| 28. | 6 | കാട്ടുമുണ്ട- -കരിന്തർ റോഡ് | 1 | 8 |
| 29 | 6 | മമ്പാട് കോളേജ്- രാജീവ് ദശലക്ഷം കോളനി-പാലപറമ്പ് | 1.5 | 6 |
| 30 | 6 | മമ്പാട് കോളേജ്- കട്ടപ്പാറ | 0.75 | 5 |
| 31 | 6 | പുളിക്കലൊടി തുനിക്കനകം റോഡ് | 0.7 | 6 |
| 32. | 6 | കാട്ടുപൊയിൽ - പൂവത്തിക്കുന്ന് റോഡ് | 1 | 5 |
| 33 | 6 | കാട്ടുപൊയിൽ പൂക്കടം ചോല | 0.5 | 6 |
| 34 | 6 | കാട്ടുമുണ്ട എൽ.പിസ്കൂൾ- ണ്ണുരുട്ടി കോളനിറോഡ് | 0.5 | 4 |
| 35 | 6 | കാട്ടുമുണ്ട- കരിന്താർ കോളനി | 0.56 | |

| | | | | |
|---|---|---|---|---|
| | | കോളേജ് ജങ്ഷൻ റോഡ് | | |
| 36 | 7 | പാപ്പച്ചൻ പടി-തെക്കുപാടം റോഡ് | .75 | 6 |
| 37 | 7 | ചെറിയാക്കപടി-പുല്ലോട് റോഡ് | 1 | 6 |
| 38 | 7 | തെക്കുംപാടം കോളനി-തൃക്കെക്കുത്ത് റോഡ് | 1 | 5 |
| 39 | 7 | പുല്ലോട്-പള്ളിപ്പടി-പുഴക്കടവ് റോഡ് | 1.2 | 5 |
| 40 | 7 | പുല്ലോട്-കല്ലരിക്കസ്കൂൾ | 0.5 | 5 |
| 41 | 7 | തെയ്യത്തുകുന്ന് കോളനി | 0.6 | 4 |
| 42 | 7 | തെയ്യത്തുകുന്ന് -പുല്ലോട് | 0.4 | 4. |
| 43 | 8 | വടപുരം-മൂലത്തുക്ക്-വള്ളിക്കെട്ട് റോഡ് | | 6 |
| 44 | 8 | പാലപറമ്പ്-താണറോഡ് | 1.5 | 6 |
| 45 | 8 | വടപുരം-രാമച്ചംപൊട്ടിറോഡ് | 0.75 | 6 |
| 46 | 8 | വടപുരം-കമ്പനിക്കുന്ന്-പറച്ചോല റോഡ് | 1 | 6 |
| 47 | 8 | പാലപറമ്പ്-യുപിസ്കൂൾ റോഡ് | 0.75 | 6 |
| 48 | 8 | പുളിക്കലൊടി പാലാർ താണിക്കൽ റോഡ് | 0.7 | 6 |
| 49 | 8 | വടപുരം-മൂലത്തുക്ക്-പുല്ലോട്-വള്ളിക്കെട്ട്-ലിങ്ക്റോഡ് | 0.5 | 6 |
| 50 | 8 | പാലപറമ്പ്-വെള്ളപ്പരപ്പ്-വള്ളിക്കെട്ട് റോഡ് | 0.75 | 6 |
| 51 | 8 | രാമച്ചംപൊട്ടി-വള്ളിക്കെട്ട് റോഡ് | 0.5 | 6 |
| 52 | 9 | ബീമ്പുങ്ങൽ-പുഴകക്ടവ്റോഡ് | 0.5 | 6 |
| 53 | 9 | ടാണ-താളിപൊയിൽറോഡ് | 1 | 5 |
| 54 | 9 | ടാണ-ഹൈസ്കൂൾ റോഡ് | 1 | 6 |
| 55 | 9 | ടാണ-ഫോറസ്റ്റ് ഓഫീസ്റോഡ് | 0.5 | 6 |
| 56 | 9 | ബീമ്പുങ്ങൽ-കാഞ്ഞിരംപൊയിൽ റോഡ് | 0.3 | 3 |
| 57 | 9 | വാർത്തിച്ചോല-ഹൈസ്കൂൾ റോഡ് | 0.7 | 5 |
| 58 | 10 | മരക്കാർ റോഡ്-ജാറത്തിങ്കൽ | 0.5 | 3 |
| 59 | 10 | കോലോത്തുംകുന്ന് റോഡ് | 0.6 | 3 |
| 60 | 10 | മണ്ണിൽതൊടിക റോഡ് | 0.8 | 3 |
| 61 | 10 | കൊല്ലക്കൻറിടവഴി | 0.5 | |
| 62 | 11 | കുളത്തിങ്ങൽ-കുട്ടികുന്ന് റോഡ് | 1 | 7 |
| 63 | 11 | കുളത്തിങ്ങൽ-ആശുപത്രിറോഡ് | 1.5 | 7 |
| 64 | 11 | നടുവക്കാട്-കരിന്താർറോഡ് | 1.5 | 7 |
| 65 | 11 | മുതുപൊയിൽ-ഹൈസ്കൂൾ റോഡ് | 1 | 6 |
| 66 | 11 | പള്ളിക്കുന്ന് ഷാപ്പുംപടി-ഇളംപുഴറോഡ് | 0.75 | 5 |

## അനുബന്ധം-ബി

## പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

| നമ്പർ | വാർഡ് | പേരുകൾ | ദൂരം |
|---|---|---|---|
| 1 | 1 | മുണ്ടംതോട് കോളനി-മാടം-ഓടക്കയം | 2.5 |
| 2 | 1 | ഓടായിക്കൽ-കരിക്കാട്ടമണ്ണ-പെരുവംപാടം കൊളനി | 6.0 |
| 3 | 1 | കല്ലുവാരി വാഴക്കുന്ന് -കാരച്ചാൽ അമ്പേദ്കർ കോളനി | 3.0 |
| 4 | 1 | കരിക്കാട്ടുമണ്ണ- പരമൻകുന്ന് | 0.5 |

| | | | |
|---|---|---|---|
| 5 | 1 | കരിക്കാട്ടുമണ്ണ-തുടിപ്പൊയിൽപാറ | 0.75 |
| 6 | 1 | മുണ്ടേതോട്-ഒലിമല ആദിവാസി കോളനി | 1.5 |
| 7 | 1 | ഓടായിക്കൽ-ആയിരംകല്ല്-പുള്ളിപ്പാടം | 1.0 |
| 8 | 2 | തോണിക്കടവ്-കിഴക്കേത്തല-ഓടായിക്കൽ | 2 |
| 9 | 2 | വാഴക്കുന്ന്-റൂബിറോഡ് | 2.0 |
| 10 | 2 | കറുകമണ്ണ-പുളിങ്കുന്ന് ഹരിജൻ കോളനി | 1.5 |
| 11 | 2 | മണലൊടി-പെരുമ്പാറവളവ് | 1.5 |
| 12 | 2 | കാരച്ചാൽ അമ്പേദ്കർ കോളനി- വെണ്ടേക്കുപറമ്പ് കറുകമണ്ണറോഡ് | 1.5 |
| 13 | 2 | പുള്ളിപ്പാടം-കുന്നമ്മൽ കടവ് | 0.5 |
| 14 | 3 | തോട്ടിൻറക്കര-മങ്ങാട്-ചെമ്പംകാട് | 1 |
| 15 | 3 | ചെമ്പംകാട്-വെണ്ണേപൊയിൽ-താണികുന്ന് | 0.7 |
| 16 | 3 | പൊങ്ങല്ലൂർ-പൂച്ചപ്പാറപറമ്പ് | 0.5 |
| 17 | 3 | പഴയങ്ങാടിപാലം-പനയംകുന്ന് | 1 |
| 18 | 3 | കെ.പി.മമ്മദ് കുട്ടി സാഹിബ്- പനയംകുന്ന് പള്ളിക്കുന്ന്-4 സെൻറ് കോളനി | 1 |
| 19 | 3 | പഴയങ്ങാടി-അണ്ടിക്കുത്ത്-കറുകമണ്ണകോളനി | 1.5 |
| 20 | 3 | തോട്ടിൻറക്കര-പനയങ്കുന്ന്-കളംകുന്ന് റോഡ് | |
| 21 | 4 | മേപ്പാടം സ്കൂൾ-കുശവൻ കോളനി-കൂളിക്കുന്ന് | 0.75 |
| 22 | 4 | കളംകുന്ന്-പള്ളിക്കുന്ന്-4സെൻറ് കോളനി | 1 |
| 23 | 4 | പനയംകുന്ന്-കളംകുന്ന്- വാളങ്കോട് | 1 |
| 24 | 4 | കൂളിക്കൽ-രാമങ്കുന്ന്-കല്ലിടുമ്പ് | 1.5 |
| 25 | 4 | കുറ്റിക്കാട്-കളംകുന്ന് | 0.75 |
| 26 | 4 | ഇളംപുഴ-ഉറൂങ്കുഴി | 0.5 |
| 27 | 4 | ഇളംപുഴ-മമ്പാട് കോളേജ് | 0.75 |
| 28 | 4 | ഇളംപുഴ-പള്ളിക്കുന്ന് | 0.5 |
| 29 | 4 | മേപ്പാടം സ്കൂൾപടി-കല്ലിടുമ്പ് - തിരുവാലിറോഡ് | 1 |
| 30 | 4 | കൂളിക്കൽ മിച്ച ഭൂമി | 0.5 |
| 31 | 4 | ഇളംപുഴ-കുറത്തിമല | 0.6 |
| 32 | 4 | മേപ്പാടം പുന്നക്കുന്ന്-കുട്ടിപ്പാറ | 1 |
| 33 | 4 | കളംകുന്ന്പാടം- പാറമ്മൽ മിൽ-ബൈപാസ് കെട്ട് | 0.6 |
| 34 | 5 | കുറത്തിയാർ പൊയിൽ ചെമ്മരം | 1 |
| 35 | 5 | പന്തലിങ്ങൽ-കുപ്പനപള്ളി-മേപ്പാടം | 2 |
| 36 | 5 | ചെമ്മരം-കൊന്നാഞ്ചീരി | 1.5 |
| 37 | 5 | പള്ളിപ്പടി-പൂക്കടം ചോല | 0.75 |
| 38 | 5 | പന്തലിങ്ങൽ എൽ.പിസ്കൂൾ | 0.5 |
| 39 | 5 | പൂവത്തിക്കുന്ന്-പൂക്കടം ചോല | 0.5 |
| 40 | 5 | മണ്ണുരുട്ടി എസ്.സി.കോളനി-കാട്ടുമുണ്ടപാടം | 1 |
| 41 | 6 | തണ്ണിക്കുളം മദ്രസ-പള്ളിപ്പടി-തണ്ണിക്കുളം | 1.5 |
| 42 | 6 | കാട്ടുപൊയിൽ-എരഞ്ഞിക്കൽ മൂല | 0.75 |

| | | | |
|---|---|---|---|
| 43 | 6 | കാട്ടമുണ്ട-മണ്ണുരുട്ടികോളനി-എൽപിസ്കൂൾ | 0.6 |
| 44 | 6 | കാട്ടമുണ്ട-കരിന്താർ കോളനി-കാട്ടമുണ്ട പള്ളി | 1 |
| 45 | 6 | കണ്ണഞ്ചോല-മേപ്പാടം | 1 |
| 46 | 6 | രാജീവ് ദശലക്ഷകോളനി | 0.5 |
| 47 | 6 | അധികാരി ചെറിയോൻ- പന്തലിങ്ങൽ | 0.75 |
| 48 | 6 | കുന്നമ്മൽ പൊയിൽ-പന്തലിങ്ങൽ | 0.5 |
| 49 | 6 | കൂട്ടിലങ്ങാടി തണ്ണിക്കുളം | 0.5 |
| 50 | 7 | പുല്ലോട് പാടത്തുമുക്ക്-തോട്ടുമുക്ക് | 1.5 |
| 51 | 7 | തൃക്കെക്കുത്ത്-ഹരിജൻശ്മശാനം | 1 |
| 52 | 7 | കൂട്ടിലങ്ങാടി-പാറക്കോട് | 1 |
| 53 | 7 | തെയ്യത്തുകുന്ന് കോളനി-അംഗനവാടി | 1.5 |
| 54 | 7 | തെക്കുംപാടം ഹരിജൻ ശ്മശാനം | .75 |
| 55 | 7 | മണലുങ്ങൽ-കാട്ടുമുണ്ടയു.പിസ്കൂൾ | 1 |
| 56 | 7 | കല്ലുവെട്ടികുന്ന്-ഹരിജൻ കോളനി | 1.5 |
| 57 | 7 | പാപ്പച്ചൻ പടി-ചെറിയാക്കപടി | 1 |
| 58 | 8 | പാലപറമ്പ്-താണ-പറച്ചോല | 0.5 |
| 59 | 8 | വടപുരം യു.പി.സ്കൂൾ-കക്കാട്ടുപൊയിൽ | 1.0 |
| 60 | 8 | പുളിക്കലൊടി-പാലൻ-വള്ളിക്കെട്ടു റോഡ് | 0.5 |
| 61 | 8 | താളിപ്പൊയിൽ -42 കുറുക്കുവഴി | 1 |
| 62 | 8 | രാമച്ചംപൊട്ടി-വള്ളിക്കെട്ട് | 1 |
| 62.എ | 8 | പുളിക്കലൊടി-വെള്ളപ്പരപ്പ് റോഡ് | |
| 63 | 8 | പാലപറമ്പ്-അയ്യപ്പക്ഷേത്രം ഹരിജൻ ഫുട്പാത്ത് | 0.5 |
| 64 | 8 | പാലപറമ്പ് ഓവുപാലം -പറച്ചോല | 1 |
| 65 | 8 | പാലപറമ്പ് റോഡ്-ഹരിജൻ കോളനി | 0.5 |
| 65 | 9 | താണ-പള്ളി-താളിപ്പൊയിൽ | 0.5 |
| 67 | 9 | കുരുകുത്തികുന്ന് നടുവക്കാട് | 1 |
| 68 | 9 | നടുവക്കാട് നേഴ്സറി-മുതുവായിക്കുളം | 0.5 |
| 69 | 9 | താണ-ഹൈസ്കൂൾ-കുരുക്കുത്തി | 0.5 |
| 70 | 10 | ഇടവഴിക്കടവ് | 0.2 |
| 71 | 10 | മൂഴിക്കൽ കടവ് | 0.1 |
| 72 | 10 | കിളിയൻകുണ്ട് | 0.1 |
| 73 | 10 | മണ്ണിൽതൊടി -തോട് | 0.15 |
| 74 | 10 | കോലോത്തും കുന്ന് ആശുപത്രി | 1.00 |
| 75 | 10 | അധികാരി മില്ല് -ഇടവഴി | 0.3 |
| 76 | 11 | നടുവക്കാട് മദ്രസ -പൊട്ടം ചോലകുന്ന് | 1.5 |
| 77 | 11 | മില്ലുപാടം റോഡ്-കരിന്താർ | 1 |
| 78 | 11 | കോളേജുപടി-കരിന്താർ | 1 |
| 79 | 2 | പുള്ളിപ്പാടം-കരടിപ്പാറ-പൊങ്ങല്ലൂർ കടവ് | 0.5 |

അനുബന്ധം സി.

## പാലം ,നടപ്പാലം,കുളിക്കടവ് സ്റ്റപ്പ് ,കലുങ്ക്,സൈഡുകെട്ട് തുടങ്ങ ആവശ്യങ്ങൾ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നത്

| നമ്പർ | വാർഡ് | റോഡ്/പുഴ/തോട് | ആവശ്യം |
|---|---|---|---|
| 1 | 1 | ചാലിയാർ പുഴക്ക്-ഓടായിക്കൽ പുള്ളിപാടം | പാലം |
| 2 | 1 | പാലകടവ്,കണക്കൻ കടവ് മുണ്ടേതോട് | പാലം |
| 3. | 1 | ഓടായിക്കൽ കടവ് (ചാലിയാർ) | സ്റ്റപ്പ് |
| 4 | 1 | ഓടായിക്കൽ വീട്ടിക്കുത്ത് റോഡിൽ | കലുങ്ക് |
| 5. | 1 | വീട്ടിക്കുത്ത് കവണ പൊയിൽ റോഡ് | കലുങ്ക് |
| 6. | 1 | ഓടായിക്കൽ ഉദിരംകുളം | കലുങ്ക് |
| 7. | 2 | കാരച്ചാൽ പമ്പ് ഹൗസ് ആയിരംകല്ല് കടവ് സ്റ്റപ്പ് | കലുങ്ക് |
| 8 | 2 | മുണ്ടേങ്ങര വീട്ടിക്കുത്ത് റോഡ് | കലുങ്ക് |
| 9. | 3 | പൊങ്ങല്ലൂർ കല്ലിടുമ്പ് കടവ് | സ്റ്റപ്പ് |
| 10 | 3 | പൊങ്ങല്ലൂർ പേട്ട കടവ് | സ്റ്റപ്പ് |
| 11 | 3 | പൊങ്ങല്ലൂർ എരഞ്ഞിപ്പാറ -കുളിക്കടവ് | സ്റ്റെപ്പ് |
| 12. | 3 | പൊങ്ങല്ലൂർ ഖബർസ്ഥാൻ | സ്റ്റപ്പ് |
| 13 | 4 | കളം കുന്ന്,പാടികുന്ന് ഇളംമ്പുഴ തോടിന് | നടപ്പാലം |
| 14 | 4 | മേപ്പാടം പൂവത്തിമണ്ണ് കക്കുമ്പള്ളി തോടിന് | നടപ്പാലം |
| 15 | 4 | കക്കുപള്ളി തോടിന് കല്ലിടുമ്പിൽ | നടപ്പാലം |
| 16 | 4 | മേപ്പാടം വിലങ്ങാപാറ തരിശ് | സ്റ്റപ്പ് |
| 17 | 5 | ഇട്ടൽ കുണ്ട്,കൊറത്തിയാർ പൊയിൽ തോടിന് | നടപ്പാലവും സ്റ്റെപ്പും |
| 18 | 5 | മമ്പാട് കേളേജ്-എളംപുഴതോടിന് | നടപ്പാലം |
| 19. | 5 | കാരിന്താർ റോഡ് പള്ളി തോട് | നടപ്പാലം |
| 20 | 6 | തുണിക്കനകം കളം തോടിന് | നടപ്പാലം |
| 21 | 6 | തണ്ണികുളം മദ്രസ്സ തോട് | നടപ്പാലം |
| 22 | 6 | മാളിയേക്കൽ തോട് | നടപ്പാലം |
| 23 | 7 | തൃക്കൈക്കുത്ത് കടവ്, കുതിരപുഴ | പാലം |
| 24 | 8 | പാലപറമ്പ് വള്ളിക്കെട്ട് റോഡ് | നടപ്പാലം |
| 25. | 8 | വള്ളികെട്ട് പുഴക്കടവ് | സ്റ്റെപ്പ് |
| 26. | 8 | പാലപറമ്പ് ഹരിജൻ കോളനി | സൈഡ്കെട്ട് |
| 27 | 8 | പാലപറമ്പ് ടാണ റോഡ് | കലുങ്ക് |
| 28. | 9 | ബീമ്പുങ്ങൽ ഓടായിക്കൽ കടവ് | സ്റ്റപ്പ് |
| 29 | 9 | ടാണ പിലകടവ് | സ്റ്റപ്പ് |
| 30 | 10 | ഇടവഴിക്കടവ് | സ്റ്റപ്പ് |
| 31 | 10 | മുഴിക്കൽ കടവ് | സ്റ്റപ്പ് |
| 32 | 10 | കിളിയൻ കുണ്ട് കടവ് | സ്റ്റപ്പ് |
| 33 | 10 | തങ്ങൾ കടവ് | സ്റ്റപ്പ് |
| 34 | 10 | മണ്ണിൽ തൊടിക തോടിന് | സ്റ്റപ്പ് |
| 35. | 11 | പള്ളികുന്ന് പനയം കുന്ന് ഇളംമ്പുഴ തോട്-കുളിക്കടവ് | സ്റ്റപ്പ് |

## ഊർജ്ജം

കേരളം അനുഭവിക്കുന്ന പ്രതിസന്ധികളിൽ ഏറ്റവും രൂക്ഷമായത് വൈദ്യുത രംഗത്തേതാണ്. സ്വാതന്ത്ര്യം കിട്ടി അര നൂറ്റാണ്ടായിട്ടും വൈദ്യുതി ചെന്നെത്തിയിട്ടില്ലാത്ത നൂറുകണക്കിനു ഗ്രാമങ്ങൾ കേരളത്തിലുണ്ട്. ഇപ്പോഴത്തെ മട്ടിൽ പോയാൽ അടുത്ത കാലത്തൊന്നും അവ വൈദ്യുതീകരിക്കപ്പെടുമെന്ന് വിശ്വസിക്കാനും വയ്യ. വൈദ്യുതീകരിക്കപ്പെട്ട പ്രദേശങ്ങളിൽ തന്നെ ചുരുങ്ങിയ അളവിൽ വൈദ്യുതി നൽകാൻ പ്രയാസപ്പെടുകയാണ് അധികൃതർ. പവർ കട്ടും ലോഡ് ഷെഡ്ഡിങ്ങും, വോൾട്ടേജ് ക്ഷാമവും ജനങ്ങളുടെ നിത്യ ജീവിതത്തിൻെറ ഭാഗമായിരിക്കുന്നു. കഴിഞ്ഞ കുറേവർഷങ്ങളായി ഒരു യൂണിറ്റു വൈദ്യുതിയും ഉൽപ്പാദിപ്പിക്കാൻ ആവശ്യമായ പുതിയ പദ്ധതികളൊന്നും ആരംഭിക്കാൻ സാധിച്ചില്ല എന്നതാണ് ഈ രംഗത്തെ പ്രധാന പ്രശ്നം.വൻകിട പദ്ധതികൾ മാത്രമല്ല പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ ചെറുകിട ജലസേചന പദ്ധതികൾ, ജൈവ- ഊർജ്ജ മാർഗ്ഗങ്ങൾ തുടങ്ങിയ ബദൽ പദ്ധതികൾ സ്ഥാപിക്കാനുള്ള ശ്രമവും വിജയിച്ചില്ല. (ഇന്ത്യയുടെ പല ഭാഗങ്ങളിലും ഈ മാർഗ്ഗങ്ങൾ വിജയകരമായി നടപ്പിലാക്കി. ഗ്രാമീണ മേഖലക്കാവശ്യമായ ഊർജ്ജം കണ്ടെത്തുന്നുണ്ട്.)

വൈദ്യുതി രംഗത്തെ പ്രശ്നങ്ങൾ ഗവ. തലത്തിലും ജനകീയ സഹകരണത്തോടെ പ്രാദേശിക തലത്തിലും ഏറ്റെടുത്ത് യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിക്കുക എന്ന രീതിതല പ്രവർത്തനങ്ങളാണ് ഇപ്പോൾ ആസൂത്രണം ചെയ്യപ്പെട്ടിട്ടുള്ളത്. നമ്മുടെ പഞ്ചായത്ത് നേരിടുന്ന വൈദ്യുത പ്രശ്നങ്ങളും അവയുടെ പരിഹാര മാർഗ്ഗങ്ങളും ഇത്തരുണത്തിൽ പരിശോധിക്കുന്നതും ഉചിതമായിരിക്കും. 1958ലാണ് മമ്പാട് പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി എത്തിയത്. അംശം അധികാരിയുടെ വീട്ടിലെ ''അത്ഭുതവെളിച്ചം'' കാണാൻ ജനം അന്ന് തടിച്ചു കൂടി. തുടർന്ന് സമീപത്തെ ചില വീടുകളിലും കടകളിലും വൈദ്യുതി എത്തി. വൈദ്യുതികൊണ്ടു പ്രവർത്തിക്കുന്ന പൊടിമില്ലുകളും സോമില്ലുകളും വന്നു ഇന്ന് 38 വർഷങ്ങൾക്കുശേഷം വൈദ്യുതി ഇല്ലാത്ത ഒരു ദിവസം സങ്കല്പിക്കാൻ സാധിക്കാത്ത വിധം ജനജീവിതത്തിൽ വൈദ്യുതിയുടെ സ്വാധീനം അനിഷേധ്യമായിരിക്കുന്നു. പഞ്ചായത്തിലെ 11 വാർഡുകളിലും വൈദ്യുതിഎത്തിയെങ്കിലും പകുതിയോളം വീടുകളും വൈദ്യുതീകരിക്കപ്പെടാത്തതാണ്. വർഷങ്ങളായി കാത്തിരിക്കുന്നവർക്ക് എപ്പോൾ കണക്ഷൻ കൊടുക്കാൻ കഴിയുമെന്ന് പറയാൻ ബോർഡിനു സാധിക്കുന്നില്ല. 2348 ഉപഭോക്താക്കളാണ് ഇപ്പോൾ പഞ്ചായത്തിലുള്ളത് (അവലംബം കെ.എസ്.സി.ബി) ഇതിൽ 2366 ഗാർഹികവും 376 ഗാർഹികേതരവും 32 എണ്ണം വ്യവസായ കണക്ഷനുകളുമാണ്.

പഞ്ചായത്തിൽ 20 ട്രാൻസ്ഫോർമറുകളാണ് സ്ഥാപിക്കപ്പെട്ടത്. ഇവയൊന്നും അധിക ഭാരം വഹിക്കുന്നവയല്ല. എന്നിട്ടും രൂക്ഷമായ വോൾട്ടജ് ക്ഷാമമാണ് അനുഭവപ്പെടുന്നത്. സുഗമമായ വൈദ്യുത വിതരണത്തിന് പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചുകിട്ടണമെന്നആവശ്യം എല്ലാ ഗ്രാമ സഃകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്.

പഞ്ചായത്തിലെ മിക്ക മീറ്ററുകളും കേടുവന്നവയാണെന്ന് സംശയിക്കുന്നു. വൈദ്യുതിയുടെ അമിത ഉപയോഗവും സാമ്പത്തിക നഷ്ടവും ആണ് ഇതുമൂലം ഉണ്ടാകുന്നത്. കോഴിക്കോട്ടുള്ള നല്ലളം സബ്സ്റ്റേഷൻ, മലപ്പുറം സബ്സ്റ്റേഷൻ എന്നിവിടങ്ങളിൽ നിന്നാണ് മമ്പാട് പഞ്ചായത്തിൽ വൈദ്യുതി എത്തുന്നത്.

നിലമ്പൂർ മേജർ സെക്ഷനാണ് പഞ്ചായത്തിലെ വൈദ്യുത വിതരണക്കാർ. വൈദ്യുതി ചാർജ്ജ് അടക്കാനും മറ്റ് കാര്യങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടാനായി 10ഉം 15ഉം കിലോമീറ്റർ വരെ ഉപഭോക്താക്കൾക്ക് സഞ്ചരിക്കേണ്ടി വരുന്നു. പലപ്പോഴും അധികൃരുടെ സമീപനം നിഷേധാത്മകമാകുന്നു എന്ന പരാതിയുണ്ട്

പഞ്ചായത്ത് പ്രദേശത്തുള്ള ട്രാർസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും പട്ടികയിൽ കൊടുത്തിരിക്കുന്നു.

| നമ്പർ | കപ്പാസിറ്റി | പേര് |
|---|---|---|
| 1 | 100 KVA | പൊങ്ങല്ലൂര |
| 2. | 50 | ചെമ്പൻകാട് |
| 3. | 100 | മമ്പാട്(ടൗൺ) |
| 4 | 163 | ഗവ. ആശുപത്രി |
| 5 | 63 | നടുവക്കാട് |
| 6 | 100 | ബീമ്പുങ്ങൽ |
| 7 | 63 | ടാണ |
| 8 | 160 | റൂബി |
| 9 | 100 | സ്റ്റാരച്ച് ഫാക്ടറി |
| 10 | 63 | മമ്പാട് കോളേജ് |
| 11 | 63 | മമ്പാട്,വട്ടപൊയിൽ കോളനി പരിസരം |
| 12 | 63 | വടപുരം |
| 13 | 63 | പാലപറമ്പ് |
| 14 | 163 | പന്തലിങ്ങൽ |
| 15 | 63 | മുണ്ടേംതോട് |
| 16 | 63 | കാട്ടുമുണ്ട |
| 17 | 100 | കാട്ടുമുണ്ട ടൈൽസ് ഫാക്ടറി |
| 18 | 100 | പൂവത്തിക്കുന്ന് |
| 19 | 63 | കാട്ടുമുണ്ട പള്ളിപ്പടി |
| 20 | 100 | വി.കെ.ക്ളെ/വർക്സ് ചെമ്മരം |
| 21. | 100 | താളിപൊയിൽ |
| 22 | 163 | ചാലിയാര ലാറ്റെക്സ് |
| 23 | 100 | മാരാട്ട് പ്ളാൻേറഷൻസ് |
| 24. | 300 | അരിഷോ റമ്പേഴ്സ് |
| 25 | 300 | മമ്പാട് ക്രമ്പ് റമ്പർ |

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ഭൂരിഭാഗം വാർഡുകളിലും വൈദ്യുതി പൂർണ്ണമായും ലഭിച്ചിട്ടില്ല.

2. വൈദ്യുതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഉപഭോക്താക്കൾ വളരെ പ്രയാസപ്പെടുന്നുണ്ട്

3. പ്രസരണ-വിതരണ രംഗത്തുള്ള ബോർഡിൻെറ ശ്രദ്ധക്കുറവുമൂലമുള്ള വൈദ്യുതിചോർച്ച,. സമയാസമയങ്ങളിൽ മരച്ചില്ലകൾ മുറിച്ചുമാറ്റാത്തതുമൂലമുള്ള വൈദ്യുത തകരാറ്

4. പഞ്ചായത്തിലെ 15ഹരിജൻ കോളനികളിൽ 12ലും വൈദ്യുതി എത്തിയിട്ടില്ല. 3 കോളനികൾ മാത്രമാണ് വൈദ്യുതീകരിക്കപ്പെട്ടത്.

5 കണക്കുകൾ പ്രകാരം 250 സ്ട്രീറ്റ് ലൈറ്റുകൾ ഉണ്ടെങ്കിലും ഭൂരിഭാഗവും കത്തുന്നവയല്ല. പല വാർഡുകളിലും സ്ട്രീറ്റ് ലൈറ്റുകളേയില്ല.

6 .ഇലക്ട്രിസിറ്റി ബോർഡിൻെറ കണക്കുകളിൽ കാണുന്നതിനേക്കാൾ വൈദ്യുതി ഉപയോഗിക്കുന്നുണ്ട്.

7. പഞ്ചായത്തിലെ ഏതാനും വീടുകളിലെ സ്റ്റെപ്-അപ് ഉപയോഗം മറ്റുള്ളവർക്ക് ബുദ്ധുമുട്ടുണ്ടാക്കുന്നു.

8. ജീവനക്കാരുടെ സഹകരണകുറവും നിഷേധാത്മക നിലപാടും

9. വർദ്ധിച്ച തോതിലുള്ള വോൾട്ടേജ് ക്ഷാമം

10 അനധികൃതമായ വൈദ്യുതികട്ട്

## സാധ്യതകൾ

1.വൈദ്യുത ഒഫീസിലെ കണക്കുകളേക്കാൾ കൂടുതലാണ് ഉപയോഗം നടക്കുന്നത്.പല വീടുകളിലും സ്റ്റെപ്-അപ് നിയന്ത്രണമില്ലാതെ ഉപയോഗിക്കുന്നത് കാരണം വോൾട്ടേജ് കുറവും പൊതുവെ നഷ്ടവും ഉണ്ടാക്കുന്നു. ലൈനിലെ തടസ്സങ്ങൾ മാറ്റാത്തതു മൂലം ഷോർട് സർക്യൂട്ടും ഫ്യൂസു പോകലും സാധാരണമാണ്. പലപ്പോഴും വൈദ്യുതി ലഭിക്കാറില്ല. ഇവ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

2. പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കുന്നതിന് ആവശ്യമായ നീളത്തില 11 കെ.വി ലൈനുകളും ത്രീ ഫേയ്സ് ലൈനുകളും സ്ഥാപിക്കേണ്ടതാണ്. നിലവിലുള്ള സിങ്കിൾ ഫേയ്സ് ലൈനുകൾ ത്രീ ഫെയ്സ് ലൈനുകളാക്കി പുനസ്ഥാപിക്കുകയുംനിലവിലുള്ള ട്രാർസ്ഫോർമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കുകയും കേടായ ട്രർസ്ഫോർമറുകൾ മാറ്റി സ്ഥാപിക്കകുകയും ചെയ്യുക

3. പഞ്ചായത്തിലെ ഒന്നാം വാർഡിൽ ' ഒലി' എന്നറിയപ്പെടുന്ന വെള്ളച്ചാട്ടം ഫലപ്രദമായ ഉപയോഗിക്കാൻ കഴിഞ്ഞാൽ ഒരു മിനി വൈദ്യുത പദ്ധതിക്ക് രൂപം നൽകാൻ കഴിയും

4. മുഴുവൻ ജനങ്ങൾക്കും പ്രയോജന പ്രദമായ വിധത്തിൽ സ്ട്രീറ്റ് ലൈറ്റുകൾ വ്യാപിപ്പിച്ച് സംരക്ഷണ ചുമതല അയൽകൂട്ടങ്ങളെ ഏൽപ്പിക്കണം

5. ബോർഡ് ജീവനക്കാരുടെ അനാസ്ഥ, ജനങ്ങളടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വിമുഖത അഴിമതി എന്നിവയും ഉള്ള വിഷമതകൾ വർദ്ധിപ്പിക്കുന്നു.

6.നിലമ്പൂർ താലൂക്കിൽ സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി ഒരു ഡീസൽ വൈദ്യുത നിലയം സ്ഥാപിക്കുക

## വാർഡുകളിൽ നിന്ന് ഉയർന്നു വന്നിട്ടുള്ള പ്രധാന നിർദ്ദേശങ്ങൾ

1. കരിക്കാട്ടു മണ്ണയിലെ മിനിമം ഗാരണ്ടി എഗ്രിമെൻറ് വെച്ച കുടുംബങ്ങൾക്ക് വൈദ്യുതി നൽകുക

2. ഓടായിക്കൽ എടക്കോട് ഹരിജൻ കോളനി വൈദ്യുതീകരിക്കുക

3.ഓടായിക്കൽ, ഉദരംകുളം,ചെറുന്നേൽ വാഴക്കുന്ന് ഭാഗങ്ങളിൽ വൈദ്യുതി എത്തിക്കുക

4.മുണ്ടേംതോട് ഗിരിജൻ കോളനി വൈദ്യുതീകരിക്കുക

5.കാരച്ചാൽ അംബേദ്കർ കോളനി,കറുകമണ്ണ ഐ.എച്ച്.ഡി.പി കോളനി,മണലൊടി എന്നീ സ്ഥലങ്ങൾ വൈദ്യുതീകരിക്കുക

6.മേപ്പാടത്ത് ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുക

7.പുന്നക്കുന്ന് ഭാഗത്തേക്ക് ത്രീഫേസ് ലൈൻ അനുവദിക്കുക

8. ഇളംപുഴ ഹരിജൻ കോളനിയിൽ ട്രാർസ്ഫോമർ സ്ഥാപിക്കുക

9. മേപ്പാടം,കൊശവൻ കോളനി രാമൻകുന്ന്

...ള്ളിക്കൽ മിച്ചഭൂമി പ്രദേശം മേപ്പാടം കിഴക്കെ ...ല എന്നീ പ്രദേശങ്ങളിലേക്ക് ലൈൻ നീട്ടുക

10.നാലാം വാർഡിൽ 3സ്ഥലത്ത് തെരുവു വിളക്കുകൾ സ്ഥാപിക്കുക

11. കെ.എസ്.ഇ.ബി യുടെ സെക്ഷൻ ഓഫിസ് പഞ്ചായത്തിൽ സ്ഥാപിക്കുക

12. പന്തലിങ്ങൽ ട്രാൻസ്ഫോർമറിൻെറ കീഴിലുള്ള സിങ്കിൾ ലൈൻ ത്രീഫേസാക്കുക

13.പന്തലിങ്ങൽ ചെറുമുണ്ട ഹരിജൻ കോളനികൾ വൈദ്യുതീകരിക്കുക

14. കൊന്നാഞ്ചേരി,കുറത്തിയാർ പൊയിൽ, റഹ്മാനിയ അറബിക് കോളേജ് കുഞ്ഞറകുന്ന് എന്നീ ഭാഗങ്ങളിലേക്ക് ലൈൻനീട്ടുക

15. പന്തലിങ്ങൽ ഹെൽത്ത് സബ് സെൻറർ എൽ.പി.സ്കൂൾ എന്നീ സ്ഥാപനങ്ങൾ വൈദ്യുതീകരിക്കുക

16.6ാം വാർഡിലുള്ള സിങ്കിൾ ഫേസ് ത്രീഫേസാക്കുക

17.കാട്ടുപൊയിൽ തണ്ണികുളം എന്നവിടങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക

18. വണ്ടൂർ, നിലമ്പൂർ റോഡിൽ കാട്ടുമുണ്ട മുതൽ വടപുറം പാലം വരെ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക

19.പുളിക്കലൊടി,രാജീവ് ദശലക്ഷം കോളനിയിലും സമീപത്തുള്ള കോളനിയിലും വൈദ്യുതി എത്തിക്കുക

20. തെക്കുപാടം,തെയ്യത്തും കുന്ന് തൃക്കൈകുത്ത് കോളനികൾ വൈദ്യുതീകരിക്കുക

21വള്ളിക്കെട്ട്,മൂലത്തൂക്ക് ഭാഗങ്ങൾ വൈദ്യുതീകരിക്കുക

22. വടപുറം, പാലപറമ്പ് പുല്ലോട് കോളനികൾ വൈദ്യുതീകരിക്കുക

23. പാലപറമ്പ് പറച്ചോല മമ്പാട് ഭാഗത്ത് കപ്പാസിറ്റി കൂടിയ ട്രൻസ്ഫോർമറുകൾസ്ഥാപിക്കുക

24.ബീമ്പുങ്ങൽ,കാഞ്ഞിരംപൊയിൽ ഭാഗത്തും മിനിമം ഗാരണ്ടി സമർപ്പിച്ചവർക്ക് കണക്ഷൻ നൽകുക

25.സൗരോർജ്ജ വിളക്കുകൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുക

26.ടാണയിലെ ട്രൻസ്ഫോർമറിൻെറ കപ്പാസിറ്റി വർദ്ധിപ്പിക്കുക

27. പ്രധാന കവലകളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക

28. മുഴിക്കൽ,കൊല്ലക്കൻെറ ഇടവഴി,കിളിയം കുണ്ട്, മണ്ണിൽ തൊടി എന്നീ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക

29. കുന്നുമ്മലങ്ങാടിയിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക

30 കരിന്താർ ഹരിജൻ കോളനിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

31 ലക്ഷം വീടുകോളനികൾ വൈദ്യുതി എത്തിക്കുക

32. നടുവക്കാട് ,പൊട്ടൻചോല പ്രദേശം വൈദ്യുതി എത്തിക്കുക. 4സെൻറ് കോളനി പ്രദേശത്ത് വൈദ്യുതി എത്തിക്കുക. മിനിമം ഗാരണ്ടി സമർപ്പിച്ചവർക്ക് വൈദ്യുതി കണക്ഷൻ നൽകുക.

33. പള്ളിക്കുന്ന് 4 സെൻറ് കോളനി വൈദ്യുതീകരിക്കുക.

34.ഡി.എച്ച്.എൽ കോളനി വൈദ്യുതീകരിക്കുക

35 എല്ലാ ഗവ. സ്കൂളുകളും വൈദ്യുതീകരിക്കുക

പഞ്ചായത്തിലെ മിക്കവാറും വീടുകളിൽ പാചകത്തിന് വിറകാണുപയോഗിക്കുന്നത്.പുകയില്ലാത്ത അടുപ്പുകളടെ ഉപയോഗം വളരെ കുറവാണ്.ഗ്യാസ്, മണ്ണെണ്ണ മുതലായവ പാചകാവശ്യത്തിന് ഉപയോഗിക്കുന്നവർ 5% മാത്രമേയുള്ളു വൈദ്യുതി ബോർഡിൻേറയും അനേർട്ടിൻെറയും സഹായത്തോടെ സോളാർ ലാമ്പിനെ കുറിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്തുക. ജൈവ ഊർജ്ജ സ്രോതസ്സുകൾ, പാരമ്പര്യേതര ഊർജ്ജ മാർഗ്ഗങ്ങൾ എന്നിവ ഉപയോഗിച്ച് റൂറൽ ഇലക്ട്രിഫിക്കേഷൻ പദ്ധതി നടപ്പിലാക്കുക എന്നിവയും തീർച്ചയായും പരിഗണിക്കേണ്ടതാണ്

## മാർക്കറ്റ്

മിക്കവാറും എല്ല സാധനങ്ങൾക്കും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന കേരളം ഒരു വലിയ ചന്തയാണെന്ന് പറയാം. നിത്യോപയോഗ സാധനങ്ങൾ, ഗൃഹനിർമ്മാണവസ്തുക്കൾ, തുണിത്തരങ്ങൾ, ഔഷധം എന്നു വേണ്ട സൂചിമുതൽ മോട്ടോർ വാഹനങ്ങൾ വരെ എല്ലാം അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്കൊഴുകുകയാണ്. ആഡംബര വസ്തുക്ക

ളും മറ്റിതര സാധനങ്ങളും വിദേശത്തു നിന്ന് ഇറക്കുമതി ചെയ്യുകയും ചെയ്യുന്നു. ഉൽപ്പാദന രംഗം ക്ഷീണിതമാവുകയും ഉപഭോഗത്തിന് മറ്റു രാജ്യങ്ങളെ ആശ്രയിക്കേണ്ടി വന്നതും മൂലമാണ് ഈ അവസ്ഥ യുണ്ടായത്. ഏതായാലും റോഡ്-തുറമുഖ-വിമാന ഗതഗതം വളരേയേറെ വികസിക്കാനും സുശക്തമായ ഒരു മാർക്കറ്റ് ശൃംഘല കേരളമാകെ വ്യാപിക്കാനും ഇതു മൂലം സാധിച്ചു

എങ്കിലും ഗ്രാമ പ്രദേശങ്ങളില മാർക്കറ്റ് സംവിധാനം ഇനിയും മെച്ചപ്പെടേണ്ടതുണ്ട്. പ്രദേശികമായി മാർക്കറ്റുകൾ വികസിപ്പിച്ചെടുക്കുകയും ഉൽപ്പാദന രംഗം ശക്തിപ്പെടുത്തിക്കൊണ്ട് ജനങ്ങളുടെ ക്രയ ശേഷി കൂട്ടുകയുമാണാവശ്യം

മമ്പാട് പഞ്ചായത്തിലെ മാർക്കറ്റ് സംവിധാനം വളരെ പരിതാപകരമാണ്. സംസ്ഥാന ശരാശരിയുടെ വളരെ താഴെയാണ് നമ്മുടെ നില. ജില്ലാ ശരാശരിയിലും നാം എത്തി ചേർന്നിട്ടില്ല. മമ്പാട് ടൗണിനടുത്തുള്ള താഴത്തങ്ങാടി, കുന്നമ്മലങ്ങാടി, അങ്ങാടികുന്ന് എന്നിവ പഴയ കാലത്തെ മെച്ചപ്പെട്ട കമ്പോളങ്ങളായിരുന്നു. മരവ്യവസായതകർച്ചായോടെ പഞ്ചായത്തിലെ കമ്പോളങ്ങളും തകരുകയയിരുന്നു.

നമ്മുടെപഞ്ചായത്തിലെ പ്രധാന ഉൽപ്പന്നങ്ങൾ റമ്പർ, നാളികേരം, നേന്ത്രവാഴ, കശുവണ്ടി, അടക്ക, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയ കാർഷിക വിളകളാണ്. കൃഷി ലാഭകരമല്ല എങ്കിൽ തന്നെ കർഷകർ പൂർണ്ണമായും കാർഷിക വൃത്തിയിൽ നിന്നും പിൻവാങ്ങിയിട്ടില്ല. സൗകര്യപ്രധാനമായ മാർക്കറ്റ് സംവിധാനം ഇല്ലാത്തതിനാൽ തങ്ങൾക്ക് ആവശ്യമുള്ള കാർഷകോപകരണങ്ങൾ മറ്റു വീട്ടുപകരണങ്ങൾ എന്നിവയ്ക്ക് പലപ്പോഴും ഇതര പ്രദേശങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. കാർഷകോൽപ്പന്നങ്ങളുടെ വപണനത്തിനായി വിദൂര സ്ഥലങ്ങളിലെ കച്ചവടക്കാരുടേയോ അവരുടെ ബ്രോക്കർ മാരുടേയോ പടിക്കൽ കാത്തിരിക്കേണ്ടതായും വരുന്നു. ട്രാൻസ്പോർട്ടിങ്ങ്, കയറ്റിറക്ക്, കമ്മീഷൻ ഇനത്തിൽ അനാവശ്യ ചിലവുകൾ കർഷകനെ തളർത്തുകയാണ്

സാധാരണക്കാരായ ജനങ്ങൾക്കും തങ്ങളുടെ ആവശ്യങ്ങൾക്ക് അയൽ പ്രദേശങ്ങളെ ആശ്രയിക്കുകയേ ഗതിയുള്ളൂ .പഞ്ചായത്തിലെകച്ചവടസ്ഥാപനങ്ങൾ എണ്ണത്തിലും വണ്ണത്തിലും ചെറുതാണ്. ജനങ്ങളുടെ ആവശ്യങ്ങൾക്ക് മതിയായ അത്രയും ഇവിടെ സംഭരിച്ചുവെച്ചിട്ടില്ല. അമിതവില നൽകാനും ചൂഷണത്തിന് വിധേയരാകാനുമാണിത് വഴിതെളിയിക്കുന്നത്.

## പരിഹാര നിർദ്ദേശങ്ങൾ

പഞ്ചായത്തിലെ പ്രധാന കാർഷികോൽപ്പന്നങ്ങളുടെ സംഭരണ വിതരണത്തിനായി സൗകര്യപ്ര മായ പ്രദേശങ്ങളിൽ ആധുനിക മാർക്കറ്റ് സമ്പ്രദാ ഏർപ്പെടുത്തുക. ചാലിയാറിന് അക്കരയും ഇക്കരെ ഇക്കാര്യത്തിൽ പരിഗണിക്കേണ്ടതാണ്. പഞ്ചായത്തി സ്വന്തമായോ സഹകരണാടിസ്ഥാനത്തിലോ കെട്ട സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്. ബാങ്കുക സംസ്ഥാന റൂറൽ ഡെവലപ്മെൻറ് കോർപ്പറേഷ തുടങ്ങിയവയുടെ സഹായം ഇതിന് ലഭ്യമാക്കാവു ന്നതണ്. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരാഴ് ചന്തയും തീർച്ചയായും പരിഗണിക്കേണ്ടതാണ് പര രാഗത കൈതൊഴിലുകാർ സ്വയം തൊഴിൽ സംരംഭക ചെറുകിട കൃഷിക്കാർ, കുടിൽ വ്യവസായിക എന്നിവരുടെ ഉൽപ്പന്നങ്ങൾ വിൽക്കാനും സാധാര ക്കാരന് ആവശ്യമുള്ള സാധനങ്ങൾ വാങ്ങാനും ആഴ് ചന്തകൾ ഉപകാരപ്പെടുന്നു.

പഞ്ചായത്തിൽ ശേഖരിക്കപ്പെടുന്ന വന വിഭവങ്ങ വിറക് തുങ്ങിയവ നല്ല ഡിമാൻറ് ഉള്ള വസ്തുക്കളാണ ഇവ വൻതോതിൽ പുറത്തേക്കൊഴുകുന്നുണ്ട്. എന്ന ൽ ന്യായവില കിട്ടുന്നില്ല എന്ന പരാതിയുമുണ്ട ഇതിനാവശ്യമായ പരിഹാരനടപടികൾ കൈകൊള്ളേ ണ്ടതാണ്

പഞ്ചായത്തിൻെറ സർവ്വോതോമുഖമായ പുരോ ഗതി ലക്ഷ്യം വെച്ച് പദ്ധതി രൂപപ്പെടുത്തുന്ന സാഹ ര്യത്തിൽ മാർക്കറ്റ് സംവിധാനത്തിൽ ശ്രദ്ധ കേന്ദ്രീ രിക്കാതിരിക്കുന്നത് അബദ്ധമായിരിക്കും. മോശ ല്ലാത്ത ഒരു പൂർവ്വകാല സംസ്കാരത്തിനുടമയാ നമുക്ക് കെട്ടുറപ്പുള്ള ഒരു മാർക്കറ്റ് സംവിധാന ഭാവിയിലേക്കുള്ള ചവിട്ടുപടിയായിരിക്കും



# പാർപ്പിടവും സാമൂഹ്യ ക്ഷേമവും



## പാർപ്പിടം

ഉയർന്ന ജനസാന്ദ്രതയും കുറഞ്ഞവിസ്തൃതിയുമുള്ള മലയാളക്കരയിൽ പാർപ്പിടംഎന്നും ഒരു പ്രശ്നമായിരുന്നു. ഇടത്തരക്കാരും സാധാരണക്കാരും കൂടുതലുള്ള നമ്മുടെ സംസ്ഥാനത്ത് സ്വന്തമായൊരു വീട് എന്നത് ഇന്നും ഒരു സ്വപ്നമായി അവശേഷിക്കുകയാണ്. പട്ടണത്തിലേക്കുള്ള തൊഴിലന്വേഷകരുടെ നിലക്കാത്ത പ്രവാഹവും നഗരവൽക്കരിക്കപ്പെടുന്ന ഗ്രാമങ്ങളും വികലമായ ഭവന സങ്കൽപങ്ങളും, അശാസ്ത്രീയമായ സാമ്പത്തിക വിനിയോഗവും ഈ പ്രശ്നത്തെ രൂക്ഷതരമാക്കുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ച വിവിധ ഭവന നിർമ്മാണ പദ്ധതികളൊന്നും ജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങളിലൊന്നായ പാർപ്പിട പ്രശ്നം പരിഹരിക്കാൻ പര്യാപ്തമായിട്ടില്ല. സംസ്ഥാനത്തിൻെറ പൊതു സ്ഥിതി വിശേഷത്തിൽ നിന്നും വിഭിന്നമല്ല മമ്പാടിൻെറചിത്രവും

കഠിനാദ്ധ്വാനം ചെയ്തുണ്ടാക്കുന്ന പണം ആവശ്യത്തിലേറെ ചിലവഴിച്ചു് കെട്ടി ഉയർത്തപ്പെടുന്ന കോൺക്രീറ്റു സൗധങ്ങൾ സമൂഹത്തിൽ തനിക്കില്ലാത്ത മാന്യത നേടിത്തരുമെന്ന വികല ധാരണ, സമീപ പ്രദേശങ്ങളെ അപേക്ഷിച്ച് മമ്പാട് വളരെ കൂടുതലാണ്. മമ്പാട്ടങ്ങാടിയിലും പരിസരത്തും ഈ പ്രവണതഏറെ പ്രകടമാണ്.

പൊതുവെ കൃഷി അനാകർഷകമായിരിക്കുകയും കൃഷിക്കാവശ്യമായ സ്ഥലം വളരെ പരിമിതമായിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഉള്ള സ്ഥലം പോലും നികത്തി വീടുകൾ കെട്ടി പൊക്കുന്നത് മമ്പാടിൻെറ കാർഷിക സാമ്പത്തിക വ്യവസ്ഥിതിയുടെ നട്ടെല്ലൊടിക്കുന്നു. അതേ സമയം കേറിക്കിടക്കാനൊരു കൊച്ചു വീടുന്നിർമ്മിക്കാൻ കഴിയാത്ത നമ്മുടെ നാട്ടിലെ സാധാരണക്കാനമൻറ ദയനീയമുഖം മറുവശത്തുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ബഹുഭൂരിപക്ഷവും ഇടത്തരക്കാരുടെ ചെറു വീടുകളാണ് 8,9,10 വാർഡുകളിൽ കൂടുതലായി കോൺക്രീറ്റു കെട്ടിടങ്ങളാണുള്ളത്. ആദിവാസികൾ കൂടുതൽ വരുന്ന 1,2 വാർഡുകളിലാവട്ടെ കുടിലുകളും നന്നെ ചെറിയ വീടുകളും ആണുള്ളത്

27,00 ജനസംഖ്യയുള്ള ഈ പ്രദേശത്ത് 95-96 വർഷത്തിൽ 5401 വീടുകളുള്ളതായി സ്ഥിതി വിവര കണക്കുകൾ വ്യക്തമാക്കുന്നു.

പഞ്ചായത്തിലെ വീടുകളുടെ ഇനം തിരിച്ച പട്ടി ക താഴെ കൊടുക്കുന്നു.

| വാർഡ് | ടെറസ് | ഓട് | ഓല | ഇരുനില കെട്ടിടം | കുടിൽ | ആകെ |
|---|---|---|---|---|---|---|
| 1. | 219 | 12 | 125 | 8 | 58 | 422 |
| 2 | 297 | 39 | 73 | 12 | 80 | 501 |
| 3 . | 200 | 58 | 16 | 34 | 60 | 368 |
| 4. | 277 | 27 | 15 | 12 | 53 | 384 |
| 5. | 382 | 44 | 17 | 13 | 51 | 507 |
| 6. | 290 | 95 | 15 | 24 | 165 | 589 |
| 7. | 388 | 29 | 20 | 17 | 52 | 506 |
| 8. | 470 | 88 | 19 | 31 | 65 | 673 |
| 9. | 198 | 102 | 13 | 17 | 35 | 365 |
| 10. | 348 | 112 | 13 | 38 | 39 | 556 |
| 11. | 339 | 87 | 18 | 36 | 56 | 536 |
| ആകെ | 3408 | 693 | 344 | 242 | 714 | 5401 |

നമ്മുടെ ഗ്രാമ പഞ്ചായത്തിലെ ഭവന രഹിതർക്ക് വീട് വായ്പക്കാശ്രയിക്കാനുള്ള ഏജൻസി നിലമ്പൂർ റൂറൽ ഹൗസിംഗ്സൊസൈറ്റിയാണ്. കഴിഞ്ഞ 5 വർഷ ങ്ങളിലായി പ്രസ്തുത സൊസൈറ്റി 23 വീടുകൾ ക്കായി 13,93,000 രൂപ വായ്പ നൽകിയിട്ടുണ്ട്. നില മ്പൂരിൽ തന്നെ പ്രവർത്തിക്കുന്ന കാർഷിക വികസന ബാങ്കും, മറ്റു ചില വാണിജ്യബാങ്കുകളും ഭവന നിർ മ്മാണ വായ്പകൾ അനുവദിക്കുന്നുണ്ട്. പഞ്ചായ ത്തിൽ വിവിധ പദ്ധതി പ്രകാരം നിർമ്മിച്ച വീടു കളുടെ വിവരണം താഴെ പട്ടികയിൽ കൊടുക്കുന്നു.

| Year | R.L.E.G.P | N.R.E.P | I.A.Y | M.WS | JRY/UTF | TOTAL |
|---|---|---|---|---|---|---|
| 89-90 | - | | - | | 6 | 6 |
| 90-91 | - | - | - | - | 6+4 | 10 |
| 91-92 | - | - | 12 | - | 3 | 15 |
| 92-93 | - | - | - | - | 3 | 3 |
| 93-94 | - | - | 12 | - | 9+6 | 27 |
| 94-95 | - | - | 6 | 1 | 2+3 | 12 |
| 95-96 | - | - | 24 | 11 | 15 | 50 |
| 96-97 | - | - | - | - | 16 | 16 |
| ആകെ | - | - | 54 | 12 | 73 | 139 |

## പാർപ്പിട രംഗത്ത് നിലവിലുള്ള പ്രശ്നങ്ങൾ

1. ഭവന നിർമ്മാണത്തിന് അനുയോജ്യമായ സ്ഥല ത്തിന്റെ പരിമിതിയും, ലഭ്യമാകുന്ന സ്ഥലങ്ങ ളിലെ ഭൗതിക സാഹചര്യങ്ങളുടെ അഭാവവും
2. അസംസ്കൃത വസ്തുക്കളുടെ കൂടിയ വില
3. വിദഗ്ദ്ധ അവിദഗ്ദ്ധ നിർമ്മാണ തൊഴിലാ ളികളുടെ ദൗർലഭ്യം.
4. റൂറൽ ഹൗസിംഗ് സൊസൈറ്റിയിൽ നിന്നും വായ്പ ലഭിക്കാനുള്ള വ്യവസ്ഥകളുടെ സങ്കീർണ്ണതയും കാലതാമസവും അമിത പലിശയും
5. ശാസ്ത്രീയ ഭവന ബോധമില്ലായ്മ.

## പരിഹാര നിർദ്ദേശങ്ങൾ

1. ഭവന നിർമ്മാണത്തിന് ലഭ്യമായ സ്ഥലങ്ങ ളിലേക്ക് ഗതാഗത വൈദ്യുത കുടിവെള്ള സൗകര്യങ്ങളെത്തിക്കുക
2. ഇത്തരം മേഖലകളിൽ ആരോഗ്യ വിദ്യാഭ്യാസ സൗകരങ്ങളും മറ്റ് ഇതര സേവന തുറകളും ഉറപ്പു വരുത്തുക.
3. ഭവന നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കൾ സർക്കാർ ഏജൻസികളിലൂടെ വിതരണം ചെയ്യാനുള്ള സംവിധാനമേർപ്പെടുത്തുക.
4. നിശ്ചിത വരുമാന പരിധിക്കകത്തുള്ള സാധാരണക്കാരന് സിമൻറ്, കമ്പി, മുതലായ വസ്തുക്കൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുക
5. വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളുകളിൽ അഗ്രികൾച്ചർ കോഴ്സു പോലെ ഭവന നിർമ്മാണവും അനുബന്ധ വിഷയങ്ങളും ഉൾപ്പെടുത്തുക.
6. ഹ്രസ്വ കാല കോഴ്സുകളിലൂടെ

(ഉദാ: ട്രൈസം). വിദഗ്ദ്ധ
അർദ്ധവിദഗ്ദ്ധ
പരിശീലന സംവിധാനം
ഏർപ്പെടുത്തുക

7. പൊതു വിദ്യാഭ്യാസത്തിൽ ചിലവ് കുറഞ്ഞ വീടുകളെ കുറിച്ചും ശാസ്ത്രീയ ഭവന സങ്കൽപത്തെ കുറിച്ചുമുള്ള അവബോധം വളർത്താനാവശ്യമായ പാഠങ്ങൾ ഉൾപ്പെടുത്തുക.

8. ഭവന വായ്പ നൽകുന്ന കൂടുതൽ ഏജൻസികൾ ഏർപ്പെടുത്തുക.

9. വായ്പ ലഭിക്കുന്നതിനുള്ള സാങ്കതികത്വം ലഘൂകരിക്കുക.

10. വായ്പ ലഭിക്കാനുള്ള കാല വിളംബം ഒഴിവാക്കുക.

11. നാമമാത്ര പലിശക്ക് വായ്പ വിതരണം ചെയ്യുക

12. ഭവന വായ്പാ പദ്ധതികളിൽ പണം നിക്ഷേപിക്കുന്ന നികുതി ദായകർക്ക് വരുമാന നികുതിയിൽ അർഹമായ ഇളവ് അനുവദിക്കുക.

13. പ്രസ്തുത നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ നൽകുക.

ഭവന നിർമ്മാണ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കുറുക്കു വഴികൾ ഇല്ല. എങ്കിലും മുകളിൽ സൂചിപ്പിച്ച പരിഹാര നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കാൻ ക്രിയാത്മകമായ നടപടികൾ ഉണ്ടായാൽ മമ്പാട്ടെ എല്ലാ സാധാരണക്കാരനും സ്വന്തം വീട്ടിൽ അധിവസിക്കുന്ന ഒരു സുദിനം അനതിവിദൂരമല്ല..

## സാമൂഹ്യക്ഷേമം

സമൂഹത്തിൽ ഏറ്റവും താഴെ കിടക്കുന്നവരും നിത്യ പട്ടിണി അനുഭവിക്കുന്നവരുമായ സാധാരണക്കാരന് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തി അവരെ ഉയർത്തിക്കൊണ്ടു വരുന്നതിനാണ് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ഊന്നൽ നൽകുന്നത്, നൽകേണ്ടതും. സംഘടിതരും അസംഘടിതരുമായ തൊഴിലാളികളുടെ സർവ്വതോൻമുഖമായ അഭിവൃദ്ധിയെ ലക്ഷ്യമിട്ടുകൊണ്ടുള്ള നിരവധി പദ്ധതികൾ നിലവിലുണ്ട്. ഇവ ഏറിയും കുറഞ്ഞുമുള്ള നിലവാരത്തിൽ നമ്മുടെ പഞ്ചായത്തിലും പ്രാവർത്തികമാക്കുന്നുണ്ട്.

ദാരിദ്ര നിർമ്മാർജ്ജന പദ്ധതി,യൂണിസെഫിൻെറ കീഴിൽ സംസ്ഥാനസർക്കാരിൻെറ സഹായത്തോടെ നടത്തപ്പെടുന്ന സി.ബി.എൻ.പി.( കമ്യൂണിറ്റി ബെയ്സ്ഡ് ന്യൂട്രീഷ്യൻ പ്രോഗ്രാം) ക്ഷേമനിധി ബോർഡുകൾ, പട്ടികജാതി വികസന കോർപ്പറേഷൻ, വനിതാ വകസന കോർപ്പറേഷൻ തുടങ്ങിയ പദ്ധതികളും പരിപാടികളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

ഈ സംവിധാനങ്ങളിലൂടേയുള്ള ക്ഷേമപ്രവർത്തനങ്ങൾ മമ്പാട്, പുള്ളിപ്പാട് വില്ലേജുകൾ വഴിയാണ് നടത്തപ്പെടുന്നത്.

വിവിധ പദ്ധതികളിലൂടെ നമ്മുടെ പഞ്ചായത്തിൽ 1992മുതൽ നൽകിയ സഹായത്തിൻെറ കണക്കുകൾ താഴെ കൊടുക്കുന്നു.

| വർഷം | കുടംബങ്ങളുടെ എണ്ണം | സബ്സിഡി | വായ്പ |
|---|---|---|---|
| 92-93 | 62 | 173651.00 | 278193.00 |
| 93-94 | 43 | 202725.00 | 298386.00 |
| 94-95 | 39 | 211200.00 | 420211.00 |
| 95-96 | 43 | 182583.00 | 559677.00 |
| ആകെ | 187 | 770159.00 | 1556467.00 |

നടപ്പു സാമ്പത്തിക വർഷത്തിൽ 28 കുടംബങ്ങൾക്ക് 1,71,000 ക സബ്സധി ഇനത്തിലും 3,42,000 ക വായപ് ഇനത്തിലും ഇതേവരെ നൽകിയിട്ടുണ്ട്

മുകളിൽ പറഞ്ഞ പദ്ധതികൾക്കു പുറമേ സി.ഡബ്.ളി.യു. സി.ആർ.എ, ട്രൈസം പദ്ധതി, സി.ആർ.എസ്.പി. തുടങ്ങിയ പദ്ധതികളും പഞ്ചായത്തിൽ നിലവിലുണ്ട്.

സി.ഡബ്.ളി.യു. സി.ആർ.എ പദ്ധതിയിൻ കീഴിൽ (വിവിധ കുടുംബങ്ങളിലെ പത്തുവനിതകൾ ചേർന്നുകൊണ്ടുള്ള ഒരു കൂട്ടുസംരംഭം) വടപുരത്ത് ആരംഭിച്ച സംരംഭം ഇപ്പോൾ പ്രവർത്തിക്കുന്നില്ല. 68000 രൂപ സബ്സിഡിയും 1,02,000 രൂപ വായ്പ ഇനത്തിലും ഈ യൂണിറ്റിന് ലഭിച്ചിരുന്നു.

ട്രൈസം (ട്രെയിനിങ്ങ് ഓഫ് റൂറൽ യൂത്ത് ഫോർ സെൽഫ് എംപ്ളോയ്മെൻറ്) പദ്ധതിയിൽ നമ്മുടെ പഞ്ചായത്തിൽ 1992-93 മുതൽ നടപ്പുവർഷം വരെ 40 ആളുകൾക്ക് പരിശീലനം നൽകിയിട്ടുണ്ട്.

ടൈലറിങ്ങ്, ഇലക്ട്രോണിക്സ് അസംബ്ളിങ്ങ്, ബാഗ് നിർമ്മാണം, എ.സി റിപ്പയറിങ്ങ്, ഒട്ടോമൊബൈൽസ്,പ്ളാസ്റ്റിക് കെയിൻ വർക്സ്, വീവിങ്ങ്, വെൽഡിങ്ങ്, ലെയ്ത്ത് വർക്സ് തുടങ്ങിയ ട്രേഡുകളി

ലാണ് ഇവർക്കു പരിശീലനം ലഭിച്ചത്

ദാരിദ്ര രേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാനാവശ്യമായ സി.ആർ.എസ്.പി. പദ്ധതിയുടെ 1991 വർഷം മുതൽ നമ്മുടെ പഞ്ചായത്തിൽ അനുവദിച്ച തുകയുടെ വിവരങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

സി.ആർ.എസ്.പി. പദ്ധതി

| വർഷം | എണ്ണം | സംഖ്യ |
|---|---|---|
| 1991-92 | 18 | 27700.00 |
| 1992-93 | - | - |
| 1993-94 | 29 | 58000.00 |
| 1994-95 | 23 | 46000.00 |
| 1995-96 | 9 | 18000.00 |
| ആകെ | 79 | 149700.00 |

1992-93 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

## സിബി.എൻ.പി.പദ്ധതി

കേരളത്തിലെ ഏതാനും പട്ടണങ്ങളിലും മലപ്പുറം ജില്ലയിൽ ഒട്ടാകെയും യുണിസെഫിന്റെ സ്പോൺസർഷിപ്പോടെ ആരംഭിച്ചിട്ടുള്ള കമ്യൂണിറ്റി ബെയ്സ്ഡ് നുട്രീഷ്യൻ പദ്ധതി നമ്മുടെ പഞ്ചായത്തിലും മോശമല്ലാത്ത രീതിയിൽ പ്രവർത്തിച്ചു വരുന്നു. ജനപങ്കാളിത്തത്തോടെ ദാരിദ്ര നിർമ്മാർജ്ജനം കമ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികൾ രൂപീകരിച്ചു കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

ഇതിന്റെ കീഴിൽ കന്നുകാലിവളർത്തൽ,കുററി മുല്ലക്കൃഷി ചെറുകിട കച്ചവടം, ടെയ്ലറിങ്ങ് യൂണിറ്റ് എന്നിവക്കായി വായ്പ നൽകി വരുന്നു. വനിതകൾ അംഗങ്ങളായി ചേർന്നു കൊണ്ടുള്ള ത്രിഫ്റ്റ് സൊസൈറ്റികളിൽ ജില്ലയിൽ മൊത്തമായി 1,05,00000 സമാഹരിക്കാൻ സാധിച്ചിട്ടുണ്ട്.

സർവ്വേയിലൂടെ കണ്ടെത്തിയ 1334 ക്ലേശ കുടുംബങ്ങളിൽ (റിസ്ക് ഫാമിലി) പെട്ടവരെ ഗ്രൂപ്പുകളാക്കി (അയൽപക്ക കൂട്ടം) അവരിൽ നിന്നും അയൽപ്പക്ക സമിതികൾ രൂപീകരിക്കുന്നു. ഇത്തരം 5 ഗ്രൂപ്പുകൾ ചേർത്ത് ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റികൾക്ക് രൂപം നൽകുന്നു. മമ്പാട്, പുല്ലോട്, പുള്ളിപ്പാടം,പൊങ്ങല്ലൂർ, കാട്ടുമുണ്ട എന്നിങ്ങനെ 5 എ.ഡി.എസ് കളുണ്ട് ഇവയുടെ നേതൃത്വത്തിൽ സാമൂഹിക ക്ഷേമ പരിപാടികളും ആരോഗ്യ രക്ഷാ പ്രവർത്തനങ്ങളും നടത്തപ്പെടുന്നു. കേരളസർക്കാരിന്റെ പ്രത്യേക ഫണ്ടുപയോഗിച്ച് കക്കൂസ് നിർമ്മാണത്തിന് വായ്പ ലഭ്യമായിട്ടുണ്ട്. ത്രിഫ്റ്റ് സൊസൈറ്റികൾ മുഖേന നമ്മുടെ പഞ്ചായത്തിൽ നിന്നു ഇതേവരെ 1,50.,000 ബാങ്കിൽ നിക്ഷേപിക്കാൻ കഴിഞ്ഞു. ഇതിൽ നിന്നും 18,000 രൂപ ചികിൽസാ വിദ്യഭ്യാസം തുടങ്ങിയ ആവശ്യങ്ങൾക്ക് വായ്പയായി നൽകിയിട്ടുണ്ട്. ആടുവളർത്തലിനായി പൊങ്ങല്ലൂർ എ.ഡി.എസിൽ 7000 രൂപ വായ്പ കൊടുത്തിട്ടുണ്ട്.

വനിതകളെ മാത്രം അംഗങ്ങളാക്കിച്ചേർത്തുകൊണ്ട് അവരുടെ മേൽനോട്ടത്തിൽ തന്നെ നടത്തപ്പെടുന്ന സി.ബി.എൻ.പിയുടെ പ്രവർത്തനം ഇതരസംസ്ഥാനങ്ങൾക്കു പുറമേ ഏഷ്യയിലെ പല രാജ്യങ്ങളും മാതൃകയായി സ്വീകരിക്കുന്നുണ്ട് എന്നത് നമുക്ക് അഭിമാനിക്കാൻ ധാരാളം വക നൽകുന്നു.

വനിതകളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ബോധവൽക്കരണ ക്ളാസുകൾ. ചർച്ചാ ക്ളാസുകൾ, തൊഴിൽ പരിശീലനം, തൊഴിൽ സംരംഭങ്ങൾ എന്നിവക്ക് നേതൃത്വം കൊടുക്കാൻ കഴിയുന്ന മഹിളാ സമാജങ്ങളുടെ പ്രവർത്തനം നമ്മുടെ പഞ്ചായത്തിൽ തൃപ്തികരമാണെന്നവകാശപ്പെടാൻ കഴിയില്ല.

ഒമ്പത് മഹിളാ സമാജങ്ങളാണ് ഇപ്പോൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. മുണ്ടേംതോട് ഭാഗത്ത് 1992ൽ ആരംഭിച്ച ത്രിവേണി ട്രൈബൽ മഹിളാ സമാജം തയ്യൽ പരിശീലനം നൽകുന്നുണ്ട്.

മമ്പാട് പഞ്ചായത്തിൽ വിവിധ പെൻഷൻ സഹായം, വേതനം എന്നിവയുടെ 95-96 വർഷത്തെ കണക്ക്

| നമ്പ്ര് | പെൻഷൻ/സഹായം വേതനം | ലഭിച്ച എണ്ണം |
|---|---|---|
| 1 | വിധവാ പെൻഷൻ | 201 |
| 2. | വാർദ്ധക്യ കാല പെൻഷൻ | 81 |
| 3. | വികാലാംഗ പെൻഷൻ | 89 |
| 4. | അവശകലാകാരൻമാർക്കും സാഹിത്യകാരൻമാർക്കും അനുവദിക്കുന്ന പെൻഷൻ | - |
| 5. | അവശ കായിക താരങ്ങൾക്ക് ലഭിക്കുന്ന പെൻഷൻ | 24 |
| 6. | ക്ഷയരോഗ പെൻഷൻ | 24 |
| 7. | ക്യാൻസർ,കുഷ്ഠരോഗ ചികിൽസാ സഹായം | 4 |
| 8. | കർഷക തൊഴിലാളി പെൻഷൻ | 282 |
| 9. | തൊഴിലാളില്ലായ്മാ വേതനം | 86 |
| 10 | വാർദ്ധക്യ കാല പെൻഷൻ | 39 |
| 11 | മാതൃ സഹായം (85 ൽ പാസ്സാക്കിയത്) | 17 |

പഞ്ചായത്തിൽ 11 വാർഡുകളിലായി ആകെ 24 അംഗന വാടികൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ചുരുക്കം ചില വാർഡുകളിൽ ഒരോ അംഗന വാടിയേ ഉള്ളൂ. അംഗനവാടികളുടെ വിവരം അന്യത്ര ചേർക്കുന്നു

ഈ വിഷയവുമായി ബന്ധപ്പെട്ട മറ്റുവിവരങ്ങൾ

| | |
|---|---|
| മൂന്നുമുതൽ 5വയസ്സുവരേയുള്ള കുട്ടികളുടെ എണ്ണം | 1494 |
| ഇപ്പോഴുള്ള ഗർഭിണികളുടെ എണ്ണം | 208 |
| മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം | 268 |
| കഴിഞ്ഞ വർഷം പഞ്ചായത്തിലെ ആകെ സജീവ ജനനം | 570 |
| ഒരു വയസ്സിനു താഴെ മരിച്ചവർ | 10 |
| മറ്റ് മരണങ്ങൾ | 95 |
| അനുപൂരക പോഷകാഹാരം ലഭിക്കുന്നവർ | 2681 |

## സാമൂഹ്യ ക്ഷേമ രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ

1.പഞ്ചായത്തിലെ അർഹതപ്പെട്ട മുഴുവൻ ആൾക്കാർക്കും വിവിധ ക്ഷേമ പദ്ധതികളിലൂടേയുള്ള പെൻഷൻ ലഭിക്കാത്ത അവസ്ഥ.

2. നിലവിലുള്ള ക്ഷേമ പദ്ധതികളുടെ അപര്യാപ്തത

3. ആനുകൂല്യങ്ങൾ ലഭിക്കാനുള്ള സാങ്കേതിക നൂലാമാലകൾ

4. പട്ടിക ജാതി, വനിതാവികസന കോർപ്പറേഷനുകളടെ ഓഫീസുകൾ പാലക്കാട്ടും തിരുവനന്തപുരത്തുമായതിനാൽ അവയുമായി ബന്ധപ്പെടാനുള്ള പ്രയാസം.

5. പ്രസ്തുത മേഖലകളിലെ സന്നദ്ധ പ്രവർത്തകർക്ക് മേൽപ്പറഞ്ഞ കോർപ്പറേഷനുകളുടെ പ്രവർത്തനത്തെ പ്പറ്റിയുള്ള അവ്യക്തമായ അറിവ്.

6.വിവിധ പദ്ധതികൾ പ്രകാരം വായ്പ നൽകാൻ ദേശസാൽകൃത ബാങ്കുകൾ കാണിക്കുന്ന താൽപ്പര്യക്കുറവ്

7. തൊഴിൽ സംരഭക യൂണിറ്റുകളിൽനിന്നും നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റ് ലഭിക്കാത്ത അവസ്ഥ.

8. ട്രൈസം പദ്ധതിയിൻ കിഴിൽ പരിശീലനം കിട്ടാനുള്ള അവസരങ്ങളുടെ പരിമിതി

9. പരിശീലനം കിട്ടുന്നവർക്ക് ലഭിക്കുന്ന കുറഞ്ഞ സ്റ്റൈപ്പൻറ്.

10. പരിശീലന പരിപാടിക്ക് ഗുണഭോക്താക്കളെ കിട്ടാതാവുന്ന അവസ്ഥ

11. പരിശീലനം ലഭിച്ചവർ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ താൽപ്പര്യം കാണിക്കാത്ത സ്ഥിതിവിശേഷം

12. കക്കൂസ് നിർമ്മിക്കാൻ നൽകുന്ന സഹായ ധനം പ്രസ്തുത ആവശ്യത്തിന് മതിയാകാതെ വരുന്ന സാഹചര്യം.

13. സാമൂഹ്യ ക്ഷേമരംഗത്ത് അനർഹർക്ക് ആനുകൂല്യം ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ യഥാസമയം നടത്തേണ്ട ഫീൽഡ് സർവ്വേയുടെ അഭാവം

14. പുതുതായി രൂപീകരിക്കപ്പെട്ട നിലമ്പൂർ താലൂക്കിൻെറ മുഴുവൻ ഫണ്ടും പൂർണ്ണമായി കൈമാറ്റം ചെയ്യപ്പെടാത്ത അവസ്ഥ

15. വികലാംഗപെൻഷന് അപേക്ഷിക്കാൻ ആവശ്യമായ മെഡിക്കൽ സർട്ടിഫിക്കറ്റ് (വൈകല്യത്തിൻെറ ശതമാനം കാണിക്കുന്ന രേഖ) ലഭിക്കാനുള്ള സാങ്കേതികത്വവും കാലവിളംബവും

16. സ്വന്തമായി കെട്ടിടമില്ലാത്ത അംഗനവാടികളും അറ്റകുറ്റ പണികൾ തീരെ നടത്താത്തവയും

## സാമൂഹ്യ ക്ഷേമരംഗത്തെ മെച്ചപ്പെടുത്താനുള്ള പരിഹാര നിർദേശങ്ങൾ

1.അർഹതയുള്ള മുഴുവൻ ആൾക്കാർക്കും ക്ഷേമ പദ്ധതികൾ മുഖേനയുള്ള പെൻഷൻ അനുവദിക്കുക

2. പെൻഷൻ അനുവദിക്കാനുള്ള അധികാരം ഗ്രാമ പഞ്ചായത്തിന് നൽകുക.

3.വിധവാപെൻഷൻ കാലോചിതമായി ഉയർത്തുക

4.ഇനിയും അവശേഷിക്കുന്ന അർഹരായ മുഴുവൻ ആൾക്കാർക്കും ഭവന നിർമ്മാണ വായ്പയും സാമ്പത്തിക സഹായവും ലഭ്യമാക്കുക.

5.ദാരിദ്ര രേഖക്കു താഴെ വരുന്ന കുടുംബങ്ങൾക്ക് സബ്സിഡി ഇനത്തിൽ റേഷൻ വിതരണം ചെയ്യുക

6. അംഗനവാടി വർക്കർമാരേയും ഹെൽപ്പർമാരേയും

സർക്കാർ ജീവനക്കരായി അംഗീകരിക്കുക.

7. അംഗനവാടികളിൽ ടി.വി. ഏർപ്പെടുത്തുക

8. വാഹനങ്ങൾ ചാലിയാർ പുഴയിൽ ഇറക്കി കഴുകുന്നതിന് നിലവിലുള്ള നിരോധനം കർശനമായും പാലിക്കപ്പെടുന്നു എന്ന് ഉറപ്പു വരുത്തുക

9.വൈദ്യതി ലഭിക്കാത്ത പട്ടിക ജാതി/വർഗ്ഗ കോളനികളിൽ വൈദ്യുതി എത്തിക്കുക

10.ഇപ്പോൾ പൊതു ശ്മശാനം ഇല്ലാത്ത വാർഡുകളിൽ അവ ഏർപ്പെടുത്തുകയും തെക്കുപാടം, തൃക്കൈക്കുത്ത് വാർഡുകളിലെ ശ്മശാനങ്ങൾക്ക് ചുറ്റു മതിൽ കെട്ടുകയും ചെയ്യുക.

11.പത്താം വാർഡിൽ ഒരു അഗതി മന്ദിരം സ്ഥാപിക്കുക.

12. ടൗൺ വാർഡിലെ ഇടവഴിക്കടവ്, മൂഴിക്കൽ കടവ്, കിളിയൻകുണ്ട് കടവ്,.തങ്ങൾ കടവ് എന്നവിടങ്ങളിൽ പടവ്കെട്ടുക.

13.മാന്താണിക്കുളത്തിൻ കുളിക്കടവ് കെട്ടി സൗകര്യം ചെയ്യുക

14.അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ കൊല്ലാനുള്ള സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുക

## പൊതുവിതരണം

മമ്പാട് ഗ്രാമ പഞ്ചായത്തിൽ ഇപ്പോൾ 10 പൊതു വിതരണ കേന്ദ്രങ്ങളുണ്ട്. ആകെയുള്ള 3931 കുടുംബങ്ങൾക്കും റേഷൻ കാർഡുകളുണ്ട്. കഴിഞ്ഞ 5 വർഷകാലത്ത് പഞ്ചായത്തിൽ വിതരണം നടത്തിയ ഭക്ഷ്യ ധാന്യങ്ങളടെ വിവരണം പട്ടികയായിതാഴെ കൊടുക്കുന്നു.

ഇപ്പോൾ ആകേയുള്ള 3931 കാർഡുകളിൽ 18050 പ്രായപൂർത്തിയായവരും 5318 കുട്ടികളും ഉൾപ്പെടുന്നു.

നിലമ്പൂരിൽ പുതുതായി ആരംഭിച്ച താലൂക്ക് സപ്ളൈ ആഫീസിൻെറ പ്രവർത്തനം പൂർണ്ണമായി നടപ്പിലാക്കാൻ ശ്രമിക്കണം.

മിച്ചഭൂമികോളനികളിൽതാമസിക്കുന്നവർക്ക് റേഷൻകാർഡ് കിട്ടാനുള്ള സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കാൻ ബന്ധപ്പെട്ട എല്ലാ വകുപ്പുകളും സത്വര നടപടികൾ എടുക്കണം.

നിലവിൽ മമ്പാടങ്ങാടിയിലുള്ള മാവേലിസ്റ്റോറിൻെറ പ്രവർത്തനം ഏറെ മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്.

വടപുരം വണ്ടൂർ റോഡിൽ അനുയോജ്യമായ സ്ഥലത്ത് മറ്റൊരു മാവേലി സ്റ്റോർ കൂടി ആ ഭിക്കണം.

1ാം വാർഡിൽ പാലക്കടവിൽ ഒരു റേഷൻ ഷാ അനിവാര്യമാണ്. ശാസ്ത്രീയമായ ഉപഭോക് സംസ്കാരം ശരിയായ ബോധവൽക്കരണത്തില വളർത്താനവശ്യമായ നടപടികൾ എടുക്കേണ്ടതുണ്ട്



INSTITUTE OF LOC

പഞ്ചായത്തിൽ 11 വാർഡുകളിലായി ആകെ 24 അംഗന വാടികളെ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളൂ. ചുരുക്കം വാർഡുകളിൽ ഒരോ അംഗന വാടിയേ ഉള്ളൂ.

## അംഗന വാടികളുടെ വിവരം

| വാർഡ് | എണ്ണം | അംഗനവാടികളുടെ എണ്ണം | കുട്ടികളുടെ എണ്ണം | കെട്ടിടം ഉള്ളത് | കെട്ടിടം ഇല്ലാത്തത് | കളിപ്പാട്ടം ഇല്ലാത്തത് |
|---|---|---|---|---|---|---|
| 1 | 3 | 210/213/214 | 18/20/25 | 2 | 1 | 3 |
| 2. | 2 | 211/212 | 20/28 | 2 | - | 2 |
| 3. | 1 | 221 | 35 | 1 | - | 1 |
| 4. | 4 | 231/219/218/220 | 18/25/30/28 | 2 | 1 | 4 |
| 5. | 2 | 229/230 | 20/25 | 1 | 1 | 2 |
| 6. | 3 | 227/233/232 | 26/25/20 | - | 3 | 3 |
| 7 | 1 | 228 | 40 | - | 1 | 1 |
| 8. | 3 | 226/224/225 | 28/25.25 | 2 | 1 | 3 |
| 9. | 2 | 215/216 | 20/24 | - | - | 2 |
| 10 | 1 | 217 | 36 | - | 1 | 1 |
| 11. | 2 | 222/223 | 30/25 | 1 | 1 | 2 |

## ഭക്ഷ്യ ധാന്യ വിതരണ പട്ടിക

| | | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|---|
| കാർഡുടമകളുടെ എണ്ണം | വൈദ്യുതീകരിക്കാത്തവ | 2359 | 2589 | 2567 | 2496 | 2415 |
| | വൈദ്യുതീകരിച്ചത് | 924 | 1327 | 1221 | 1391 | 1576 |
| | ആകെ | 3283 | 3816 | 3788 | 3887 | 3931 |
| ഗുണഭോക്താക്കളുടെ എണ്ണം | മേജർ -12 വയസ്സിനുമുകളിൽ | 14292 | 15649 | 15583 | 15657 | 18050 |
| | മൈനർ 3 മുതൽ 12 വരെ | 5472 | 6002 | 5997 | 4067 | 5318 |
| | ആകെ | 19764 | 21659 | 21550 | 19724 | 23366 |
| പ്രതിവർഷം വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കൾ കിൻറൽ | അരി-എല്ലാ ഇനവും | 17043 | 18714 | 18023 | 20089 | 19746 |
| | ഗോതമ്പ് | 8672 | 9502 | 10468 | 12188 | 14452 |
| | റവ | 201 | 199 | 229 | 237 | 417 |
| | മൈദ | 253 | 449 | 315 | 335 | 360 |
| | പഞ്ചസാര | 4779 | 4753 | 5866 | 5026 | 7802 |
| | പാമോയിൽ | 350 | 430 | 20 | | |
| മണ്ണെണ്ണ | പെർമിറ്റുകളുടെ എണ്ണം | 115 | 131 | 151 | 162 | 166 |
| | പെർമിറ്റ് വഴി വിതരണം ചെയ്തത് | 17857 | 18977 | 22257 | 23455 | 21647 |
| | കാർഡുവഴി വിതരണം ചെയ്തത് | 16078 | 179298 | 159192 | 154454 | 160180 |

# സംസ്കാരം

കിഴക്കനേറനാട്ടിൻെറ പൊതുവായ സാസ്കാരിക സവിശേഷതകൾ നിലനിൽക്കെതന്നെ പ്രാദേശികതനിമ ഏറെ പ്രകടിപ്പിച്ച ഒരു സാസ്കാരിക ചരിത്ര പശ്ചാത്തലമാണ് നമുക്കുള്ളത്.

സാമൂഹ്യ - സാസ്കാരിക - കാലാസാഹിത്യാതി മേഖലകളിൽ സമീപ പ്രദേശങ്ങളിൽ നിന്നുംവ്യതിരിക്തമായ സംഭാവനകൾ നൽകാൻ നമ്മുടെ പ്രപിതാക്കൾക്കായിട്ടുണ്ട്.

ഇന്ന് തുടർച്ചയറ്റുപോയെങ്കിലും ഒരു കാലത്ത് മമ്പാടിൻെറ ശാന്തമായ അന്തരീക്ഷത്തിൽ നിറഞ്ഞുനിന്നിരുന്ന മാപ്പിളശീലുകൾ, കല്യാണ രാത്രികളും മറ്റാഘോഷരാവുകളും പാടിവെളുപ്പിച്ച വായ്പ്പാട്ടു മൽസരക്കാർ,കോൽക്കളിചിലമ്പിൻെറ താളവിന്യാസത്തോടൊപ്പം ഉയർന്നു പൊങ്ങിയ ചെണ്ടകുഴൽ വിളികളും, ആദിവാസികളുടെ ദുഡൈമുട്ടും ഹരിജനങ്ങളുടെ ചവിട്ടുകളിയും അകമ്പടിയായി മുത്തു ക്കുടകൾക്കുപിന്നിൽ സ്വയം മറന്ന് നീങ്ങിയ 'പെട്ടിവരവുകളും' നമുക്കു നൽകിയ നേർച്ചകൾ, ഉൾപ്രദേശങ്ങളുടെ തുടിപ്പുകളായി നിറഞ്ഞുനിന്നിരുന്ന ''പുല്ലാനികുഞ്ഞൻ'' തുടങ്ങിയ പൂരകാഴ്ചകൾ,അന്യം നിന്നുപോയ ഹദ്ദാദ്, കൈമുട്ട്, ബൈനീളം കാരകളി, പലിശതട്ട്, പടാളി തുടങ്ങിയ കലാകായിക രൂപങ്ങൾ, വാരികളിലും, ഇതര ആനുകാലികങ്ങളിലും സർഗ്ഗ സിദ്ധി വാരിവിതറിയ എഴുത്തുകാർ,ദൈനംദിന വ്യവഹാരങ്ങൾ പോലും അവിശ്വസനീയമായ ചടുലതയിൽ അവതരിപ്പിച്ച് നമ്മെ അമ്പരപ്പിച്ച നിമിഷ കവികൾ,ഇങ്ങനെ എത്രയെത്ര അമൂല്യനിധികൾ നമ്മുടെ സാംസ്കാരിക ഭണ്ഡാകാരത്തിൽ നിന്നെടുത്ത് കാണിക്കാനുണ്ട്.

കലാ - നാടകരംഗങ്ങളിൽ കഴിഞ്ഞ കാലത്തേക്ക് തിരിഞ്ഞു നോക്കുമ്പാൾ മമ്പാട്ടുകാരുടെ മനസ്സിൽ ആദ്യം തെളിഞ്ഞു വരുന്ന മുഖങ്ങളാണ് മുത്തപ്പട്ട ആയിഷാബീ എന്ന നിലമ്പൂർ ആയിഷ. കെ.ടി.കുഞ്ഞാപ്പ,കുരുകുത്തി ഉണ്ണിഹൈദർ, കാഞ്ഞിരാല കാദർ, ടെയിലർ ഹംസ, ബി കുഞ്ഞാലൻ കുട്ടി, മുംതാസലി തുടങ്ങിയവരുടേത്.പരിമിതമായ സൗകര്യങ്ങളും,രണ്ടോ മൂന്നോ സംഗീതോപകരണങ്ങളും വെച്ചാണെങ്കിലും നമ്മുടെ രാത്രികൾ സംഗീത സാന്ദ്രമാക്കിയ അന്നത്തെ രാവുകൾ ഇന്നും നാം ഓർമ്മിക്കുന്നു

പിൽക്കാലത്ത് രൂപം കൊണ്ട രശ്മിസ്റ്റഡിസർക്കിൾ കലാസാഹിത്യാദി മേഖകളിൽ വാർഷികാഘോഷങ്ങളും മറ്റും സംഘടിപ്പിച്ചുകൊണ്ടു് ഏറെ നാൾ സജീവമായി രംഗത്തുണ്ടായിരുന്നുവെങ്കിലും പിന്നീടതിൻെറ പ്രവർത്തനം നിലച്ചു

വടപുറം പാലപറമ്പ്ചൈതന്യ വായനശാലാകലാസമിതി,പുള്ളിപ്പാടം ഹഷ്മി കലാസമിതി, പുള്ളിപ്പാടം കലാ - കായികവേദി, കാസ്കോ കാട്ടുമുണ്ട എന്നിങ്ങനെ ചുരുക്കം ചില കലാസമിതികളുംക്ളബുകളും മാത്രമേ ഇന്ന് പേരിനെങ്കിലും പ്രവർത്തിക്കുന്നുള്ളു..

ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി നടത്തിയ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിൽ വേണ്ടത്ര സജീവമായി നടന്നിട്ടില്ല.

1959ൽ സ്ഥാപിതമായ മമ്പാട് യൂത്ത്സ് അസോയിയേഷൻ ലൈബ്രറി & വായനശാലയാണ് മമ്പാട്ടെ ആദ്യത്തെ ഇത്തരത്തിലുള്ള സ്ഥാപനം. സി.എച്ച്. ഹംസ മാസ്റ്റർ,സെബാസ്റ്റ്യൻ മാസ്റ്റർ, കെ.പി.കെ തങ്ങൾ, കെ.പോക്കുട്ടി,ഇ.മായിൻ കുട്ടി, പി.എം കുട്ടി തുടങ്ങിയവർ മുൻകൈ എടുത്താണ് ഈ വായന ശാല സ്ഥാപിച്ചത്.

പഞ്ചായത്താഫീസിനോട് ചേർന്നു പ്രവർത്തിക്കുന്ന സീതി ഹാജി സ്മാരക സാംസ്കാരിക നിലയത്തിൽ പുസ്തകങ്ങളും ആനുകാലികങ്ങളും ഉണ്ടെങ്കിലും ബൈലോ അംഗീകരിക്കാത്തതുകൊണ്ടു് പുസ്തക വിതരണം നടത്താൻ കഴിയുന്നില്ല.

സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിന്റെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങൾ സജീവമായി നടത്താനും ഈ പഞ്ചായത്തിലെ ഭൂരിപക്ഷം നിരക്ഷരരേയും സാക്ഷരരാക്കി മാറ്റാനും നമുക്കു കഴിഞ്ഞിട്ടുണ്ട്. നവ സാക്ഷരർക്കായി ഏർപ്പെടുത്തിയ ജനവിദ്യാകേന്ദ്രങ്ങളും തുടർ സാക്ഷരതാ പ്രവർത്തനവും തുർച്ചയറ്റു പോയതുകൊണ്ട് നമ്മുടെ ഗ്രാമത്തിലെ നവ സാക്ഷരർ വീണ്ടും നിരക്ഷരരായി മാറുന്ന വേദനാജനകമായ അവസ്ഥാവിശേഷം നിലനിൽക്കുന്നുണ്ട്.

അതുകൊണ്ടു തന്നെ നവസാക്ഷരർക്കായുള്ള തുടർ വിദ്യാഭ്യാസ പരിപാടികൾ ഏറ്റെടുത്തു നടത്താൻ നമുക്കു കഴിയണം.

1600 ദിന പത്രങ്ങളും 3900 വിവിധ വാരികാ മാസികകളുമാണ് നമ്മുടെ ഗ്രാമത്തിൽ വിതരണം ചെയ്യപ്പെടുന്നത്. 27000 ജനങ്ങളും 4300 വീടുകളുമുള്ള ഒരു പ്രദേശത്തിന് അഭിമാനിക്കാൻ വകനൽകുന്നതല്ല ഈ കണക്ക്. അതേ സമയം വളരുന്ന തലമുറ പൈങ്കിളി കഥകളിലും ഇക്കിളി മാസികകളിലും കൂടുതൽ താൽപ്പര്യം കാണിക്കുന്നു എന്നത് ഈ ദുരവസ്ഥയെ കൂടുതൽ ഭീകരമാക്കുന്നു.

ഒരു സുപ്രഭാതത്തിൽ ഏതെങ്കിലും വാരികയോ മറ്റു മഞ്ഞ പ്രസിദ്ധീകരണമോ നിഷേധിച്ചുകൊണ്ട് ഈ പ്രവണതക്ക് അറുതി വരുത്താൻ ആവില്ല. പകരം നിലവാരമുയർത്തുന്ന മാധ്യമങ്ങളിലേക്കും പ്രസിദ്ധീകരണങ്ങളിലേക്കും യുവതലമുറയെ അവരറിയാതെതന്നെ ആകർഷിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ബോധപൂർവ്വം സംഘടിപ്പിക്കുന്നതാവും കൂടുതൽ പ്രായോഗികം.

## സംസ്കാരം - പ്രശ്നങ്ങൾ

1. .സാമൂഹ്യചുറ്റുപാടിലും, പ്രായോഗികജീവിതത്തിലും, അക്ഷാരാഭ്യാസത്തിനം ഔദ്യോഗിക വിദ്യാഭ്യാസത്തിനും ചെലുത്താൻ കഴിയുന്ന സ്വാധീനത്തെ കുറിച്ചുള്ള വികലധാരണ
2. കലാ - സാസ്കാരിക രംഗത്ത് പണിയെടുക്കുന്ന സാധാരണക്കാരൻ അന്യവൽക്കരിക്കപ്പെടുന്നു
3. മാതൃഭാഷയുടെ മഹത്വവും പ്രസക്തിയും തീരെ ഉൾക്കൊള്ളാതെ ഇംഗ്ളീഷിനോടുള്ള ഭ്രാന്തമായ അഭിനിവേശം, അഥവാ ഭാഷാ പഠനത്തെക്കുറിച്ചുള്ള അശാസ്ത്രീയ ധാരണകൾ

4. പാശ്ചാത്യ സംസ്കാരത്തിൻെറ ചതിക്കുഴികളിൽ അറിയാതെ ചെന്നു വീഴുകയും ഡിഷ് ആൻറിനയുടെ തണലിൽ നിർവൃതി കണ്ടെത്തുകയും ചെയ്യുന്ന യുവ തലമുറ. ചലിചിത്ര കായിക താരങ്ങളെ വികൃതമായി അനുകരിക്കുന്ന പ്രവണത

5. സർഗ്ഗാത്മകവും ഗൗരവപൂർണ്ണവുമായ വായനയുടെ മരണം

6. നമ്മുടെ സമ്പദ് ഘടനയ്ക്ക് പൂർണ്ണമായും താങ്ങാകേണ്ട ഗൾഫ് പണത്തിൻെറ നല്ലൊരു പങ്ക് സാംസ്കാരിക രംഗത്തെ ജീർണ്ണതയ്ക്ക് വഴിമരുന്നിടുന്ന വിരോധാഭാസം.

7. സാമൂഹ്യ സമന്വയത്തിനും സാംസ്കാരിക പരിപോഷണത്തിനും ഉതകുന്ന ആഴ്ച ചന്ത, ആഘോഷോൽസവാദികളടെ അഭാവം

8. വീട്ടുവേലായന്ത്രം എന്നതിലുപരി സ്ത്രീ വ്യക്തിത്വം സമൂഹത്തിൽ പ്രതിഫലിപ്പിക്കാൻ തടസ്സം നിൽക്കുന്ന സാസ്കാരികാന്തരീക്ഷവും സ്ത്രീ പ്രസ്ഥാനങ്ങളുടെ അഭാവവും

9. നവജാത ശിശുവിൻെറ പൊക്കിൾ കൊടി മുറിക്കുന്നതിനുമുമ്പ് എൽ.കെ..ജിയിൽ പ്രവേശനം ഉറപ്പാക്കുന്ന രക്ഷിതാക്കൾ

10 മണ്ണിനോടും മനുഷ്യനോടും തനിക്കുണ്ടാവേണ്ട ജൈവ ബന്ധം നിഷേധിക്കപ്പെട്ട് വെറും ''ഇറച്ചിക്കോഴി''കളെ പോലെ വളർത്തപ്പെടുന്ന കുട്ടികൾ

11 ഭരണ സ്ഥാപനങ്ങൾ ഏറ്റവും അവസാനത്തെ ഇനമായി സംസ്കാരത്തെ അജണ്ട ചെയ്യുന്ന സമീപനം

## പരിഹാര നിർദ്ദേശങ്ങൾ

* സാക്ഷരത, സംസ്കാരം, വിദ്യാഭ്യാസം ഇവ പുനർ നിർവചിക്കപ്പെടണം

* ഗ്രാമ പഞ്ചായത്തിൻെറ നേതൃത്വത്തിൽ ഒരു സാംസ്കാരിക കമ്മറ്റി ഉണ്ടാക്കുക - വാർഡുകളിൽ നിന്നുള്ള പ്രാതിനിധ്യം ഉറപ്പുവരുത്തുക

* സാധാരണക്കാരൻെറ പങ്കാളിത്തമില്ലാത്ത ഏത് കലാസംരംഭവും ജഢമാണ്. ഈ അവബോധം സമൂഹമനസ്സിൽ സൃഷ്ടിക്കാനുള്ള ശക്തമായ ഇടപെടലുകൾ നടത്തുക

* മാതൃഭാഷക്ക് അമ്മിഞ്ഞ പാലിനോളം മഹത്വമുണ്ടെന്ന വിസ്മൃതമായ ചൊല്ല് പുനരുജ്ജീവിപ്പിക്കാനും പ്രായോഗിക വൽക്കരിക്കാനും നമുക്ക് കഴിയണം

* അനുകരണം സ്വത്വത്തെ ഇല്ലാതാക്കുകയാണ് ചെയ്യുന്നതെന്ന തിരിച്ചറിവ് നേടിയേ പറ്റൂ

* ഗൾഫ് പണം ഉൽപ്പാദന മേഖലയിൽ ഭദ്രവും ലാഭകരവുമാണെന്ന് തെളയിച്ചുകൊടുത്താൽ ഈ പണത്തിൻെറ ദുരുപയോഗം തടയാനാവും. ഗ്രാമത്തിൻെറ സാസ്കാരിക ജീർണ്ണതയ്ക്ക് ഉപരോധമാവുകയും ചെയ്യും

* കൂട്ടായ്മക്കും സാമ്പത്തിക അഭിവൃദ്ധിക്കും തീർച്ചയായും ഉതകുന്നതുകൊണ്ട് ആഴ്ച ചന്തകളും ആഘോഷങ്ങളും തിരിച്ചുകൊണ്ടുവരാൻ നടപടി എടുക്കുക

* സ്ത്രീകളുടെ വ്യക്തിത്വം അംഗീകരിച്ചുകൊണ്ടും അവരുടെ കഴിവുകൾ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ടും സാമ്പത്തിക സാംസ്കാരിക മേഖലകളെ ഉദാരവൽക്കരിക്കുക.

* കുട്ടികൾക്ക് പ്രകൃതി ദാനമായി നൽകിയ ബാല്യം രക്ഷിതാക്കൾ കവർന്നെടുക്കാതിരിക്കുക. 4 വയസ്സിനുശേഷം മാത്രം ബാലവാടിയിലും 6 വയസ്സിനുശേഷം സ്കൂളിലും ചേർക്കുക

* ഗ്രാമ പഞ്ചായത്തിൻെറ ബജറ്റിൽ ചുരുങ്ങിയത് 15% എങ്കിലും സാസ്കാരിക കായിക രംഗത്തിനായി നീക്കിവെക്കുക. നിലവിലുള്ള സർക്കാർ പദ്ധതികൾക്കും, വിഹിതങ്ങൾക്കും പുറമേയാണിത്.

* പഞ്ചായത്തിൻെറ ഹൃദയ ഭാഗത്ത് സ്ഥിതി ചെയ്യുന്ന യൂത്തസ് അസോസിയേഷൻ ലൈബ്രറിയിൽ കൂടുതൽ പുസ്തകങ്ങളും ഭൗതിക സൗകര്യങ്ങളും ടെലിവിഷനും നൽകുക.

* പൊതുജന വായനശാലകൾ ഇല്ലാത്ത വാർഡുകളിൽ വായനശാലകൾ സ്ഥാപിക്കുക.

* നാമമാത്രമായി പ്രവർത്തിച്ചുവരുന്ന കലാ-കായിക സമിതികൾക്ക് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകുക.

* സന്നദ്ധ സംഘടനകളടേയും സാമൂഹ്യ പ്രവർത്തകരുടേയും സഹായത്തോടെ തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ നടത്തുക

* നിലവിലുള്ള സീതി ഹാജി മെമ്മോറിയൽ സാസ്കാരിക നിലയത്തിൽ കൂടുതൽ പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും അനുവദിക്കുക ഇവിടെഒരു ഫുൾടൈം ലൈബ്രേറിയനെ നിയമിക്കുക. ഇപ്പോഴുള്ള ടെലിവിഷൻ പൊതുജനങ്ങൾക്ക് കാണാൻ ഉതകുന്ന വിധം പ്രദർശിപ്പിക്കാൻ ആവശ്യമായ നടപടികൾ എടുക്കുക

* ഗ്രാമപഞ്ചായത്തിലെ ടെലിവിഷനുകൾ ഇല്ലാത്ത ഹരിജൻ കോളനികളിൽ ടി.വി.സെറ്റുകൾ സ്ഥാപിക്കുക

* സ്കൂൾ കുട്ടികൾക്കായി പഞ്ചായത്തു തലത്തിൽ കലാകായിക മൽസരങ്ങൾ സംഘടിപ്പി ക്കുയും പ്രോൽസാഹനമായി ഉചിതമായ സമ്മാനങ്ങൾ നൽകുകയും ചെയ്യുക

* വിവാഹാവശ്യങ്ങൾക്കും മറ്റു പൊതുപരിപാടി കൾക്കുമായി ഒരു കമ്യൂണിറ്റിഹാൾ സ്ഥാപിക്കുക

* 4ാം വാർഡിലെ അംബേദ്ക്കർ ലൈബ്രറി ഗ്രന്ഥാലയമായി ഉയർത്തുകയും പൊതുവായന ശാലക്കാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തു കയും ചെയ്യുക

* 1ാം വാർഡിലെ പ്രകൃതിമനോഹരമായ ' ഒലിമല ' ടൂറിസ്റ്റ് മാപ്പിൽ ഉൾപ്പെടുത്തി ആവശ്യമായ സംവിധാനങ്ങൾ ചെയ്യുക.

* 5ാം വാർഡിൽ നിലവിലുള്ള പന്തലിങ്ങൽ വായനശാല പുനരുദ്ധരിക്കുക

* 8ാം വാർഡിലെ ചൈതന്യ വായനശാലയിൽ ടെലിവിഷൻ സെറ്റും ഫർണ്ണീച്ചറുകളും നൽകുക.

* ഓടായിക്കൽ, വീട്ടിക്കുന്ന്, എന്നിവിടങ്ങളിൽ വായനശാലയും ടി.വിസെറ്റും അനുവദിക്കുക

* സാസ്കാരിക രംഗത്ത് ഇന്നനുഭവപ്പെടുന്ന നിലവാര തകർച്ചയും ജീർണ്ണതയും ബോധ്യപ്പെടുത്താനും ഈ രംഗത്ത് ഉയർന്ന നിലവാരം നേടാനും ആവശ്യമായ ബോധവൽക്കരണ ക്ളാസുകൾ സംഘടിപ്പിക്കുക

## കായികരംഗം

കായിക മേഖലയെ അവഗണിച്ചുകൊണ്ട് ഒരു സമൂഹത്തിൻെറ ആരോഗ്യത്തെ കുറിച്ച് ചിന്തിക്കുന്നതിൽ അർത്ഥമില്ല. ആരോഗ്യമുള്ള ഒരു ജനതക്കേ ഉൽക്കൃഷ്ടമായ ഒരു സംസ്കാരത്തിൻെറ സൃഷ്ടാക്കളാകാൻ കഴിയുകയുള്ളു.

ഈ വസ്തുതയുടെ അടിസ്ഥാനത്തില മമ്പാടിൻെറ കായികരംഗത്തെ വിലയിരുത്തുമ്പോൾ ഇന്നും നമുക്ക് നിരാശപ്പെടേണ്ടതില്ല. കായിക മേഖലയിൽ അഭിമാനകരമായ ഒരു ഭൂതകാലം നമ്മെ മുന്നോട്ട് നയിക്കാൻ ശക്തി പകരുന്നു.

സ്പോൺസർ രാക്ഷസൻമാരുടെ കച്ചവട താൽപ്പര്യം സൃഷ്ടിച്ചെടുക്കുന്ന മായിക വലയത്തിൽ മറ്റേതൊരു കായിക വിനോദത്തിനുമുള്ള സർവ്വ ഗുണങ്ങളും ഒത്തിണങ്ങിയ ക്രിക്കറ്റ് മറ്റെന്തോ ആയിത്തിരുകയാണ്. ഈ ജാഡ സംസ്കാരത്തിനിടയിലും ശക്തി സൗന്ദര്യവും തനിമയും നിലനിർത്തിക്കൊണ്ട് ഫുട്ബോൾ ഇന്നും നമ്മുടെ ഗ്രാമത്തിൽ മുന്നേറുന്നു.

ആർ.എ.സി ബിക്കാനീർ, മഫത്ത്ലാൽ എന്നീ പ്രശസ്ത ക്ളബുകളിൽ കളിക്കുകയും, സന്തോഷ് ട്രോഫിയിൽ കേരളത്തെ പ്രതിനിധീകരിക്കുകയും ഇന്ത്യൻ ടീമിൽ ഇടം കണ്ടെത്തുകയും ചെയ്ത മമ്പാട് അബ്ദുറഹിമാൻ, സി.ആർ.പി., രാജസ്ഥാൻ ടീമുകളിൽ ഗോൾ വലയം കാത്ത ഇല്ലൂട്ടി, കൊച്ചിൻ പോർട്ട് ട്രസ്റ്റ് ടീമംഗമായ അക്ബറലി തുടങ്ങിയ മമ്പാടിൻെറ ഫുട്ബാൾ പ്രതിഭകൾ പന്തുരുട്ടി പഠിച്ചത് ഫുട്ബാളിന് വളക്കുറുള്ള നമ്മുടെ മണ്ണിൽ വെച്ചായിരുന്നു.

അഭിമാനാർഹമയ ഈ നേട്ടങ്ങൾക്കു പിന്നിൽ ഫുട് ബാളിനെ എന്നും താലോലിച്ച് ഓമനിക്കുന്ന ഇവിടുത്തെ സാധാരണ ജനങ്ങളും, ഈ താൽപ്പര്യത്തിൻെറ സാഫല്യമായി ഉയിർകൊണ്ട മമ്പാട് ഫ്രൻറസ് ക്ളബിൻെറ ശാസ്ത്രീയമായ ശിക്ഷണ സമ്പ്രദായവും, സുസംഘടിതമായ നേതൃത്വവുമായിരുന്നു.

കേരളത്തിൽ സ്വന്തമായി ഗ്രൗണ്ടുള്ള ക്ളബുകൾ അംഗുലീപരിമിതമായിരുന്ന കാലത്ത് ഫ്രൻറസ് ക്ളബിന് ഫുട്ബോളിന് അനുയോജ്യമായ ഒരു കളിസ്ഥലം സ്വന്തമായി നേടിയെടുക്കാൻ കഴിഞ്ഞതും ഇതോടൊപ്പം ചേർത്തു വായിക്കേണ്ടതാണ്

കാലാകാലങ്ങളിൽ പുതിയ ഫുട്ബാൾ പ്രതിഭകളെ വളർത്തിയെടുക്കാനും നേട്ടങ്ങൾ അഭംഗുരം തുടരാനും കഴിഞ്ഞതിൻെറ തെളിവുകളായി നമുക്ക് ഒരു നീണ്ട പട്ടിക തന്നെ നിരത്താനുണ്ട്.

ഇസ്മയിൽ,
അഷറഫ്, ( കലിക്കറ്റ് യൂണിവേഴ്സിറ്റി)
ഷബീറലി

സുൽഫിക്കർ
സാക്കീർ
ഷഫീക്ക് ( സംസ്ഥാന ജൂനിയർ ടീം)
ഷബീറലി

ഹബീബുറഹിമാൻ,
അബ്ദുഗഫൂർ (മാനു) (സ്റ്റേറ്റ് സബ് ജൂനിയർ)
ഹമീദ്

ആസിഫ് ഷഹീർ -സംസ്ഥാന സ്കൂൾ ടീം ഗോൾകീപ്പർ

കേവലം ഫുട്ബോളിൽ മാത്രം ഒതുങ്ങിനിൽക്കുന്നില്ല ഫ്രൻറസ് ക്ലബിൻെറ പ്രവർത്തനം എന്നതിൻെറ ഉദാഹരണമാണ് യൂണിവേഴ്സിറ്റി തലത്തിൽ 800 മീറ്റർ ഓട്ടത്തിൽ റിക്കാർഡ് വിജയം സൃഷ്ടിക്കുകയും ഇപ്പോൾ ഇന്ത്യൻ റയിൽവേയിൽ ജോലി ചെയ്യുകയും ചെയ്യുന്ന ശ്രീമാൻ ബെന്നി.

## പ്രശ്നങ്ങൾ

1. വാർഡുകൾ തോറും കളിക്കളങ്ങൾ ഇല്ലാത്ത് സാഹചര്യം
2. കായികാവബോധത്തിൻെറ അഭാവം
3. വിദ്യാലയങ്ങളിൽ വെച്ചേ കായികതാരങ്ങളെ കണ്ടെത്താനുള്ള ശ്രമങ്ങൾ ഇല്ലായ്ക
4. ഗ്രാമങ്ങളിൽ ശ്രദ്ധ പതിപ്പിക്കാൻ ആർക്കും താൽപ്പര്യമില്ലാത്ത സ്ഥിതി
5. പ്രതിഭകളെ യഥാവിധി ആദരിക്കാൻ കാണിക്കുന്ന പിശുക്ക്
6. പ്രാഥമിക ചികൽസാ സൗകര്യങ്ങളോ ചികിൽ സ തന്നേയോ കിട്ടാത്ത അവസ്ഥ

## പരിഹാരനിർദേശങ്ങൾ

* കഴിയുന്നത്ര കളിക്കളങ്ങൾ ഒരുക്കിയെടുക്കാൻ ആവശ്യമായ നടപടികൾ പഞ്ചായത്തിൽ നടത്തണം .പ്രൈമറി സ്കൂൾ പാഠ്യ പദ്ധതിയിൽ ശാരീരിക വ്യയാമത്തിൻെറ പ്രാധാന്യത്തേയും കായിക കലകളെ കുറച്ചുമുള്ള പാഠങ്ങൾ ഉൾപ്പെടുത്തണം
* നല്ല ശരീരത്തിലേ നല്ല മനസ്സുണ്ടാവൂ'' എന്ന ശാസ്ത്രീയസത്യം പഠിപ്പിക്കണം. ഈദൃശ മേഖലയുമായി ബന്ധപ്പെട്ട ചർച്ചാക്ളാസുകളും ഫിലിം ഷോഎന്നിവയും സംഘടിപ്പിക്കണം. കളി, കാര്യവും കൂടിയാണെന്ന ബോധം ജനങ്ങളിൽ ഉണർത്തണം
* ''ചെറുപ്പത്തിലേ പിടികൂടുക '' എന്ന ചൊല്ല് അന്വർത്ഥമാക്കുക. വാർഡുതോറും വാർഷിക മൽസ രങ്ങൾ സംഘടിപ്പിച്ച് ഗ്രാമീണമുത്തുകളെ കണ്ടെത്തി വിജയികൾക്ക് വേണ്ടി പഞ്ചായത്ത് തലത്തിൽ മൽസരങ്ങൾ സാഘോഷം ഒരുക്കുക
* എല്ലാ വിദ്യാലയങ്ങളിലുംകളിക്കളങ്ങളിലും പ്രഥമ ശുശ്രൂഷാ സംവിധാനം ഏർപ്പെടുത്തുകയും, ആശുപത്രിയിലും പ്രഥമ ശുശ്രൂഷാ കേന്ദ്രങ്ങളിലും ''സ്പോർട്സ് മെഡിസിൻ'' സൗകര്യങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യുക
* മമ്പാട്ടെ ഒരു പ്രധാന കളിക്കളമായ ഫ്രൻറ്സ് ഗ്രൗണ്ട് സ്റ്റേഡിയമാക്കുക.

## കലാസാസ്കാരിക സ്ഥാപനങ്ങളുടെ വിവരങ്ങൾ

| നമ്പർ | പേര് | സ്ഥാപിച്ച വർഷം | മെമ്പർമാരുടെ എണ്ണം | കെട്ടിടം | സഹായത്തിൻെറ വിവരം | അഫിലിയേഷൻ | മറ്റു വവരങ്ങൾ |
|---|---|---|---|---|---|---|---|
| 1 | ഫ്രൻറസ്ക്ളമ്പ്,മമ്പാട് | 1968 | 125 | ഇല്ല | - | എംഡി.എഫ്.എ | കായിക വികസനം സ്വന്തമായി ഗ്രൗണ്ട് |
| 2 | കാസ്കോ, കാട്ടുമുണ്ട | 1982 | 100 | ഇല്ല | - | എൻ.വൈ.കെ | കാലാകായിക,സാസ്കാരിക രംഗത്തെ റേപാൽസാഹനം |
| 3 | നവോദയാ ആർട്സ് സ്പോട്സ്, ഓടായിക്കൽ | 1991 | 79 | ഉണ്ട് | - | എൻ.വൈ.കെ | നിലവലുള്ളത് പൊളിഞ്ഞ കേടു വന്ന കെട്ട |
| 4. | ഹഷ്മി കലാ കേന്ദ്രം പുള്ളിപ്പാടം | 1992 | 75 | ഇല്ല | - | എൻ.വൈ.കെ | കലാസാസ്കാരിക രംഗത്തെ പ്രോൽസാഹനം |
| 5 | ത്രിവേണി ട്രൈബൽ മഹിളാ സമിതി മുണ്ടേതോട് | 1992 | 8 | - | ട്രൈബൽ | ട്രൈബൽ ഡിപ്പാർട് മെൻറ് | പൊതു വിജ്ഞാനം സംരഭങ്ങൾ, വനിതാ തൊഴിൽ പരിശീലനം |



# പഞ്ചായത്തിലെ വായന ശാലകളുടെ വിവരങ്ങൾ

| വിവരം | എണ്ണം | എണ്ണം | വിതരണം | | ലഭ്യത/ഗ്രേഡ് | | | |
|---|---|---|---|---|---|---|---|---|
| 1 | മമ്പാട് യൂത്ത്സ് അസോസിഷൻ ലൈബ്രറി | 1961-62 | സ്വന്തം | 175 | 1000 | 150 | ഗ്രന്ഥശാലാസംഘം | സി ഗ്രേഡ് |
| 2 | സീതഹാജി മെമ്മോറിയൽ സാസ്കാരിക നിലയം | 1989 | സ്വന്തം | - | 581 | ഇല്ല | - | ഉണ്ട് ബൈലോ ഭേദഗതി അംഗീകരിച്ചാൽ പുസ്തകം വിതരണം ചെയ്യാം |
| 3 | ചൈതന്യ വായനശാല കലാസമിതി പലപറമ്പ് | 1992 | സ്വന്തം | 125 | 250 | 45 | അല്ല | - |
| 4 | മുഹമ്മദ് അബ്ദുറഹിമാൻ സ്മാരക വായന ശാല കലാസമിതി അണ്ടിക്കുത്ത്-പൊങ്ങരല്ലൂർ | 1991 | വാടക | 85 | 300 | 25 | എൻ.വൈ.കെ | - |
| 5 | ക്രസൻറ് ലൈബ്രറി കൾച്ചറൽ സെൻറർ,മേപ്പാടം | 1993-94 | വാടക | 55 | 310 | 40 | അല്ല | - |
| 6. | സിഎച്ച് കൾച്ചറൽ സെൻറർ തോട്ടിൻറക്കര | 92 | വാടക | 5 | 1000 | 50 | അല്ല | - |
| 7. | ധന്യ വായനശാല, പുല്ലോട് | 92 | സ്വന്തം | 63 | 310 | 78 | - | - |
| 8. | അമ്പേദ്കർ വായനശാല എളംപുഴ | 86 | സ്വന്തം | 54 | 160 | 42 | എൻ.വൈ.കെ | - |
| 9. | പുള്ളിപ്പാടം കാലാ കായിക സമിതി | 87 | വാടക | 188 | 55 | ഇല്ല | എൻ.വൈ.കെ | ഇല്ല |
| 10 | യുവദീപം, പുളിക്കലോടി | 91 | വാടക | 49 | 260 | 34 | - | - |
| 11 | കാസ്കോ, കാട്ടുമുണ്ട | 82 | വാടക | 100 | 1500 | 75 | എൻ.വൈ.കെ | ഇല്ല |

# വനിത



സ്ത്രീകളുടേ സജീവ പങ്കാളിത്തം ഉറപ്പു വരു
ത്ത ഒരു സാമൂഹ്യ വ്യവസ്ഥിതിയും പരിഷ്കൃ
ന്നവകാശപ്പെടാൻ നമുക്കാവില്ല. നമ്മുടെ ച
ത്തിലൂടെ കണ്ണോടിച്ചാൽ ധാരാളം ധീര വനിതക
നേതൃത്ത്വവും പങ്കാളിത്തവും ദൃശ്യമാണ്. എന്ന
നമ്മുടെ പഞ്ചായത്തിൻെറ സാമൂഹ്യ സാംസ്കാ
രംഗത്ത് സ്ത്രീകളുടെ പങ്ക് ആശാവഹമല്ല എന്ന് മന
ലാക്കാം. മുൻകാലങ്ങളിൽ പലവിധ കാരണങ്ങ
സ്ത്രീ വിദ്യാഭ്യാസത്തിന് വേണ്ടത്ര പ്രാധാന്യം ന
യിരുന്നില്ല. ഖാസിയാരുമ്മാമ്മ എന്നറിയപ്പെട്ടിരു
വനിത അയൽപക്കത്തെ മുസ്ലീം സ്ത്രീകളെ സ
വീട്ടിൽ വിളിച്ചുവരുത്തി അവർക്ക് മതവിദ്യാഭ്യാ
നൽകാൻ നേതൃത്വം നൽകിയിരുന്നതൊഴിച്ച
അന്നത്തെ സ്ത്രീകൾക്ക് വൈജ്ഞാനിക മേഖ
ളിലേക്ക് കടന്നു വരാനുള്ള അവസരങ്ങൾ വള
ശുഷ്കമായിരുന്നു. കേരളത്തിലെ ആദ്യത്തെ വനി
കോൺട്രാക്ടർമാരായിരുന്ന മധുരക്കറിയൻ പാത്തു
കുട്ടിയും, ആമിനക്കുട്ടിയും കേരളത്തിൽ ആദ്യമാ
പൊതു നാടകരംഗത്തേക്കുവന്ന പ്രസിദ്ധയ
നിലമ്പൂർ ആയിഷയും മമ്പാട്ടുകാരായിരുന്നു എന്ന
എടുത്തു പറയാവുന്ന ഒറ്റപ്പെട്ട സംഭവങ്ങളാണ്.

നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ വനി
വിദ്യാഭ്യാസ സ്ഥാപനം ബ്രിട്ടീഷുകാരുടെ കാല
സ്ഥാപിച്ച ''പെണ്ണ് സ്കൂൾ'' എന്നറിയപ്പെട്ടിരു
താഴത്തങ്ങാടി ഗവ: എൽ.പി. സ്കൂൾ ആണ്.
സ്ഥാപനം പിന്നീട് മറ്റ് സ്കൂളുകൾ സ്ഥാപി
പ്പോൾ അവയിൽ ലയിപ്പിച്ചു. ഇന്ന് നേഴ്സറി
തൊട്ട് ബിരുദാനന്തര ബിരുദം വരെയുള്ള വിദ്യാഭ്യ
സൗകര്യങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിട്ടും
സാഹചര്യം ഉപയോഗിച്ച് വിദ്യാഭ്യാസപരമായി മു
റാൻ നമ്മുടെ സ്ത്രീകൾക്ക് സാധിക്കുന്നില്ല എ
ദുരവസ്ഥ നിലനിൽക്കുന്നു. കാലഹരണപ്പെട്ട
കുടുംബ സംവിധാനത്തിനു പകരം ഇന്ന് നി
ൽക്കുന്നത് അണുകുടുംബങ്ങളാണ് (ന്യൂക്ളി
ഫാമിലി). ജീവിത പ്രശ്നങ്ങൾ വർദ്ധിക്കുന്ന
കൂടി മുൻകാലത്തേക്കാൾ കൂടുതലായി സാമൂ
തൊഴിൽ രംഗങ്ങളിൽ കടന്നുവരാൻ ഇന്ന
വനിതകൾ നിർബന്ധിതരാകുന്ന സാഹചര്യ
സ്ത്രീ വിദ്യാഭ്യാസത്തിനും പുതിയ തൊഴിൽ സ
ഭങ്ങൾക്കും ഏറെ പ്രസക്തിയുണ്ട്.

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ പകുതിയോളം വരുന്നത് സ്ത്രീകളാണെങ്കിലും തൊഴിൽ മേഖലയിലെ അവരുടെ പങ്കാളിത്തം സംസ്ഥാന ശരാശരിയേക്കാളും എത്രയോ പിന്നിലാണ്. വിവിധ തൊഴിൽ മേഖലകളിലെ സ്ത്രീ പങ്കാളിത്തം സൂചിപ്പിക്കുന്ന പട്ടിക ഒന്ന് അന്യത്ര ചേർത്തിരിക്കുന്നു..

ചെറുകിട വ്യവസായങ്ങൾ, സ്വയം തൊഴിൽ സംരംഭങ്ങൾ, എന്നിവയിലൂടെ വനിതകളുടെ സാമ്പത്തിക നില മെച്ചപ്പെടുത്താൻ നാം ഇനിയും ഏറെ ശ്രമിക്കേണ്ടതുണ്ട്.

സാമൂഹ്യ സേവനരംഗം പരിശോധിക്കുമ്പോഴും സ്ത്രീകളുടെ പങ്കാളിത്തം വളരെ ശോചനീയമാണ്. പഞ്ചായത്തിൻെറ പ്രസിഡൻറും വൈസ്പ്രസിഡൻറും വനിതകളാണെന്നൊഴിച്ചാൽ പൊതുരംഗത്ത് സ്ത്രീകളുടെ സാന്നിധ്യം തുലോം കുറവാണ്. ...ബാട് കോളേജ്, ഇതര വിദ്യാഭ്യാസ സ്ഥാപനങ്ങൾ സർക്കാർ ഓഫീസുകൾ, ബാങ്കുകൾ എന്നിവയിൽ സ്ത്രീകൾ ധാരാളമുണ്ടെങ്കിലും, വനിതകളുടെ പ്രവർത്തന മേഖല തൊഴിൽ സ്ഥാപനവും വീടും മാത്രമായി പരിമിതപ്പെട്ടിരിക്കുന്നതിനാൽ ഇവരുടെ സാമൂഹ്യ സേവന രംഗത്തെ സാന്നിധ്യം നന്നെ കുറവാണ്. ബോധപൂർവ്വമായ ഇടപെടലുകളിലൂടെ ഇവരെ പഞ്ചായത്തിൻെറ പൊതുപ്രവർത്തന മേഖലകളിലേക്ക് ആകർഷിക്കേണ്ടിയിരിക്കുന്നു. സാമൂഹ്യ സാംസ്കാരിക സാമ്പത്തിക തൊഴിൽ മേഖലകളിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കണ്ടെത്തിയെങ്കിൽ മാത്രമെ വനിതകളുടെ കാര്യത്തിൽ നാം വിഭാവനം ചെയ്യുന്ന തരത്തിലുള്ള ഒരു മാറ്റം സാധ്യമാവുകയുള്ളൂ.

## വനിതകൾ നേരിടുന്ന പ്രശ്നങ്ങൾ.

തൊഴിൽ മേഖലകളിൽ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഒഴികെ സ്ത്രീകൾ നേരിടുന്ന അവഗണന.

സാമൂഹ്യ രാഷ്ട്രീയ രംഗത്ത് ധീരമായി പ്രവർത്തിക്കാൻ അനുഗുണമായ ഭൗതിക സാഹചര്യങ്ങളുടെ കുറവ്.

തൊഴിൽ സംരംഭങ്ങളിൽ വനിതകളുടെ പിൻതള്ളപ്പെടൽ

തൊഴിൽ നിയമങ്ങളിലുള്ള പരിജ്ഞാനമില്ലായ്മ.

തൊഴിൽ സംരംഭങ്ങളിൽ മൂലധനമില്ല്യായ്മ കാരണം സ്ത്രീകൾ അകറ്റി നിർത്തപ്പെടുന്ന സാഹചര്യം.

സർക്കാർ സഹായ പദ്ധതികളെ കുറിച്ചുള്ള അജ്ഞത..

വിദ്യാലയങ്ങളിൽ പാഠ്യേതര വിഷയങ്ങളിൽ പെൺകുട്ടികളുടെ പങ്കാളിത്തം പരിമിതപ്പെടുത്തുന്ന സാമൂഹ്യ ചുറ്റുപാട്.

അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇല്ലായ്മ ചെയ്യാനുള്ള ബോധവൽക്കരണ ക്ളാസുകളുടെ അഭാവം

അംഗനവാടികളുടെ കുറവും ഉള്ളവയുടെപ്രവർത്തന വൈകല്ല്യങ്ങളും

## പരിഹാര നിർദ്ദേശങ്ങൾ

ഉൽപാദനപരമായ സ്വയം തൊഴിൽ സംരംഭങ്ങൾ വനിതകൾക്കിടയിൽ നടപ്പിലാക്കുക

തയ്യൽ പരിശീലനം ലഭിച്ച വനിതകൾക്കുവേണ്ടി ഒരു വസ്ത്ര നിർമ്മാണ യൂണിറ്റ് ( റെഡിമെയ്ഡ് ഉടുപ്പുകൾ /എംബ്രോയിഡറി വർക്കുകൾ) തുടങ്ങുക.

വിഭവ സാധ്യതകൾ കണക്കിലെടുത്ത് പേപ്പർ ബാഗ്, കവർ, എന്നിവ നിർമ്മിക്കുന്നതിന് ഒരു തൊഴിൽ യൂണിറ്റ് ആരംഭിക്കുക.

പരിശീലനം നൽകി, പായ നെയ്ത്ത്, ബാഗ് നിർമ്മാണം, ചെരിപ്പ് നിർമ്മാണം ഇവക്ക് പ്രത്യേകം തൊഴിൽ സംവിധാനം സംഘടിപ്പിക്കുക.

വാഷിംഗ് സോപ്പ്. സോപ്പ് പൗഡർ, ക്ളീനിംഗ് പൗഡർ എന്നിവ നിർമ്മിക്കുന്നതിനായി പരിശീലനം നൽകുക.

കൂൺ, കുറ്റിമുല്ല എന്നിവ കൃഷി ചെയ്യുന്നതിന് പരിശീലിപ്പിക്കുക.

അടുക്കളത്തോട്ട നിർമ്മാണത്തിന് പ്രോത്സാഹനം നൽകുക.

ആട്, പശു, കോഴി ഇവയെ വ്യാവസായിക അടിസ്ഥാനത്തിൽ വളർത്തുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കുക.

തൊഴിലവസരങ്ങൾ, സാമ്പത്തികാനുകൂല്യങ്ങൾ എന്നിവയെ കുറിച്ച് യഥാസമയ വിവരങ്ങൾ ലഭിക്കുന്നതിന് അവസരങ്ങൾ ഉണ്ടാക്കുക.

വിധവാ പെൻഷൻ, വാർദ്ധക്യ കാല പെൻഷൻ, മാതൃ സഹായ പദ്ധതിയിലെ മറ്റ് ആനുകൂല്യങ്ങൾ മുതലായവ അർഹരായ മുഴുവൻ പേർക്കും ലഭ്യമാക്കുക.

പെൺകുട്ടികളെ പാഠ്യേതര വിഷയങ്ങളിൽ സജീവമായി പങ്കെടുപ്പിക്കുന്നതിന് ആവശ്യമായ പ്രോത്സാഹനം നൽകുക.

അംഗന വാടികളുടെ പ്രവർത്തനം മെച്ചപ്പെടു

ത്തുക.(വിനോദത്തിനും, വിജ്ഞാനത്തിനും, ആരോഗ്യത്തിനും ആവശ്യമായ സംവിധാനം ഏർപ്പെടുത്തുക.)

സ്ത്രീകളുടെ ആരോഗ്യ പരിപാലനത്തിന് ഊന്നൽ നൽകിക്കൊണ്ട് ഹെൽത്ത് സെൻററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

ഖാദി ഗ്രാമ വ്യവസായ വികസന ബോർഡിൻെറ കീഴിൽ നൂൽനൂൽപ് , തീപ്പെട്ടി, ചന്ദനത്തിരി നിർമ്മാണം, പഴസംസ്കരണ യൂണിറ്റ് എന്നിവ തുടങ്ങുക.

വനിതകളുടെ ഉന്നമനത്തിനായി രൂപീകരിച്ച സി.ബി. എൻ.പി. ( ദാരിദ്ര്യ നിർമ്മാർജ്ജന പോഷകാഹാരപദ്ധതി)യെ പ്രോത്സാഹിപ്പിക്കുകയും ഈ പരിപാടിയിൽ അംഗങ്ങളായ എല്ലാ പാവപ്പെട്ട കുടുംബങ്ങളുടെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുക.

സി.ബി.എൻ.പി. യുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യമായ സർക്കാർ ഫണ്ട് ലഭ്യമാക്കുക.

സ്ത്രീധനത്തിനെതിരെ വ്യാപകമായ ബോധവത്കരണം നടതതുക,

കുടുംബക്കോടതി. ഫാമിലി കൗൺസിലിംഗ് സെൻറർ തുടങ്ങിയിവയുടെ പ്രവർത്തനം വ്യാപിപ്പിക്കുക.

ജോലിക്ക് പോകുന്ന സ്ത്രീകളുടെ കുട്ടികൾക്ക് ക്രഷേകൾ സ്ഥാപിക്കുക,

സമ്പൂർണ്ണ മദ്യ നിരോധനം നടപ്പിലാക്കുക.,

ബസ്സുകളിൽ 50% സീറ്റ് സ്ത്രീകൾക്കായി നീക്കി വെക്കുക

വിവിധവാർഡുകളിലായി വനിതാ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

ഒരു വിമൺസ്കൾച്ചറൽ ഫോറം രൂപീകരിക്കുക.

സ്ത്രീകൾക്ക് ഫലപ്രദമായി ഉപയോഗിക്കാൻ പറ്റുന്ന വിധം വായന ശാല , ലൈബ്രറി സൗകര്യങ്ങൾ എർപ്പെടുത്തുക.

പഞ്ചായത്തിൽ ഒരു ഗേൾസ് ഹൈസ്കൂൾ സ്ഥാപിക്കുക.

പട്ടിക 1

1995-96ലെ തൊഴിൽ മേഖലയിലെ കണക്ക്

| നമ്പർ. | തൊഴിൽ | പുരു | സ്ത്രീകൾ |
|---|---|---|---|
| 1. | കർഷകർ | 882 | 52 |
| 2. | കർഷകതൊഴിലാളി | 1983 | 595 |
| 3. | മൃഗസംരക്ഷണം | 202 | 216 |
| 4. | മൽസ്യബന്ധനം | 13 | 2 |
| 5. | ചെറുകിടവ്യവസായം | 42 | 25 |
| 6. | കെട്ടിട നിർമ്മാണം | 113 | 106 |
| 7. | ഗതാഗതം-വാർത്താ വിനിമയം | 414 | 15 |
| 8. | വ്യാപാരം | 253 | 11 |
| 9. | ഖനനം | 27 | 9 |
| 10. | റബ്ബർ ടാപ്പിങ്ങ് | 256 | 60 |
| 11. | മാനേജ്മെൻറ്/ മറ്റു വ്യവസായങ്ങൾ | 578 | 378 |
| 12. | പോൾട്രി ഫാം | 4 | 15 |
| 13. | കുടിൽ വ്യവസായം | 25 | 70 |



# പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമം





പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 473 കുടുംബങ്ങളിലായി 2,982 ഹരിജൻ ഗിരിജൻ അംഗങ്ങളാണുള്ളത്. ഇതിൽ 2132 പേർ പട്ടികജാതി വിഭാഗത്തിലും 850 പേർ പട്ടിക വർഗ്ഗവിഭാഗത്തിലും പെടുന്നു 15 അംഗീകൃത കോളനികളും, അംഗീകാരത്തിന് സമർപ്പിച്ച ഒരു കോളനിയുമാണുള്ളത്

സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രംഗത്ത് മറ്റു ജനവിഭാഗങ്ങളെ അപേക്ഷിച്ച് ഈ വിഭാഗക്കാർ ബഹുദൂരം പിറകിലാണ്. വിദ്യാഭ്യാസ - ആരോഗ്യം - തൊഴിൽ രംഗങ്ങളിലും സ്ഥിതി മറിച്ചല്ല. ഇക്കാരണം കൊണ്ട് തന്നെ നിരവധി ചൂഷണങ്ങൾക്ക് ഈ ജനവിഭാഗം വിധേയരായിക്കൊണ്ടിരിക്കുന്നു.സർക്കാർ നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികളെകുറിച്ചുള്ള അജ്ഞത കാരണം പദ്ധതി നടത്തിപ്പുകാരായി ചമയുന്ന ഇടത്തട്ടുകാർ പല ആനുകൂല്യങ്ങളും തട്ടിയെടുക്കുകയും ഈ വിഭാഗത്തിനിടയിൽ അവ ഫലപ്രദമായി എത്താതെ പോകുകയും ചെയ്യുന്നു ജീവിതത്തിൻെറ മുഴുവൻ മേഖലകളിലും നിരവധി പ്രശ്നങ്ങൾ ഇന്ന് പരിഹരിക്കാതെ നിലനിൽക്കുന്നു എന്നതുകൊണ്ട് ഈ വിഭാഗത്തിനിടയിൽ ദീർഘവീക്ഷണത്തോടുകൂടിയുള്ള പരിപാടികൾ സംഘടിപ്പിക്കേണ്ടത് അനിവാര്യമാണ്

## വിദ്യാഭ്യാസം, ആരോഗ്യം

പഞ്ചായത്തിൽ പട്ടികജാതി പട്ടിക വർഗ്ഗ് വിഭാഗത്തിൽ ഭൂരിഭാഗവും നിരക്ഷരരാണ്.പുതിയ തലമുറയിൽ പോലും വിദ്യാഭ്യാസത്തിനെത്തുന്നവരിൽ എസ്.എസ്.എൽ.സിക്ക് ശേഷം തുടർന്ന് പഠിക്കുന്നതിൽ വിമുഖത കാണിക്കുന്നു. പുള്ളിപ്പാടം, ഓടായിക്കൽ വാർഡുകളിൽനിന്ന് പുഴകടന്ന് എത്തുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു അതിലുപരിയായി വിദ്യാഭ്യാസത്തിൻെറ ആവശ്യകതയെ സംബന്ധിച്ചുള്ള അജ്ഞത ബോധവർക്കരണത്തിൻെറ അഭാവം, സാമ്പത്തികം എന്നിവയാണ് മുഖ്യ പ്രശ്നങ്ങൾ. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുവേണ്ടി പഞ്ചായത്തിൽ രണ്ടു പ്രീ-മെട്രിക് ട്രൈബൽ ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്.ആൺകുട്ടികൾക്കുമാത്രമാണ് പ്രവേശനം നൽകുന്നത്. പട്ടിക വർഗ്ഗവിഭാഗത്തിലെ പെൺകുട്ടികൾക്ക് സൗകര്യപ്രദമായ ഒരു ഹോസ്റ്റൽ സ്ഥാപിച്ചാൽ മുഴുവൻ പെൺകുട്ടികൾക്കും വിദ്യഭ്യാസം നൽകാൻ സാധിക്കും.

ആരോഗ്യ പരിപാലന രംഗത്ത് ഈ ജനവിഭാഗം വളരെ പിന്നിലാണ് സ്വന്തമായി കക്കൂസില്ലാത്തവർ നിരവധിയാണ്. പട്ടികവർഗ്ഗകോളനികളിൽ കുഷ്ഠ രോഗം പോലുള്ള രോഗങ്ങൾ ഇന്നും നിലനിൽക്കുന്നു നിലവിലുള്ള ഹെൽത്ത് സബ് സെൻററുകൾ കൊണ്ട് മാത്രം ആരോഗ്യമേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കില്ല. പ്രതിരോധ ചികിൽസാ സൗകര്യങ്ങൾ പട്ടിക വർഗ്ഗ കോളനികളിൽ യഥാസമയത്തെത്തിക്കാൻ വേണ്ടത്ര സൗകര്യങ്ങൾ നിലവിലില്ലാത്തതും ആരോഗ്യരംഗത്ത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു

## തൊഴിൽ

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ ഭൂരിഭാഗവും കാർഷിക മേഖലയിൽ തൊഴിലെടുത്തു ജീവിക്കുന്നവരാണ്. തൃപ്തികരമായ കൂലി ലഭിക്കാത്തതിനാലും തൊഴിൽ ലഭ്യത കുറഞ്ഞു വരുന്നതിനാലും പുതിയ തലമുറ കാർഷിക വൃത്തിയിൽ നിന്ന് നിർമ്മാണ പ്രവർത്തനങ്ങളിലേക്ക് മാറിക്കൊണ്ടിരിക്കുന്നു. പട്ടിക വർഗ്ഗ കോളനികൾ പൂർണ്ണമായും വനപ്രദേശവുമായ ബന്ധപ്പെട്ടാണ് കിടക്കുന്നത്: എങ്കിലും വനം വകുപ്പിലുള്ള തൊഴിൽ സാധ്യതകൾ ഉപയോഗപ്പെടുത്താൻ സാങ്കേതിക തടസ്സങ്ങൾ നേരിടുന്നു. സ്വയം തൊഴിൽ പരിശീലനത്തിനും തൊഴിൽ ലഭ്യമാക്കുന്നതിനുമുള്ള പദ്ധതികളുടെ അഭാവം നിലനിൽക്കുന്നു.

## പാർപ്പിടം

സ്വന്തമായി വീടില്ലാത്ത 159 കുടംബങ്ങൾ പഞ്ചായത്തിലെ വിവിധ കോളനികളിലുണ്ട്. ഉള്ള വീടുകൾ തന്നെ മിക്കവാറും ചെറുകുടിലുകളാണ്. ഒന്നിലധികം കുടംബങ്ങൾ ഒരേവീട്ടിൽ ബുദ്ധിമുട്ടി താമസിക്കുന്നു. വിവിധ ഏജൻസികൾ വീടിന് അനുവദിക്കുന്ന സംഖ്യയുടെ അപര്യാപ്തതമൂലം പല വീടുകളും പൂർത്തിയാവാതെ കിടക്കുന്നു. പഞ്ചായത്തിലെ വിവിധ പട്ടിക ജാതി പട്ടിക വർഗ്ഗ കോളനികളിലെ വീടുകൾ ആവശ്യമായ പുതിയ കക്കുസുകൾ കുടിവെള്ളം ഗതാഗതം, വൈദ്യുതി സൗകര്യങ്ങൾ എന്നിവയുടെ വിവരങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു

പട്ടിക

| നമ്പർ | വാർഡ് | കോളനിയുടെ പേര് | വീടുകളുടെ എണ്ണം ഓട | ഓല | വേണ്ട | ഗതാഗതം | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|---|
| 1 | 1 | മുണ്ടേംതോട് | 42 | 3 | 45 | ഇല്ല | ഇല്ല | ഇല്ല |
| 2 | 1 | വീട്ടിക്കുന്ന് | 20 | 25 | 45 | ഇല്ല | ഇല്ല | ഇല്ല |
| 3 | 2 | കറുകമണ്ണ | 30 | 25 | 42 | ഇല്ല | ഇല്ല | ഇല്ല |
| 4. | 4 | മേപ്പാടം | 9 | 3 | 3 | ഇല്ല | ഭാഗികം | ഉണ്ട് |
| 5 | 4 | ഇളംപുഴ | 53 | 15 | 32 | ഉണ്ട് | ഭാഗികം | ഉണ്ട് |
| 6 | 5 | ചെറുമുണ്ട | 14 | 12 | 12 | ഉണ്ട് | ഭാഗികം | ഇല്ല |
| 7. | 5 | പന്തലിങ്ങൽ | 26 | 9 | 14 | ഉണ്ട് | ഭാഗികം | ഉണ്ട് |
| 8 | 6 | മണ്ണുരുട്ടി | 28 | 4 | 3 | ഇല്ല | ഉണ്ട് | ഉണ്ട് |
| 9. | 7 | തെയ്യത്തുംകുന്ന് | 15 | 10 | 10 | ഇല്ല | ഭാഗികം | ഇല്ല |
| 10 | 7 | തുക്കൈക്കുത്ത് | 15 | 8 | 8 | ഇല്ല | ഇല്ല | ഇല്ല |
| 11 | 8 | ചാന്തുരുത്തി | 13 | 3 | 12 | ഇല്ല | ഭാഗികം | ഇല്ല |
| 12 | 8 | രാമച്ചൻപൊട്ടി | 16 | 2 | 3 | ഇല്ല | ഭാഗികം | ഇല്ല |
| 13 | 8 | പാലപറമ്പ് | 8 | 5 | 13 | ഇല്ല | ഭാഗികം | ഉണ്ട് |
| 14 | 7 | തെക്കുംപാടം | 22 | 5 | 5 | ഇല്ല | ഭാഗികം | ഇല്ല |
| 15 | 8 | വടപുറം | 15 | 15 | 15 | ഇല്ല | ഇല്ല | ഇല്ല |
| 16 | 11 | കരിന്താർ | 32 | 7 | 19 | ഉണ്ട് | ഭാഗികം | ഉണ്ട് |
| 17 | 1 | കല്ലുവാരി | 15 | 8 | 23 | ഇല്ല | ഇല്ല | ഇല്ല |

### വൈദ്യുതി, കുടിവെള്ളം, ഗതാഗതം

പഞ്ചായത്തിലെ 81 ഹരിജൻ-ഗിരിജൻ വീടുകളിൽ വൈദ്യുതി എത്തിയിട്ടുണ്ട്. 76 വീടുകളിൽ വയറിങ്ങ് പണികൾ പൂർത്തിയായി. കോളനികളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ് മുണ്ടേംതോട്, വീട്ടിക്കുന്ന് പ്രദേശങ്ങളിൽ കുടിവെള്ളം ശേഖരിക്കാൻ ഏറെ പ്രയാസപ്പെടുന്നു. മലയിലൂടെ ഒഴുകുന്ന ചോലകളിലെ വെള്ളം ശേഖരിച്ച് വിതരണം നടത്തുന്ന മിനി ജലസേചന പദ്ധതി ഈ പ്രദേശത്തിന് അനുയോജ്യമാണ്. കേന്ദ്ര സർക്കാറിൻെറ എസ്.ഇ.പി സ്കീമിൽ പൊട്ടംചോലയിൽ ഇൻവസ്റ്റിഗേഷൻ നടത്തിയ വാട്ടർ സപ്ലൈ സ്കീം പ്രാവർത്തികാമായാൽ കുടിവെള്ള ക്ഷാമം ഒരുപരിധിവരെ പരിഹരിക്കാൻ കഴിയും. മിക്ക കോളനികളിലും ഗതാഗത യോഗ്യമായ റോഡുകൾ നിലവിലില്ല.

### സഹകരണം

പട്ടികജാതിവിഭാഗത്തിൻെറ ക്ഷേമത്തിനുവേണ്ടി ജനകീയ പട്ടികജാതി സർവ്വീസ്സഹകരണ സംഘം എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. എങ്കിലും ജില്ലാബാങ്കി ൽ അഫിലിയേഷൻ ലഭിക്കാത്തതുകാരണം ക്ഷേമപ്രവർത്തനം മുന്നോട്ടുകൊണ്ടു പോകാൻ ബുദ്ധിമുട്ടു നേരിടുന്നു. പട്ടിക വർഗ്ഗ സഹകരണ സംഘത്തിൻെറ അഭാവം നമ്മുടെ പഞ്ചായത്തിൽ നിലനിൽക്കുന്നുണ്ട്. പട്ടിക വർഗ്ഗ സഹകരണസംഘം സ്ഥാപിച്ചും നിലവിലുള്ള പട്ടിക ജാതി സഹകരണ ബാങ്കിൻെറ സേവനം കൂടുതൽ കാര്യക്ഷമമാക്കിയും ഈ വിഭാഗങ്ങൾക്ക് തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിന് സാധിക്കും

### നിലവിലുള്ള പ്രശ്നങ്ങൾ

### വിദ്യാഭ്യാസരംഗം:-

1. വിദ്യാഭ്യാസത്തിൻെറ അനിവാര്യതയെ കുറിച്ചുള്ള അജ്ഞത.

2. പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക്, പ്രത്യേകിച്ചും പെൺകുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യങ്ങളുടെ അപര്യാപ്തത. ഒരു വീടിനൊരു കക്കൂസ് എന്ന സൗകര്യം നിലവിലില്ല. ഉള്ള കക്കൂസുകൾ തന്നെ ആധുനികരീതിയിലുള്ളവയല്ല.

3. ചികിൽസാ സൗകര്യങ്ങളുടെ അപര്യാപ്തത.

### തൊഴിൽ രംഗം

1. സ്വയം തൊഴിൽ പരിശീലനത്തിൻെറയും പദ്ധതികളുടെയും അഭാവം

2. കാർഷിക മേഖലയുടെ തകർച്ച

### പാർപ്പിടം

1. പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിന് സർക്കാർ ഏജൻസികളിൽ നിന്നും വീടുവെക്കാൻ ലഭിക്കുന്ന സംഖ്യയുടെ കമ്മി

2. സ്വന്തമായി വീടില്ലാത്തതുകാരണം നേരിടുന്ന സാമൂഹ്യ പ്രശ്നങ്ങൾ നിലനിൽക്കുന്നു.

3 ഹരിജൻ കൈവശ ഭൂമിക്ക് പലർക്കും പട്ടയം ഇല്ല

## പരിഹാര നിർദ്ദേശങ്ങൾ

### വിദ്യാഭ്യാസ ആരോഗ്യ രംഗം

- 1 സാക്ഷരതാ പ്രസ്ഥാനം സജീവമാക്കി കോളനികളിൽ ബോധവൽക്കരണ പദ്ധതികൾ നടപ്പാക്കുക. ക്ളാസുകൾ, സിനിമാപ്രദർശനങ്ങൾ എന്നിവക്ക്മുൻഗണന നൽകുക.
- 2. ട്രൈബൽ ഗേൾസ് ഹോസ്റ്റൽ സ്ഥാപിക്കുക
- 3. നിലവിലുള്ള ട്രൈബൽ ബോയ്സ് ഹോസ്റ്റലുകളിൽ പാഠ്യേതര വിഷയങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പരിപാടികൾ സംഘടിപ്പിക്കുക.
- 4 കോളനികളിൽ പ്രവർത്തിക്കുന്ന കലാസാംസ്കാരിക സംഘടനകൾക്ക് ആവശ്യയായ പ്രോൽസാഹനങ്ങളും സഹായങ്ങളും നൽകുക.
- 5.ഒരു കോളനിയിൽ ഒരു വായന ശാലയെങ്കിലും ഉണ്ടായിരിക്കണം. വായനശാലയിൽ ടി.വി സെറ്റ് സ്ഥാപിക്കണം .
- 6 വിദ്യാഭ്യാസ മേഖലയിൽ ശോഭിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രോൽസാഹനം നൽകുക.
- 7. ഒരു വീടിന് ഒരു കക്കൂസ് എന്ന സൗകര്യം ഉറപ്പുവരുത്തുക.
- 8. സാംക്രമിക രോഗങ്ങൾ തടയാൻ ഫലപ്രദമായ ചികിൽസാ സൗകര്യങ്ങൾ ലഭ്യമാക്കുക.ഓടായിക്കൽ വാർഡിൽ ഹെൽത്ത് സബ്സെൻറർ സ്ഥാപിക്കുകയും പുള്ളിപ്പാടം ഹെൽത്ത് സെൻററായി ഉയർത്തുകയും ചെയ്യുക

### തൊഴിൽ രംഗം

- 1.അഭ്യസ്തവിദ്യരും അല്ലാത്തവരുമായ യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനത്തിനും സ്വയം തൊഴിൽ പദ്ധതികൾക്കും മുൻഗണന നൽകുക.
- 2.കാർഷിക മേഖലയിലേക്ക് ചെറുപ്പക്കാരെ ആകർഷിക്കാൻ ആധുനിക കൃഷി രീതികൾ നടപ്പിലാക്കുക.
- 3.നെൽപ്പാടങ്ങൾ നികത്തുന്നത് കർശനമായി നിയന്ത്രിക്കുക
- 4. മൺപാത്ര തൊഴിലാളികൾക്ക് ആവശ്യമായ

- ധന സഹായവും വിപണന സൗകര്യങ്ങളും ഉണ്ടാക്കുക
- 5. അയൽ സംസ്ഥനങ്ങളിൽ നിന്നുള്ള മൺപാത്ര ഇറക്കുമതി നിയന്ത്രിക്കുക
- 6.സർക്കാർ വനത്തിലെ തൊഴിൽ സാധ്യതകൾ ഗിരിജന വിഭാഗങ്ങൾക്ക് ഉറപ്പുവരുത്തുക
- 7. റബ്ബർ പാലുപയോഗിച്ചുള്ള വ്യവസായങ്ങൾ ആരംഭിക്കുക

## പാർപ്പിടം

- 1.സർക്കാർ ഏജൻസികളിൽ നിന്നും വീടുവെക്കാൻ നൽകുന്ന സംഖ്യ ഉയർത്തുക
- 2.കൃഷിചെയ്ത് വരുന്നതും നികുതിഅടക്കുന്നതുമായ ഭൂമിക്ക് പട്ടയം നൽകുക. കൈവശരേഖയുള്ള കുടംബങ്ങൾക്ക് പട്ടയം നൽകുക. വീടു പുതുക്കി പണിയുന്നതിനും നന്നാക്കുന്നതിനും പലിശ രഹിത വായ്പ നൽകുക.

## കുടിവെള്ളം

- 1. പൊട്ടൻചോലയിൽ ഇൻവെസ്റ്റിഗേഷൻ നടത്തിയ വാട്ടർ സപ്ളൈ സ്കീംനടപ്പിലാക്കുക.
- 2.കുടിവള്ള ക്ഷാമം പരിഹരിക്കുന്നതിന് മുഴുവൻ കോളനികളിലും ടാപ്പുകൾസ്ഥാപിക്കുക
- 3.തൃക്കൈക്കുത്ത്, ഒറമൂളിപ്പൊട്ടി പ്രദേശങ്ങളിൽ കൂടുതൽ പൊതുകിണറുകൾ നിർമ്മിക്കുക.
- 4.കരിന്താർ ഹരിജൻ കോളനിയിൽ കുഴൽ കിണറിന് ടാങ്കുകെട്ടി വെള്ളം ടാപ്പുചെയ്യുക
- 5. നിലവിലുള്ള കുളങ്ങൾ റിപ്പയർ ചെയ്യുകയും പുതിയ കുളങ്ങൾ നിർമ്മിക്കുകയും ചെയ്യുക.
- 6. മാടം, കല്ലുവാരി കോളനികളിൽ ശുദ്ധജലം ലഭ്യമാണ്. ഇവിടെ ടാങ്കുകെട്ടി പൈപ്പ് ലൈൻ സ്ഥാപിച്ചാൽ 70ഓളം കുടംബങ്ങൾക്ക് പ്രയോജനപ്പെടുത്താം.

## വൈദ്യുതി

- 1 മുഴുവൻവീടുകളും വൈദ്യുതീകരിക്കുക
- 2.മുഴുവൻ ഹരിജൻ-ഗിരിജൻ കുടുംബങ്ങൾക്കും സൗജന്യ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുക

## ഗതാഗതം

- 1.എടവണ്ണ പഞ്ചായത്തിലെ മുണ്ടേങ്ങര, മമ്പാട് പഞ്ചായത്തിലെ കറുകമണ്ണ-പുള്ളിപ്പാടം വീട്ടിക്കുന്ന് റോഡ് ഗതാഗത യോഗ്യമാക്കുക.
- 2. പന്തലിങ്ങൽ സ്കൂൾ റോഡ്- പന്ത ങ്ങൽ-കുപ്പനത്ത്- കുഞ്ഞാറ്റകോളനി റോ കുറത്തിയാർ പൊയിൽ ചെമ്മരം -കോളനി ഡ് എന്നിവ ടാർ ചെയ്ത്ഗതഗതയോ മാക്കുക
- 3.പാലപറമ്പ് കോളനി തൈക്കൈക്കുത്ത്എ വിടങ്ങളിലേക്ക് പുതിയ റോഡുകൾ നിർ ക്കുക.

## മറ്റു നിർദേശങ്ങൾ

1. ഹരിജൻ- ഗിരിജൻ മേഖലകളിൽ സാസ്കാര കേന്ദ്രങ്ങൾ സ്ഥാപിക്കുക. ഈ കേന്ദ്രങ്ങൾ ഇൻഫ മഷൻ സെൻററുകളായി പ്രവർത്തിക്കുക.

2 ഗിരിജൻ വ്യവസായ സഹകരണസംഘവും വ താ സഹകരണ സംഘവും രൂപീകരിക്കുക.

3. കോളനികളിൽ ഗോബർ ഗ്യാസ് പ്ളാൻറ് സ്ഥാ ക്കുക.

4. കല്ലുവാരി ഗിരിജൻ കോളനിയായി അംഗീ രിക്കുക.

5 കറുകമണ്ണ ഐ.എച്ച്.ഒ.പി.കോളനിയി പൊതുശ്മശാനം അനുവദിക്കുക.

സാമൂഹ്യ സാംസ്കാരിക മേഖലകളിൽ ക വെച്ചുള്ള പ്രവർത്തനം നടത്തുകയാണെങ്കി ഈ വിഭാഗത്തെത ബഹുദൂരം മുന്നോ കൊണ്ടുപോകാൻ സാധിക്കും.



# സഹകരണം



സമൂഹത്തിൻെറ എല്ലാ കർമ്മ മേഖലകളെയും സ്വാംശികരിക്കാൻ കഴിയുന്ന ബൃഹത്തായ പ്രവർത്തന സാധ്യതകളുള്ള ഒരു സാമൂഹ്യ സാമ്പത്തിക സംരംഭമാണ് സഹകരണ പ്രസ്ഥാനം. ഈ പ്രസ്ഥാനം ഇന്ന് ലോകമെമ്പാടും പ്രചാരത്തിൽ വന്നുകഴിഞ്ഞു.

എൺപതുശതമാനം ജനങ്ങളും ഗ്രാമ പ്രദേശങ്ങളിൽ കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന നമ്മുടെ രാജ്യത്ത്, ശിപായി ലഹളക്ക് ശേഷം അനുഭവപ്പെട്ട സാമ്പത്തിക മാന്ദ്യത്തിൻെറ ഫലമായി കർഷകർക്ക് വിളവിറക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായി. ഇതേ തുടർന്ന് കൃഷികാർക്ക് അമിത പലിശക്ക് പണം നൽകാൻ ഇടത്തട്ടുകാർ മുന്നോട്ട് വന്നു. ഇതിൻെറ ഫലമായി കടത്തിൽ ജനിച്ച് കടത്തിൽ ജീവിച്ച് കടത്തിൽ മരിക്കേണ്ട ഒരു സാഹചര്യം ഇന്ത്യയിലെ കർഷകനുണ്ടായി. ഇതിന് ഒരു അറുതി വരത്തുവാൻ എന്ന രൂപത്തിലാണ് സഹകരണ പ്രസ്ഥാനം ജൻമം എടുക്കുന്നത് 1904ൽ ഗവർമെൻറ് പാസ്സാക്കിയ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടാണ് ഇന്ന് കാണുന്ന സഹകരണ പ്രസ്ഥാനത്തിന് നാന്ദികുറിച്ചത്. 1909ൽ പാലക്കാട്ടെ കണ്ണമ്പ്ര എന്ന സ്ഥലത്താണ് മലബാറിൽ ആദ്യമായി ഒരു സംഘം രജിസ്റ്റർ ചെയ്തത്.

കേരളപിറവിക്ക് ശേഷം 1969 മെയ് 15നാണ് കേരള സഹകരണ നിയമം നിലവിൽ വന്നത് ഇതേതുടർന്ന് കേരളമെമ്പാടും നിരവധി സഹകരണ പ്രസ്ഥാനങ്ങൾ ഉടലെടുത്തു. കാർഷിക മേഖലക്ക് പ്രാധാന്യം നൽകി തുടങ്ങിയ സഹകരണ പ്രസ്ഥാനം ഇന്ന് കടന്ന് ചെല്ലാത്ത മേഖലകളില്ല.

മമ്പാട് പഞ്ചായത്തിലും ഇതിൻെറ ഭാഗമെന്നോണമാണ് സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിക്കുന്നത്.

1963ൽ വി.പി.സി.മുഹമ്മദ് എന്ന മാനു കാക്കയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് പഞ്ചായത്തിൽ ഒരു സഹകരണ സംഘം ആരംഭിക്കുന്നതിനുള്ള സാധ്യതകൾ ആരാഞ്ഞത്. തൽഫലമായി1963 മെയ് 21ന് മമ്പാട് സർവ്വീസ് സഹകരണസംഘം രജിസ്റ്റർ ചെയ്യുകയും ജൂലായ് 1ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

112 അംഗങ്ങളുമായാണ് സംഘം ആരംഭിക്കുന്നത്. ശ്രീ.പി.കെ.ഈസ പ്രസിഡൻറും ശ്രീ വി.പിസി. മുഹമ്മദ് സെക്രട്ടറിയുമായ സംഘത്തിൻെറ മറ്റു ഭരണ സമിതി അംഗങ്ങൾ ശ്രി കണ്ണിയൻ മമ്മത് , കൊടാ

ലക്കുത്ത് അലവി, കുപ്പനത്ത് ആദമാൻ തറവയിൽ ശങ്കരൻ നായർ, ചാലിൽ ഹംസ എന്നിവരായിരുന്നു.

ഇതിനുശേഷം പട്ടിക ജാതി മേഖലയിലെ ജനങ്ങളുടെ ക്ഷേമം മുൻനിർത്തി 1986ൽ രൂപീകരിച്ച സംഘമാണ് മമ്പാട് പട്ടിക ജാതി സർവ്വീസ് സഹകരണ ബാങ്ക്. ശ്രീ എം മുണ്ടനാണ് പ്രഥമ പ്രസിഡൻറ്. 300 അംഗങ്ങളുമായാണ് സംഘം പ്രവർത്തനം ആരംഭിക്കുന്നത്.

ക്ഷീരോൽപ്പാദക മേഖലയിൽ രണ്ട് സംഘങ്ങൾ പ്രവർത്തിക്കുന്നു. ഒന്ന് വടപുറത്തും മറ്റൊന്ന് ഓടായിക്കലും, റബ്ബർ ഉർപ്പാദകരുടെ സംഘങ്ങൾ പുളിക്കലോടിയിലും പുള്ളിപ്പാടത്തും പ്രവർത്തിക്കുന്നു വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ എത്തിക്കുന്നതിന് വിദ്യാലയങ്ങളിൽ സഹകരണ സ്റ്റോറുകളും പ്രവർത്തിക്കുന്നതൊഴിച്ചാൽ മറ്റു പറയത്തക്ക സംഘങ്ങളൊന്നും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. നേരത്തെ ഉണ്ടായിരുന്നഎംപ്ളോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ പട്ടിക തരം തരിച്ച് അന്യത്ര ചേർത്തിരിക്കുന്നു.

## കാർഷിക മേഖല

കാർഷിക മേഖലയിൽ വായ്പകൾ നൽകുന്നതിനും രാസവളങ്ങൾ കർഷകർക്ക് എത്തിക്കുന്നതിനും പഞ്ചായത്തിൽ ഒരു സംഘം മാത്രമേ പ്രവർത്തിക്കുന്നുള്ളൂ.. കൃഷിക്ക് ആവശ്യമായ ഹ്രസ്വകാല വായ്പകളാണ് മമ്പാട് സർവ്വീസ് സഹകരണ ബേങ്ക് നൽകുന്നത്.

മെമ്പർമാരിൽ നിന്ന് 5 രൂപ വീതം ഷെയർ ശേഖരിച്ച് തുടക്കത്തിൽ 3000/- രൂപ ഓഹരി മൂലധനമായി സംഭരിച്ചു. ഈ സംഘമാണ് മമ്പാട് പഞ്ചായത്തിൻെറ വായ്പാ പ്രസ്ഥാനത്തിൻെറ അടിസ്ഥാന ശിലയായി ഇന്നും പ്രവർത്തിക്കുന്നത്. അംഗങ്ങളുടെ കാർഷിക വായ്പാ ആവശ്യം പരിഗണിച്ച് 1.5കോടി രൂപയെങ്കിലും വർഷത്തിൽ സംഘത്തിന് ലഭ്യമാവേണ്ടതാണ്. നബാഡിൻെറ കാർഷിക വായ്പാ നയം കാരണം ചുരുങ്ങിയ ഫണ്ടുകൾ മാത്രമെ ബാങ്കിന് ലഭ്യമാവുന്നുള്ളൂ. വർദ്ധിച്ചു വരുന്ന അവധി ബാക്കിയും മറ്റു രംഗങ്ങളിലെ പ്രവർത്തന വിപുലീകരണത്തിൻെറ അഭാവവും ബാങ്കിൻെറ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. നിത്യനിധി നിക്ഷേപം, (എൻ.എൻ.ഡി) ഓണച്ചന്ത തുടങ്ങിയ സംരംഭങ്ങൾ ബാങ്കിനെ പൊതുജനങ്ങളുമായി അടുപ്പിക്കുന്നതിൽ വലിയ സ്വാധീനം ചെലുത്തുന്നു. സംഘത്തിന് സ്വന്തമായി ഓഫീസ് കെട്ടിടം നിർമ്മിച്ചത് അഭിമാനകരമാണ്. സംഘത്തിൻെറ പ്രവർത്തനങ്ങൾക്ക് ശ്രീ. പി.ടി. മൂസാ ഹാജി (പ്രസിഡൻറ്), ശ്രീ. സി.പി.എ. ഷുക്കൂർ (സെക്രട്ടറി) എന്നിവർ നേതൃത്വം നൽകുന്നു.

| | |
|---|---|
| ആകെ അംഗങ്ങൾ: | 9176 |
| ഓഹരി മൂലധനം: | 7,71,280 |
| പ്രവർത്തനമൂലധനം: | 1,2790,517 |
| മൊത്തം വായ്പ : | 96,91,56 |

## മമ്പാട് പട്ടിക ജാതി സർവീസ് സഹകരണ സംഘം:

പട്ടിക ജാതി വിഭാഗത്തിൻെറ ക്ഷേമം മുൻനിർത്തി 1986 ൽ 300 അംഗങ്ങളുമായി പ്രവർത്തനം തുടങ്ങി സംഘത്തിൻെറ ആദ്യ പ്രസിഡൻറ് ശ്രീ. എം. മുണ്ടനും സെക്രട്ടറി ശ്രീ. അയ്യപ്പനും ആയിരുന്നു. സംഘത്തിൻെറ കീഴിലായി ഒരു ബുക്ക് ബൈൻറിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നു. കാർഷിക ആവശ്യങ്ങൾക്കും സ്വയം തൊഴിൽ കണ്ടെത്തുന്നതിനു വേണ്ടിയും വായ്പകൾ കഴിഞ്ഞ കാലയളവിൽ സംഘം നൽകിയിട്ടുണ്ട്. 1989ൽ കൃഷി വകുപ്പിൽ നിന്നും സൗജന്യമായി ലഭിച്ച ട്രാക്ടർ കാർഷിക ആവശ്യങ്ങൾക്കു വേണ്ടി സംഘത്തിന് ലഭിച്ചിട്ടുണ്ട്. മറ്റു കാർഷിക ഉപകരണങ്ങൾ കൂടി ലഭ്യമായാൽ കാർഷിക മേഖലയിൽ ഗുണകരമായ മാറ്റങ്ങൾ വരുത്താൻ സാധിക്കും. ഇപ്പോഴത്തെ പ്രവർത്തനങ്ങൾക്ക് പ്രസിഡൻറ് ശ്രീ. സി. ശ്രീനിവാസനും സെക്രട്ടറി ശ്രീ.. ചന്ദ്രനും നേതൃത്വം നൽകുന്നു.

| | |
|---|---|
| ആകെ അംഗങ്ങൾ | :446 |
| ഓഹരി മൂലധനം | :4460 |
| പ്രവർത്തന മൂലധനം: | 2,00,000 |
| മൊത്തം വായ്പ | : 89,859 |

## ക്ഷീരോൽപാദക മേഖല:

ക്ഷീരോൽപാദക മേഖലയിൽ രണ്ട് സംഘങ്ങൾ പ്രവർത്തിക്കുന്നു.

1. മമ്പാട് ക്ഷീരോൽപാദക സഹകരണ സംഘം

കറവ മാടുകളെ വളർത്തി അവയെ കൊണ്ട് നിത്യജീവിതം നയിക്കുന്ന കുടുംബങ്ങളെ സംഘടിപ്പിച്ച് 1960 ൽ പ്രവർത്തനം ആരംഭിച്ചു.. വടപുറം കേന്ദ്രീകരിച്ചാണ് സംഘം പ്രവർത്തിക്കുന്നത്. ശ്രീ കെ.ടി. ചെറിയാൻെറ മേൽ നോട്ടത്തിൽ ആരംഭിച്ച സംഘം ഇന്ന് വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നു.

2. ഓടായിക്കൽ ക്ഷീരോൽപാദക സഹകരണ സംഘം

മുകളിൽ പറഞ്ഞ അതേ മേഖലയിൽ തന്നെ പ്രവർത്തിക്കുന്ന സംഘമാണ്. 1992 ൽ ആരംഭിച്ച ഓടായിക്കൽ ക്ഷീരോൽപാദക സഹകരണ സംഘം, സംഘത്തിൻെറ ആദ്യ പ്രസിഡൻറ് ശ്രീ യു. ഗോപാലൻ നായിരുന്നു. ഇതും ഇന്ന് വളരെയധികം പുരോ

[illegible]ട്ടുണ്ട്. ഇതിന്റെ കീഴിൽ മിൽക് ബൈ പ്രോഡ [illegible]യൂണിറ്റിൽ ലസ്സി, സിപ്പപ്പ്, തൈര്, റോസ് മിൽക് [illegible] പേഡ, മിൽക് ചോക്ലേറ്റ് എന്നിവ ഉൽപാദി [illegible] വിപണനം നടത്തുന്നുണ്ട്. പ്രവർത്തനങ്ങൾ [illegible] പ്രസിഡന്റ് ശ്രീ. മുഹമ്മദ് കോയ തങ്ങൾ സെക്രട്ടറി [illegible] സോജൻ എന്നിവർ നേതൃത്വം നൽകുന്നു.

## കോളേജ് -സ്കൂൾ സഹകരണ സ്റ്റോറുകൾ

വിദ്യാർത്ഥികൾക്ക് ന്യായമായ വിലക്ക് നോട്ടു [illegible]കങ്ങൾ ഉൾപ്പെടെയുള്ള പഠനോപകരണങ്ങൾ [illegible]ണം ചെയ്യുന്നതിന് വിദ്യാലയങ്ങളിൽ സഹകര [illegible] സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. മമ്പാട് എം.ഇ. [illegible] കോളേജ്, ഗവ: ഹൈസ്കൂൾ, എ.എം .യു.പി. [illegible], കാട്ടുമുണ്ട യു.പി. സ്കൂൾ എന്നിവിടങ്ങളി [illegible] സഹകരണ സ്റ്റോറുകൾ പ്രവർത്തിക്കുന്നത്. [illegible]ത്തിലെ മറ്റ് എൽ.പി. യു.പി.സ്കൂളുകൾക്ക് [illegible]കങ്ങൾ കോംപ്ളക്സ് അടിസ്ഥാനത്തിൽ [illegible]ണം ചെയ്യുന്നത് രണ്ട് യു.പി. സ്കൂളുകളിലെ [illegible]ണ സ്റ്റോറുകൾ മുഖേനയാണ്.

## കൺസ്യൂമർ സ്റ്റോറുകൾ:

[illegible] സർവ്വീസ് സഹകരണ ബേങ്കിന്റെ നേതൃ [illegible]ത്തിലും തുടർന്ന് എംപ്ലോയീസ് കോ ഓപ്പ [illegible]റ്റീവ് സൊസൈറ്റിയുടെ നേതൃത്വത്തിലും മോശമി [illegible] രീതിയിൽ കൺസ്യൂമർ സ്റ്റോറുകൾ നടന്നി [illegible] പിന്നീട് ഇവയുടെ പ്രവർത്തനം നിലക്കു [illegible]ണ്ടായത്.

## പരിഹാര നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ കർഷകർ പ്രധാനമായി ആശ്രയി [illegible] മമ്പാട് സർവ്വീസ്സഹകരണ ബാങ്കിനെ [illegible] നബാഡുപോലുള്ള സ്ഥാപനങ്ങളുടെ നയം [illegible] ബാങ്കിൽ നിന്നും വായ്പ നൽകേണ്ട ഫണ്ടിന്റെ [illegible] വളരെ അപര്യാപ്തമാണ് ഇത് പരിഹരിക്കാൻ [illegible] മൂലധനമായൊ പലിശരഹിത ദീർഘകാല [illegible]യായൊ സംഘത്തിന് ഫണ്ടുകൾ ലഭ്യമാക്കണം.

2. പഞ്ചായത്തിലെ കൂടുതൽ കർഷകരെ അംഗങ്ങ [illegible] ഓഹരി മൂലധനം വർദ്ധിപ്പിക്കുക.

3. വളവും കാർഷിക ഉപകരണങ്ങളും വിതരണം [illegible]ുന്നതിനും കാർഷിക ഉൽപന്നങ്ങൾ ശേഖരിച്ച് [illegible]ണനം നടത്താനും സംവിധാനം ഉണ്ടാക്കണം.

4. വിപുലമായ ഉൽസവ ചന്തകൾ നടത്തുവാൻ [illegible]കരണ സംഘങ്ങളെ സഹായിക്കുക.

5. മമ്പാട് പട്ടിക ജാതി സഹകരണ സംഘത്തിന്റെ [illegible]ലുള്ള ബുക്ക് ബൈൻറിംഗ് യൂണിറ്റ് വിപുലീക [illegible] മുഴുവൻ വിദ്യാർത്ഥികൾക്കും കുറഞ്ഞ നിര [illegible] നോട്ടു ബുക്കുകൾ ലഭ്യമാക്കാൻ സാധിക്കും.

6. ക്ഷീരോൽപാദക സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വേണ്ടി ആധുനി ക സൗകര്യങ്ങളുള്ള മൃഗാശുപത്രികളും ബീജ സങ്കലന കേന്ദ്രങ്ങളും സ്ഥാപിക്കുക.

7. പാലിനും പാലുൽപന്നങ്ങൾക്കും ന്യായമായ വി ല ലഭിക്കുവാൻ ആവശ്യമായ സംവിധാനം ഉണ്ടാക്ക ണം. കൂടുതൽ ശേഖരണ കേന്ദ്രങ്ങൾ സ്ഥാപിക്കണം.

8. കാലിത്തീറ്റ, തീറ്റപ്പുൽ വിത്ത് മുതലായവ ന്യായമായ വിലക്ക് ലഭ്യമാക്കണം.

9. ഗുണമേൻമയുള്ള പശുക്കൾ വാങ്ങുന്നതിനും തൊഴുത്തു നിർമ്മാണത്തിനും ഉള്ള വായ്പകൾ ലഭി ക്കാൻ സാങ്കേതിക പ്രശ്നങ്ങൾ ഇല്ലതാക്കുക.

10. ക്ഷീര ഉൽപാദന സംഘങ്ങളുടെ പ്രവർത്തന ത്തിനാവശ്യമായ ഫണ്ടുകൾ , ഉപകരണങ്ങൾ, സാങ്കേ തിക വിദഗ്ദ്ധർ തുടങ്ങിയവയുടെ ലഭ്യത ഉറപ്പു വരുത്തുക.

11. വടപുറത്ത് പ്രവർത്തിക്കുന്ന സംഘത്തിന്റെ പ്രവർത്തനം കാട്ടുമുണ്ട, തൃക്കൈക്കുത്ത് വാർഡു കളിലേക്ക് കൂടി വ്യാപിപ്പിച്ച് ഉൽപാദനം വർദ്ധി പ്പിക്കുക.



| പേര് | പ്രവർ വർത്തനം തുടങ്ങിയവർഷം | പ്രവർത്തന പരിധി | അംഗ സംഖ്യ | ഓഹരി മൂലധനം | പ്രവർത്തന മൂലധനം | ജീവന |
|---|---|---|---|---|---|---|
| മമ്പാട് സർവ്വീസ് സഹകരണ ബാങ്ക് | 1963 | മമ്പാട് വില്ലേജ് | 9176 എ-ക്ളാസ് | 771280 | 12790517 | |

പട്ടിക -2 കാർഷികേതര സംഘം

| | | | | | | |
|---|---|---|---|---|---|---|
| മമ്പാട് പഞ്ചായത്ത് പട്ടിക ജാതി സർവ്വീസ് സഹ. സംഘം | 1986 | മമ്പാട് പഞ്ചായത്ത് | 446 | 4460 | 18000 | (താൽക്കാലി |

പട്ടിക 3 എ. ക്ഷീരോൽപാദക സംഘങ്ങൾ

| | | | | | |
|---|---|---|---|---|---|
| മമ്പാട് ക്ഷീരോത് പാദകസഹ സംഘം | 1960 | വടപുറം | 662 | 700000 | |
| ഓടായിക്കൽ ക്ഷീ രോൽപാദകസഹ.സംഘം | 1992 | ഓടായിക്കൽ പുള്ളിപ്പാടം | 1070 | - | |

പട്ടിക 3 ബി

സ്ക്കൂൾ - കോളേജ് സഹ സ്റ്റോറുകൾ

| നമ്പർ | സഹ സംഘങ്ങൾ | പ്രവർത്തന പരിധി |
|---|---|---|
| 1 | എം.ഇ.എസ് മമ്പാട് കോളജ് കോ-ഓപ് സ്റ്റോർ | മമ്പാട് കോളേജ് |
| 2 | മമ്പാട് ഗവ. ഹൈസ്കൂൾ കോ- ഓപ് സ്റ്റോർ | മമ്പാട് ഗവ. ഹൈസ്കൂൾ |
| 3. | മമ്പാട് എ.എം.യു.പി സ്കൂൾ സ്റ്റോർ | മമ്പാട് പഞ്ചായത്തിലെ എൽ.പി, യുപി |
| 4. | കാട്ടുമുണ്ട എ.എം യു.പി സ്കൂൾ സ്റ്റോറുകൾ | സ്കൂളുകൾ |

# വിഭവ സമാഹരണം:



നമ്മുടെ കാർഷിക വ്യവസായ മേഖലയുടെ മുരടിപ്പിനും പതനത്തിനും പരിഹാരം കാണാനുള്ള ശ്രമത്തിന്റെ ഭാഗമായി പഞ്ചായത്തിന്റെ വിഭവ സാദ്ധ്യതകളിലേക്ക് അന്വേഷണത്തിന്റെ കൈത്തിരിയുമായി ഒന്നിറങ്ങി നോക്കാം. പഴയ കാല ഐശ്വര്യങ്ങളുടെ ആലസ്യത്തിലിപ്പോഴും ഉറക്കം വിട്ടിട്ടില്ലാത്ത കിഴക്കൻ ഏറനാട്ടിലെ ഈ കൊച്ചു ഗ്രാമം കാർഷിക പ്രധാനമാണ്.. തെങ്ങ്, കവുങ്ങ്, നെല്ല്, വാഴ, പച്ചക്കറികൾ തുടങ്ങിയ ഏറനാടൻ കൃഷികൾ കുടിയേറ്റ സുഹൃത്തുക്കളോടൊപ്പം വന്ന റബ്ബറും കപ്പയും.

വ്യവസായ സംരംഭങ്ങളെന്നു പറയാൻ ഏറെയൊന്നുമില്ല മമ്പാട് പഞ്ചായത്തിൽ. റബ്ബറധിഷ്ഠിതമായി 5 ചെറുകിട ലാറ്റക്സ് ക്രമ്പ് ഫാക്ടറികൾ, റബ്ബർ തടി ട്രീറ്റു ചെയ്ത് ഫർണ്ണീച്ചറുണ്ടാക്കുന്ന ഒരു വ്യവസായ സ്ഥാപനം, 2 ഓട്ടുകമ്പനികൾ, 10 ചെറുകിട ഇഷ്ടിക നിർമ്മാണ യൂണിറ്റുകൾ, കുറച്ചു ഫർണിച്ചർ നിർമ്മാണ കുടിൽ വ്യവസായങ്ങൾ, 4 പോൾട്രി ഫാമുകൾ, കുറച്ചു എണ്ണയാട്ടു പൊടിമില്ലുകൾ, രണ്ട് തടിമില്ലുകൾ, അൽപം ചില പരമ്പരാഗത കുടിൽ വ്യവസായങ്ങൾ ഇത്രയുമാണ് പഞ്ചായത്തിലെ വ്യവസായ രംഗം. വ്യവസായ മേഖല ചെറുതാണെങ്കിലും ഏതാണ്ടെല്ലാ വ്യവസായ യൂണിറ്റുകളും ലാഭകരമായാണ് പ്രവർത്തിക്കുന്നത്. വിവിധ വ്യവസായങ്ങളിലായി 500 ൽ താഴെ സ്ത്രീ പുരുഷൻമാരേ ജോലി എടുക്കുന്നുള്ളു. ചെറിയ കച്ചവടം, ചെറുകിട വാഹനങ്ങൾ, കൃഷിയും വ്യവസായവുമായി ബന്ധപ്പെട്ട ഇതര അദ്ധ്വാന മേഖലകൾ ഇവയാണ്. പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും വ്യാപരിക്കുന്നത്. ഗവ: ഉദ്യോഗസ്ഥർ സ്കൂൾ-കോളേജ് അധ്യാപകർ എന്നിവരായി 500 ൽ താഴെ ജീവനക്കാരും പഞ്ചായത്തിലുണ്ട്. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ പകുതിയോളം ദരിദ്രരും 30-35 ശതമാനം പേർ ഇടത്തരക്കാരും 10-15 ശതമാനം ഭേദപ്പെട്ട ജീവിത നിലവാരം പുലർത്തുന്നവരുമാണ്. വിവിധ മേഖലകളിലായി പ്രവർത്തിക്കുന്ന സ്ത്രീകളുടെ സംഭാവന സാമ്പത്തിക രംഗത്തും അവഗണിക്കത്തക്കതല്ല. പട്ടിക വർഗ്ഗ വിഭാഗമായ ആദിവാസി മേഖലയിൽ ചെറിയ തോതിലുള്ള കൃഷിയും കൊട്ട, പനമ്പ് നിർമ്മാണം, വനവിഭവ ശേഖരണം മറ്റു കാർഷിക ജോലികൾ എന്നിവയാണ് ജീവിത മാർഗ്ഗം.

ആദ്യ കാലത്ത് പുഴയെ ആശ്രയിച്ച് മരവ്യവസായം അഭിവൃദ്ധി പ്രാപിച്ചിരുന്നു. ഇന്നത് പാടെ അന്യം നിന്നു. ഫർണീച്ചർ വ്യവസായ യൂണിറ്റുകൾ ഉണ്ടെങ്കിലും ഫോറസ്റ്റ് സമീപ പ്രദേശമായതിനാൽ കർശന നിയന്ത്രണങ്ങൾ കാരണം സാധ്യതകൾ മുഴുവൻ പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല. ഇത്തിൽ വ്യവസായം ആദ്യകാലത്തെ മുഖ്യ കുടിൽ വ്യവസായം ആയിരുന്നു. ഇന്ന് അതും നിലച്ചു.

പഞ്ചായത്തിൽ 2 ബാങ്കുകൾ പ്രവർത്തിക്കുന്നു. മമ്പാട് സർവ്വീസ് സഹകരണ ബാങ്കും സൗത്ത് മലബാർ ഗ്രാമീണ ബാങ്കിന്റെ ശാഖയും, ഗ്രാമ ജീവിതത്തിന്റെ സാമ്പത്തിക പരിക്രമത്തിൽ ഇവക്കുള്ള സ്ഥാനം വലുതായതിനാൽ പഞ്ചായത്തിന്റെ സാമ്പത്തിക രക്ഷാധികാരികളാണിവ രണ്ടും എന്നു പറയാം സമീപ പട്ടണങ്ങളിലെ ബാങ്കുകളേയും ജനങ്ങൾ പ്രത്യേകിച്ചും വ്യവസായ വാണിജ്യ മേഖലയിലുള്ളവർ ആശ്രയിക്കുന്നുണ്ട്. എടുത്തു പറയേണ്ട ഒരു സാമ്പത്തിക സ്രോതസ്സാണ് ഗൾഫ് മേഖല. ഏകദേശം 1800 യുവാക്കളും 100 ലേറെ സ്ത്രീകളും പഞ്ചായത്തിൽ നിന്ന് പുറം രാജ്യങ്ങളിൽ പണിയെടുക്കുന്നുണ്ട്. നാട്ടിലെ ഇടത്തരം ദരിദ്രകുടുംബങ്ങളിലെ അംഗങ്ങളാണിവർ. ഗൾഫുകാർ തീർത്ത സുരക്ഷാവലയംശക്തമാണിപ്പോൾ നാട്ടിലെ ഭേദപ്പെട്ട കെട്ടിടങ്ങളിൽ മുക്കാലും ഗൾഫുകാരുടേതാണ്,. തോട്ടങ്ങളും ആധുനിക സുഖസൗകര്യങ്ങളും കരസ്ഥമാക്കിയവർ ധാരാളം

പഞ്ചായത്തിന്റെ സമ്പദ് മേഖലയുടെ.ഒരു നഖചിത്രമാണ് മേൽക്കാണിച്ചത് എങ്കിലും ഇതിൽ ഏറെക്കുറെ എല്ലാ വസ്തുതകളും ഉൾക്കൊള്ളുന്നു ഈ ഭൂമികയിൽ നിന്നു കൊണ്ടാണ് പഞ്ചായത്തിന്റെ വിഭവ് സമാഹരണത്തെ കുറിച്ചു് ചിന്തിക്കേണ്ടത് . ഗ്രാമപഞ്ചായത്തിന്റെ പൊതുധന സ്ഥിതിയുടെ വിശകലനത്തിലേക്ക് കടക്കുമ്പോൾ മുഖ്യമായ വരവ് ചിലവിനങ്ങൾ പരിശോധിക്കേണ്ടതുണ്ട്. കെട്ടിട നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ്,മണൽ ലേലം,സർക്കാരിൽ നിന്നും കിട്ടുന്ന ഫണ്ട്, വിവിധ ഗ്രാൻറുകൾ ജെ.ആർ.വൈ, എസ്.സി.പി., ടിഎസ്..പി. മറ്റു വരവിനങ്ങൾ എന്നിവയാണ് മുഖ്യ വരുമാന മാർഗ്ഗങ്ങൾ. 95-96 വർഷം ഇതെല്ലാം കൂടി 18,32,610 രൂപയാണ് പഞ്ചായത്തിന്റെ വരുമാനം. സർവ്വീസ് ചാർജ്ജ്, വാഹന നികുതി,വിനോദ നികുതി, പ്രദർശന നികുതി, മാർക്കറ്റ് നികുതി, സംഭാവന, റെൻറ് തുടങ്ങിയ ഇനങ്ങളിൽ പഞ്ചായത്തിന് വരുമാനമൊന്നും ഇല്ല. പഞ്ചായത്ത് ചുമത്തുന്ന നികുതികളായ കെട്ടിട നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ. മണൽ ഖനനം, കടവ് ചുങ്കം തുടങ്ങിയ തനതു നികുതികളിൽ കഴിഞ്ഞ 10 വർഷങ്ങളിൽ നിരന്തരം വർദ്ധനവുണ്ട്. അൺടൈഡ് ഫണ്ട്, എസ്.സി.പി, ടിഎസ്.പി, വിആർ.എം, ബേസിക് ടാക്സ്, യു.ടി.സി തുടങ്ങിയ ഗ്രാൻറ് ഇനങ്ങളിലും ക്രമാനുഗതമായ ഉയർച്ച കാണാൻ കഴിയും എന്നാൽ ലൈസൻസ് ഫീ ഇനത്തിൽ പഞ്ചായത്തിന്റെ വരുമാനവർദ്ധന നാമമാത്രമാണ്.

## പ്രശ്നങ്ങളും സാധ്യതകളും

കെട്ടിട നികുതി:- 95-96 വർഷം ഈ ഇനത്തിൽ 1,77,242 രൂപയാണ് പഞ്ചായത്തിന്റെ വരുമാനം പഞ്ചായത്തിലെ വീടുകൾക്കും കച്ചവട- വ്യവസായ സ്ഥാപനങ്ങൾക്കും നികുതി ചുമത്തിയത് കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് എന്ന് പറയാൻ കഴിയില്ല. എല്ലാ കെട്ടിടങ്ങൾക്കും മാന ദണ്ഡങ്ങൾക്കനുസരിച്ച് നികുതി ചുമത്തുകയും നികുതി പിരിവ് കാര്യക്ഷമമാക്കുകയും ചെയ്യുകയാണെങ്കിൽ പഞ്ചായത്തിലെ കെട്ടിട നികുതിയിൽ ഗണനീയമായ വർദ്ധനവുണ്ടാകും. ഡിപ്പാർട്ട്മെൻറ് നിർദ്ദേശങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി ഇന്നുള്ള നികുതിയിൽ ചെറിയ വർദ്ധനവു വരുത്തേണ്ടത് പരിശോധിക്കേണ്ടതാണ്.

റവന്യൂ വകുപ്പു മുഖേന ഇപ്പോൾ അസസ് ചെയ്തുകൊണ്ടരിക്കുന്നതും പിരിച്ചെടുക്കുന്നതുമായ കെട്ടിട നികുതി( റവന്യൂ) പഞ്ചായത്തുകളുടെ വികസന പ്രവർത്തനങ്ങൾക്കുള്ള വിഭവ സമാഹരണത്തിന്റെ ഭാഗമായി അസസ്സ് ചെയ്യുന്നതിനും പിരിച്ചെടുക്കുന്നതിനുമുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്. ഈ നികുതി ചുമത്തുന്നതിന് ഇപ്പോൾ പാലിച്ചു വരുന്ന പ്ളിൻറ് ഏരിയാ മാനദണ്ഡത്തിനു പുറമേ നിർമ്മാണ ചിലവും ആഡംബരവും കൂടി പരിഗണനാ വിധേയമാക്കുയാണെങ്കിൽ ഈ ഇനത്തിൽ ഗണ്യമായ വരുമാനം പ്രതീക്ഷിക്കാം കൂടാതെ കെട്ടിട നിർമ്മാണത്തിലുള്ള ധൂർത്തും പാഴ്ചെലവും നിയന്ത്രിച്ച് വിഭവ നഷ്ടം ഒഴിവാക്കാനും ഇത് വഴി സാധിക്കുന്നതാണ്.

## തൊഴിൽ നികുതി

വർഷം തോറും ക്രമാനുഗതമായ വളർച്ച സൂചിപ്പിക്കുന്നുണ്ടെങ്കിലും സർക്കാർ ജീവനക്കാരിൽ നിന്നും ചുരുക്കം ചില സ്വകാര്യ മേഖലയിലെ ജീവനക്കാരിൽ നിന്നും ചില കച്ചവടക്കാരിൽ നിന്നും മാത്രമെ ഈ ഇനത്തിലുള്ള നികുതി പിരിക്കുന്നുള്ളൂ. പഞ്ചായത്തിലെ വരുമാനത്തിന്റെ 5% മാത്രാണ് തൊഴിൽ നികുതി ഇനത്തിൽ പിരിഞ്ഞു കിട്ടുന്നത്. വരുമാനമുള്ള എല്ലവരേയും തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടു വരികയാണെങ്കിൽ ഇപ്പോഴുള്ള വരുമാനം അനവധി മടങ്ങായി വർദ്ധിപ്പിക്കാൻ കഴിയും. പഞ്ചായത്തിലെ തൊഴിലെടുക്കുന്ന മുഴുവൻ സ്ത്രീ പുരുഷൻമാരേയും ഗ്രൂപ്പ് ഇൻഷുറൻസിൽ അംഗങ്ങളാക്കിക്കൊണ്ട് തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടു വരേണ്ടതും വരുമാനത്തിനനുസരിച്ച് നികുതി ഈടാക്കാവുന്നതുമാണ്. ഗ്രാ

കളുടേയോ ഗ്രാമസഭക്കു കീഴിൽ രൂപവൽക്കരിക്കുന്ന പ്രത്യേക ജനകീയ കമ്മിറ്റികൾ വഴിയോ ഇത് നടപ്പിലാക്കാവുന്നതാണ്.

## മറ്റു നികുതികൾ

വാഹന നികുതി, പരസ്യ /പ്രദർശന നികുതി സേവന നികുതി, വിനോദ നികുതി എന്നിവ പഞ്ചായത്തിനെ പിരിച്ചെടുക്കുന്നില്ല. വിവിധ ഇനം പരസ്യ പ്രദർശനങ്ങൾക്ക് ന്യായമായ നികുതി ചുമത്തുന്നതിന് നിയമപരമായി അധികാരം ഉണ്ടെങ്കിലും ഇതു വരെ പഞ്ചായത്ത് ഇക്കാര്യത്തിൽ ശ്രദ്ധിച്ചില്ല എന്നത് നിർഭാഗ്യകരമാണ്. ഈ ഇനത്തിൽ മോശമല്ലാത്ത വരുമാന സാധ്യതയുള്ളതിനാൽ ചട്ടമനുസരിച്ച് നികുതി പിരിച്ചെടുക്കുന്നതിന് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. ജലം, വൈദ്യുതി തുടങ്ങിയ സേവന മേഖലകളിലുള്ള വ്യതിയാനം കണക്കിലെടുത്ത് സർവ്വീസ് ടാക്സ് നടപ്പിലാക്കുന്നതും പരിശോധിക്കപ്പെടേണ്ടതാണ്. വി.ടി.സി. ഇനത്തിൽ ഗവ ഇപ്പോൾ അനുവദിക്കുന്ന തുച്ഛമായ തുക തീരെ അപര്യാപ്തമാണ്. ഇത് കാലോചിതമായ പരിഷ്ക്കരിക്കേണ്ടതും ഈടാക്കുന്ന വെഹിക്കിൾ ടാക്സിൻെറ ഒരു നിശ്ചിത ശതമാനത്തിന് തീർച്ചയായും പഞ്ചായത്തിന് അവകാശമുണ്ട്. അത് പരിഗണിക്കപ്പെടേണ്ടതാണ് കൂടാതെ പഞ്ചായത്തിലെ മോട്ടോർ വാഹന ഉടമകളിൽ നിന്നും ഒരു നിശ്ചിത സംഖ്യ നികുതിഇനത്തിൽ പിരിച്ചെടുത്തുന്നതിനുള്ള പ്രത്യേക അധികാരവും പഞ്ചായത്തിന് പുതുതായി കിട്ടേണ്ടതുണ്ട്. വിനോദ നികുതി ഇനത്തിൽ യാതൊന്നും പഞ്ചായത്തിലേക്ക് ലഭിക്കുന്നില്ല. വിനോദോപാധികളുടെ അഭാവം തന്നെയാണിതിനു കാരണം. മ്യൂസിയം, ആർട്ട് ഗാലറി, ചിൽഡ്രൻസ് പാർക്ക്, ഇവയോടു കൂടിയ ഒരു പഞ്ചായത്ത് പാർക്ക് , സിനിമാ തീയറ്റർ, വീഡിയോ പാർലർ എന്നിവ പരിഗണനാർഹമാണ്

## ചന്ത വരവ്

പഞ്ചായത്തുടമസ്ഥതയിൽ ചന്ത, ഷോപ്പിങ്ങ് കോംപ്ലക്സ്, ബസ്സ്റ്റാൻറ് തുടങ്ങിയവ ഇല്ലാത്തതിനാൽ ഈ ഇനങ്ങളിലൊന്നും വരുമാനവുമില്ല. മൽസ്യ മാംസ മാർക്കറ്റുകളുടെ അഭാവം, ആരോഗ്യ-സാമൂഹ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്നും അനുയോജ്യ സ്ഥലം കണ്ടെത്തി മൽസ്യ- മാംസ മാർക്കറ്റുകൾ സ്ഥാപിക്കണമെന്നുംമിക്കവാനും ഗ്രാമ സഭകളിൽ വളരെ ശക്തമായ ഭാഷയിൽ നിർദ്ദേശങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. ഈ സാഹചര്യത്തിലും സ്ഥിരമായ വരുമാന സ്രോതസ്സ് എന്ന നിലയിലും ഈ നിദ്ദേശം പരിഗണന അർഹിക്കുന്നു ആധുനിക സൗകര്യങ്ങളുള്ള അറവുശാലയോടു കൂടിയ ഒരു മൽസ്യ - മാംസ മാർക്കറ്റും ഷോപ്പിങ്ങ് കോപ്ളക്സുകളും നിർമ്മിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം.

ഗ്രാമസഭാ നിർദ്ദശങ്ങളിലൊന്നായ ആഴ്ച്ചചന്തയും ഇതോടൊപ്പം പരിഗണിക്കേണ്ടതാണ്. ഒരു വിവാഹ മണ്ഡപത്തിൻെറ അഭാവം പഞ്ചായത്തിലെ വിവാഹാഘോഷങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. സുസജ്ജമായ ഒരു ആധുനിക കല്യാണ മണ്ഡപം (കമ്യൂണിറ്റി ഹാൾ കം കല്യാണ മണ്ഡപം) നിർമ്മിക്കുകയാണെങ്കിൽ ഈ പ്രശ്നം പരിഹരിക്കപ്പെടും പഞ്ചായത്തിന് വാടക ഇനത്തിൽ നിശ്ചിതമായ ഒരു വരുമാനവുമുണ്ടാകും

## മണൽ ഖനനം

ചാലിയാറിലും തീമത്തുമുള്ള മണൽ നിക്ഷേപം വർഷങ്ങളായി കെട്ടിട നിർമ്മാണാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നു. ഇതിൻെറ ഉപയോഗം നാൾക്കുനാൾ വർദ്ധിച്ചു വരികയാണ്. അയൽ സംസ്ഥാനത്തിലേക്കു കൂടി മണൽ കയറ്റിപോകുന്നുണ്ട്. 95-96 വർഷം 2.61000 രൂപ മണൽ ലേല ഇനത്തിൽ പഞ്ചായത്തിന് വരുമാനമുണ്ട്. എന്നാൽ ഇടക്കാലത്ത് മണൽ ലേലം ചെയ്യുന്നതിനുള്ള അധികാരം പഞ്ചായത്തിൽ നിന്നും എടുത്തുമാറ്റി റവന്യൂ ഡിപ്പാർട്ട് മെൻറിനെ ഏൽപ്പിക്കുകയുണ്ടായി. ഇത് വ്യപകമായ പ്രതിഷേധത്തിനും പഞ്ചായത്തുകളുടെ വരുമാനനഷ്ടത്തിനും ഇടയാക്കിയിട്ടുണ്ട്. യാതൊരു നേട്ടവും സൃഷ്ടിച്ചതുമില്ല. അതുകൊണ്ട് പുതുതായി ഏർപ്പെടുത്തിയ നിയമം ഭേദഗതി ചെയ്ത് മണൽ ലേലം ചെയ്യുന്നതിനുള്ള അധികാരം പഞ്ചായത്തുകൾക്കു തന്നെ തിരികെ ഏൽപ്പിക്കേണ്ടതാണ്. പഞ്ചായത്തിലെ സ്വകാര്യ ഭൂമിയിലെ വെട്ടുകല്ല്, കരിങ്കല്ല് എന്നിവ നിർമ്മാണ പ്രവർത്തനങ്ങൾക്കായി വ്യാപകമായി ഖനനം ചെയ്യപ്പെടുന്നുണ്ടങ്കിലും ഈ ഇനത്തിൽ പഞ്ചായത്തിന് യാതൊരു വരുമാനവും കിട്ടുന്നില്ല. വകസനാവശ്യത്തിനുള്ള വിഭവസമാഹരണത്തിൻെറ ഭാഗമായ ന്യായമായ തറ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കേണ്ടതാണ്

വസ്തു കൈമാറ്റ നികുതി:- പഞ്ചായത്തിലെ വസ്തു കൈമാറ്റ നികുതി ബന്ധപ്പെട്ട റജിസ്ട്രാഫിസുകൾ വഴി ഗവ ഈടാക്കുന്ന സ്റ്റാമ്പ് ഡ്യൂട്ടിയിൽ 75% പഞ്ചായത്തുകൾക്ക് തന്നെ തിരിച്ചു വിതരണം ചെയ്യുന്ന നടപടിയാണ് ഇന്നുള്ളത്. ഇത് അനുവദിക്കുന്നതിൽ വളരെ കാലതാമസവും ഉണ്ടാകാറുണ്ട്. കാലതാമസം ഒഴിവാക്കി പരിച്ചെടുക്കുന്ന മുഴുവൻ തുകയും (100%) പഞ്ചായത്തുകൾക്ക് കൈമാറേണ്ടതാണ്

സ്വകാര്യ ഭൂമികൾക്ക് ചുമത്തിയിട്ടുള്ള ഭൂനികുതി നാമമാത്രമാണ്. ഇത് റവന്യൂ ഡിപ്പാർട് മെൻറ് വഴിയാണ് പിരിച്ചെടുത്തുന്നത് ബേസിക് ടാക്സ് കാലോചിതമായി പരിഷ്ക്കരിച്ച് പിരിച്ചെടുക്കുന്നതനുള്ള അധീകാരം പഞ്ചായത്തുകളിൽ നിക്ഷീപ്തമാക്കേണ്ടതാണ്

ചുരുക്കം ചില ഭേദപ്പെട്ടവരും ഗൾഫിൽ ജോലിയെടുക്കുന്നവരോ അവരുടെ കുടംബാംഗങ്ങളോ മാത്രമാണ് ഗവ.ൻെറ സമ്പാദ്യ നിക്ഷേപ യജ്ഞങ്ങളിൽ സഹകരിച്ചുകാണുന്നത്. സമ്പാദ്യ ശീലം പ്രോൽസാഹിപ്പിക്കപ്പെടേണ്ടതിൻെറ ഭാഗമായി നാഷനൽ സേവിങ്ങ് സ്കീമിൻെറ പരിധിയിൽ പഞ്ചായത്തിലെ ഭൂരിമാഗം കുടുംബങ്ങളേയും കൊണ്ടു വരേണ്ടതാണ്. പഞ്ചായത്ത് മെമ്പർമാർ, അംഗന വാടി പ്രവർത്തകർ, അയൽ കൂട്ടങ്ങൾ എന്നിവയുടെ സേവനം ഇതിനായി ഉപയോഗപ്പെടുത്താം. എൻ.എസ്.എസ്. നിക്ഷേപത്തിൻെറ അർഹമായ വിഹിതം പഞ്ചായത്തിന് ലഭ്യമാക്കാൻ നടപടിയെടുക്കണം

ദാരിദ്ര നിർമ്മാർജ്ജനം, തൊഴിൽ ദാനം. പാർപ്പിടം, ശുദ്ധജലവിതരണം, പഞ്ചായത്തിൻെറ പൊതു വികസനം എന്നിവക്കായി പദ്ധതി പ്രവർത്തനത്തിൻെറ ഭാഗമായ സ്കീമുകളിൽ വകയിരുത്തപ്പെട്ട് സർക്കാരിൽ നിന്ന് ലഭിക്കുന്ന വിവിധ ഇനം ഫണ്ടുകളാണ് - അൺടൈഡ് ഫണ്ട്, ജെ.ആര.വൈ, എസ്.സി.പി, ടിഎസ്.പി, വി.ആർ.എം വി.ടി.സി തുടങ്ങിയവ. 95-96 വർഷത്തിൽ 10,25,256 രൂപയാണ് ഈ ഇനത്തിൽ ആകെ ലഭ്യമായത് തൊഴിൽ ദാന പദ്ധതിയായ ജെ.ആർ.വൈ പദ്ധതിക്കുമാത്രമായി 4 ലക്ഷം രൂപയും എസ്.സി.പി, ടി.എസ്.പി, യു.ടി.എഫ്(ജനറൽ) പദ്ധതികൾക്ക് രണ്ട് ലക്ഷത്തോളം രൂപയും മറ്റു ഗ്രാൻറിനത്തിൽ 3,71,000 രൂപയും ആണ് ഇതിൻെറ തരംതിരിച്ച കണക്ക് ഇത് പഞ്ചായത്തിൻെറ മൊത്ത വരുമാനത്തിൻെറ (18.32.610 രൂപ) 55% ആണ്.

## ബാങ്കിങ്ങ് മേഖല

വികസന പ്രക്രിയയിൽ ബാങ്കുകളുടെ പങ്ക് പ്രധാനമാണല്ലോ. പഞ്ചായതത്തുകൾക്ക് നേരിട്ട് ലഭ്യമാകുന്ന പല സ്കീമുകളുണ്ടെങ്കിലും അത്തരം സഹായങ്ങൾ പ്രയോജനപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കുന്ന നടപടികളെ കുറിച്ച് പഞ്ചായത്ത് ഭരണ സമിതകളൊന്നും നാളിതുവരേയായി ആലോചിച്ചതായി കാണുന്നില്ല ഇത് നിർഭാഗ്യകരമാണ്. ഭവന നിർമ്മാണം ഷോപ്പിങ്ങ് കോംപ്ളക്സ്,മാർക്കറ്റ് , ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങൾ തുടങ്ങിയ വിവിധ മേഖലകളിൽ പദ്ധതികളാസൂത്രണം ചെയ്ത് ബാങ്ക് സഹായം വഴി നടപ്പിൽ വരുത്തേണ്ടതാണ്. ഇവയിൽ നിന്ന് ലഭിക്കുന്ന ആദായം കടം തിരിച്ചടവിനും പഞ്ചായത്ത് വരുമാനത്തിൻെറ വർദ്ധനവിനും പിന്നീട് തീർച്ചയായും പ്രയോജനപ്പെടും. പുതിയ പഞ്ചായത്ത് രാജ് സംവിധാനത്തിൽ പഞ്ചായത്തുകൾക്ക് വിപുലമായ അധികാരങ്ങളും നിയമ നിർമ്മണാവകാശങ്ങളും ലഭിക്കുന്ന പശ്ചാത്തലത്തിൽ വാണിജ്യ ബാങ്കുകളുടേയും മറ്റു ധനകാര്യ സ്ഥപാനങ്ങളടേയും അധികാരികളും ഉദ്യേഗസ്ഥരുമായി ചർച്ച ചെയ്ത് വ്യക്തമായ മാർഗ്ഗരേഖയുണ്ടാക്കി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തേണ്ടതാണ്

മമ്പാട് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സർവ്വീസ് സഹകരണ ബാങ്ക്, സൗത്ത് മലബാർ ഗ്രമീണ ബാങ്ക് സമീപ പ്രദേശങ്ങളിലെ മറ്റ് ഇതര വാണിജ്യ ബങ്കുകൾ അഗ്രകൾച്ചറൽ ഡവലപ്പ്മെൻറ് ബാങ്ക് എന്നിവ നമ്മുടെ പഞ്ചായത്തിലെ കാർഷിക വ്യവസായിക മേഖലകളിലും ഭവന നിർമ്മാണ പദ്ധതികളിലും സ്വയം തൊഴിൽ പദ്ധതികളിലും ഗണ്യമായ സഹായം നൽകിയട്ടുണ്ടെന്നുള്ളത് പ്രസ്താവ്യമാണ്. (കൃത്യമായ കണക്ക് ലഭ്യമല്ല) എങ്കിലും സാങ്കേതിക ബുദ്ധിമുട്ടുകളും മറ്റു വൈതരണികളും മറി കടന്ന് ധനസഹായം കരസ്ഥമാക്കാൻ ഒരു ചെറിയ വിഭാഗത്തിനേ സാധിച്ചിട്ടുള്ളൂ. അർഹരും തൽപ്പരരുമായ മുഴുവൻ കൃഷിക്കാർ, വ്യവസായ സംരഭകൾ, ചെറുകിട ൈ തൊഴിലാുകാർ എന്നിവർക്കൊക്കെ ആവശ്യമായ ധ സഹായം ലഭ്യമാക്കേണ്ടാതാണ് ഉൽപ്പാദന പ്രക്രിയയിൽ ബാങ്കുകൾക്കുള്ള പങ്ക് കൂടുതൽ ചരച്ച ചെയ്യപ്പെടുകയും ബാങ്കുകളെ ഉപയോഗപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. വികേന്ദ്രീകരണാസൂത്രത്തിൻെറ പശ്ചാത്തലത്തിൽ ബാങ്കുകളുടെ സമീപനത്തിൽ കാര്യമായ മാറ്റം വരേണ്ടതുണ്ട്. പ്രാദേശിക അസമത്വം ഇല്ലായ്മ ചെയ്യുക, ദുരബല വിഭാഗങ്ങളടെ ക്ഷേമം ഉറപ്പുവരുത്തുക എന്നിവ ധനകാര്യസ്ഥാപനങ്ങളുടെ ബാധ്യതയാണ്

## ഗർഫ് മേഖല

പഞ്ചായത്തിലെ സാമ്പത്തിക രംഗത്തെ ക്ഷീണം പ്രകടമാവാത്തതിനുമുഖ്യ കാരണം ഗൾഫ് സുഹൃത്തുക്കളുടെ വരുമാനമാണ്. ഇതിൻെറ ഫലമായി സേവന മേഖല വളരുകയും ജനങ്ങളുടെ ഉപഭോഗ നിലവാരം ഉയരുകയും ചെയ്തിട്ടുണ്ട്. അയൽ സംസ്ഥാനങ്ങളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന തുണിയും ഭക്ഷ്യ വസ്തുക്കളും ഗൃഹ നിർമ്മാണ സാമഗ്രികളും മറ്റിതര ആഡംബര സാധനങ്ങളമൊക്കെയായി പണം ചലവഴിക്കപ്പെടുത്തതിനാൽ കേരളത്തിലെ ഉൽപ്പാദ നമേഖലക്ക് പകരം ഇതര സംസ്ഥനങ്ങൾക്കാണ് ഇതിൻെറ നേട്ടം കഴിഞ്ഞ 10-15 വർഷങ്ങൾക്കിടയിൽ കൺസ്യൂമർ വസ്തുക്കളുടെ പ്രവാഹമാണ് കേരളത്തിലേക്ക്. കേരളം ഇന്നോരു കൺസ്യൂമർ സ്റ്റോറായി മാറാൻ പ്രധാന കാരണം ഗൾഫ് പണം തന്നെയാണ്. ഗൾഫ് പണം നാടിൻെറ ഉൽപ്പാദന മേഖലയിലേക്ക് ഫലപ്രദമായി ഗതി തരിച്ചു വിടുക എന്നതാണ് അതിനുള്ള പ്രധാന പരിഹാര മാർഗ്ഗം. ലാഭകരമായ വിവിധ സംരംഭങ്ങൾ പരിചയപ്പെടുത്തുകയും സ്വന്തമായോ കൂട്ടായോ സംരംഭങ്ങളിൽ ഏർപ്പെടാനുള്ള പ്രേരണയും പ്രോൽസാഹനവും നൽകേണ്ടതുമാണ് സംസ്ഥാന ഗവ. തന്നെ ഇതിനു മുകൈ എടുത്ത് പ്രവർത്തിക്കണം

ഗൾഫിൻെറ സാധ്യതകൾ മങ്ങുകയാണ് പലരു

...ക വന്നുകൊണ്ടരിക്കുന്നു. കൂടുതൽ ആളുകൾ ...ച്ചു വന്നാൽ പുനരധിവാസം വലിയ പ്രശ്നങ്ങൾ ...ടിക്കും. അതിനാൽ ഗൾഫിൽ നിന്ന് തിരിച്ചു വന്ന ...കാരുടെ പങ്കാളിത്തത്തോടെ ഒരു സമിതി/ സൊ...റ്റി രൂപീകരിച്ച് റജിസ്റ്റർ ചെയ്ത് എല്ലാ ...രാ സുഹൃത്തുക്കളേയും അതിൽ അംഗങ്ങളാക്കി ...ന്ദരേയും ഉദ്യോഗസ്ഥരേയും ബന്ധപ്പെട്ട് ...ശ്യമായ മോട്ടിവേഷൻ ക്ലാസുകൾ കൊടുത്ത് ...ഷിച്ചെടുക്കേണ്ടതുണ്ട്. ഇവരുടെ സമ്പാദ്യം ...ഹരിക്കാനും ലാഭകരമായ പുതിയ വ്യസായങ്ങ ...വിജയകരമായി ആസൂത്രണം ചെയ്ത് ഇവരെ ...ബന്ധപ്പെടുത്തി നടപ്പിൽ വരുത്താനും പഞ്ചായത്ത് ...ദ്ധമാകേണ്ടതാണ്

ദാരിദ്ര രേഖയക്ക് താഴെയുള്ളവരുടേയും പട്ടിക ...- പട്ടിക വർഗ്ഗ വിഭാഗത്തിൻെറയും വനിത ...ടേയും ക്ഷേമം ലാക്കാക്കി കേന്ദ്ര-സാംസ്ഥനാ ഗവ. ...യും സാമൂഹ്യ ക്ഷേമ വകുപ്പ് , എൽ.ഐ..സി, ... കോർപ്പറേഷൻ ബോർഡുകൾ മുതലായ ...ടേതും നെതൃത്വത്തിൽ പല സ്കീമുകളും നിലവി ... കഴിഞ്ഞ 5 വർഷങ്ങളിൽ പഞ്ചായത്തിൽ വമ്പിച്ച ...തിലുള്ള ധനസഹായം നൽകിയതായി കാണാം. എന്നാൽ ഇവയുടെ പ്രവർത്തനം ഏകോപിതമല്ലാ ...നാൽ അതിനുവേണ്ടി ചിലവഴിച്ച തുക പൂർണ്ണ ...യും പ്രയോജനപ്പെട്ടോ എന്ന് സംശയം. ഇത്തരം ...തികൾ ഏകോപിപ്പിക്കുകയും പഞ്ചായ ...ത്തിനു കീഴിൽ കൊണ്ടുവരികയും ചെയ്താൽ ഗുണ ...താക്കളെ കണ്ടെത്താനും അഴമതി, കാലതാമസം ...തിവ ഒഴിവാക്കി പ്രയോജനം ഉറപ്പുവരുത്താനും ...ധിക്കും

...മ പഞ്ചായത്തിലും, ' ബ്ളേഡുകളുടെ 'ശല്യമുണ്ട് ...നാട്ടുകാരും നാട്ടുകാരമുണ്ട് ഈ രംഗത്ത്. ...അറപ്പൻ പലിശയാണെങ്കിലും താൽക്കാലികാ...ശ്വാസം എന്ന നിലയിൽ താഴെ തട്ടിലുള്ള പലരും ...കിച്ച് സ്ത്രീകൾ ഇവരെ ആശ്രയിക്കുന്നു. ...ഡി.എൻ.പിയുടെ കീഴിലുള്ള ത്രിഫറ്റ്, സി.ഡി. ... എന്നിവ ശക്തിപ്പെടുത്തുകയാണെങ്കിൽ ...ഡുകളെ വലിയൊരളവ് ഒഴിവാക്കി ജനങ്ങൾക്ക് ...സമെത്തിക്കാൻ സാധീക്കും

## ...ലവുകൾ

...ഴിഞ്ഞ 10 വർഷങ്ങളിലും കഴിഞ്ഞ വർഷം ...ഷിച്ചും പഞ്ചായത്തിൻെറ ചിലവുകൾ വർദ്ധി...കൊണ്ടിരിക്കയാണ്. കഴിഞ്ഞ വർഷം വരവിനു ...മായ തുക ചിലവഴിക്കപ്പെട്ടിട്ടുണ്ട്. മെതത്തം ... = 18,32,610 രൂപ. ചിലവ് = 18,12,232 ...ത്തിൻെറ സിംഹഭാഗവും ചിലഴിക്കപ്പെട്ടതും ...മരാമത്തു പണികൾക്കാണ്. തനതു നികുതി ...ൽ നിന്നും മറ്റു ഗ്രാൻറുകൾ വഴിയും 4.5 ലക്ഷം ഉറുപ്പികയും ജെ.ആർ.വൈ. ഇനത്തിൽ 4 ലക്ഷവും കൂടി ആകെ 8.5 ലക്ഷം ഉറുപ്പികയാണ് 95-96 വർഷം പൊതുമരാമത്തു പണികൾക്കായി ചിലവിട്ടത്. റോഡുകൾ, പൊതു കിണർ നിർമ്മാണം, റോഡുകളുടേയും കിണർ, കുളങ്ങളുടേയും റിപ്പയർ പണികൾ, മണ്ണിടിച്ചിൽ തടയുന്നതിന് റോഡുകളടേയും വയലുകളടേയും സൈഡുകെട്ടൽ, തോടിനു ബണ്ടുകെട്ടൽ, ചെറിയ നടപ്പാലം നിർമ്മാണം മുതലയവ പൊതുമരാമത്തു പണികളിൽ ഉൾപ്പെട്ടിട്ടുണ്ട്. 94-95 വർഷത്തെ അപേക്ഷിച്ച് ഒരു ലക്ഷം രൂപയുടെ മരാമത്തു പണികൾ 95-96 വർഷത്തിൽ അധീകമായി ചെയ്തിട്ടുണ്ട്. ഇതിനുമുമ്പത്തെ മുന്ന് വർഷങ്ങളിലും വർഷം തോറും ഒരോ ലക്ഷം രൂപയുടെ വർദ്ധന മരാത്തു ചിലവുകളിൽ ഉണ്ടായിട്ടുണ്ട്. ചിലവിനത്തിൽ രണ്ടാം സ്ഥാനം പഞ്ചായത്തിൻെറ ഭരണ നിർവ്വഹണ ചിലവിനാണ്. 95-96 വർഷം 4.98, 498 ഉറുപ്പികയാണ് ഈ ഇനത്തിൽ ചിലവ് കുറിച്ചിരിക്കുന്നത്. ഭരണ നിർവ്വഹണ ചിലവുകളും നാൾക്കുനാൾ വർദ്ധിച്ചു വരുന്നതായി കാണുന്നു. 93- 94,94-95, 95-96 വർഷങ്ങളിൽ ഭരണ ചിലവിൽ കാര്യമായവർദ്ധന വുണ്ടായിട്ടുണ്ട്.

വിദ്യാഭ്യാസം- 23,621 രൂപ, ആരോഗ്യം- 11,793 രൂപ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് 60, 231 രൂപ മറ്റു പല വകയിനത്തിൽ 1,70656 ഉറുപ്പിക എന്നിവയാണ് 95-96 വർഷത്തെ മറ്റു ചിലവുകൾ

വകസനം എന്നാൽ റോഡു നിർമ്മാണമാണെന്ന പൊതു സങ്കൽപ്പത്തിൽ നിന്നുയരാൻ നമുക്കു സാധിച്ചിട്ടില്ല. വൃത്തിയും സൗകര്യവും ഉള്ള റോഡുകൾ ഗ്രാമ പുരോഗതിയുടെ ഭാഗമാണെന്ന് സമ്മതിക്കുമ്പോൾ തന്നെ വികസനം അവിടെ മാത്രം ഒതുങ്ങി നിന്നു കൂടാ എന്ന് ജനകീയ കാഴ്ചപ്പാടും നാം ഉൾകൊള്ളണം. നമ്മുടെ പഞ്ചായത്തിൻെറ സാധാരണക്കാരൻെറ ജീവിതം കൂടതൽ ദുസ്സഹമാവുകയും അവൻെറ കുട്ടികളടെ ഭാവി കൂടതൽ ഇരുളടഞ്ഞതാവുകയും ചെയ്യുന്നത് നാം കാണേണ്ടതുണ്ട്. എല്ലാവർക്കും തൊഴിൽ, ഭക്ഷണം, കുടിവെള്ളം, ആരോഗ്യം, കക്കൂസ്, എന്ന വികസന സങ്കൽപ്പത്തിലേക്ക് നാം ഉയരേണ്ടയിരിക്കുന്നു

വികസന പദ്ധതികളെ മുകളിൽ നിന്ന് ലഭിക്കുന്ന സൗകര്യമായാണ് ജനം കാണുന്നതു്. തങ്ങൾക്ക് എന്തൊക്കെയാണ് കിട്ടുന്നത് എന്നല്ലാതെ തങ്ങൾക്ക് എന്തൊക്കെ ചെയ്യാൻ ആവുമെന്ന് ആരും ഇത് വരെ ആ:ലോചിച്ചിട്ടില്ല. ഈ നില മാറുകയും വികസനത്തെ തങ്ങളുടെജീവിതത്തെയും ചുറ്റുപാടുകളേയും മെച്ചപ്പെടുത്തുന്നതിനുള്ള കൂട്ടായ പ്രവർത്തനമായി കാണാൻ കഴിയുകയും ചെയ്യണം. പഞ്ചായത്തു തലത്തിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് പദ്ധതി വിഹിതമായ സർക്കാർ നൽകുന്നതു പഞ്ചായത്തിൻെറ സ്വന്തം ധന വരുമാനങ്ങളും തന്നേയാ

യിരിക്കും മുഖ്യമായി ഉപകരിക്കുക. എന്നാൽ ചെറുതല്ലാത്തൊരു പങ്ക് വിഭവങ്ങൾ പ്രാദേശികമായി സമാഹരിക്കേണ്ടിവരും. ഇത്തരത്തിൽ സമാഹരിക്കാൻ കഴിയുന്ന വിഭവമാണ് മനുഷ്യദ്ധ്വാന ശേഷി. ഈ വസ്തുത നമ്മുടെ ഗ്രാമ പഞ്ചായതതിലെ ജനങ്ങൾ ഉൾക്കൊണ്ടിട്ടുണ്ട് എന്നത് സന്തോഷകരമാണ്. 5000ാളം പ്രവർത്തി ദിനങ്ങൾ സംഭാവനായി നൽകാൻ നമ്മുടെ നാട്ടിലെ യുവതീയുവാക്കൾ തയ്യാറായിട്ടുണ്ട്. പണവും ഉൽപന്നങ്ങളും സാധന സാമഗ്രികളും സംഭാവനയായി സമാഹരിക്കാനും അവർ തയ്യാറാണ്. ഭൂമിയുടെ ക്രയ വിക്രയത്തിലെ രണ്ട് കക്ഷികളും ആഡംബര പൂർണ്ണമായ വീടുകൾ നിർമ്മിക്കുന്നവരും വാഹന ഉടമകളും ഗൾഫിലും മറ്റു രാജ്യങ്ങളിലും ഭേദപ്പെട്ട ജോലിയുള്ളവരും രണ്ടു ഹെക്ടറലധികം കൈവശമുള്ള തോട്ടമുടമകളും ഹൈസ്കൂൾ കോളേജ് പി.ടി.എകളും സംഭാവന വഴി വികസന യജ്ഞത്തിൽ പങ്കാളികളാകണമെന്ന ക്രിയാത്മക നിർദ്ദേശവും ഗ്രാമ സഭകളെല്ലാം ഉയർത്തിയിട്ടുണ്ട്.

ഗ്രാമസഭാനിർദ്ദേശങ്ങളും പഞ്ചായത്തു വരവുചിലവുകണക്കുകളും വിവിധസ്ഥാപനങ്ങളിൽ നിന്നും വിവിധ മേഖലകളിലെ വിദഗ്ധരിൽ നിന്നുമൊക്ക കിട്ടിയ അറിവും വിവരവും വെച്ചാണ് നമ്മുടെ ഗ്രാമ പഞ്ചായത്തിൻെറ പ്രശ്നങ്ങളും പരിഹാര സാധ്യതകളും അന്വേഷിച്ചത്. ഇത് പൂർണ്ണമല്ല. ഈ അന്വേഷണം തുടരണം: ചർച്ചചെയത് സമഗ്രമാക്കണം. അധികാരത്തോടൊപ്പം സമ്പത്തും ഗ്രാമ പഞ്ചായത്തിന് ലഭ്യമാകാൻ പോവുകയാണ്. ജനകീയ താൽപര്യം സംരക്ഷിക്കപ്പെടണം. കേരളവും പഞ്ചായത്തുകളും ഇന്ന് അഭിമുഖീകരിക്കുന്ന വികസന പ്രതിസന്ധികൾക്ക് പൂർണ്ണമല്ലെങ്കിലും തൃപ്തികരമായ പരിഹാരം കണ്ടെത്താൻ ഈ പുത്തൻ ആസൂത്രണ പ്രക്രിയയിൽ നമുക്കും സ്വയം സമർപ്പിതരായി പങ്കുചേരാം.

വരവു സംബന്ധിച്ച വിവരങ്ങൾ ( 86-87മുതൽ 95-96 വരെ)

| ഇനം | 91-92 | 92-93 | 93-94 | 94-95 | 95-96 | | |
|---|---|---|---|---|---|---|---|
| കെട്ടിട നികുതി | 1,32,632 | 1,31,298 | 1,40,665 | 1,58202 | 1,77,200 | | |
| സർവ്വിസ് ചാർജ്ജ് | - | - | - | - | - | - | - |
| തൊഴിൽ നികുതി | 99,455 | 1,09,755 | 1,43,103 | 1,64,440 | 99,245 | | |
| വാഹന നികുതി | | - | - | - | - | - | |
| വിനോദനികുതി | - | - | - | - | - | - | - |
| പ്രദർശന നികുതി | - | - | - | - | | - | - |
| ചന്ത വരവ് | - | - | - | - | - | - | - |
| ലൈസൻസ് | 7,085 | 6,659 | 7,272 | 10,583 | 12,796 | | |
| വസ്തു കൈമാറ്റ നികുതി 75% | 1,37,148 | 1,13,479 | 2,33,616 | 1,79,712 | 2,56,459 | | |
| വസ്തുകൈമാറ്റ നികുതി 25% | - | - | - | - | - | - | - |
| സർക്കാർ ഗ്രാൻറ് ഒഴികെയുള്ള മറ്റുവരവുകൾ | 3,878 | 197 | 11,809 | 19,796 | 66350 | | |
| സംഭവന - | - | - | - | - | - | - | - |
| ഡെപ്പോസിറ്റ് | 69,625 | 86,094 | 16,537 | 21,600 | 15,190 | | |
| മറ്റുള്ളവ | 5,75,592 | 7,37,385 | 6,16,358 | 8,09,831 | 8,02515 | | |
| ആകെ | 10,25,415 | 11,848.6711,69,360 | | 11,64,164 | 14,29755 | | |
| | | | ജെ.ആർ.വൈ | | 4,02855 | | |
| | | | | | 18,32610 | | |

ചിലവു സംബന്ധിച്ച വിവരങ്ങൾ ( 86-87മുതൽ 95-96 വരെ) പട്ടിക -

| ഇനം | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| ഭരണം | 3,45821 | 3,20408 | 3,60776 | 4,40918 | 4,98498 |
| പൊതുമരാമത്ത് | 3,12,746 | 3,71,813 | 4,58661 | 5,44,973 | 6,44578 |
| വിദ്യഭ്യാസം | 32,226 | 52,503 | 12,280 | 27,338 | 23621 |
| ജലവിതരണം,ഓടകൾ പൊതുജനരോഗ്യം | 1,03,586 | 6,844 | 54,840 | 7,553 | 11,793 |
| തെരുവു വിളക്കുകൾ | 24,936 | ,36,999 | 43,076 | 51,144 | 60231 |
| മറ്റുള്ളവ | 1,52,058 | 1,82,856 | 2,35045 | 1,30250 | 1,70,655.95 |
| ആകെ | 9,53,066 | 9,71,423 | 11,64,678 | 12,02,206 | 14,09,376.95 |

ഗ്രാൻറ് വിവര പട്ടിക1995-96 വി.ആർ.എം = 21,41 എം.ഐ = 3000

അടിസ്ഥാന നികുതി = 1,73,000എസ്.സി.പി =1,14,500

ടി.എസ്.പി=83,500, ആകെ=3,71,000

ഉപസംഹാരം :

നമ്മുടെ പഞ്ചായത്തിൻെറ
നാനാമേഖലകളിലുള്ള അവസ്ഥ
പരിശോധിക്കുകയും ബന്ധപ്പെട്ട പ്രശ്നങ്ങൾ
കണ്ടെത്തുകയും വിഭവസാധ്യതകൾ
വിലയിരുത്തുകയും ചെയ്തുകൊണ്ടുള്ള കൂട്ടായ
ശ്രമത്തിൻെറ ഉൽപന്നമാണീ വികസന രേഖ.
പരമാവധി ദീർഘവീക്ഷണത്തോടും പ്രായോഗിക
ക്ഷമതയോടും കൂടിയുള്ള പരിഹാര നിർദ്ദേശങ്ങൾ
രൂപപ്പെടുത്താനാണ് ശ്രമിച്ചിട്ടുള്ളത്.
മാതൃകയില്ലാത്ത ശ്രമകരമായ ഒരു സംരംഭം എന്ന
നിലയിൽ ഈ രേഖയിൽ ന്യൂനതകൾ കണ്ടേക്കാം.
അതേപോലെ മെച്ചപ്പെട്ട പുതിയ
നിർദ്ദേശങ്ങൾക്കുള്ള സാധ്യതയും
തള്ളിക്കളയാവുന്നതല്ല.

മഹത്തായ പല കാര്യങ്ങൾക്കും മാതൃകകാണിച്ച
നമ്മുടെ സ്ഥാനം ലോകത്തിൻെറ മുമ്പിൽ
വികസനത്തിൻെറ ഒരു പുതിയ മാതൃകക്ക് കൂടി
തുടക്കം കുറിക്കുന്ന ഈ വേളയിൽനമ്മുടെ
ഇടയിലുള്ള ആശയ-രാഷ്ട്രീയ വ്യത്യസ്ഥതകൾ
ലക്ഷ്യപ്രാപ്തിയിൽ നിന്ന് നമ്മെ
തടസ്സപ്പെടുത്തിക്കൂടാ.

ഗൗരവാവഹമായ ചർച്ചകളും ക്രിയാത്മകവും
പ്രായോഗികവും ആയ പരിഹാര നിർദ്ദേശങ്ങളും
കൊണ്ട് ഈ രേഖയെ കൂടുതൽ ധന്യമാക്കുക

ഓർക്കുക !
നമുക്കെല്ലാവർക്കും കൂടി ഒരേ ഒരു
ഗ്രാമപഞ്ചായത്തേ ഉള്ളു.
അതിൻെറ സർവ്വതോൻമുഖമായ വളർച്ച
യാണ് നാംഓരോരുത്തരുടേയും വളർച്ച.

അഭിവാദനങ്ങളോടെ,

വി.പി. റംലത്ത്
മമ്പാട് ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ്.

# പ്രവർത്തന രേഖ....

1995 ഒക്ടോബർ 2നാണ് നിലവിലുള്ള പഞ്ചായത്ത് ബോർഡ് അധികാരമേറ്റത്. കഴിഞ്ഞ 14 മാസക്കാലയളവിൽ നാം തുടങ്ങിയതും പൂർത്തീകരിച്ചതും ഇപ്പോൾനടന്നുകൊണ്ടിരിക്കുന്നതുമായ പ്രവർത്തികളും പദ്ധതികളും താഴെകൊടുക്കുന്നു.

എ..അൺ ടൈഡ് ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവർത്തനങ്ങൾ

1.കുണ്ടനിടവഴി-കുന്നമ്മലങ്ങാടി കോൺക്രീറ്റ് റോഡ് പണി പൂർത്തിയായി.

2. കരിന്താർ-ഹരിജൻ കോളനിറോഡ് -പൂർത്തീകരിച്ചു.

3. വടപുരം -താളിപൊയിൽ റോഡ് ടാറിങ്ങ് പ്രവർത്തനം നടന്നുകൊണ്ടരിക്കുന്നു.

4. 5ഹരിജൻ വീടുകളും 5 ഗിരിജൻ വീടുകളും നിർമ്മിച്ചു.

5. മുൻ സാമ്പത്തിക വർഷത്തെ അൺ ടൈഡ് ഫണ്ടിൽ സ്പിൽ ഓവർ ആയിരുന്ന 3ഗിരജൻ വീടുകൾ നിർമ്മിച്ചു. 4 ഗിരിജൻ വീടുകളും 15 ഹരിജൻ വിറുകളും റിപ്പയർ ചെയ്തു.

ബി പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവർത്തനങ്ങൾ

1. പതിനൊന്നു വാർഡുകളിലായി 15 റോഡുകൾ റിപ്പയർ ചെയ്തു

2.വർഷങ്ങളോളം മുടങ്ങികിടന്ന മമ്പാട് അങ്ങാടിയിലെ അഴുക്കുചാൽ വൃത്തിയാക്കി

3.വരൾച്ചയെ നേരിടാൻ പഞ്ചായത്തിലെ മുഴവൻ പൊതു കിണറുകളും, നടുവക്കാട് പള്ളിക്കുളം, പന്തലിങ്ങൾ ഊടാണിക്കുളം എന്നിവ റിപ്പയർ ചെയ്തു

4.ചെമ്പൻ കാട്, തുപ്പനം കുന്ന് എന്നിവിടങ്ങളിൽ പൊതു കിണർ കുഴിക്കാൻ തീരുമാനമായി

5. രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടാൻ പൊങ്ങല്ലൂരിലെ പൂച്ചപ്പാറയിൽ വാട്ടർ ടാങ്ക് നിർമ്മാണ പ്രവർത്തനം ദ്രുതഗതിയിൽ പുരോഗമിക്കുന്നു

6. പുരകെട്ടിമേയാൻ 66 കുടംബങ്ങൾക്ക് ധനസഹായം നൽകി

7 നിർദ്ധനരും 100 വിദ്യാർത്ഥികൾക്ക് കുട വിതരണം ചെയ്തു

8. ഉയർന്ന മാർക്കോടെ പാസ്സായ കേളേജ് ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകി

9. 30 ഗർഭിണികൾക്ക് ചികൽസാ സഹായം നൽകി

10. 6അംഗന വാടികൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം നൽകി

11. 3 അംഗനവാടികെട്ടിടങ്ങൾക്ക് സ്ഥലം വാങ്ങി

12 മമ്പാട് ഹൈസ്കൂൾ, പുള്ളിപ്പാടം എൽ.പിസ്കൂൾ ഇപ്പൂട്ടിങ്ങൽ എൽ,പിസ്കൂൾ എന്നിവക്ക് ഫർണ്ണിച്ചർ വാങ്ങാൻ സഹായം നൽകി.

13. പന്തലിങ്ങൽ-പൂവത്തിക്കുന്ന് റോഡ് സോളിങ്ങ് ചെയ്യുന്നതിന് നടപടിയായി

14. മേപ്പാടം കെ.പി.മമ്മദ്കുട്ടി മെമ്മോറിയൽ റോഡ്ടാറിങ്ങിന് നടപടിയായി

15. പ്രവർത്തന രഹിതമായിരുന്ന വാട്ടർ ടാപ്പുകളും തെരുവുവിളക്കുകളും നന്നാക്കി

<u>സി.- ജെ.ആർവൈ സ്കീമിൽ നടത്തിയ പ്രവർത്തനങ്ങൾ</u>

1. പൊങ്ങല്ലൂർ - നടുവത്ത് റോഡിൽ ചെറുമുണ്ട, മേപ്പാടം ഭാഗങ്ങളിൽ സോളിങ്ങ് പ്രവർത്തനം പൂർത്തിയായി

2. പൂവത്തിക്കുന്ന് -ഇട്ടൽ കുണ്ട് റോഡ് 2ാംഘട്ടം പണി പൂർത്തിയായി

3. മമ്പാട് കോളേജ്- കാട്ടുപൊയിൽ റോഡിൻെറ ടാറിങ്ങ് പ്രവർത്തി നടന്നകൊണ്ടരിക്കുന്നു

4. 9 ഹരിജൻ വീടുകൾ നിർമ്മിക്കുകയും 3ഹരിജൻ വീടുകൾ വയറിങ്ങ് നടത്തുകയും ചെയ്തു

5. 16 ജനറൽ വീടുകളും 2 കക്കൂസുകളും പണി നടന്നുകൊണ്ടരിക്കുന്നു

6.ഹരിജൻ കോളനികളിൽ 5 പൊതു കിണറുകൾ പണി നടന്നുകൊണ്ടരിക്കുന്നു

<u>ഡി മറ്റ് പ്രവർത്തനങ്ങൾ</u>

1.ഇളം പുഴതോടിന് കുറത്തിയാർ പൊയിൽ ഭാഗത്ത് ഇളം പുഴയിലുംമണ്ണെലി തടയാൻ സൈഡ്കെട്ടി

2. വടപുരം - താളിപൊയിൽ, താളിപൊയിൽ- വടപുരം റോഡുകൾ സോളിങ്ങ് പ്രവർത്തി തുടങ്ങി

3. കൃഷി ഭവൻ സഹകരണത്തോടെ 10 ഹരിജൻ കുടംബങ്ങൾക്ക് കിണർ നിർമ്മിച്ചു. 10 വീടകൾ നിർമ്മിച്ചു

4. മുണ്ടേം തോട് ഗിരിജൻ കോളനിയിൽ20 കുടുംബങ്ങൾക്ക് വീടവെക്കാൻ നടപടിയായി

5 കറുകമണ്ണ ഹരിജൻ കോളനിയിൽ 5 ഹരിജൻ വീടുകൾക്കും 3 കക്കൂസിനും 3 വീടിൻെറ വയറിങ്ങ് ജോലിക്കും നടപടിയായി

6 ഐ.എ.വൈ സ്കീമിൽ ജനറൽ അടക്കം 38 വീടകൾ, 38 കക്കൂസുകൾ ഇവയുടെ പണി നടന്നുകൊണ്ടരിക്കുന്നു

7. മേപ്പാടം ഹരിജൻ കോളനി റോഡ് ടാറിങ്ങ് പണി നടന്നുകൊണ്ടിരിക്കുന്നു

8 പൊങ്ങല്ലൂർ- മേപ്പാടം റോഡിൻെറ ഒരു റീച്ച് ടാർ ചെയ്യാൻ നടപടിയായി

9. പഞ്ചായത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് ഒരു പദ്ധതിക്ക് രൂപം നൽകി

10 ഓണം കായിക മേള വിപുലമായി നടത്തി

11 വടപുരം വള്ളിക്കെട്ട് റോഡിൻെറ സോളിങ്ങ് പ്രവർത്തനത്തിന് നടപടിയായി

12.മുഴുവൻ ഹരിജൻ വീടുകളും വൈദ്യതീകരിക്കാൻ തീരുമാനിച്ചു.

13 കാർഷികാവശ്യത്തിന് കൃഷിഭവൻ മുഖേന ട്രാക്ടർ വാങ്ങാൻ തീരുമാനമായി

14 പൊതുമാർക്കറ്റിന് സ്ഥലം കണ്ടെത്തി ഭാവി പരിപാടികൾക്കുള്ള ശ്രമം തുടരുന്നു

15 പന്തലിങ്ങൽ അമ്പക്കുളം റിപ്പയർ ചെയ്യാൻ തീരുമാനിച്ചു

16പഞ്ചായത്തിൽ കമ്യൂണിറ്റി ഹാൾ നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു

17 പുതിയ തെരുവുവിളക്കുകൾ സ്ഥാപിക്കാൻ തീരുമാനമായി

18 ഏഴു മാതൃകാ കാലിത്തൊഴുത്തിന് ധനസഹായം നൽകി

19എളംമ്പുഴ തോടിന് സൈഡുകെട്ടി സംരക്ഷിക്കാൻ തീരുമാനമായി

20. നെതർലാൻറ്സിൻെറ സഹായത്തോടെ പഞ്ചായത്തിൽ കക്കൂസ് ഇല്ലാത്ത കുടുംബങ്ങൾക്ക് കക്കൂസ് ലഭിക്കുന്നതിനവശ്യമായ പരിപാടിക്ക് രൂപം നൽകി

21.പുനരർപ്പണ ദിനത്തിൽ മുഴുവൻ വാർഡകളിലും വിവിധങ്ങളായ വികസന പ്രവർത്തികൾക്ക് വമ്പിച്ചജനപങ്കാളിത്തത്തോടെ തുടക്കം കുറിച്ചു.. പഞ്ചായത്തിൽ മൊത്തം 1 ലക്ഷം രൂപ പ്രസ്തുത പ്രവർത്തനങ്ങൾക്കാവശ്യമായ മെറ്റീരിയൽസിനുവേണ്ടി ചിലവഴിച്ചു

22 11ാം വാർഡിൽ പള്ളിക്കുന്ന് 4 സെൻറ് കോളനിയിലെ ഇപ്പോഴുള്ള താമസക്കാർക്ക് പട്ടയം ലഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു

23. പി.എച്ച്.സിയിൽ സ്ഥിരം ഡോക്ടറെ ഏർപ്പെടുത്താൻ സാധിച്ചു

ഡി.ആർ.പിമാർ:

1. ആസാദ്
2. കെ.സി. അബ്ദുൾ കരീം
3. കെ.ജെ ആൻറണി
4. ശ്രീധരൻ പിള്ള
5. ഇ. മോയിൻ കുട്ടി
6. പി. അബ്ദുൾ കരീം
7. കെ.പി.അബ്ദുല്ല
8. കുഞ്ഞപ്പൻ
9. ഉബൈദ്
10. ബഷീർ

എൽ.ആർ.പി ലിസ്റ്റ്

വാർഡ് -1

1. യു.ഗോപലൻ
2. എൻ.കെ.അബ്ദുൾ അസീസ്
3. എൻ.ഡി.പ്രസന്നൻ
4. അസീസ്
5. എം.എസ്. രാമദാസ്

വാർഡ് 2

1. സി.ബാലൻ
2. ഉണ്ണിക്കമ്മദ്
3. ഹനീഫാ പുള്ളിപ്പാടം
4. വി.ഹൈദ്രാലി
5. എൻ.കെ.പ്രസന്നൻ

വാർ ഡ് 3

1. കെ.ടി അബ്ദുല്ല
2. പിടി മൂസാഹാജി
3. വിപി. അബ്ദുൾ മജീദ്
4. വി.അബൂബക്കർ
5. പി.സീതി

വാർഡ് 4

1. കെ.ഉണ്ണി മോയീൻ
2. മൂഖൻ ലത്തിഫ്.
3. പുന്നപ്പാല ജമാൽ
4. ഹരിദാസ്.എം
5. സി. ശ്രിനാവസൻ

വാർഡ് 5

1. എം.ആർ.എ.ഷുക്കൂർ
2. ടി. റഷീദ്
3. എ.കെ.ജബ്ബാർ
4. കളത്തിങ്ങൽ മുഹമ്മദലി
5. എ.കെ. അബ്ദുട്ടി മൗലവി

വാർഡ് 6

1. കെ.മുഹമ്മദലി
2. മുജീബ് റഹ്മാൻ
3. പി.മൊയ്തീൻ കുട്ടി
4. പി. വേണുഗോപൽ

വാർഡ് 7

1. കെ.അബ്ദു റഹിമാൻ
2. കെ.ടി സാബിൽ
3. പിഅയ്യപ്പൻ
4. പികുമാരൻ
5. വി.സി ജോർജ്ജ് കുട്ടി

വാർഡ് 8

1. സി.ജെ തോമസ്
2. വി.എസ്. അഷ്റഫ്
3. സിടി അബ്ദുറഹിമാൻ
4. കെ.എസ്. അലിക്കുഞ്ഞ്
5. ഇ.കെ. മരക്കാർ

വാർഡ് 9

1. ബി മുഹമ്മദ് മുസ്തഫ
2. സി.എച്ച്.മുഹമ്മദ് ഇക്ബാൽ
3. എ.മൂസ
4. എ.അബൂബക്കർ മാസ്റ്റർ
5. എ.ടി മുസ്താക്ക്

വാർഡ് 10

1. പി.കുഞ്ഞിമുബമ്മദ്
2. കോട്ട സീതിക്കോയ മാസ്ററർ
3. കെ.മുഹമ്മദ്
4. ബി അബ്ദുറഹിമാൻ
5. ടി. ഷൗക്കത്തലി

വാർഡ് -11

1. കെ.താപ്പുണ്ണി
2. കുപ്പനത്ത് അബൂബക്കർ
3. സി.കൃഷ്ണൻ
4. പി ജലീൽ
5. എൻ.പി റസാക്ക്

.വികസനരേഖ തയ്യാറക്കാൻ സഹായിച്ചവർ:- കുട്ട്യുസ്സമാസ്റ്റർ, എസ്. ലൈലാബീവി, കെ.സി അബുൽ ഖൈർ, കെ.സി. അബ്ദുൽ കരീം, കെ.ജെ. ആൻറണി, ശ്രീധരൻ പിള്ള, ഇ. മോയിൻ കുട്ടി, പി.കെ. സുധീർ, വി.കെ മൂസ്സക്കോയ, ഡോ. ജോർജ്ജ്, എൻ. ടിആണ്ടിക്കുട്ടി, ശ്രീമതി ബബിത, കെ.പി.അബ്ദുല്ല, തോമസ് മാസ്റ്റർ, മുസ്തഫ കമാൽ, പിഅബ്ദുൽ കരീം. ഇ.കെ മരക്കാർ, കുഞ്ഞപ്പൻ. അബ്ദുൽ കരീം. സി.. ചന്ദ്രൻ, എം. മുണ്ടൻ, സി.ഹരിദാസ്, എം.എ. ലത്തീഫ്, എ.സുഹറ, പി.വാഹിദ, സമീന, ബഷീർ, പി.മുഹമ്മദ്, രാഘവ മേനോൻ, ബി. അബ്ദു റഹിമാൻ, ആസാദ്, ജലീൽ പൈക്കാടൻ,, സി.എച്ച്.മുഹമ്മദലി



മലപ്പുറം ജില്ല




വികസന ഗതിവേഗത്തിൽ
കരക്കെറിയപ്പെട്ട
ദൈന - നിസ്സംഗരൂപം

ഇതിൽ തൊട്ടു തുടങ്ങാത്ത
ഒരു വികസനവും
അർത്ഥപൂർണ്ണമല്ല.